involving.....ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുന്നതിനുമുമ്പ് സംസാരിക്കുക എന്നത് ശരിയാണോ? ഞാൻ പറയാം, പിന്നീട് അങ്ങ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു.....(ബഹളം).....അങ്ങനെയല്ല വേണ്ടത്, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതിനുശേഷമാണ് സംസാരിക്കേണ്ടത്.

മി. സ്പീക്കർ: അത് ശരിയല്ല. ഇവിടെ ചില നടപടിക്രമങ്ങളുണ്ട്. ഞാൻ അംഗീകരിച്ചാൽ മാത്രമേ സംസാരിക്കാൻ പാടുള്ളൂ. ഇവിടെ അങ്ങ് പ്രിവിലേജ് കമ്മിറ്റിക്ക് ഒരു വിഷയം എഴുതി തന്നിട്ടുണ്ട്. ഞാൻ അത് പരിശോധിച്ചു. റൂൾ 157 പ്രകാരം സ്പീക്കറുടെ അനുമതിയോടുകൂടി റെയ്സ് ചെയ്യാമെന്നുണ്ട്. ഞാൻ പരിശോധിച്ചു നോക്കിയപ്പോൾ അങ്ങനെ റെയ്സ് ചെയ്യാനുള്ള പ്രീസിഡന്റ്സ് ഇവിടെയില്ല. അങ്ങ് എഴുതി തന്നിട്ടുള്ളത് ഞാൻ പരിശോധിക്കും, വേണ്ട നടപടികൾ കൈക്കൊള്ളും.

II. അവിശ്വാസപ്രമേയം

ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

പ്രൊഫ. കെ. വി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരായി ഒരു അവിശ്വാസ്പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണനും കേരളത്തിലെ ജനങ്ങൾക്കും ചില കാര്യങ്ങൾ വ്യക്തമാണ്. ഒന്ന്, ഈ അവിശ്വാസ പ്രമേയത്തിന്റെ പേരിൽ ഈ ഗവൺമെന്റ് രാജി വയ്ക്കേണ്ടതില്ല. കാരണം ഈ ഗവൺമെന്റിന് ഈ ഹൗസിൽ വേണ്ടത്ര ഭൂരിപക്ഷമുണ്ട്. രണ്ട്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ 13 പോയിന്റുകൾ ഈ സഭയ്ക്കു മുന്നിൽ വച്ചുകൊണ്ടാണ് പ്രമേയം അവതരിപ്പിച്ചത്. ഈ 13 പോയിന്റുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും ശ്രീ. എ. കെ. ആന്റണി ആരംഭിച്ച ശ്രീ. ഉമ്മൻചാണ്ടി തുടരുന്ന ഈ ഗവൺമെന്റിനെതിരായി ശക്തമായ ആഞ്ഞടിയുണ്ടാകുമെന്നാണ് പലരും പ്രതീക്ഷിച്ചത്. പക്ഷേ അദ്ദഹത്തിന്റെ 13 പോയിന്റുകൾ അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ, കാറ്റുപോയ ബലൂൺ പോലെ അതെല്ലാം ഈ ഹൗസിൽ തന്നെ വീഴുന്നതാണ് കണ്ടത്. ഇന്ന് പ്രതിപക്ഷത്തുള്ള നേതാക്കളിൽ കരുത്തനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 10 വർഷത്തിനുള്ളിൽ ഈ സഭയിൽ, ആദ്യമായി ഇത്തരത്തിലുള്ള ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്നത് എന്തിനാണെന്നുള്ളത് നാം ആലോചിക്കേണ്ടതാണ്. വെറുതെ അദ്ദേഹം ഇത്തരമൊരു അവിശ്വാസപ്രമേയം കൊണ്ടുവരില്ല. കഴിഞ്ഞ ഒരു മാസക്കാലം കേരളത്തിലെ തെരുവീഥികളിൽ വിദ്യാർത്ഥികളും യുവജനങ്ങളും പോലീസുമായി ഏറ്റുമുട്ടുകയുണ്ടായി. അത് കേരളത്തിലെ സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ്. അങ്ങേയ്ക്കറിയാം, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് സ്വാശ്രയ കോളേജുകൾ കൊണ്ടുവരുന്ന തീരുമാനമെടുക്കുന്നതിനുമുമ്പ്, കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെയും സാധാരണ ജനങ്ങളുടെയും മക്കൾ മെഡിക്കൽ കോളേജുകളിൽ, എൻജിനീയറിംഗ് കോളേജുകളിൽ,

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സിംഗ് കോളേജുകളിൽ പഠിക്കുന്നതിനുവേണ്ടി നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളിലേയ്ക്ക് പ്രവഹിക്കുകയായിരുന്നു. ഒരു വർഷം ഏകദേശം ആയിരം കോടി രൂപയോളമാണ് ഇങ്ങനെ കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരുന്നത്. ഈ ഒരു സാഹചര്യത്തിൽ, രണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിനു തുല്യമെന്നുള്ള തീരുമാനത്തോടുകൂടി ശ്രീ. ഏ. കെ. ആന്റണി കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ ഒരു മാറ്റത്തിനുവേണ്ടിയുള്ള തീരുമാനമെടുത്തു. അതിൽ ശ്രീ. ഏ. കെ. ആന്റണി ചെയ്ത തെറ്റെന്താണ്? സ്വകാര്യ മാനേജുമെന്റിന്റെ ഉറപ്പ് എഴുതി വാങ്ങിയില്ല എന്നുള്ളതാണ്. അതിനപ്പുറം ഒന്നുമുണ്ടായില്ല. കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ എക്കാലത്തും സ്വകാര്യ മാനേജുമെന്റുകളെ നിങ്ങളും ഞാനും അനുകൂലിച്ചിട്ടുണ്ട്, പുകഴ്ത്തിയിട്ടുണ്ട്. പക്ഷേ അടുത്ത കാലത്ത് കേരളത്തിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തെ ഒരു കച്ചവടമാക്കി മാറ്റി. ഇതൊന്നും ശ്രീ. ഏ. കെ. ആന്റണി പ്രതീക്ഷിച്ച കാര്യങ്ങളല്ല. ഇത് മാന്യതയുടെ പ്രശ്നമായിരുന്നു. അത് എവിടെയാണ് തുടങ്ങിയത്? മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ നൽകിയ ഒരു കേസ്സിൽ, സുപ്രീംകോടതി നൽകിയിട്ടുള്ള ഒരു വിധിയുടെ അടിസ്ഥാനത്തിലാണ് മാന്യമായി പ്രൈവറ്റ് മാനേജുമെന്റുമായി ശ്രീ. ഏ. കെ. ആന്റണി ഉണ്ടാക്കിയ കരാറ് ഇവിടെ ലംഘിക്കപ്പെട്ടത്. സ്വാശ്രയ കോളേജുകളിൽ cross subsidy പാടില്ലെന്ന് സുപ്രീംകോടതി പറഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം സ്വാശ്രയ കോളേജുകൾ വേണ്ടേ? മൂന്ന് ദിവസത്തിന് മുമ്പ് ഞാൻ കൽക്കത്തയിൽ പോയിരുന്നു. അവിടെ എന്റെ പഴയ പല സുഹൃത്തുക്കളെയും കണ്ടു. പശ്ചിമ ബംഗാൾ ഗവൺമെന്റുമായും പാർട്ടിയുമായും ബന്ധപ്പെട്ട വരാണല്ലോ ശ്രീ കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ. പശ്ചിമ ബംഗാളിൽ ഒൻപത് മെഡിക്കൽ കോളേജുകൾ സർക്കാരിന്റെ കീഴിലുള്ളതാണ്. പക്ഷെ അങ്ങ് ഒന്നു മനസിലാക്കണം അവിടെയുള്ള ഒൻപത് മെഡിക്കൽ കോളേജുകളിലെ 1105 സീറ്റുകളിൽ 15 ശതമാനം സീറ്റിന് ഒൻപത് ലക്ഷം രൂപ കൊടുക്കണം. ഇവിടെ ശ്രീ. എം. വി. രാഘവന്റെ സഹകരണ മെഡിക്കൽ കോളേജിനെ എല്ലാവരുംകൂടി കൊല്ലാൻ തീരുമാനിച്ചല്ലോ. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് തുടങ്ങിയത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ്. ഇവിടെ എന്തിനായിരുന്നു സമരം? അവിടെ എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥിതി എന്താണ്? 31,200 രൂപ മെറിറ്റ് സീറ്റിന് കൊടുക്കണം. അതേസമയം പ്രൈവറ്റിലേയ്ക്ക് വരുമ്പോൾ ഫീസ് കൂടിക്കൂടി വരുന്നു. എന്താ പശ്ചിമ ബംഗാളിലെ വിദ്യാഭ്യാസനയം കേരളത്തിലെ മാർക്സിസ്റ്റ് സുഹൃത്തുക്കൾക്ക് ഇല്ലാത്തത്? ഇവിടെ കൗൺസിലിംഗ് നടക്കുന്ന കാലഘട്ടമാണ്. കൗൺസിലിംഗ് നടത്താനാവശ്യമായ പോലീസ് സംരക്ഷണം ശ്രീ. ഉമ്മൻ ചാണ്ടി കൊടുത്തില്ലെങ്കിൽ എന്ത് സംഭവിക്കുമെന്നത് എല്ലാവർക്കും അറിയാം. കേരളത്തിനു പുറത്തുള്ള തമിഴ്നാട്ടിലേയും ആന്ധ്രാപ്രദേശിലേയും വിദ്യാഭ്യാസ മാനേജ്മെന്റിലെ പ്രതിനിധികൾ ഹോട്ടലുകളിൽ താമസിക്കുകയാണ്. മാർക്സിസ്റ്റ്പാർട്ടി കേരളത്തിനുപുറത്തുള്ള പ്രൈവറ്റ് മാനേജുമെന്റുകളുടെ ഏജന്റുമാരാണെന്ന് ഞാൻ പറയുകയല്ല. പക്ഷെ കൗൺസിലിംഗിന് എതിരായി നിങ്ങൾ നടത്തിയ രക്തരൂക്ഷിതമായ സമരം

LIBRARY ARCHIVES Kerala Legislative Assembly

ആർക്കുവേണ്ടിയായിരുന്നു? കേരളത്തിന് പുറത്തുള്ള പ്രൈവറ്റ് മാനേജ്മെന്റിനുവേണ്ടി എന്ന് ഞാൻ പറയുന്നില്ല. അന്ന് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയിൽ സംഘടനപരമായ ചില പ്രശ്നങ്ങളുണ്ടായിരുന്നു. കേരള രാഷ്ട്രീയത്തിൽ നാമെല്ലാം സ്നേഹിക്കുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആശയങ്ങൾ മുറുകെപിടിക്കുന്ന ഒരാളാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹത്തെ പുകച്ച് പുറത്താക്കാൻ, അവരുടെ പാർട്ടിക്കകത്ത് നടക്കുന്ന കാര്യങ്ങൾ പുറത്തറിയിക്കാതിരിക്കാൻവേണ്ടിയാണ് അന്ന് കേരളത്തിലെ വിദ്യാർത്ഥികളെ തെരുവിലിറക്കിയതെന്ന് പറഞ്ഞാൽ നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ? എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥനയുണ്ട്. ഡൽഹിയിലും മറ്റ് സംസ്ഥാനങ്ങളിലും ജലപീരങ്കികൾ ഉപയോഗിക്കുന്നുണ്ട്. ഇവിടെയും ജലപീരങ്കികൾ ജലപീരങ്കികളായിട്ടുതന്നെ ഉപയോഗിക്കണം. ഇപ്പോൾ ഇവിടെ ജലപീരങ്കികളുപയോഗിക്കുന്നത് കുളിക്കാതെ വരുന്ന കുട്ടികളെ കുളിപ്പിക്കാൻവേണ്ടിയാണ്. ഡെൽഹിയിലൊക്കെ ജലപീരങ്കി ഉപയോഗിച്ചാൽ ആളുകൾ തെറിച്ചു പോകും. പിന്നെ ഒരു മാസം കുളിച്ചാലും മണം മാറില്ല. അതുകൊണ്ട് ഇതുപയോഗിക്കുമ്പോൾ അതിന്റെ ഗൗരവത്തിൽ ഉപയോഗിക്കാൻ പോലീസിന് നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയുവാനുള്ളത്. അതുപോലെ ഇവിടെ ഗ്രനേഡുകളെക്കുറിച്ച് പറഞ്ഞു. ഗ്രനേഡുകൾ ലാത്തിച്ചാർജിന് മുൻപാണ് ഉപയോഗിക്കുന്നത്. ഞാൻ കൽക്കത്തയിൽ എന്റെ സുഹൃത്തുക്കളോടൊപ്പം റൈറ്റേഴ്സ് ബിൽഡിംഗിൽ പോയി. അവിടെ 144 ആണ്. മൂന്നുപേർക്ക് ഒരുമിച്ച് റൈറ്റേഴ്സ് ബിൽഡിംഗിന്റെ മുമ്പിൽ പോകാൻ പാടില്ല. റൈറ്റേഴ്സ് ബിൽഡിംഗ് അവിടത്തെ സെക്രട്ടേറിയറ്റാണ്. കൽക്കത്തയിൽ സമരം നടത്തണമെങ്കിൽ എക്സ്പ്ലനേഡിൽ വേണം. ഇവിടെയാണെങ്കിൽ സമരങ്ങളുടെ വേലിയേറ്റമാണ്. ഇവിടെ ഈ സമരം ആർക്കുവേണ്ടിയായിരുന്നു? ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിനും ഒരു രാഷ്ട്രീയ ചിത്രമുണ്ട്. ഞാൻ ഏതെങ്കിലും തരത്തിലുള്ള ഒരു ആരോപണം ഉന്നയിക്കുകയല്ല. എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നത്തിൽ നിങ്ങളുടെ ആരോപണം എന്താണ്? ഇത് ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിലാണ് എം. ഒ. യു. സൈൻ ചെയ്തത് എന്നാണ്. എ. ഡി. ബി. ആരുടെ കാലത്താണ് തുടങ്ങിയത്? അത് നിങ്ങളാണല്ലോ എം. ഒ. യു. സൈൻ ചെയ്തത്. നിങ്ങൾ അതിന്റെ ആദ്യത്തെ ഇൻസ്റ്റാൾമെന്റ് വാങ്ങാൻ ശ്രമിച്ചതാണ്. ഞങ്ങൾ എം. ഒ. യു. സൈൻ ചെയ്തത് എന്തിനു വേണ്ടിയാണ്, കൺസൾട്ടൻസി എന്ന നിലയിലാണ്. നിങ്ങൾ അവസാനം കൺസൾട്ടൻസിയോടൊപ്പം കരാറും കൊടുത്തു. അതിനെക്കുറിച്ച് ഒരുപാട് പത്രവാർത്തകൾ വന്നിരിക്കുന്നു. "യന്ത്രങ്ങൾ മൂന്നാംകിട, പത്രങ്ങൾ അറിയണ്ട." മലബാർ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി 49.16 കോടി രൂപ ചോദിച്ചു. അതിൽ 8.98 കോടി രൂപ കിട്ടി. ബാക്കി ആര് കൊണ്ടുപോയി? ഇത് കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? ഇവിടെ ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

വാർത്തകൾ വരുന്നുണ്ട്. ഞാൻ ആരോപണം ഉന്നയിക്കുന്നതല്ല. കഴിഞ്ഞ 14-ാം തീയതി മംഗളം പത്രത്തിൽ വന്ന ഒരു വാർത്ത ശ്രീ. പിണറായി വിജയന് മണിമാളിക, മാനൃത കൂട്ടാൻ ഇറ്റാലിയൻ കമ്പനി, 50 ലക്ഷം രൂപയുടെ വീട്. ഇതൊക്കെ കൂട്ടിവായിക്കുമ്പോൾ എവിടെയോ എന്തൊക്കെയോ കുഴപ്പമുണ്ട്. നാലായിരം കോടി രൂപയുടെ ആസ്തിയാണ് കേരളത്തിലെ മാർക്സ്സിസ്റ്റ് പ്രസ്ഥാനത്തിനുള്ളത്. ഇത് എങ്ങനെയാണ് ലഭിച്ചത്? ബക്കറ്റ് കിലുക്കി ഉണ്ടാക്കിയതാണോ? ഇവിടെ ചില ആരോപണങ്ങളുണ്ടായി. അത്തരം ആരോപണങ്ങളുണ്ടായപ്പോൾ അതിന് പുകമറയായിട്ടാണോ, അതിന് ബതലായിട്ടാണോ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ കൊണ്ടുവന്ന ഈ അവിശ്വാസ പ്രമേയം? നിങ്ങൾ പത്രങ്ങൾ കോട്ട് ചെയ്തുകൊണ്ടാണ് പറഞ്ഞത്. കേരളത്തിലെ പത്രങ്ങൾ നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് എന്താണെന്നോ? കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് കേരളത്തിന്റെ ചെറുതും വലുതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആത്മാർത്ഥമായ സമീപനം ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ സഭയിൽ പലരും പത്രങ്ങൾ കോട്ട് ചെയ്തുകൊണ്ടാണ് സംസാരിച്ചത്. എന്താണ് കേരളകൗമുദി പത്രം റിപ്പോർട്ട് ചെയ്തത്? കേരളത്തിലെ മുഖ്യമന്ത്രി ആശ്രിതരുടെ ചീഫ് മിനിസ്റ്റർ ആണെന്നാണ്. ഇന്ന് രാവിലെ പത്രം വായിച്ചവർക്കറിയാം, അരുൺ ചന്ദ് എന്നൊരു പാവപ്പെട്ട വിദ്യാർത്ഥിക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ദേശാഭിമാനി പത്രത്തിൽ വന്ന ഒരു വാർത്തയാണിത്. 100 ദിവസം മുൻപ് ഒന്നേകാൽ ലക്ഷം ഫയലുകൾ ഉണ്ടായിരുന്നുവെന്നും അവയിൽ 68,150 ഫയലുകൾ തീർപ്പാക്കി, ബാക്കിയുള്ള 56,820 ഫയലുകളിൽ 36,180 ഫയലുകൾ കോടതിയുമായി ബന്ധപ്പെട്ടുള്ളതാണ്. ജനസമ്പർക്ക പരിപാടിയിൽ 96,000-ത്തോളം പരാതികൾ ലഭിച്ചു. ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ സാധിച്ചു.....(ബഹളം) .....ഇത് ദേശാഭിമാനി പത്രം പറയുന്നതാണ്. അതുപോലെതന്നെ മംഗളം പത്രത്തിൽ വന്ന വാർത്തയാണ് ഭരണതലത്തിൽ കാര്യക്ഷമത വർദ്ധിച്ചു എന്നുള്ളത്. ഇതിനാണോ ശ്രീ. ഉമ്മൻ ചാണ്ടി രാജിവയ്ക്കേണ്ടത്? ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ശ്രീ. എ. കെ. ആന്റണി തുടങ്ങിവച്ച വികസന പാന്ഥാവിൽ ഒരുപാട് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ഇവിടെ എന്റെ സുഹൃത്തുക്കളോട് ചോദിക്കാനുള്ളത് നിങ്ങൾ പ്രൈവറ്റ് മാനേജുമെന്റിനെ എതിർക്കുന്നു. അതേസമയത്ത് അതേ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് തന്നെയാണ് പശ്ചിമബംഗാളിൽ നടപ്പാക്കുന്നത്. നിങ്ങൾ എതിർക്കുന്ന അതേ പ്രൈവറ്റ് ഏജൻസികൾ പശ്ചിമ ബംഗാളിൽ വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇവിടെ പ്രതിപക്ഷ നേതാവിരിപ്പുണ്ട്. അദ്ദേഹം കേരളത്തിൽ നടക്കുന്ന വലുതും ചെറുതുമായ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്ന ഒരാളാണ്. അദ്ദേഹം വാഗമണ്ണിൽ പോയി പ്രശ്നങ്ങൾ അന്വേഷിക്കുന്നു. അദ്ദേഹം മതികെട്ടാൻമല കയറി അവിടത്തെ പ്രശ്നങ്ങൾ അന്വേഷിക്കുന്നു. ശംഖുമുഖത്ത്

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടതില്ല. (Vide file No. 459/EB/2005/Leg. 27/7/05)

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം ഡിപ്പാർട്ട്മെന്റ് ചില പരിപാടികൾ നടത്തിയിരുന്നപ്പോൾ അവിടെപോയി. അതുമായി ബന്ധപ്പെട്ടകാര്യങ്ങൾ എന്നോട് പറഞ്ഞു. അതുപോലെ കോവളം കൊട്ടാരത്തിന്റെ കാര്യം ടേക് അപ് ചെയ്തു. പക്ഷെ എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നത്തെക്കുറിച്ച് അദ്ദേഹം മിണ്ടുന്നില്ല. ഇതൊന്ന് അന്വേഷിക്കണം. ഇതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്ന് കേൾക്കാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. ഇത് ചെറിയ ഒരു സംഭവമല്ല. 1987 ൽ പാർലമെന്റിൽ രാജീവ്ഗാന്ധിക്ക് എതിരായി 53 കോടി രൂപയുടെ ബോഫോഴ്സ് ഇടപാടിനെക്കുറിച്ച് ആരോപണമുണ്ടായി. സ്വീഡനിലെ റേഡിയോവിൽ വന്ന വാർത്തയെ തുടർന്നാണ് അന്ന് ആ പ്രശ്നം വന്നത്. അതിനെതിരായി എന്ത് പ്രചാരമാണ് നടന്നത്? വർഷങ്ങൾ കഴിഞ്ഞു. ആരോപണങ്ങളിൽ ഒന്നുമില്ല. പക്ഷെ ആ ബോഫോഴ്സ് ഇടപാടിനെതിരായി നിങ്ങൾ ഉന്നയിച്ച ആരോപണത്തേക്കാൾ ആറേഴ് മടങ്ങ് ആരോപണം ഇന്ന് ഈ എസ്. എൻ. സി. ലാവ്‌ലിനിൽ വന്നിരിക്കുന്നു. അത് അന്വേഷിക്കണ്ടേ?

III. ക്രമപ്രശ്നം

പ്രസിദ്ധീകരിക്കാത്ത സി. ആന്റ് ഏ. ജി. റിപ്പോർട്ടിനെ അടിസ്ഥാന പെടുത്തിയുള്ള വിശദീകരണം

ശ്രീ. ഏ. കെ. ബാലൻ : പോയിന്റ് ഓഫ് ഓർഡർ.....

എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നവുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് പ്രസിദ്ധീകരിക്കാത്ത സി. ആന്റ് ഏ. ജി. റിപ്പോർട്ടിനെ അടിസ്ഥാനപ്പടുത്തിയിട്ടാണ് ഇവിടെ പറയുന്നത്. ഇത് ക്രമത്തിലാണോ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയില്ലെങ്കിൽ നാട്ടിൽ പല കടലാസുകളിലും പലതും വരുന്നതൊക്കെ ആധികാരികമായിട്ട് പറയാൻ ഞങ്ങൾ നിർബന്ധിപ്പിക്കപ്പെടും. ഇവിടെ പ്രസിദ്ധീകരിക്കാത്ത, ബഹുമാനപ്പെട്ട സ്പീക്കർ കാണാത്ത, ബഹുമാനപ്പെട്ട മെമ്പർമാർ കാണാത്ത ഒരു സി. ആന്റ് ഏ. ജി. റിപ്പോർട്ടിനെ സംബന്ധിച്ച് കുറെ ദിവസങ്ങളായി ഇവിടെ പറയുന്നു. എവിടെയാണ് ഈ കടലാസുള്ളത്? ആരുടെ മുമ്പിലാണ് ഈ കടലാസ് ഉള്ളത്? (ബഹളം.....)

മി. സ്പീക്കർ : Take your seat. മി. ബാലന് ആവേശം കൂടിയാൽ എന്തൊക്കെയാണ് പറയുന്നത് എന്ന് അറിയില്ല. സ്വയം കൺട്രോൾ ചെയ്യുക. പദപ്രയോഗങ്ങൾ സൂക്ഷിച്ചും ഭംഗിയായിട്ടും ഉപയോഗിക്കുക. മി. ബാലൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിൽ കാര്യമായിട്ട് ഒന്നുമില്ല. മുഖത്തടിക്കാൻ ഇരുകൂട്ടരും തയ്യാറായശേഷം കണ്ണടപൊട്ടി എന്ന് പരാതിപ്പെടുന്നതിൽ അർത്ഥമില്ല. ആദ്യമേ ആലോചിക്കേണ്ട കാര്യമാണ്. പത്രപ്രസ്താവനകളുടെ അടിസ്ഥാനത്തിൽ പല കാര്യങ്ങളും ഇവിടെ പറയാറുണ്ട്. പാമോലിൻ മുതലായ പല കാര്യങ്ങൾ സംബന്ധിച്ചും പറയാറുണ്ട്. ചർച്ചകളൊക്കെ നീക്കുകയാണെങ്കിൽ ഇവിടെ രേഖയിൽ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷവും, ഭരണകക്ഷിയിലുംപെട്ട മാന്യ മെമ്പർമാർ ഇതേപ്പറ്റി ധാരാളം സംസാരിച്ചു. വൈകിവന്ന ഒരു വിവേകത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് പിറകോട്ട് പോകാൻ സാദ്ധ്യമല്ല, അതുകൊണ്ട് പത്രങ്ങളിൽ വന്ന വാർത്തകളെ സംബന്ധിച്ച് ഇവിടെ നടക്കുന്ന ചർച്ചകൾ വേണമോ, വേണ്ടയോ എന്ന് ഈ കാര്യത്തിൽ മാത്രമല്ല എല്ലാ കാര്യത്തിലും എല്ലാവരും ആലോചിച്ച് തീരുമാനം എടുക്കുക. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു പോയിന്റ് ഓഫ് ഓർഡറിന് പ്രസക്തിയില്ല. ചർച്ച തുടരാം.

IV. അവിശ്വാസപ്രമേയ ചർച്ച (തുടർച്ച)

പ്രൊഫ. കെ. വി. തോമസ് : അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ പരിചയസമ്പന്നരായ പാർലമെന്റംഗങ്ങളാണ്. എന്തിനാണ് എസ്.എൻ.സി. എന്നുപറയുമ്പോൾ ചെകുത്താൻ കുരിശിനെ കാണുന്നതുപോലെ ഭയപ്പെടുന്നത്? കേരളത്തിൽ മാധ്യമങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വരുന്ന പ്രശ്നമാണിത്. ഇവിടെ ബഹുമാനപ്പെട്ട തോമസ് ഐസക്തന്നെ കഴിഞ്ഞദിവസം പറഞ്ഞതെന്താണ്? ഇത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നതാണെന്നാണ്. യു. ഡി. എഫ്.-ന്റെ കാലത്ത് എന്താ നടന്നത്? 1995-ൽ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികൾ നവീകരണത്തിന് ബോർഡ് തീരുമാനിച്ചു. കൺസൾട്ടന്റായി കാനഡയിലെ എസ്. എൻ. സി. ലാവ്‌ലിനെ വച്ചു. ഞാൻ പറഞ്ഞുതുടങ്ങിയത് അവിടെയാണ്. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട കോടിയേരി ഈ അവിശ്വാസപ്രമേയം കൊണ്ടുവരുമ്പോൾ അതിന് ചില ലക്ഷ്യങ്ങളുണ്ട്. ഈ ഗവൺമെന്റ് നിയമസമാധാന രംഗത്ത് തകർന്നിട്ടാണോ? ഇൻഡ്യാ ടുഡേ കോൺഗ്രസിന്റ പത്രമല്ലല്ലോ? ഇൻഡ്യാ ടുഡേ 2003-ലും 2004-ലും ഇൻഡ്യയിൽ ഏറ്റവും നന്നായി ക്രമസമാധാനം പാലിക്കുന്ന സംസ്ഥാനം കേരളമാണെന്ന് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. നമുക്കറിയാമല്ലോ, പ്രഗത്ഭനായ പത്രപ്രവർത്തകൻ ബി. ജി. വർഗ്ഗീസിനെ, അദ്ദേഹത്തെ എല്ലാവർക്കും അറിയാം. അദ്ദേഹം Centre for Media Studies-ൽ പറഞ്ഞിരിക്കുന്നത് ഏറ്റവും ഭരണപരമായി അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്നാണ്. ഇതിൽ നിങ്ങളുടെ ലാവ്‌ലിൻ പെടില്ല. അതു വേറെ കാര്യം. ഭരണപരമായി ബി. ജി. വർഗ്ഗീസ് പറഞ്ഞ കാര്യമാണിത്. അപ്പോൾ ശ്രീ. കോടിയേരി ഈ പ്രമേയം കൊണ്ടുവരുമ്പോൾ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്ക് കേരളത്തിൽ ചില പുതിയ ബന്ധങ്ങൾ ഉണ്ടായിരിക്കുന്നു. ആ ബന്ധങ്ങൾ ഉണ്ടാക്കണമെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയെ ജീവനു തുല്യം സ്നേഹിച്ച ചിലരെ പിടിച്ച് പുറത്താക്കണം. ഞാൻ ഓർക്കുന്നു. പള്ളുരുത്തിയിൽ ഞാൻ എന്റെ ചെറുപ്പകാലത്തു കണ്ടിരുന്ന ശക്തനായ ഒരു കമ്യൂണിസ്റ്റുകാരൻ പി. ഗംഗാധരൻ ആയിരുന്നു. അദ്ദേഹത്തെ പിടിച്ച് പുറത്താക്കിയില്ലേ? എന്തിന് പുറത്താക്കി? ഇവിടെ ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇരിക്കുന്നു, ഞങ്ങളൊക്കെ ആ പ്രദേശത്തുള്ളവർ, കെ. ആർ. ഗൗരി എന്നല്ല വിളിക്കുന്നത്, ഗൗരിയമ്മ എന്നാണ് വിളിക്കുന്നത്. മാർക്സിസ്റ്റ് പ്രസ്ഥാനത്തിനുവേണ്ടി ഗൗരിയമ്മ ചെയ്ത സേവനം നിങ്ങൾക്ക് മറക്കാൻ കഴിയുമോ? നിങ്ങൾ ഗൗരിയമ്മയേയും പിടിച്ചു പുറത്താക്കിയില്ലേ? നമ്മുടെ ശ്രീ. എം. വി. രാഘവനെ പിടിച്ചു പുറത്താക്കിയില്ലേ? ഇപ്പോൾ നിങ്ങൾ ആർക്കെതിരായിട്ടാണ് തോക്ക് ചൂണ്ടിയിരിക്കുന്നത് എന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

മാതൃഭൂമി പത്രത്തിൽ വന്ന ഒരു കാർട്ടൂൺ ഉണ്ട്. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പുറത്ത്. നിങ്ങൾ ഇക്കാലമത്രയും കരുംകാലി കരുണാകരനെന്നു വിളിച്ചിരുന്ന, കിങ്ങിണിക്കുട്ടൻ എന്നു വിളിച്ചിരുന്ന പലരും നിങ്ങളുടെകൂടെ ചേക്കേറുന്നു. പുതിയ ബന്ധം. രാജൻ കേസ് നിങ്ങൾ മറന്നോ? ഈച്ചര വാര്യരെ നിങ്ങൾ മറന്നോ? നിങ്ങൾക്ക് എന്തിനാ ഈ പുതിയ ബന്ധം? 2006-ലെ തെരഞ്ഞെടുപ്പാണെങ്കിൽ ഈ കഞ്ഞി ഇവിടെ വേവില്ല, 2006-ലെ തെരഞ്ഞെടുപ്പു വരട്ടെ, 2006-ലെ തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ട് പുതിയ ബന്ധങ്ങൾ തുടങ്ങുന്നു. കഴിഞ്ഞ 25 വർഷക്കാലം ഈ നിയമസഭയ്ക്കകത്തും നിയമസഭയ്ക്കു പുറത്തും നിങ്ങൾ അതിശക്തമായി എതിർത്തിരുന്ന ആളുകൾ ഇന്ന് നിങ്ങളോടൊപ്പം ഇന്ന് കേരളത്തിൽ പുതിയ ഒരു ബന്ധത്തിന്റെ തുടക്കം കാണുന്നു. അതിനുവേണ്ടിയാണ് ശ്രീ. കോടിയേരി ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നത്. എനിക്ക് ഒന്നേ പറയാനുള്ളൂ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എല്ലാ ബഹുമാനത്തോടുംകൂടി പറയുന്നു,ഇത്തരം പ്രശ്നങ്ങളിൽ അങ്ങ് അഭിപ്രായം പറയണം, കാരണം അങ്ങയുടെ അഭിപ്രായം അറിയാൻ കേരളത്തിലെ ജനങ്ങൾ ശ്രദ്ധാപൂർവം കാത്തുനിക്കുകയാണ്. എത്രയോ പ്രശ്നങ്ങൾക്ക് അങ്ങ് പോകുകയും സ്ഥലങ്ങൾ കാണുകയും ഒക്കെ പരിശോധിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തിട്ടുണ്ട്. ലാവ്‌ലിൻ പ്രശ്നത്തിലും അങ്ങയുടെ അഭിപ്രായം അറിയാൻ കേരളത്തിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. എനിക്ക് ഇത് കൺക്ലൂഡ് ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒന്നേ പറയാനുള്ളൂ. അങ്ങ് ധൈര്യപൂർവ്വം മുന്നോട്ടു പോകണം. എടുത്തിട്ടുള്ള നടപടികളും, നിലപാടുകളുമായി ധൈര്യപൂർവ്വം മുന്നോട്ടുപോകണം. സ്വാതന്ത്ര്യത്തിന്റെ അർദ്ധരാത്രിയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പറഞ്ഞ ആ വാക്ക് മാത്രമേ എനിക്ക് അങ്ങയോട് പറയാനുള്ളൂ. "The achievement we celebrate today is but a step an opening of opportunity to the greatest triumphs and achievements that await us. Are we brave enough, wise enough to gasp this opportunity and accept the challenge of the future". അങ്ങ് ഇതൊരു വെല്ലുവിളിയായി സ്വീകരിച്ച് കേരളത്തെ മുന്നോട്ട് നയിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികളുമായി മുന്നോട്ടുപോകണം.

ശ്രീ. എം. വി. ജയരാജൻ : സർ, പ്രൊഫ. കെ. വി. തോമസിന്റെ വാദം അദ്ദേഹത്തിനുതന്നെ എതിരായിട്ടുള്ള വാദമാണ്. ലിനോ ജേക്കബ് കൊടുത്തിട്ടുള്ള അഴിമതിക്കേസ് നമ്മൾ മറന്നിട്ടില്ല. 70 കോടി രൂപയുടെ അഴിമതി നടത്തിയെന്നാണ് ലിനോ ജേക്കബ് പറഞ്ഞത്. ലിനോ ജേക്കബിനെ ആരും എടുത്തിട്ടില്ല. ഇപ്പോൾ കോൺഗ്രസിലാണ്. അതുകൊണ്ട് ആ അഴിമതി ആക്ഷേപങ്ങൾ സ്വയം ഏറ്റെടുത്ത് ഇവിടെ വാദങ്ങൾ ഉയർത്തുന്ന പാവം പയ്യനെപ്പോലെ തോമസ് മാറിയല്ലോ, എന്റെ മാഷേ വല്ലാത്ത ദയവ് തോന്നുന്നു. ഗ്രനേഡ് ഭരണത്തിനെതിരായിട്ടുള്ള ജനങ്ങളുടെ അവിശ്വാസപ്രമേയമാണിത്. കർഷകരുടെ കണ്ണീർ വീണ് കുതിർന്ന മണ്ണിൽ അതിന് കാരണക്കാരായ യു. ഡി. എഫ്. ഭരണത്തിനെതിരെ രാജ്യത്തെ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്ത നാട്ടിലെ കൃഷിക്കാരുടെ അവിശ്വാസപ്രമേയമാണ്. അതുകൊണ്ടാണ് ഞാൻ പിൻതുണയ്ക്കുന്നത്. മലയാളികളെ ഊട്ടുന്നതിനായി ചോരചിന്തി, വിയർപ്പൊഴുക്കി വാർദ്ധക്യത്തിൽ ഒരു അരികുതേഞ്ഞ നയാപൈസയായി കഴിയുന്ന കർഷകത്തൊഴിലാളികളുടെ പെൻഷൻ കൊടുക്കുന്നതിൽ കഴിഞ്ഞ രണ്ടര വർഷക്കാലം

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക വരുത്തിയ ഭരണത്തിനെതിരായിട്ടുള്ള കർഷക തൊഴിലാളികളുടെ അവിശ്വാസ പ്രമേയമാണ്. ക്ഷേമ പദ്ധതികളും പെൻഷനുകളും നിഷേധിച്ച് ആ പണംകൂടി ധൂർത്തടിച്ച ഈ യൂദാസുമാർക്കെതിരായിട്ടുള്ള അവിശ്വാസ പ്രമേയമാണ്. തൊഴിൽ രഹിതരായ പതിനഞ്ചു ലക്ഷം പേർക്ക് ജോലി കൊടുക്കാമെന്നു പറഞ്ഞ് പറ്റിച്ച ഉമ്മൻ ചാണ്ടി ഭരണത്തിനെതിരായി തൊഴിലില്ലാത്തവരുടെ അവിശ്വാസ പ്രമേയമാണ്. വികസനമെന്നു പറഞ്ഞാൽ വിറ്റു തുലയ്ക്കലാണെന്ന പുതിയ ആശയം നടപ്പിലാക്കിയ സർക്കാരിന്റെ കൈവശമുള്ള മുഴുവൻ വിലപിടിച്ച വസ്തുവകകൾ കനത്ത മടിശ്ശീലക്കാരുടെ കൈയിൽ എത്തിച്ച് കമ്മീഷൻ വാങ്ങുന്ന ഉമ്മൻചാണ്ടിക്ക് എതിരായിട്ടുള്ള അവിശ്വാസപ്രമേയമാണ്. പരമ്പരാഗത വ്യവസായങ്ങളിലെ 45 ലക്ഷം തൊഴിലാളികൾക്ക് വേലയും കൂലിയും കാലാകാലമായി ലഭ്യമായ അവകാശങ്ങളും നിഷേധിച്ചതാണോ വികസന വിപ്ലവം? പതിനായിരക്കണക്കിന് കുടുംബങ്ങളെ പട്ടിണിയിലേക്ക് തള്ളിയവർ എ.ഡി.ബി. യുടേയും, ലോക ബാങ്കിന്റേയും തിട്ടൂരമനുസരിച്ച് വൻകിടക്കാർക്ക് ആനുകൂല്യം കൊടുക്കുന്നവർ അവരാണ് ഇവിടെ വേശ്യയുടെ ചാരിത്ര്യപ്രസംഗം നടത്തുന്നത്. അതുപോലെ ഇവിടെ നടത്തിയ ഒരു പ്രചരണവും ജനങ്ങൾക്ക് ഏശിയില്ല. ചരിത്ര വിജയമാണ് എൽ. ഡി. എഫ്.-ന് കൂത്തുപറമ്പിലും അഴിക്കോടും സമ്മാനിച്ചത്. അഴിക്കോടിലേയും കൂത്തുപറമ്പിലേയും ജനങ്ങളുടെ വികാരമാണ് ഈ അവിശ്വാസ പ്രമേയത്തിൽ പ്രകടമായിട്ടുള്ളത്. മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണുപോലും ഇല്ലാത്ത കാൽ ലക്ഷം ആദിവാസി കുടുംബങ്ങളുണ്ട്. സ്വന്തമായിട്ട് ഒരു കൂരപോലും ഇല്ലാത്ത അൻപത്തിനാലായിരത്തോളം ആദിവാസി കുടുംബങ്ങൾ കേരളത്തിലുണ്ട്. മഹാത്മജി പറഞ്ഞ ദയനീയ മുഖത്തിന്റെ ഉടമകളാണ് അവർ. കേരള ജനസംഖ്യയിൽ കേവലം ഒരു ശതമാനത്തിന്റെ പ്രശ്നംപോലും പരിഹരിക്കാൻ കഴിയാതെ നാണവും മാനവുമില്ലാതെ അവിടെ ഇരിക്കുന്നവർക്കെതിരായി അവിശ്വാസപ്രമേയമല്ലാതെ പിന്നെ എന്തു കൊണ്ടുവരണം? നിങ്ങൾക്ക് എൺപത്തിയഞ്ച് അംഗങ്ങളുടെ ഭൂരിപക്ഷമുള്ളതുകൊണ്ട് നിങ്ങൾ ജയിച്ചേക്കും. പക്ഷെ ജനങ്ങളുടെ കോടതിയിൽ നിങ്ങൾ കുറ്റക്കാരായിരിക്കും. ചരിത്രം നിങ്ങൾക്ക് മാപ്പുതരില്ല. എന്താണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്? വിവിധ ക്ഷേമ പദ്ധതികളിലും കരാറുകാർക്കുള്ള കുടിശ്ശികയിലുമുൾപ്പടെ 3170 കോടി രൂപയുടെ കുടിശ്ശികയുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ 24 മാസംകൊണ്ട് 181 കോടി രൂപ കുടിശ്ശികയാണ്. വിവാഹ ധനസഹായം 46 മാസത്തെ കുടിശ്ശികയുണ്ട്. കൈത്തറി തൊഴിലാളി ക്ഷേമനിധിയാനുകൂല്യം 15 മാസത്തെ കുടിശ്ശികയാണ്. ഇരുപത്തിമൂന്ന് ലക്ഷം കശുവണ്ടി തൊഴിലാളികളുടെ പെൻഷൻ 22 മാസമായിട്ട് കുടിശ്ശികയാണ് മൂന്നു കോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ. ചുരുട്ട് തൊഴിലാളികളുടെ പെൻഷൻ ഒരു ലക്ഷത്തി എൺപത്തിനാലായിരത്തിയെണ്ണൂറ് രൂപ കുടിശ്ശികയാണ്. തൊഴിലാല്ലായ്മ വേതനം 97 കോടി രൂപ കുടിശ്ശികയാണ്. എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 42 കോടി രൂപ കുടിശ്ശികയാണ്. കരാറുകാർക്കുള്ള കുടിശ്ശിക 1865 കോടി രൂപയാണ്. 3170 കോടി രൂപ കുടിശ്ശിക വരുത്തി, മൂവായിരം കോടി ഉറുപ്പിക നിങ്ങൾ വാങ്ങിയിട്ട് നടത്തിയ അഴിമതി പണമുണ്ടങ്കിൽ പാവപ്പെട്ടവർക്ക് ഈ പൈസ കൊടുക്കാം. എന്നിട്ട് ഭരിക്കുകയാണ്. സർ, ഉമ്മൻചാണ്ടിയും മുസ്ലീം ലീഗിലെ ചിലരും ചേർന്നു നടത്തിയ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് ഇപ്പോഴത്തെ അവശിഷ്ട യു.ഡി.എഫ്. മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരും ഉൾപ്പെടെയുള്ള കോക്കസ് 1140 കോടി രൂപയുടെ അഴിമതി നടത്തിയെന്ന് പറഞ്ഞത് ഭരണകക്ഷി എം. എൽ. എ. -മാരാണ്. എന്റെ ജോയീ, പറഞ്ഞത് ഞാനല്ല. സർ, ലോട്ടറി മാഫിയാക്കുവേണ്ടി ആറായിരം കോടി കേരളത്തിന്റെ ഖജനാവിന് നഷ്ടം വരുത്തിയവരാണ് അപ്പുറത്തിരിക്കുന്നവർ. സർ, ഒരു മന്ത്രിയുടെ ആഫീസിൽ മകൻ തന്നെയാണ് ഇപ്പോൾ റേറ്റ് നിശ്ചയിക്കുകയും കമ്മീഷൻ വാങ്ങുകയും ചെയ്യുന്നത്. ഏതാണെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയൊന്ന് അന്വേഷിക്ക്. മുഖ്യമന്ത്രിക്ക് ഇതിലൊന്നും എതിർപ്പില്ല. അദ്ദേഹം ഒരു ക്യാമറ വച്ചിരിക്കുന്നു. എല്ലാം അദ്ദേഹത്തിന് കാണണം. പാതി തനിക്കുവേണ്ടി ഇത് മാത്രമേ മുഖ്യമന്ത്രിക്ക് ഉള്ളു. മുഖ്യമന്ത്രിക്ക് മോബൈൽ ഫോണില്ല. കേരളം ഭരിക്കുന്ന മുഖ്യമന്ത്രിക്ക് സ്വന്തമായി മോബൈൽ ഫോണില്ല. സർ, മൊബൈൽ ഫോൺ ചെലവ് പൂജ്യം. എന്നാൽ എപ്പോഴും മുഖ്യമന്ത്രിയുടെ കൈയിൽ മൊബൈൽ ഫോൺ, ഇത് എന്തൊരാശ്ചര്യം. അത് ബിനാമി മൊബൈൽ ഫോൺ അണ്. ഇത് അറിയാവുന്ന അങ്ങയുടെ സ്റ്റാഫിലെ അംഗങ്ങൾ ഇപ്പോൾ ചെയ്യുന്നത് എന്താണെന്നറിയാമോ? പലരും മുഖ്യമന്ത്രിക്കുവേണ്ടി മൊബൈൽ ഫോൺ വാങ്ങുകയാണ്. ഇന്ന് മുഖ്യമന്ത്രിയെ ഒരു മൊബൈൽ ഫോണിൽ കിട്ടിയാൽ നാളെ വേറൊരു മൊബൈൽ നമ്പരിലായിരിക്കും കിട്ടുക. സർക്കാർ കൊടുത്ത മൊബൈൽ ഫോൺ ഉപയോഗിക്കാതെ ബിനാമി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതാണ് ഏറ്റവും വലിയ അഴിമതി. കേരള നിയമസഭയുടെ ചരിത്രത്തിൽ. ഏറ്റവും കൂടുതൽ അഴിമതിയാരോപണം ഉയർന്നുവന്നത് ഈ ഭരണത്തിനെതിരായാണ്. യു.ഡി.എഫ്. മന്ത്രിമാർ നടത്തിയ മൂവായിരം കോടി രൂപയുടെ അഴിമതി, ഈ നാട് ഞെട്ടിപ്പോയി. ഞാൻ ഇവിടെ എഴുതിക്കൊടുത്ത് ഉന്നയിച്ച 12 അഴിമതിയാരോപണങ്ങൾ (1) മുഖ്യമന്ത്രിയുടെ അറിവോടും സമ്മതത്തോടുംകൂടി കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എം. ഡി. നടത്തിക്കൊണ്ടിരിക്കുന്ന അഴിമതി. ബിസിനസ് ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ ഗോഡൗൺ നിർമ്മിച്ച് 26 കോടി രൂപയുടെ നഷ്ടമുണ്ടാക്കി. അർഹതയില്ലാത്ത റിബേറ്റ് നൽകി 17 കോടി രൂപയും.....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): അങ്ങേയ്ക്ക് ഒരു തെറ്റുപറ്റിയത് ചൂണ്ടിക്കാണിക്കുകയാണ്. കാരണം 266 കോടി രൂപയെന്നാണ് എനിക്ക് എഴുതിതന്നത്. ഇപ്പോൾ അങ്ങ് 26 കോടി രൂപയെന്നേ പറഞ്ഞുള്ളു, ഇതിൽ ഏതാണ് ശരി?

ശ്രീ. എം. വി. ജയരാജൻ : ഏതായാലും അങ്ങ് ചൂണ്ടിക്കാണിച്ചത് നന്നായി. അത് തിരുത്തികൊടുത്തിട്ടുണ്ട്. 26 കോടി രൂപയണ്. നിങ്ങൾ 26 കോടി രൂപയുടേത് സമ്മതിച്ചാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 266 കോടി രൂപയെന്ന് എഴുതി തന്നിരിക്കുന്നു, എന്താണ് ചെയ്യുക.

ശ്രീ. എം. വി. ജയരാജൻ: 26 കോടി രൂപയുടേത് സമ്മതിച്ചാൽ മതി. സർ, അർഹതയില്ലാത്ത റിബേറ്റ് നൽകി 17 കോടി രൂപ ഉപഭോക്താക്കൾക്ക് കൺസഷൻ റേറ്റ് അനുവദിച്ചുകൊണ്ടും 27കോടി രൂപ കോർപ്പറേഷന് നഷ്ടം വരുത്തി. യാതൊരു മാനദണ്ഡവുമില്ലാതെ.....പിൻവാതിലിലൂടെ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇപ്പോൾ അവസാനം എത്രയിലാണ് നിൽക്കുന്നത്?

ശ്രീ. എം. വി. ജയരാജൻ: സമ്മതിച്ചു, മുഖ്യമന്ത്രി 26 കോടി രൂപ സമ്മതിച്ചു. യാതൊരു മാനദണ്ഡവും കൂടാതെയും നിയമ വ്യവസ്ഥകൾ പാലിക്കാതെയും പുറം വാതിലിലൂടെ കോൺഗ്രസുകാരും ജെ. എസ്. എസ്. കാരുമായ 425 പേരെ നിയമിച്ചു. ഈ നിയമനങ്ങൾ ഹൈക്കോടതി റദ്ദാക്കി. മണ്ഡരിക്ക് മരുന്നുതളിച്ച് കള്ളക്കണക്കുണ്ടാക്കി 50' ലക്ഷം രൂപ അവിഹിതമായി സമ്പാദിച്ചു. പൊതുമേഖലാസ്ഥാപനത്തിന് നിയമിക്കപ്പെടാൻ അർഹതയില്ല എന്ന് 2002 ജനുവരിയിൽ ഹൈക്കോടതി വിധിയുണ്ടായിട്ടും അന്നത്തെ മുഖ്യമന്ത്രി---അതാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ പങ്ക്, ആന്റണി ഈ എം. ഡി. യെ തൽസ്ഥാനത്ത് തുടരേണ്ടതില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടും അതൊക്കെ അവഗണിച്ച് ശ്രീ. മോഹൻദാസ് എം. ഡി.യായി അവിടെ തുടരുന്നു. ആരാണ് ഉത്തരവാദി? ശ്രീ. ഉമ്മൻചാണ്ടിയുടെ പിടിവാശി. ചോദ്യപേപ്പർ ചോർച്ചക്കേസിൽ യഥാർത്ഥപ്രതി രാജൻ ചാക്കോയെ രക്ഷിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് അധികാരദുർവിനിയോഗം നടത്തി, അഴിമതി നടത്തി. പോലീസ് വകുപ്പിൽ ഡി.വൈ. എസ്. പി. മാരുടെ സ്ഥലംമാറ്റം 6 ഘട്ടങ്ങളിലായിട്ടാണ് നടത്തിയത്. പോലീസ് ഉദ്യോഗസ്ഥൻമാരുടെ പോസ്റ്റിംഗിലും സ്ഥലംമാറ്റത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള അഴിമതി 635 ലക്ഷം രൂപയുടേതാണ്. കൊച്ചി നഗരസഭയിൽ കെ. എം. എ. മേത്തർ കമ്പനിക്ക് ചട്ടങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് ബഹുനിലകെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാൻ മുഖ്യമന്ത്രിയുടെ ആഫീസ് ഇടപെട്ട് നടത്തിയ അഴിമതി, ആരോഗ്യ വകുപ്പുമന്ത്രിയുടെ അറിവോടെ, ഒത്താശയോടെ മാനദണ്ഡങ്ങൾ ലംഘിച്ച് ശസ്ത്രക്രിയമരുന്നും ഉപകരണങ്ങളും വാങ്ങിക്കൂട്ടി നിരക്ക് നിശ്ചയിച്ച് നിയമനങ്ങളും ട്രാൻസ്ഫറുകളും നടത്തി ഉണ്ടാക്കിയ ആറരക്കോടി രൂപയുടെ അഴിമതി, വയനാട് ജില്ലയിൽ വരൾച്ചാദുരിസാശ്വാസ ഫണ്ട് ദുർവിനിയോഗം ചെയ്ത് റവന്യൂ മന്ത്രിയുടെ പാർട്ടിക്കാർ 5 കോടി രൂപയുടെ അഴിമതി നടത്തി. വയനാട് ജില്ലയിൽ നാഷണൽ ഫുഡ് ഫോർ വർക്ക് പദ്ധതിയിൽ മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിച്ച് ഗ്രാമവികസന വകുപ്പുമന്ത്രിയുടെ രേഖാമൂലമുള്ള നിർദ്ദേശാനുസരണം ഭരണാനുമതി നൽകിയ പ്രവർത്തനങ്ങളിലൂടെ നടത്തിയ രണ്ടു കോടി രൂപയുടെ അഴിമതി. വൈദ്യുതി ബോർഡ് 90 കോടി രൂപയുടെ നഷ്ടം വരുത്തി പോസ്റ്റ് ഇടപാടിൽ മന്ത്രിയും ഉദ്യോഗസ്ഥൻമാരും 10 കോടി രൂപ അഴിമതി നടത്തി. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ടെൻഡർ വ്യവസ്ഥയിൽ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം വൻകിട പൈപ്പ് നിർമ്മാണ ഫാക്ടറിയിൽനിന്നും കമ്മീഷൻ വാങ്ങണമെന്നുള്ള ലക്ഷ്യത്തോടുകൂടി ഗുണനിലവാരമോ പരിശോധനയോ ഗ്യാരന്റി വ്യവസ്ഥയോ ഇല്ലാതെ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചതിനുപിന്നിലുള്ള നൂറ് കോടി രൂപയുടെ അഴിമതി. യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡും മറ്റ് സർക്കാർ വകുപ്പുകളും 600 കോടി രൂപയുടെ അഴിമതിയും മറ്റു ക്രമക്കേടുകളും നടത്തിയെന്നാണ് സി. ആന്റ് എ. ജി.-യുടെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് പാരാകളിൽ പറയുന്നത്. ഇത് കേവലം ഒരു കാരിയല്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ ഈ നിയമസഭയിലെ സാമാജികൻമാർക്ക് പഠിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

സി. ആന്റ് എ. ജി. തയ്യറാക്കിയ, പി. എ. സി.-കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശങ്ങളുള്ളതാണ്. 600 കോടി രൂപയുടെ അഴിമതി നടത്തി എന്ന് ഞാൻ പറഞ്ഞാൽ യു.ഡി. എഫ്. സർക്കാർ അഴിമതി നടത്തിയവരുടെ പേരിൽ നടപടി എടുക്കുമോ? ഞാൻ വെല്ലുവിളിച്ചുചോദിക്കുന്നു.

മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ വിദേശത്തുനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷന് 10 കോടി രുപയുടെ നഷ്ടം വരുത്തി. വ്യവസായ വകുപ്പുമന്ത്രി 5 കോടി രൂപ അവിഹിതമായി സമ്പാദിച്ച അഴിമതി. തിരുവനന്തപുരം ജില്ലയിലെ കരകുളം സബ്രജിസ്ട്രാർ ഓഫീസിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഒത്താശയോടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയും മക്കളുടെയും മരുമക്കളുടെയും പേരിൽ 15 രേഖകളിലായി 8.8 ഏക്കർ റബ്ബർ എസ്റ്റേറ്റ്, യഥാർത്ഥ വിലയേക്കാൾ കുറച്ച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിലും ഫീസിനത്തിലും 3,57,420 രൂപയുടെ വെട്ടിപ്പ്. 30 ലക്ഷം രൂപ ബാങ്കിൽനിന്നും വായ്പ എടുത്ത് 86 ലക്ഷം രൂപ മാർക്കറ്റ് വിലയുള്ള സ്ഥലം വാങ്ങി നടത്തിയ വെട്ടിപ്പ്. ഇതൊക്കെ പറയാൻ തുടങ്ങിയാൽ പാമ്പിന്റെ കഥ പറഞ്ഞ മാതിരിയല്ലേ ശ്രീ. വക്കം പുരുഷോത്തമൻ? എത്രയെത്ര കഥകൾ, സംഭവങ്ങൾ ? ഇതിന്റെയൊക്കെ വിശദാംശങ്ങളിലേക്ക് കടക്കാം. വെയർ ഹൗസിംഗ് കോർപ്പറേഷന്റെ എം. ഡി. ശ്രീ. മോഹൻദാസ് ആണ്. ഇപ്പോഴും അദ്ദേഹം എം. ഡി. ആയിട്ടിരിക്കുന്നു. ശ്രീ. ഏ. കെ. ആന്റണി പാടില്ലെന്നു പറഞ്ഞു. നിങ്ങൾ ആ ഫയൽ എടുത്തു. എം. ഡി.-യോട് തുടരാൻ പറഞ്ഞു. ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ശ്രീ. മോഹൻദാസ് നടത്തിയ അഴിമതിയെക്കുറിച്ച് വിശദമായ പഠനം നടത്തി. അവർ പറഞ്ഞു, ഈ ഉദ്യോഗസ്ഥനെ തുടരാൻ അനുവദിച്ചുകൂടാ. ഒരു പെതുമേഖലാ സ്ഥാപനത്തിലും നിയമിക്കപ്പെടാൻ അർഹതയില്ലെന്നുപറഞ്ഞു. ഹൈക്കോടതി 2002 ജനുവരിയിൽ ഒരു വിധിയിലും പറഞ്ഞു. ആ വിധിയുടെ കോപ്പി എന്റെ കയ്യിൽ ഉണ്ട്. അതിനുശേഷം ട്രാക്കോ കേബിൾസിന്റെ എം. ഡി. എന്ന പദവികൂടി കൊടുത്തു. സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ തീവെട്ടിക്കൊള്ള, അതിനുശേഷം ട്രാക്കോ കേബിൾസിന്റെ ചുമതലകൂടി കൊടുത്തു. എന്താ കാരണം? ഈ മോഹൻദാസ് എല്ലാ ദിവസവും ശ്രീ. ഉമ്മൻചാണ്ടിയുടെ ഓഫീസിൽ കയറിയിറങ്ങുകയല്ലായിരുന്നോ? എന്താ ബന്ധം? ശ്രീ. ഉമ്മൻചാണ്ടി ഒന്നു വ്യക്തമാക്കുമോ? എന്താ ഇത്രയും വലിയ അഴിമതിക്കാരനെ സംരക്ഷിക്കാൻ അങ്ങേയ്ക്ക് ഇത്ര വ്യഗ്രത? ആറ് പുതിയ ഗോഡൗണുകൾ പണിതു. 26 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കി. അർഹത ഇല്ലാതെ റിബേറ്റ് നൽകി. അങ്ങനെ സ്റ്റേറ്റിന് നഷ്ടം ഉണ്ടാക്കി. 425 പേരുടെ പിൻവാതിൽ നിയമനം ഇപ്പോൾ കോടതി റദ്ദാക്കി. ആ ലിസ്റ്റ് ഞാൻ വായിക്കണോ? ആരുടെയൊക്കെ ബന്ധുക്കളാണ്? അഴിമതി ആരോപണം പുറത്ത് മാദ്ധ്യമങ്ങളെല്ലാം മോഹൻദാസിനെതിരായി ഉന്നയിച്ചു. സചിത്ര ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു; രേഖകൾ പ്രസിദ്ധീകരിച്ചു. മോഹൻദാസ് പിന്നേയും തുടരുന്നു. ഇതിൽ അമർഷംപൂണ്ട ഒരാൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 7-7-2005-ന് ഒരു പരാതി നൽകി. അതിൽ പറയുന്നു, അഴിമതി ആരോപണം ഉയർന്നുവരുമ്പോൾ, ഇയാൾ പറയുന്നത്, ബഹുമാന്യരായ മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും, വ്യവസായ വകുപ്പുമന്ത്രിയും അഴിമതിയുടെ വിഹിതം കൃത്യമായും പറ്റുന്നതുകൊണ്ട് എന്നെ ഒന്നും ചെയ്യാനില്ലെന്നാണ്. അദ്ദേഹം പലരോടും വീമ്പിളക്കി. മാത്രമല്ല, ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്ത പല കാര്യങ്ങളും ഈ മൂന്നു പേർക്കും ഞാൻ ചെയ്തുകൊടുക്കുന്നുണ്ട്. എന്താ മോഹൻദാസ് ആർക്കും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഈ മുന്നുപേർക്കും ചെയ്തു കൊടുക്കുന്നത്? ഡി. വൈ. എസ്. പി. മാരുടെ സ്ഥലംമാറ്റം. ഡി. വൈ. എസ്.പി. മാരിൽ ചിലർക്ക് മൂന്നാറിലേക്ക് പോകണം, ചിലർക്ക് കോട്ടയത്തേയ്ക്ക് പോകണം. നമ്മുടെ അതിർത്തി പ്രദേശങ്ങളിലുള്ള പോലീസ് സർക്കിളുകളിലേയ്ക്ക് ചിലർക്ക് പോകണം. അതിന് മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രത്യേകമായി സീറ്റ് വച്ച് ആളിരുന്നില്ലേ? ലേലം വിളി നടത്തിയില്ലേ? ആദ്യം ഒരു ലിസ്റ്റ് വന്നു. ആരേയും കാണിക്കാത്ത ലിസ്റ്റ്. എന്നിട്ട് വീണ്ടും പലരേയും വരുത്താനുള്ള വേദിയാക്കി മാറ്റി ആ ലിസ്റ്റ് വീണ്ടും മാറ്റി. ഇത് നമ്മുടെ നാട്ടിൽ ആർക്കാണ് അറിയാത്തത്? മൂന്നാറിലേയ്ക്ക് ഒരു ഡി.വൈ. എസ്. പി.-യുടെ സ്ഥലംമാറ്റത്തിന് 25 ലക്ഷം രൂപയാണ് നൽകിയതെന്ന് ആർക്കാണറിയാത്തത് മുഖ്യമന്ത്രി ഉമ്മൻചാണ്ടി? കൊള്ളുമ്പം എന്താ വേവലാതിയും വെപ്രാളവും. പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് ജൂലൈ മാസം 23-നാണ്. 8-7-2005-ന് വോട്ടർ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചു.എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് നിങ്ങൾ ഇപ്പോൾ ട്രാസ്ഫർ നടത്തുകയല്ലേ? എന്തോ കോൺഗ്രസ് പോലീസ് അസോസിയേഷൻ ഉണ്ടാക്കാൻ എന്നാണ് നിങ്ങൾ കരുതിയത്. 'ഈ' ഗ്രൂപ്പ് പോലീസ് അസോസിയേഷൻ ഉണ്ടാക്കാനുള്ള നടപടിയാണ്.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർന്നു. ആറ് ലക്ഷം വിദ്യാർഥികളുടെ ഭാവികൊണ്ട് പന്താടിയ സംഭവമാണത്. ഈ നാട് ഒരിക്കലും നിങ്ങൾക്ക് മാപ്പ് തരില്ല. ആ കേസ് എന്തുചെയ്തു? ഒരു സിന്ധുവും ഒരു ബിന്ദുവും, ഒരു സുബ്രഹ്മണ്യവും (പ്യൂണും തൂപ്പുകാരിയും) കേസ്സിലെ പ്രതികൾ. രാജൻ ചാക്കോയാണ് യഥാർത്ഥ പ്രതിയെന്ന് എല്ലാപേർക്കും അറിയില്ലേ? ഹൈക്കോടതി രാജൻ ചാക്കോയുടെ പേരിൽ കേസ്സെടുക്കാത്തതിന് ഗവൺമെന്റിനെ വിമർശിച്ചില്ലേ? രാജൻ ചാക്കോയെ എന്താ കേസിലെ പ്രതിയാക്കാത്തത്? രാജൻ ചാക്കോ ആരാ? മുത്തൂറ്റ് ഗ്രൂപ്പിന്റെ ബന്ധു. മുത്തൂറ്റ് ഗ്രൂപ്പ് ആരാ? ഉമ്മൻചാണ്ടിയുടെ ബന്ധു. എന്താ കണക്ഷൻ? എന്തിനാ രാജൻ ചാക്കോയെ രക്ഷപ്പെടുത്തുന്നത്? അതിന് ഉത്തരം നിങ്ങൾ പറയണം.

സ്മാർട്ട് സിറ്റി. വികസനത്തിനൊന്നും ഞങ്ങൾ എതിരല്ല. എന്നാൽ ഇൻഫോ പാർക്കിന് ഭൂമിയും കെട്ടിടസമുച്ചയവും അവർക്ക് എഴുതിക്കൊടുത്തുള്ള വികസനം, ഈ നാടിനെ പണയപ്പെടുത്തുന്ന വികസനം. ഇൻഫോ പാർക്കിൽത്തന്നെ അവർ 33,000 ആളുകൾക്ക് ജോലി കൊടുക്കാനുള്ള സൗകര്യമുണ്ട്. ആർക്കാ, പിന്നെ എന്തിനാ സ്മാർട്ട് സിറ്റി? അതിന്റെ പിന്നാമ്പുറ കഥകൾ ഞങ്ങൾ പറയുന്നില്ല. ഭരണ കക്ഷിയിലെ എം.എൽ.എ. പറഞ്ഞതാണ്, മറ്റാരുമല്ല. അതിൽ നടത്തിയ അഴിമതി. കൊച്ചിയിൽ ഒരു കെ.എം.എ. മേത്തർ കമ്പനിയുണ്ട്. ബഹുനില കെട്ടിടങ്ങളുണ്ട്. തേവരയിലെ കെട്ടിട നിർമ്മാണത്തിന് ഒരു ചട്ടവും, കൊച്ചി കോർപ്പറേഷനും ലോക്കൽ ബോഡീസും സെക്രട്ടേറിയറ്റിലെ ഒരു ഫയലിലും എഴുതാൻ പാടില്ല. ഒരു സെക്ഷനും കെ.എം.എ. മേത്തർ കൺസ്ട്രക്ഷൻ കമ്പനിയുടെ ഫയലിൽ എഴുതാൻ പാടില്ല. സോണൽ എക്സ്റ്റൻഷൻ പാടില്ല. തീരദേശ പരിപാലന നിയമത്തിന്റെ ലംഘനം. എല്ലാം ലംഘിച്ചുകൊണ്ട് ഉമ്മൻചാണ്ടിയുടെ ഓഫീസല്ലേ ഇടപാട് നടത്തിക്കൊടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള ഇടപാട്. ദീപിക ദിനപത്രത്തിൽ വാർത്തവന്നു. അരക്കോടി രൂപ ഗവൺമെന്റിന് നഷ്ടം. എത്രയാ മന്ത്രിക്ക് കിട്ടിയതെന്ന് പറഞ്ഞാൽ മതി. ആരോഗ്യവകുപ്പിലെ നിയമനത്തിന് നിരക്ക് നിശ്ചയിച്ചു. കോഴ ചരിത്രസംഭവമാണ്. പി.എസ്.സി. നിയമന ഉത്തരവ് നൽകിയിട്ടും ഡിപ്പാർട്ടുമെന്റ് കൗൺസിലിംഗിന് വിളിക്കുന്നു. ഡോക്ടർമാരെ. അസിസ്റ്റന്റ് സർജന് സ്വന്തം ജില്ലയിൽ കിട്ടാൻ ഒന്നര ലക്ഷം രൂപ. സിവിൽ സർജന് താലൂക്ക് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും 3 ലക്ഷം രൂപ. ഡി.എം.ഒ. പോസ്റ്റിന് 5 ലക്ഷം രൂപ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് സ്വന്തം ജില്ലയിൽ കിട്ടാൻ 30,000 രൂപ. ഈ നിരക്ക് നിശ്ചയിച്ച് കൈക്കൂലി വാങ്ങുകയല്ലേ? ശസ്ത്രക്രിയാ സാമഗ്രികൾ വാങ്ങുന്നതിൽ വൻ തിരിമറി നടന്നില്ലേ? ക്ഷയരോഗത്തിനുള്ള മരുന്ന് കൂടിയവിലയ്ക്ക് വാങ്ങി. 40 രൂപയുടെ മരുന്ന് 125 രൂപയ്ക്ക് വാങ്ങിയെന്ന് രേഖകൾ സഹിതം ഇവിടെ ഉന്നയിച്ചില്ലേ? വകുപ്പുമന്ത്രിതന്നെ പറഞ്ഞു, സ്വന്തം വകുപ്പിൽ അഴിമതി. മന്ത്രിക്കുപോലും സഹിക്കാൻ കഴിയാതെ മന്ത്രി വിമർശനം ഉന്നയിച്ചു. 8-6-2005-ൽ 50 കോടി രൂപയുടെ മരുന്നു വാങ്ങി. അതിൽ 40 ശതമാനം ഒറ്റ കമ്പനിയിൽനിന്ന്, 20 കോടി രൂപയ്ക്ക് ജോൺസൺ ആന്റ് ജോൺസൺ കമ്പനിയിൽനിന്നും മാത്രം വാങ്ങി. 250 കമ്പനികൾ ഉണ്ട്. എന്നിട്ടും ജോൺസൺ ആന്റ് ജോൺസൺ കമ്പനിയിൽ നിന്നുമാത്രം 20 കോടി രൂപയ്ക്ക് വാങ്ങി. തീയേറ്ററിൽ ഡ്രസ്സിംഗിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ 18 ലക്ഷം രൂപയുടേത് കെട്ടിക്കിടക്കുമ്പോൾ, എക്സ്പയർ ആകാൻ മാസങ്ങൾ ഉള്ളപ്പോൾ 50 ലക്ഷം രൂപയുടേതിന് ഓർഡർ കൊടുത്തു. കടുത്ത അഴിമതിയല്ലേ? ബോംബെയിലെ ഹയാത്ത് റീജൻസി ഹോട്ടലിൽവച്ച് മന്ത്രിയുടെ ബിനാമിയുടെ മരുന്നു കമ്പനിയുടെ പ്രതിനിധി ഓർഡർ തയ്യാറാക്കുകയാണ്.

വരൾച്ചയുടെ നാശം വിതച്ച വയനാട്ടിൽ 457 ചെക്ക് ഡാമുകളും 315 കുളങ്ങളും കിണറുകളും 40 കോടി രൂപ ചെലവഴിച്ച് പണിതു. 5 കോടി രൂപയാണ് അവിടെ അഴിമതി നടത്തിയത്. അവിടെ പോയാൽ കാണാം. എന്നിട്ടോ എല്ലാം പൊളിഞ്ഞു. നാഷണൽ ഫുഡ് ഫോർ വർക്ക്. ആ വർഷത്തേയ്ക്ക് 45 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. ഈ വർഷത്തേയ്ക്കു മാത്രം 18 കോടി രൂപയുടെ ഭരണാനുമതി കൊടുത്തു. അതിൽ 2 കോടി രൂപയുടെ അഴിമതിയാണ് നടത്തിയത്. ഈ മാർച്ച് 31-ന് അവസാനിക്കാൻ പോകുന്ന സാമ്പത്തിക വർഷം തിരുവനന്തപുരത്തുനിന്നും ഒരു പ്രോജക്ട് ഡയറക്ടറെ അതിനുവേണ്ടി അവിടെ കൊണ്ടുപോയി. എന്നിട്ടാണ് അഴിമതി നടത്തിയത്. വൈദ്യുതി ബോർഡ് 90 കോടി രൂപയുടെ നഷ്ടമുണ്ടാക്കി. എന്നിട്ട് എന്ത് ചെയ്തു? ചെയ്തത് മറ്റൊന്നുമല്ല. പോസ്റ്റ് വാങ്ങി. അതിലും അഴിമതി നടത്തി. തീർന്നില്ല. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ഒരു അംഗം അപ്പോയിന്റ്മെന്റ് നിശ്ചയിച്ച് കിട്ടാൻവേണ്ടി കൈക്കൂലി വാങ്ങി. അത്ഭുതമാണ്. ഇത് ജയലളിത മാത്രം ചെയ്യുന്ന കാര്യമാണ്. ജയലളിതയ്ക്ക് ഒരു അപ്പോയിന്റ്മെന്റിന് വ്യക്തി 5 ലക്ഷം രൂപയും സ്ഥാപനം 25 ലക്ഷം രൂപയും കൊടുക്കണം. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ഒരു മന്ത്രിക്ക് ടാക്സ് എക്സംപ്ഷന്റെ കാര്യത്തിന് നിവേദനം കൊടുക്കാൻ വന്നപ്പോൾ മന്ത്രി എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്? അപ്പോയിന്റ്മെന്റിന് 10 ലക്ഷം രൂപ വാങ്ങി. നാണംകെട്ട ഒരു ഭരണം. എന്നിട്ട് ഇവിടെ പറയുകയാണ്. തീർന്നില്ല, ഒരൊറ്റകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സി. ആന്റ് എ. ജി. റിപ്പോർട്ട് മാത്രം പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ: അല്ലെങ്കിൽ പാർട്ടിക്ക് വേറെ സമയം കൊടുക്കാം.

ശ്രീ. എം. വി. ജയരാജൻ: ഇത് സി. ആന്റ് എ. ജി. റിപ്പോർട്ടുകളാണ്. ഈ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കാം. 2003-ലെ ആഡിറ്റ് റിപ്പോർട്ട്, (സിവിൽ) പാരാ 1, 2, 3, പേജ് 48, 1994-ലെ സാമ്പത്തിക ബാദ്ധ്യത വിലയിരുത്താതെ നടപ്പാക്കിയ കൃഷിക്കാരായ യുവാക്കൾക്കുള്ള പെൻഷൻ പദ്ധതി 1997-2005 കാലയളവിലേക്ക് 95 കോടി രൂപ മുതൽ 133 കോടി രൂപ വരെ ബാദ്ധ്യത സംസ്ഥാന സർക്കാരിനുണ്ടാക്കി വച്ചു. സി. ആന്റ് എ. .ജി. റിപ്പോർട്ട്, 2003-ലെ ആഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്, പാരാ 4 (12), നിർദ്ദിഷ്ട മാർഗ്ഗരേഖയിൽനിന്ന് വ്യതിചലിച്ച് കരാറിൽ സ്വകാര്യ കമ്പനിക്ക് അനുകൂലമായി ഒരു പ്രത്യേക വ്യവസ്ഥ എഴുതി ചേർത്തത് വഴി ഇലക്ട്രിസിറ്റി ബോർഡിന് 8.79 കോടി രൂപ നഷ്ടം വരുത്തി. സ്വകാര്യ കമ്പനിക്ക് ലാഭമുണ്ടായി. തീർന്നില്ല.....(ബഹളം)..... ഇത് പറഞ്ഞ് അവസാനിപ്പിക്കാം. 2002-ലെ ആഡിറ്റ് റിപ്പോർട്ട് പാരാ 3 (9) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ഗിരിവർഗ്ഗ ക്ഷേമപദ്ധതികൾക്കായി പിൻവലിച്ച 40 കോടി രൂപയുടെ വിനിയോഗത്തിൽ ഗവൺമെന്റ് കണക്കുകൾക്ക് വെളിയിൽ ഫണ്ടുകൾ സൂക്ഷിച്ച് മാർഗ്ഗരേഖയുടെ ലംഘനം നടത്തി വകമാറി ചെലവഴിച്ചു. അതൊക്കെ അഴിമതിക്ക് ഇടവന്നു. 2002 മാർച്ച് 31-ന് 40 കോടി രൂപ 16 വകുപ്പ് തലവൻമാർ കൈവശം വച്ചതിനെക്കുറിച്ചാണ് ആഡിറ്റ് ഇങ്ങനെ പറഞ്ഞത്. തീർന്നില്ല, ഏറ്റവും ഒടുവിൽ ബ്രഹ്മപുരം, ബ്രഹ്മപുരത്തെപ്പറ്റി പറഞ്ഞത്,.....(ബഹളം).....

മി. സ്പീക്കർ: 22 മിനിട്ടായി.

ശ്രീ. എം. വി. ജയരാജൻ: ഒറ്റകാര്യം, പ്രോജക്റ്റ് റിപ്പോർട്ടിൽ 2.21 രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് വിഭാവനം ചെയ്തിരുന്നു. എന്നാൽ ജനറേറ്ററുകൾ സ്ഥാപിച്ചപ്പോൾ യൂണിറ്റിന് 8.48 രൂപ ഉൽപ്പാദന ചെലവായി. ബ്രഹ്മപുരം പദ്ധതിയിൽ അഴിമതി നടന്നു എന്ന് സി. ആന്റ് എ. ജി. പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷനെ നിയോഗിച്ചു. 1999-ൽ ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തു. വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിലാണ്.....
.....(ബഹളം).....
75.28 കോടി രൂപയുടെ നഷ്ടം വരുത്തിയ അഴിമതിയെക്കുറിച്ച് കുറ്റക്കാരുടെ പേരിൽ എന്തുകൊണ്ട് നടപടി എടുത്തില്ല? അന്നത്തെ മന്ത്രി ശ്രീ. പത്മരാജന്റെ നേതൃത്വത്തിൽ നടന്ന അഴിമതിയാണ്. ഈ അവിശ്വാസപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ദിവസം ചർച്ച വച്ചിരിക്കുകയാണ്. എല്ലാ പാർട്ടികൾക്കും ധാരാളം സമയമുണ്ട്. ആളുകളുടെ എണ്ണം കുറച്ച് കൂടുതൽ പറയേണ്ടവർ കൂടുതൽ സംസാരിക്കണം. അല്ലെങ്കിൽ പറയാനുള്ളത് ഡിവൈഡ് ചെയ്യണം. അതല്ലാതെ ഇങ്ങനെ തുടങ്ങിയാൽ വിഷമമാണ്. ഇത്രയും സമയമേ കൊടുക്കാൻ പറ്റുകയുള്ളു. ഒരു ഗ്രേസ് ടൈമൊക്കെ അനുവദിക്കാം.

2/30/2006—2a

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. കിഴക്കേക്കോട്ടയിലെ മിമിക്രി രംഗമാണ് എനിക്ക് ശ്രീ. ജയരാജന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. വളരെ വേദനാജനകമായിപ്പോയി. അദ്ദേഹം കടലാസ് കയ്യിലില്ലാതെ വായിച്ച് പ്രസംഗിച്ചാൽ വളരെ ഭംഗിയാകുമായിരുന്നു. ഇവിടെ ആരോടൊക്കെയാണ് നന്ദി പറയേണ്ടതെന്ന് എനിക്കറിയില്ല. നന്ദി ആരോട് ഞാൻ ചൊല്ലേണ്ടു. ഇത്തരമൊരു അവിശ്വാസപ്രമേയത്തിന് അവസരമുണ്ടാക്കിയിട്ടുള്ള വെട്ടിനിരത്തിൽ വിദഗ്ദ്ധനായിട്ടുള്ള സഖാവ് വി. എസ്. അച്ചുതാനന്ദന്റെ വെട്ടിൽ, പെട്ടുപോയിട്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണനോടാണ് എനിക്ക് ആദ്യമായി നന്ദിയും സഹതാപവും അറിയിക്കാനുള്ളത്. എനിക്ക് രണ്ടാമതായി നന്ദി പറയാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശൈലി തന്നെ കടമെടുത്ത് പറഞ്ഞാൽ, ബഹുദൂരം അതിവേഗം, ഈ സംഭവ പരമ്പരകൾ ഓരോന്നായി ജനങ്ങളിലെത്തിക്കാൻ സൗകര്യം ചെയ്ത്, ദൃശ്യ മാധ്യമങ്ങൾക്ക് അനുവാദം നൽകിയിട്ടുള്ള ബഹുമാനപ്പെട്ട അങ്ങയോടാണ്. അതുപോലെതന്നെ എനിക്ക് നന്ദി പറയാനുള്ളത്, ഈ അവിശ്വാസപ്രമേയ ചർച്ചയ്ക്ക് അവസരമുണ്ടാക്കിയിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ്. ഇവരോടൊക്കെയുള്ള നന്ദിയും കടപ്പാടുമാണ് യു.ഡി.എഫ്.-ന്റെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. മുണ്ടുരിയുന്നതുവരെ നമ്മുടെ സംഭവങ്ങൾ ചെന്നെത്തിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ മുണ്ടുരിഞ്ഞുകൊണ്ടിരിക്കുകയാണ് രാഷ്ട്രീയമായി ഐക്യജനാധിപത്യ മുന്നണി. ദൃശ്യമാധ്യമങ്ങൾ ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ എന്തൊക്കെയാണ് സഖാവ് എം. വി. ജയരാജൻ പ്രസംഗിച്ചത്? വല്ല കാര്യവുമുണ്ടോ? വടികൊടുത്ത് അടി വാങ്ങേണ്ട വല്ല കാര്യവും ഇവിടെയുണ്ടായിരുന്നോ? വടി കൊടുത്ത് അടി വാങ്ങേണ്ട ഒരു കാര്യവും ഇവിടെ ഉണ്ടായിരുന്നില്ല. 10 വർഷത്തിന് ശേഷം ഇങ്ങനെയൊരു അവിശ്വാസപ്രമേയം കൊണ്ടുവന്നതിന്റെ പിന്നിലുള്ളത് അപ്പുറത്തുള്ളവരുടെ അവിശ്വാസമല്ലാതെ മറ്റൊന്നുമല്ല. അപ്പുറത്തുള്ള അവിശ്വാസം അതിന്റെ എല്ലാ കരുത്തോടും കൂടി അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിക്കാനിരുന്ന സന്ദർഭത്തിൽ ഇതല്ലാതെ മറ്റൊരു വഴിയും ഇല്ലാത്തതുകൊണ്ടാണ് അവർ ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ അവിശ്വാസപ്രമേയത്തെ ഉർവ്വശി ശാപം ഉപകാരമെന്നുള്ള നിലയിലാണ് ഞങ്ങൾ കാണുന്നത്. അതുകൊണ്ട് തന്നെ എന്തായിരുന്നു ഈ ഗവൺമെന്റിനെക്കുറിച്ച് സഖാവ് എം. വി. ജയരാജൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ? കഴിഞ്ഞ നാല് വർഷം മുൻപ് ഒരു ഗവൺമെന്റുണ്ടായിരുന്നോ ഇവിടെ? ഈ രാജ്യത്തെ വിധവകൾ, വികലാംഗർ, അവശർ, അനാഥർ എന്നിവർക്ക് മാത്രമല്ല എല്ലാവിധ പെൻഷൻ പദ്ധതികളും നാലഞ്ച് കൊല്ലക്കാലം കൊടുക്കാത്തവരാണ് ഇത് ഇവിടെ വിളിച്ചു പറയുന്നത്. സത്യവുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. കാർഗിൽ യുദ്ധത്തിൽ മരിച്ച രക്തസാക്ഷിയുടെ ചെക്ക് പോലും മടങ്ങിയ ഒരു കാലഘട്ടമായിരുന്നു അത്. ഒരു മുഖ്യമന്ത്രിക്ക് ഡൽഹിയിൽ പോയിവരാനുള്ള വിമാന ടിക്കറ്റ് പോലും കിട്ടാതെ, മന്ത്രിമാർക്ക് ചായ വാങ്ങാൻ കാശ് പോലും കൊടുക്കാതെ, ആശുപത്രിയിൽ പഞ്ഞിയും നൂലും പോലുമില്ലാതെ എല്ലാ നിലയിലും തകർന്ന് തരിപ്പണമായ ഒരു ഗവൺമെന്റിനെ മോചിപ്പിച്ചെടുത്തു ശ്രീ. എ. കെ. ആന്റണി. എന്തായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ്? വിസ്മയമായിരുന്നു അത്. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി പട്ടിണിയിലൂടെ മാത്രമേ പാർട്ടിയുണ്ടാക്കാൻ സാധ്യമാകൂ എന്ന് കരുതുന്നു. ഈ പാർട്ടിയെ രാജ്യത്തുനിന്ന് തുടച്ചുനീക്കാൻ വളരെ പ്ലാൻ ചെയ്തുകൊണ്ടുള്ള ഒരു തീരുമാനമാണ് ശ്രീ. എ. കെ. ആന്റണിയും തുടർന്നുവന്ന ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. എന്താണ് ഞങ്ങളോട് വിരോധം? ഞങ്ങളോടുള്ള വിരോധം ഈ രാജ്യത്ത് ഗ്ലോബൽ മീറ്റ് സംഘടിപ്പിച്ചു. ഒരു സുപ്രഭാതത്തിൽ ഉണ്ടാക്കാൻ സാധിക്കുന്നതല്ല ഗ്ലോബൽ മീറ്റ്. ഒന്ന്, ഒന്നര വർഷക്കാലത്തെ ബഹുമാനപ്പെട്ട അന്നത്തെ വ്യവസായ വകുപ്പുമന്ത്രി കുഞ്ഞാലിക്കുട്ടിയുടെയും അതുപോലെ ഈ ഗവൺമെന്റിന്റെയും ദിശാബോധം, ഇച്ഛാശക്തി എന്നിവയിലൂടെ കോടാനുകോടി രൂപയുടെ നിക്ഷേപങ്ങൾ ഈ സംസ്ഥാനത്ത് കൊണ്ടുവന്ന് ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അവിടെ ഈ കമ്മ്യൂണിസം നടക്കില്ല. അവിടെ ഈ മാർക്സിസം വളരില്ല. ഇവിടെ അവരുടെ മുദ്രാവാക്യമെന്താണ്? തകരണം, തകർക്കണം. എന്ത് നല്ല കാര്യമായിരുന്നാലും ശരി, തകരണം, തകർക്കണം എന്നതല്ലാതെ എന്താണ് ഇവരുടെ മുദ്രാവാക്യം? എന്തായിരുന്നു കാർഷിക മേഖല? രണ്ട് രൂപയുടെ നാളികേരം, 20 രൂപയുടെ റബ്ബർ. എന്താണ് റബ്ബറിന്റെ വില? 62 രൂപ. നാളികേരം 5 രൂപ. 10 പൈസ ഇല്ലാത്ത ഗവൺമെന്റ്. ഈ രാജ്യത്തെ ആയിരത്തിൽപ്പരം വരൾച്ചകൊണ്ട് പൊറുതിമുട്ടിയ പഞ്ചായത്തിൽ ഓരോ പഞ്ചായത്തിലും ബഹുമാനപ്പെട്ട മാണി സാറിന്റെയും ഗൗരിയമ്മയുടെയും നേതൃത്വത്തിൽ 50 ലക്ഷവും 60 ലക്ഷവും രൂപ വരൾച്ചയ്ക്ക് വിതരണം ചെയ്യാൻ സാധിച്ചത് ഇൻഡ്യാ രാജ്യത്തെ സർവ്വകാല റിക്കാർഡാണ്. അടിസ്ഥാന വർഗ്ഗത്തെക്കുറിച്ച്, ആദിവാസികളെക്കുറിച്ച് പറയുന്ന ഇവർ ആദിവാസികൾക്ക് ഭൂമി കൊടുത്തത് എവിടെയാണ്? പുല്ല് മുളയ്ക്കാത്ത ഭൂമിയാണ് കൊടുത്തത്. റോഡില്ലാത്ത ഭൂമി. ഭൂമി കിട്ടിയ ആദിവാസികൾ എല്ലാം ഓടിയ വഴിക്ക് പുല്ല് മുളച്ചില്ലേ, ഞങ്ങളും കൊടുക്കുന്നു. ആയിരക്കണക്കിന് ഏക്കർ ഭൂമി കൊടുത്തു. ഒരു പരാതിയും പരിഭവവുമില്ല. എന്തായിരുന്നു ക്രമസമാധാന രംഗം? ശ്രീ. കോടിയേരി ഇവിടെ അവിശ്വാസപ്രമേയം കൊണ്ടുവന്നല്ലോ? തപ്പിനോക്കണമായിരുന്നു കോടിയേരിയുടെ തല കഴിഞ്ഞ 5 കൊല്ലത്തെ ഭരണത്തിൽ. കണ്ണൂരിൽ നടക്കാൻ സാധിച്ചിരുന്നോ കോടിയേരിക്ക്? ഇന്ന് ഞെളിഞ്ഞ് നട്ടെല്ലോടുകൂടി നടക്കാം യു. ഡി. എഫ്.-ലെ ഉമ്മൻചാണ്ടിയുടെ ഭരണത്തിൽ. അത് പോരെ? ഗോവിന്ദൻ മാസ്റ്റർക്ക് ഭയാശങ്ക കൂടാതെ കണ്ണൂർ ജില്ലാ സെക്രട്ടറി എന്ന പേരിൽ പ്രവർത്തിച്ചുകൂടേ? നിങ്ങളുടെ ഭരണത്തിൽ സാധിച്ചിരുന്നോ? മുൻപിലും പിന്നിലും പുട്ടിന് തേങ്ങയിടുന്നതുപോലെ നിങ്ങളുടെ സഖാക്കൾ കൂടെ നടന്നിട്ടല്ലേ നിങ്ങൾ സഞ്ചരിച്ചത്? ഇന്ന് അവരുടെ ആവശ്യമുണ്ടോ? സുഖമായി നടക്കാം. ശ്രീ. ബിനോയ് വിശ്വം ഇവിടെയുണ്ട്. എന്തായിരുന്നു നാദാപുരത്തെ സ്ഥിതി? അർദ്ധരാത്രിയിൽ പോലും ജില്ലായുവജനോൽസവം നടന്നു. ഒരു പ്രശ്നവുമില്ല. അതു തന്നെയാണ് ക്രമസമാധാനം എന്നു പറയുന്നത്. പതിനായിരക്കണക്കിന് ആളുകൾക്ക് മാണിസാർ പട്ടയം കൊടുത്തു. എന്തുകൊണ്ട് നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിച്ചില്ല? ആ വർഗ്ഗം ഭൂമിയുടെ ഉടമകളാകുന്നതിൽ അടിസ്ഥാനപരമായി നിങ്ങൾ എതിരാണ്. അവർ രക്ഷപ്പെട്ടുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ഇരുപതിനായിരത്തിൽപ്പരം പേർക്ക് പട്ടയം കൊടുത്തു. 2092 പട്ടയം കോഴിക്കോട് ടൗൺഹാളിൽവച്ചു കൊടുത്തു. എന്തുകൊണ്ട് നിങ്ങൾക്ക് കൊടുക്കാൻ സാധിച്ചില്ല? നിങ്ങൾക്ക് സാധ്യമല്ല. ഈ രാജ്യം രക്ഷപ്പെട്ടുകൂടാ. കരിമണൽ, നമ്മുടെ രാജ്യത്തെ വിഭവങ്ങൾ നമുക്ക് പ്രയോജനപ്പെടുത്തണം. ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി കിട്ടണം. പതിനായിരക്കണക്കിന് കോടി രൂപ നമുക്ക് ആവശ്യമുണ്ട്. അനുവദിച്ചില്ല. എവിടെ എത്തി നിങ്ങളിപ്പോൾ? ആയിരം പഞ്ചായത്തുകളിൽ രണ്ടേ രണ്ടു പഞ്ചായത്തിലൊതുങ്ങി നിങ്ങൾ. രണ്ടു പഞ്ചായത്തിൽ മാത്രമാണ് നിങ്ങൾക്ക് വിരോധമുള്ളത്, ഇപ്പോൾ സി.ഐ.ടി.യു.-കാർ ഞങ്ങളുടെ റൂമുകളിൽ കയറിയിറങ്ങുകയാണ് കരിമണൽ അവിടെയും ഖനനം ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട്. നിങ്ങളുടെ അടുത്തും വന്നിട്ടുണ്ടാകും സി.ഐ.ടി.യു. ഭാരവാഹികൾ. ഒന്നും നിങ്ങൾ അനുവദിക്കുകയില്ല. ഒരു സംഗതിയും നിങ്ങൾ അനുവദിക്കുകയില്ല. ഇവിടെ ബഹുമാനപ്പെട്ട തോമസ് സാർ പറഞ്ഞു കൽക്കട്ടയിലെ സ്ഥിതി. 9 മെഡിക്കൽ കോളേജുകൾ, ബി.ഒ.ടി. റോഡുകൾ എ.ഡി.ബി.-യിൽ നിന്നു ലോകത്തിലെ ഏറ്റവും കൂടുതൽ ഫണ്ട് വാങ്ങിയ സംസ്ഥാനം നിങ്ങളുടേതാണ്. A.D.B. ക്കാരെ ആട്ടി ഓടിക്കുന്നു. കോഴിക്കോട് മേയർ അവർക്ക് കൊടി പിടിച്ചു കൊടുക്കുന്നു. ഡി.വൈ.എഫ്.ഐ.-ക്കാരെ വിട്ട് അവരെ പേപ്പട്ടിയെപ്പോലെ ഓടിക്കുന്നു. പരസ്പരവിരുദ്ധമായി പ്രവർത്തിക്കയാണു നിങ്ങൾ. എന്തായിരുന്നു കഴിഞ്ഞ കാലത്ത് മാറാട്ടെ സ്ഥിതി? കടലിൽ മൽസ്യം പിടിച്ചു തളർന്നു വന്ന മൽസ്യത്തൊഴിലാളികളെ വെട്ടിത്തറച്ചു. എത്ര സാഹസപ്പെട്ടാണ് മല പോലെ വന്നത് മഞ്ഞുപോലെ ഉരുകിപ്പോയത്. ഒരു ഗവൺമെന്റിന്റെ പ്രവർത്തന രീതി നിങ്ങൾ അവിടെ കണ്ടു. ഒരു തുള്ളി രക്തം പോലും ആ പ്രദേശത്തു വീഴാതെ ശാന്തതയുണ്ടാക്കി, സമാധാനമുണ്ടാക്കി. ഒന്നും സംഭവിച്ചില്ല. ഇരുസമുദായത്തേയും കെട്ടിപ്പിടിപ്പിച്ചു ഒരുമിപ്പിച്ചു നിർത്തി. അവിടെയും നിങ്ങൾ പഞ്ചതന്ത്രത്തിലെ കുറുക്കനെപ്പോലെ പരസ്പരം മുട്ടിച്ച് രക്തം നക്കി കുടിക്കാൻ ശ്രമിച്ചു. പഞ്ചതന്ത്രത്തിലെ കുറുക്കനെപ്പോലെയാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി അവിടെ അരങ്ങേറിയത്. മുസ്ലീങ്ങളെയും ഹിന്ദുക്കളെയും തമ്മിലടിപ്പിച്ചുകൊണ്ട് ആ രക്തം നക്കി കുടിക്കാനാണ് നിങ്ങൾ ശ്രമിച്ചിട്ടുള്ളത്. തീർച്ചയായും അത് അവിടത്തെ ജനങ്ങൾ തിരിച്ചറിഞ്ഞു. അങ്ങനെ തിരിച്ചറിഞ്ഞതിന്റെ ഭാഗമായി അവിടെ ഒരു മണ്ണാങ്കട്ടയും ചെയ്യാൻ സാധിച്ചില്ല. ഞങ്ങൾക്ക് അറിയാം ഞങ്ങൾ അവിടുത്തെ നാട്ടുകാരാണ്. അവിടുത്തെ ജനങ്ങളെ തമ്മിലടിപ്പിക്കാനാണ് നിങ്ങൾക്ക് സാധിച്ചിട്ടുള്ളത്. അതല്ലാതെ ഒന്നുമില്ല. എന്താണ് സംസ്ഥാനത്ത് സംഭവിച്ചത്? പത്തു മുപ്പതിനായിരത്തിൽപരം കോടി രൂപയുടെ വിദേശനിക്ഷേപം ഇങ്ങോട്ട് വരുന്നു, അതുപോലെ പല നിക്ഷേപങ്ങളും വരുന്നു. സ്മാർട്ട് സിറ്റി വരുന്നു. വല്ലാർപ്പാടം കണ്ടെയിനർ വരുന്നു. ഇൻഫോസിസും വിപ്രോയും വരുന്നു. നിങ്ങൾക്ക് സഹിക്കുന്നില്ല. ഈ രാജ്യം രക്ഷപ്പെടും. നിങ്ങളോടൊപ്പം കൊടിപിടിച്ച് മുദ്രാവാക്യം വിളിച്ച കുട്ടികൾ രക്ഷപ്പെട്ടാൽ പാർട്ടിയുടെ അടിവേരു പോകും. അതല്ലാതെ മറ്റൊന്നും നിങ്ങളെ സംബന്ധിച്ച് ഇല്ല. അതാണ് വസ്തുത. ആരൊക്കെയാണ് അപ്പുറത്തിരിക്കുന്നത്? ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നു പറഞ്ഞതുപോലെ കുറെ കൂട്ടുകാരുണ്ടല്ലോ, കഴിഞ്ഞ നിരവധി വർഷങ്ങളായി നിങ്ങൾ ഐക്യജനാധിപത്യമുന്നണിക്ക്

LIBRARY ARCHIVES, Kerala Legislative Assembly

എതിരായി കണ്ഠകോരം പ്രസംഗിച്ചത് കരിങ്കാലി കരുണാകരനെക്കുറിച്ചായിരുന്നു. കുരിയാർകുറ്റി ജേക്കബ്ബിനെക്കുറിച്ചായിരുന്നു. ഗ്രാഫൈറ്റ് പിള്ളയെക്കുറിച്ചായിരുന്നു. അവരെയൊക്കെ താങ്ങി നിർത്തിക്കൊണ്ട് നിങ്ങൾ എത്രകാലം മുന്നോട്ട് പോകും? നിങ്ങളുടെ പുതിയ പുതിയ ഉപദേശികൾ ആരൊക്കെയാണെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് നിങ്ങൾ പറയണം. നിങ്ങളുടെ ഐഡന്റിറ്റി ഇന്ന് എവിടെ എത്തി എന്നു നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളോട് പറയണം. ഞങ്ങളുടെ യു.ഡി.എഫ്.-ന് എതിരായി നിങ്ങൾ വിമർശനത്തിന്റെ കൂരമ്പെയ്ത് വിട്ടിരുന്നത് ഈ മൂന്ന് നേതാക്കൻമാരെ ചൂണ്ടിയായിരുന്നു. ആ മൂന്ന് നേതാക്കൻമാർ ഇപ്പോൾ നിങ്ങളുടെ ബുദ്ധിയുടെ ഉറവിടമായി. പിള്ള, ജേക്കബ് ഒക്കെ രാജാവിനേക്കാൾ വലിയ രാജഭക്തി എന്ന രൂപത്തിൽ നിങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതു കാണുമ്പോൾ ഒരു കൗതുകം ആസ്വദിക്കാൻ അവസരം ഉണ്ടായതിൽ ഞങ്ങൾ സർവ്വശക്തനെ നമിക്കുകയാണ്. എന്തുകൊണ്ടെന്നാൽ അത്രയേറെ നിങ്ങൾ അവകാശപ്പെട്ട എല്ലാ ഗുണമേന്മകളും ചോർന്നുപോയി. നിങ്ങളെ സംരക്ഷിക്കാൻ എന്തേ ലാവ്‌ലിൻ പ്രശ്നത്തിൽ അപ്പുറത്തെ ആളുകളിൽ പലരും മിണ്ടാതിരിക്കുന്നത്? എന്തേ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അനർഗളമായ ശബ്ദത്തിന് ഒരു പതർച്ച കണ്ടത്, കളളൻ കപ്പലിൽത്തന്നെയാണ്. നിങ്ങളോടൊപ്പമുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നിങ്ങൾ പരസ്പരം പങ്കുവയ്ക്കുകയാണ്. ഇന്നു നിങ്ങൾക്ക് വേണ്ടി ശബ്ദിക്കുന്നത് കരുണാകരനും, ജേക്കബ്ബും, പിള്ളയുമൊക്കെയാണ്. അതുകൊണ്ട് എനിക്ക് പറയാനുളളത് നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. മലർന്നു കിടന്നു മേൽപ്പോട്ട് തുപ്പുകയാണ് നിങ്ങൾ. കണ്ണാടിക്കൂടിന് കല്ലെറിയുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ എവിടെയും ഓടിയെത്തുന്ന ആളാണ്. ഒരക്ഷരം ഇതേക്കുറിച്ച് ഉരിയാടുന്നില്ല. എന്താണ് എസ്.എൻ.സി. കമ്പനിക്ക് എതിരായി ഉയർന്നു വന്നിട്ടുളള പ്രശ്നങ്ങളെക്കുറിച്ച് ഉരിയാടാത്തത്? രാജ്യത്തുളള സകലമാന കാര്യങ്ങളെക്കുറിച്ചും അഭിപ്രായം പറയുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്തുകൊണ്ട് അണ്ണാക്കിൽ അമ്മിക്കുട്ടി കുടുങ്ങിയതുപോലെ മിണ്ടുന്നില്ല? നിങ്ങൾ ഈ രാജ്യത്തോട് പറയണം. അതല്ലെങ്കിൽ നാവ് അടക്കു പണിയെടുക്കു എന്നാണോ നിങ്ങളോട് കൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ അവിശ്വാസപ്രമേയം എങ്ങനെ വന്നു എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് അസ്സലായിട്ട് അറിയാം. വിദ്യാഭ്യാസ രംഗത്തെ സംഭവം, അതിന് ഈ സമൂഹം നിങ്ങളെ വെറുതെ വിടുമെന്നു ഉദ്ദേശിക്കുന്നുണ്ടോ? ഇവിടെ സൂചിപ്പിച്ചല്ലോ, ഈ രാജ്യത്തെ പാവപ്പെട്ട കുട്ടികളെ, മെറിറ്റ് റാങ്ക് നേടിയ കുട്ടികളെയും രക്ഷിതാക്കളെയുമാണ് നിങ്ങൾ ഈ കൗൺസിലിംഗ് സന്ദർഭത്തിൽ തടഞ്ഞത്. എത്ര മാത്രം കടുത്ത ദ്രോഹമാണ് നിങ്ങൾ ചെയ്തത്. ചരിത്രം നിങ്ങൾക്ക് മാപ്പ് നൽകുമോ? കോ-ഓപ്പറേറ്റീവ് സെക്ടറിലെ 100 കുട്ടികൾക്കുവേണ്ടി 100 കണക്കിന് ബസ്സുകളല്ലേ നിങ്ങൾ അടിച്ചു തകർത്തത്. എത്രയെത്ര രക്തചാലുകൾ സൃഷ്ടിച്ചു. എത്രയെത്ര നിരപരാധികൾക്ക് പരിക്ക് പറ്റി. എന്തു ന്യായീകരണമാണ് ഈ കാര്യത്തിൽ നിങ്ങളെ സംബന്ധിച്ചിടത്തോളമുളളത്? എത്രയെത്ര സ്ഥാപനങ്ങൾ ഈ രാജ്യത്ത് കൊണ്ടുവന്നു. പത്തു പൈസയുടെ അഴിമതി ആരോപണമുണ്ടോ? പറയണം. സാങ്കേതിക വിദ്യാലയങ്ങൾ, നേഴ്സിംഗ് വിദ്യാലയങ്ങൾ എത്ര എത്ര സ്ഥാപനങ്ങൾ. ഒരു പരാതിയും ആർക്കും ഇല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

തരത്തിൽ ഞങ്ങൾ കൊണ്ടുവന്നു. നിങ്ങൾ ഈ രാജ്യത്ത് എന്തുമാത്രം ദുരിതം കൊണ്ടുവന്നു. ബഹുമാന്യയായ സാവിത്രിലക്ഷ്മണനോട് നിങ്ങൾക്ക് വല്ലാതെ പ്രയാസം തോന്നി. നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയുക. നിങ്ങളുടെ മക്കൾ ആ കൂട്ടത്തിൽ ഉണ്ടായിരുന്നോ, ഇല്ല. അതുകൊണ്ടുതന്നെ നിങ്ങൾക്ക് പ്രയാസം തോന്നുകയില്ല. നിങ്ങൾ ആലോചിക്കണം. ഒരൊറ്റ മുദ്രാവാക്യം-എല്ലാം തകർക്കുക എല്ലാത്തിനെയും എതിർക്കുക. നാശം വിതയ്ക്കുക. രക്തസാക്ഷികൾ സിന്ദാബാദ്. രക്തപതാക സിന്ദാബാദ്. ഇതല്ലാതെ നിങ്ങൾ ആഗ്രഹിക്കുന്നതായി മറ്റെന്താണുള്ളത്? രക്തരക്ഷസിനെപ്പോലും കടത്തി വെട്ടുന്ന രൂപത്തിൽ മാത്രമാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നു പറയുമ്പോൾ ചൂടായിട്ടു കാര്യമില്ല. ഈ രാജ്യത്തെ പൊതുമരാമത്തിനെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. സതീശ്ചന്ദ്രനും ശ്രീ. ഗോവിന്ദൻ മാസ്റ്ററും വിമർശിച്ചു. 7 പാലമാണ് ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് ലഭിച്ചത്. 5 പാല മാണ് ശ്രീ. സതീശ്ചന്ദ്രന് ലഭിച്ചത്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഇതിൽ നാലിലൊന്നു നിങ്ങളുടെ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ടോ? ഞങ്ങൾക്ക് പരാതിയുണ്ട് പ്രതിപക്ഷത്തിന്റെ, ഇടതുപക്ഷക്കാർക്കാണ് വികസനം കൂടുതലെന്ന്. പക്ഷെ നിങ്ങൾ വിമർശിക്കുമ്പോൾ നെഞ്ചത്ത് കൈവച്ചുകൊണ്ട് നിങ്ങൾ സമ്മതിച്ചിട്ടുണ്ടോ? 8,000 കോടി രൂപയുടെ വികസനമാണ്. ആർക്കെങ്കിലും പരാതിയുണ്ടോ? ശ്രീ. മുനീർ പങ്കെടുക്കുന്ന യോഗങ്ങളിൽ സംബന്ധിക്കുന്ന, അദ്ധ്യക്ഷത വഹിക്കുന്ന മുഴുവൻ എം. എൽ. എ.-മാരും വാനോളം പുകഴ്ത്തുന്നു. എന്തുകൊണ്ട് ഇത് ഇവിടെ വച്ചു സമ്മതിക്കാൻ സാധിക്കുന്നില്ല? അതു തുറന്നു പറയാൻ സാധിക്കണം. അതാണ് ആണുങ്ങൾ ചെയ്യേണ്ടത്. അതല്ലാതെ ഇവിടെ വന്നു നിന്നുകൊണ്ട് അസത്യജടിലമായ കഥകൾ വിളമ്പുന്നതിനുപകരം നിങ്ങൾ ചോദിക്കുന്ന പാലങ്ങൾ, റോഡുകൾ ഓരോന്നോരോന്നായി വകവച്ചു തരുമ്പോൾ നന്ദിയില്ലെങ്കിൽ ഇവിടെവച്ച് ആ പ്രതിഷേധ ശബ്ദമെങ്കിലും കുറയ്ക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. വികസനത്തിന്റെ പൂക്കാലമാണ്, വികസനത്തിന്റെ ചാകരയാണ് ഈ രാജ്യത്ത് നടക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇതുപോലൊരു വികസനം ഉണ്ടായിട്ടുണ്ടോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിങ്ങൾ മഹിളാ ഫെഡറേഷനും മുദ്രാവാക്യവുമായി കഴിഞ്ഞുകൂടിയിരുന്ന ഇന്നലകളെപ്പോലെയല്ല ഇന്ന്. ഇന്ന് ആ സഹോദരിമാർക്ക് ദിശാബോധമുണ്ട്. ലക്ഷ്യബോധമുണ്ട്. സ്ത്രീശാക്തീകരണം, കുടുംബശ്രീ ഒരു യാഥാർത്ഥ്യമായി വന്നുകൊണ്ടിരിക്കുകയാണ്. വൈദ്യുതി വകുപ്പിൽ ഇന്നുണ്ടാകുന്ന അത്ഭുതങ്ങൾ, നിമിഷനേരം കൊണ്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നടപടികൾ. ഇതുപോലെ വൈദ്യുതീകരണം ഒരു യാഥാർത്ഥ്യമാക്കാൻ സാധിച്ച മറ്റൊരു മന്ത്രിയുണ്ടോ? ഞാൻ ചോദിക്കട്ടെ എന്താണ് ഇക്കോ ടൂറിസം? അംഗീകരിക്കപ്പെട്ട ഒരു ടൂറിസം മന്ത്രി ഉണ്ട് എന്ന് ഈ രാജ്യത്ത് ബോധ്യമായി. തുഷാരഗിരി പോലെയുള്ള പ്രദേശങ്ങളിലേക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുകയും അതൊക്കെ ഈ രാജ്യത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ കൊണ്ടുവരികയും ചെയ്ത ബഹുമാനപ്പെട്ട കെ. സി. വേണുഗോപാലിനെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ബസ് റൂട്ടിനെ സംബന്ധിച്ച് ശ്രീ. ബാലകൃഷ്ണ പിള്ളയുടെ അടുത്ത് ഒരായിരം വട്ടം കാലു പിടിച്ചാൽ ലഭിക്കുമായിരുന്നില്ല. ഇന്നു ശക്തനെന്നൊരു മന്ത്രിയുണ്ട്. ഇടതുപക്ഷക്കാർ പറയട്ടെ, പ്രതിപക്ഷത്തുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

പറയട്ടെ. എന്തായിരുന്നു ശ്രീ. ബാലകൃഷ്ണപിള്ള ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭം. നിങ്ങൾ അനുഭവിച്ചത് സത്യസന്ധമായി പറയുക. ഇതിനായി ഒരു മന്ത്രിയിരിക്കുന്നു ശ്രീ. ശക്തൻ. രാജ്യത്തിനു അഭിമാനമായി നമ്മുടെ മലബാർ മേഖല ഈ ഭൂപടത്തിൽ വന്നുപെട്ടിരിക്കുകയാണ്, ട്രാൻസ്പോർട്ടിന്റെ ഭൂപടത്തിൽ. ഞാൻ അദ്ദേഹത്തെ സർവ്വാത്മനാ അഭിനന്ദിക്കുകയാണ്. നബാർഡിന്റെ പദ്ധതികളിലൂടെ 123 പാലങ്ങളാണ് വരുന്നത്. പുതിയ 60 റോഡുകളാണ് വരുന്നത്. തറക്കല്ല് ഇടൽ മാത്രമല്ല, പ്രവൃത്തികൾ യാഥാർത്ഥ്യമായി വരുന്നു. ഫൈനാൻസുകൂടി ഒന്നു കനിയണമെന്നാണ് മന്ത്രിമാരോട് എനിക്ക് പറയാനുള്ളത്. അത്രയേറെ പ്രയാസമുണ്ട്. തറക്കല്ലിട്ട പാലങ്ങളെങ്കിലും പൂർത്തീകരിക്കുന്നതിന് പരമാവധി സഹായം ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ഒരു റോഡ് ടേക്കോവർ നടക്കുമ്പോൾ വർഷങ്ങളുടെ കാത്തിരിപ്പായിരുന്നില്ലേ നമ്മുടെ സംസ്ഥാനത്ത്. അതൊക്കെ മാറിയില്ലേ. എം. എൽ. എ.-മാർ നിർദ്ദേശിച്ച 11,000 കിലോമീറ്റർ വില്ലേജ് റോഡുകൾ ഒ.ഡി.ആർ. ആക്കി. ചരിത്രത്തിൽ സർവ്വകാല റിക്കാർഡാണിത്. അത് പലതും എം.ഡി.ആർ. ആയി മാറിയിരിക്കുന്നു. 11,000 ത്തോളം കിലോമീറ്റർ റോഡുകൾ അതിൽ ഏറ്റവും കൂടുതൽ എനിക്കു തോന്നുന്നു ഇടതുപക്ഷക്കാരുടെ മണ്ഡലങ്ങളിലാണെന്ന്. എന്തുകൊണ്ട് ഒരു നല്ല വാക്ക് പറയാൻ നിങ്ങൾക്ക് സാധിച്ചില്ല. വിമർശനങ്ങൾക്കിടയിലെങ്കിലും നിങ്ങൾക്ക് സാധിച്ചില്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ സഭയിൽ തിരുവനന്തപുരത്തിന്റെ വികസനത്തെക്കുറിച്ച് ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നു. ഇതുപോലൊരു അതിശയം സഭ കണ്ടിട്ടുണ്ടാവില്ല. എന്താണ് തിരുവനന്തപരത്ത് നടക്കുന്നതെന്ന് അറിയാൻ തിരുവനന്തപുരത്തെ എം. എൽ. എ. ഹോസ്റ്റലിൽ നോക്കിയാൽ പോരെ? തമ്പാനൂരിലേക്ക് നോക്കിയാൽ പോരെ? ഇതുപോലൊരു വികസനം തിരുവനന്തപുരത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ? എത്ര ഫ്ളൈ ഓവറുകൾ, എത്ര അണ്ടർ പാസ്സേജുകൾ; എന്ത് അത്ഭുതകരമായ പ്രവർത്തനമാണ്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി 1600 കിലോമീറ്റർ റോഡ്, 1,600 കോടി രൂപ മുതൽമുടക്കി കെ.എസ്.ടി.പി. പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പണിയാണ് ഇന്ന് നടക്കുന്നത്. നിങ്ങൾ ഓർക്കൂ എന്താണ് ഇന്നത്തെ സ്ഥിതിയെന്ന്. സഖാക്കളെ മുന്നോട്ട് മുന്നോട്ട് എന്നുപറഞ്ഞ ശ്രീ. കൃഷ്ണപിള്ളയുടെ പാർട്ടി സാമ്പത്തികമായി മുന്നോട്ട് മുന്നോട്ട് എന്നുപറഞ്ഞ് മുന്നോട്ട് പോകുന്നതല്ലാതെ, എന്തൊരു മാറ്റമാണ്. അമ്യൂസ്മെന്റ് പാർക്കുകൾ, റിസോർട്ട് ഹോട്ടലുകൾ, ഫൈവ് സ്റ്റാർ ഹോട്ടലുകൾ എന്തുമാത്രം സുഖലോലുപരായിപ്പോയി എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇതുപോലൊരുമാറ്റം ലോകത്ത് ഒരു സംസ്ഥാനത്തും ഉണ്ടായിട്ടില്ല. അത്രമാത്രം വിസ്മയകരമായ, അത്ഭുതകരമായ മാറ്റമാണ് ഈ സംസ്ഥാനത്ത് ഉണ്ടായത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടികൾ കോടീശ്വരൻമാരുടെ കൈയിലെ കളിപ്പാവകളായി മാറിയിരിക്കുകയാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് കരാർ കൊടുത്തത് ഈ സംസ്ഥാനമാകെ ആടി ഉലയുകയാണ്. ആർക്കും നിഷേധിക്കാൻ സാധ്യമല്ല. ബെൽ-ന് വേണ്ടി യു.പി.എ.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ ശക്തമായി സ്വാധീനിച്ചു സമ്മർദ്ദം ചെലുത്തിയ നിങ്ങൾ ബെൽ-നെപ്പോലും മറന്നുപോയിയെന്ന് ആരോപണം ഉന്നയിക്കുന്നത് ഞങ്ങളല്ല. സഖാവ് ബാലാനന്ദനെപ്പോലുള്ള പരിണതപ്രജ്ഞരായ സഖാക്കളാണ് പറയുന്നത്. നിങ്ങൾ ബെൽ-നെ വിസ്മരിച്ചുകൊണ്ടാണ് കനേഡിയൻ കമ്പനിക്ക് ഈ സംസ്ഥാനത്ത് വാതിൽ തുറന്നു കൊടുത്തിട്ടുള്ളത്. അഡ്വക്കേറ്റ് ജനറൽ ശക്തമായ താക്കീത് നൽകി, നിങ്ങൾ അത് അവഗണിച്ചു. മലയാള മനോരമയിൽ വന്ന വാർത്ത യന്ത്രസാമഗ്രികൾ വളരെയേറെ പഴക്കം ഉള്ളതും ഉപയോഗശൂന്യവുമാണ്. അത് പത്രങ്ങളിൽ വന്നുകൂടാ. അതിനെക്കുറിച്ചൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് പറയാനുള്ളത് അഴിമതിയുടെ കൂത്തരങ്ങ് അപ്പുറത്താണ്. ഈ സംസ്ഥാനം രക്ഷപ്പെടാതെ തകരണമെന്ന് ആഗ്രഹിക്കുന്ന ഏതെങ്കിലും ഒരു വിഭാഗം ഉണ്ടെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടിയാണ്. അപ്പുറത്തുള്ളവരോടൊപ്പം നിൽക്കുന്ന കൊച്ചു കൊച്ചു പാർട്ടിക്കാരുടെ ഗതികേടോർത്ത് ബുദ്ധിമുട്ടുകയാണ്. അവരുടെ ഭാവിയെക്കുറിച്ച് ഞങ്ങൾക്ക് ആശങ്കയുണ്ട്. അവരെക്കൂടി ദയവായി പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അതിനെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും അവരുടെ ഗവൺമെന്റും ഈ രാജ്യത്തിന്റെ സർവ്വ നാശമായി ഭവിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ദൃശ്യമാധ്യമങ്ങൾക്ക് ഇത്തരം ചർച്ചയിൽ അവസരം ഒരുക്കിയ അങ്ങയോട് ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തികൊണ്ട് ഈ അവിശ്വാസപ്രമേയത്തെ അതിശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: 50 മാസം തികയുന്ന ഈ ഗവൺമെന്റ്, ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണ്. സമ്പൂർണ്ണ ഭരണത്തകർച്ചയാണ് എല്ലാ മേഖലകളിലും. ക്രിമിനൽ മാഫിയ വാഴ്ച ഇന്ന് എല്ലാ മേഖലകളിൽനിന്നും ധാരാളമായി റിപ്പോർട്ട് ചെയ്തുവരികയാണ്. പോലീസിന്റെ ഭീകരമായ മർദ്ദനഭരണമാണ് ഇന്ന് രാജ്യം മുഴുവൻ. നാട് ഭീകരതയുടെ പറുദീസ എന്നു പറയുന്ന വിധത്തിൽ പാർലമെന്റ് മെമ്പർമാർ, ഈ സഭയിലെ അംഗങ്ങളായ പരിണതപ്രജ്ഞരായ ആദരണീയരായ ജനനേതാക്കൾ തുടങ്ങി വിദ്യാർത്ഥികൾ, ചെറിയ കുട്ടികൾ ഉൾപ്പടെയുള്ളവരെ അതിഭീകരമായി മർദ്ദിക്കുന്ന ഭരണം. ആദ്യമായി ആദിവാസികൾക്ക് നേരെ വെടിവച്ച സർക്കാർ. ഒരു ആദിവാസി വൃദ്ധനെ വെടിവച്ച് കൊന്ന ഗവൺമെന്റ്. അങ്ങനെ എല്ലാ മേഖലയിലും കാർഷിക-വ്യാവസായിക-തൊഴിൽ മേഖലകളിൽ തകർച്ച, കൃഷിക്കാരുടെ ആത്മഹത്യ, നാടിന്റെ പൊതുസ്വത്ത് വിറ്റഴിക്കൽ എല്ലാ നിലയിലും, എല്ലാ രംഗങ്ങളിലും തകർന്ന ഒരു സർക്കാർ. നൂറു പേരുടെ പിൻബലത്തോടുകൂടി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഇപ്പോൾ 84 പേരിൽ എത്തി നിൽക്കുകയാണ്. മൂന്ന് പാർട്ടികൾ ഇവരുടെ കൂട്ടത്തിൽനിന്ന് മാറി. കോൺഗ്രസ്സ് പാർട്ടി നെടുകെ പിളർന്നു പോയി. നിങ്ങൾ മഹാഭൂരിപക്ഷവും പിളർന്ന പാർട്ടിയുടെ കൂടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഇനിയും എത്രപേർ കൂടി വിട്ട് പോകുമെന്ന് ഞങ്ങൾ സംശയിച്ചു പോകുകയാണ്. ഈ സാഹചര്യത്തിലാണ് ഞങ്ങൾ അവിശ്വാസപ്രമേയം കൊണ്ടുവന്നത്. ഇവിടെ ശ്രീ. കെ. വി. തോമസ് ഇൻഡ്യാ ടുഡേയിൽ ഒരു കാര്യം പറഞ്ഞു. അങ്ങ് വായിക്കണം, ഇൻഡ്യാ ടുഡേയിൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് least populous മുഖ്യമന്ത്രി എന്ന് ശ്രീ. ഉമ്മൻചാണ്ടിയെക്കുറിച്ച് എഴുതിയിരിക്കുന്നു. ഇൻഡ്യാ രാജ്യത്തിലെ ഏറ്റവും unpopular ആയ, ഏറ്റവും കൂടുതൽ ജനങ്ങൾ വെറുക്കുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും, ഏറ്റവും കൂടുതൽ വെറുക്കുന്ന ഗവൺമെന്റ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റും ആണെന്ന് ഇൻഡ്യാ ടുഡേയിൽ പിന്നീട് റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്താണ് ഇവിടത്തെ ക്രമസമാധാന നില? കഴിഞ്ഞ ദിവസം ഒരു റിപ്പോർട്ട് വായിച്ചു. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ചാവർത്തിച്ച് പോലീസിനെ ഞങ്ങൾ അഭിനന്ദിക്കുന്നു എന്ന് പറഞ്ഞു. പത്തും പതിനഞ്ചും വയസ്സുള്ള പാവപ്പെട്ട പെൺകുട്ടികൾ ഉൾപ്പടെയുള്ള നമ്മുടെ കുട്ടികളെ മർദ്ദിച്ച് തലകുത്തനെ കിഴ്ക്കാംതൂക്കായി പിടിച്ച് പിച്ചിച്ചീന്തുന്ന ചിത്രങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരിക്കുന്നു. അപ്പോഴും മുഖ്യമന്ത്രി പറയുന്നു പോലീസിനെ അഭിനന്ദിക്കുന്നു എന്ന്. കൂടുതൽ ജലപീരങ്കികൾ വാങ്ങാൻ shocking batton-കൾ വാങ്ങാൻ, മുള്ളാണി അടിച്ച ലാത്തികൾ വാങ്ങാൻ അങ്ങയുടെ വകുപ്പിൽനിന്ന് പുതിയ ഉത്തരവുകൾ വന്നുകൊണ്ടിരിക്കുന്നു. ജല പീരങ്കികൾ മാത്രമല്ല, ഗ്രനേഡുകൾ മാത്രമല്ല നേരിട്ട് കൈകാര്യം ചെയ്ത് കൊലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുതന്നെ, സമരങ്ങളെയെല്ലാം അടിച്ചമർത്താൻ കഴിയുന്ന വിധത്തിലുള്ള മർദ്ദന ഭരണത്തിന് അതിനനുസൃതമായ വിധത്തിൽ കോടിക്കണക്കിന് രൂപ പോലീസിനെ ആയുധവൽക്കരിക്കാൻ ചെലവഴിക്കുന്നു. 261 കോടി രൂപ പോലീസിന്റെ നവീകരണത്തിന് തന്നെ ചെലവഴിച്ചതിൽ പകുതിയിലധികം രൂപയും മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നും പോലീസിന് ആയുധങ്ങൾ വാങ്ങിക്കൊടുക്കാൻ, സമരങ്ങളെ അടിച്ചമർത്താൻ വേണ്ടിയാണ്. ചെത്ത് തൊഴിലാളികളെ തൃശ്ശൂരിൽ അടിച്ച് ചമ്മന്തിയാക്കി. ഭീകരമായി മർദ്ദിച്ച് തുടങ്ങിവച്ച നിങ്ങളുടെ മർദ്ദകഭരണം ഇപ്പോൾ ഏറ്റവും അവസാനമായി ഈ സഭയിലെ അംഗങ്ങളായ ശ്രീ. എ. എ. അസീസിനേയും ശ്രീ. കുഞ്ഞുമോനേയും ഉൾപ്പടെ സെക്രട്ടേറിയറ്റിന് മുന്നിൽ നിഷ്ഠൂരമായി മർദ്ദിക്കുന്നതിൽ എത്തിനിൽക്കുന്നു. പത്രപ്രവർത്തകർക്കെതിരെയുള്ള മർദ്ദനം ഇതിനുമുൻപ് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? നിങ്ങൾക്കെതിരായി എഴുതുന്ന, നിങ്ങൾക്കെതിരായി വാർത്തകൾ കൊടുക്കുന്ന പത്രപ്രവർത്തകരെ തലസ്ഥാന നഗരിയിൽ ഉൾപ്പടെ ഈ കേരളത്തിൽ ഉടനീളം ഭീകരമായി മർദ്ദിച്ചു, പള്ളിയിലെ അച്ചനെ വരെ, കന്യാസ്ത്രികളെ വരെ പള്ളിക്കകത്തു കയറി മർദ്ദിച്ചതുൾപ്പടെ ഇവിടെ നേരത്തെ പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. മുഖ്യമന്ത്രിയോട് ഞങ്ങൾ ചോദിച്ച ഏതെങ്കിലും ചോദ്യത്തിന് മറുപടി തന്നോ? സറ്റാർഡ് ക്രസ്റ്റ്യൻ ആയാലും അൺസ്റ്റാർഡ് ക്രസ്റ്റ്യൻ ആയാലും എല്ലാം അൺസ്റ്റാർഡ് ആക്കി തന്നിരിക്കുന്ന ഉത്തരം വിവരം ശേഖരിച്ചു വരുന്നു എന്നാണ്. എല്ലാത്തിനും ഇത്തരം വിവരം കിട്ടാൻ അങ്ങയുടെ ഓഫീസിൽ.....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഏതെങ്കിലും ഒന്നുരണ്ട് ഉദാഹരണം പറഞ്ഞാൽ അതിന് മറുപടി പറയാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇഷ്ടം പോലെ ഉദാഹരണങ്ങൾ കയ്യിൽ കെട്ടുകണക്കിന് ഇരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ത്രീപീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്? ഉത്തരം വിവരം ശേഖരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു' എത്ര പേർക്കെതിരായിട്ട് ഇവിടെ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്? ഉത്തരം 'വിവരം ശേഖരിച്ചു വരുന്നു'. ഞങ്ങൾ പ്രതിപക്ഷത്തിന്റെ നൂറിൽ ചിലാനം ചോദ്യങ്ങൾക്ക് തന്ന ഉത്തരവും വിവരം ശേഖരിച്ചു വരുന്നു എന്നാണ്. അങ്ങയുടെ ഭരണം ശ്രീ. എ. കെ. ആന്റണിയുടെ ഭരണത്തിന്റെ തുടർച്ചയാണല്ലോ? ഞങ്ങൾക്ക് കിട്ടിയ ഉത്തരങ്ങൾ വച്ചുകൊണ്ട് ഞങ്ങൾ നോക്കി. രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം കേസുകൾ അന്വേഷണം പൂർത്തിയായത് 569085, മോഷണ കേസുകൾ പകുതിമാത്രം പൂർത്തിയായത് 38365. വാഹന മോഷണം 7749, ദേവാലയ മോഷണം 1450, പള്ളികൾ 885 അതിൽ ക്രിസ്ത്യൻ പള്ളികൾ 769, മുസ്ലീം പള്ളികൾ 36, ഭവന ഭേദനങ്ങൾ 13338. കൊലപാതകങ്ങൾ 1647, പെൺവാണിഭ കേസുകൾ 45, അജ്ഞാത മൃതദേഹങ്ങൾ 1450, അതിൽ സ്ത്രീകളുടേത് 175, കുട്ടികൾ 145, ആത്മഹത്യകൾ 35419. കൊലചെയ്യപ്പെട്ട സ്ത്രീകൾ 413, സ്ത്രീ പീഡനങ്ങൾ ഞങ്ങൾ ശേഖരിച്ചതനുസരിച്ച് അങ്ങ് തന്ന മറുപടി കണക്കാക്കിയാൽ 27984, കാണാതായവർ 9124, അതിൽ സ്ത്രീകൾ 4115, ബലാൽസംഗകേസുകൾ 1766. ഗുണ്ടാമാഫിയ സംഘങ്ങളുടെ അക്രമത്തിൽ മരിച്ചത് 28 പേർ. കൊല ചെയ്യപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ 176. അതിൽ 90 പേർ സ്ത്രീകൾ. മാധ്യമങ്ങൾക്ക് നേരെ നടന്ന ആക്രമങ്ങൾ 208. അങ്ങനെ പല സന്ദർഭങ്ങളിലായി അങ്ങ് നൽകിയ മറുപടിയാണ്. എന്റെ കയ്യിൽ ഇരിക്കുന്നത് മാതൃഭൂമി പത്രമാണ്. ആദിവാസികൾക്ക് നേരെയുള്ള ആക്രമണം. എന്റെ കയ്യിലിരിക്കുന്നത് 2003 ഫെബ്രുവരി 24-ാം തീയതി തിങ്കളാഴ്ച മാതൃഭൂമി പ്രസിദ്ധീകരിച്ച പത്രമാണ്. അങ്ങയുടെ ശ്രദ്ധയിൽ ഒന്നുകൂടി കൊണ്ടുവരികയാണ്. ശ്രീമതി ജാനു, പോലീസിന്റെ ഭീകരമായ മർദ്ദനമേറ്റ്, പോലീസുകാർ ബൂട്ടിട്ട് മുഖത്ത് ചവിട്ടി മുഖം നീരുവന്ന് വീർത്തു നിൽക്കുന്ന ജാനു പോലീസുകാരോടൊപ്പം നിൽക്കുന്ന ചിത്രമാണ്. ഈ ചിത്രം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് അറിയില്ല, ശ്രദ്ധിച്ചിട്ടില്ലെങ്കിൽ ശ്രദ്ധിക്കണം. ജാനു ഇന്ന് നോബൽ സമ്മാനത്തിനുവേണ്ടി ലോകത്ത് നിർദ്ദേശിക്കപ്പെട്ട സ്ത്രീകളിൽ ഒരാളാണ്. എത്രയെത്ര ആദിവാസികൾക്ക് നേരെ നിങ്ങൾ അക്രമം അഴിച്ചുവിട്ടു? എത്ര ആദിവാസികളെ കൊലപ്പെടുത്തി? മുഖ്യമന്ത്രി, അങ്ങയോട് വിശ്വാസമുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ അട്ടപ്പാടിയിൽ അയച്ച് അന്വേഷിച്ചാൽ അട്ടപ്പാടിയിൽ മാത്രം 101 നിഗൂഢത നിറഞ്ഞ മരണങ്ങൾ. പല സ്ത്രീകളേയും കാണ്മാനില്ല. ഏറ്റവും അവസാനമായി ജൂൺ അവസാനം ആദിവാസി യുവതിയുടെ മരണം ബലാൽസംഗംമൂലമാണെന്ന് പത്ര റിപ്പോർട്ട്. ഞങ്ങൾ അന്വേഷിച്ചു. താവളം പാടവയൽ ഊഴില്ലം കോടന്റെ മകൾ മരുതിയുടെ മരണം ക്രൂരമായ ബലാൽസംഗംമൂലമാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സ്ത്രീയെ അതിക്രൂരമായ വിധത്തിൽ ബലാൽസംഗം ചെയ്തെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. 101 പേരുടെ പേർ, ക്രൈം കേസ്, രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ എല്ലാം ലിസ്റ്റിൽ ഉണ്ട്. 101 പാവപ്പെട്ട സ്ത്രീകൾ ഉൾപ്പെടെ ക്രൂരമായി ബലാൽസംഗം ചെയ്യപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തത് കേരള സംസ്ഥാനത്ത് നിങ്ങളുടെ ഭരണത്തിൻ കീഴിലാണ്. എന്തുകൊണ്ട് അന്വേഷിക്കുന്നില്ല? എന്തുകൊണ്ട് നടപടികൾ സ്വീകരിക്കുന്നില്ല? ആദിവാസികൾക്ക് നിങ്ങൾ ഭൂമി കൊടുക്കുമെന്ന് പറഞ്ഞു. എത്ര പേർക്ക് ഭൂമി കൊടുത്തു? ആദിവാസികൾക്ക് വീട് വച്ചുകൊടുക്കാം എന്നുപറഞ്ഞു. എത്രപേർക്ക് വീട് വച്ചുകൊടുത്തു? കണ്ണൂർ സെൻട്രൽ ജയിലിൽ

LIBRARY ARCHIVES Kerala Legislative Assembly

നൂറുകണക്കിന് ആളുകൾ, 25 കിലോ തൂക്കം പോലുമില്ലാത്ത പാവപ്പെട്ട ഗർഭിണികളായ സഹോദരിമാർ, ഒന്നരയും രണ്ടും, നാലും മാസം പ്രായമുള്ള നിരവധി കുഞ്ഞുങ്ങൾ ഞങ്ങൾ അവരെയൊക്കെ ജയിലിൽ പോയി കണ്ടതാണ്. ജയിലിൽ കിടന്ന് ഒരു സ്ത്രീ പ്രസവിച്ചു. ആ കുഞ്ഞ് മരിച്ചു എന്നാണ് റിപ്പോർട്ട്. നിങ്ങൾ അന്വേഷിക്കുന്നുണ്ടോ? എത്രയെത്ര ഗർഭിണികളായ, വൃദ്ധരായ, കുഞ്ഞുങ്ങളായ ആളുകളെയാണ് ജയിലിൽ അടച്ചത്. നിങ്ങൾ ഭൂമിയല്ല അവർക്ക് കൊടുത്തത്. നിങ്ങൾ അവരെ ജയിലിൽ അടയ്ക്കുകയാണ് ചെയ്തത്. നിങ്ങൾ അവരുടെ മുഖത്ത് ബൂട്ടിട്ട് ചവിട്ടി എല്ലും തോലുമാക്കുകയാണ് ചെയ്തത്. നിങ്ങളുടെ പോലീസ് അവർക്കു നേരെ നിറയൊഴിച്ചു. ആദ്യമായി ഇൻഡ്യാരാജ്യത്ത് ഒരു ആദിവാസിയെ കൊലപ്പെടുത്തി എന്ന ഖ്യാതി നിങ്ങളുടെ ഗവൺമെന്റിനാണെന്നുള്ളത് മറന്നു പോകരുത്. ഞാൻ ഈ സഭയിൽ ചോദിച്ചു, മരണപ്പെട്ട ജോഗിയുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്തുകൂടേ? ജോഗിയുടെ മകൾ സീത മാനന്തവാടി കോളേജിൽ പഠിക്കുന്നു. എന്തെങ്കിലും സഹായം ചെയ്യേണ്ടേ? മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞു, പരിശോധിക്കാം. അതു സംബന്ധിച്ച് ചെറിയൊരു പ്രശ്നവും ഈ സഭയിൽ ഉണ്ടായതാണ്. അപ്പോഴും മുഖ്യമന്ത്രി ആന്റണി പറഞ്ഞു പരിശോധിക്കാം, എഴുതിക്കൊടുക്കാൻ പറഞ്ഞു. ഞാൻ എഴുതിക്കൊടുത്തു. രണ്ടു വർഷമായി നിങ്ങളുടെ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് ജോഗിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം ചെയ്യണമോ വേണ്ടയോ എന്ന്. തീരുമാനം എടുത്തിട്ടില്ല. മുഖ്യമന്ത്രി അന്വേഷിക്കാൻ വേണ്ടി പറയുകയാണ്. എത്രയെത്ര കേസുകൾ ആദിവാസി മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങൾ സഭയിൽ നൽകിയ മറുപടി പ്രകാരം ഭൂമി കിട്ടിയത് കേവലം പത്തോ അഞ്ഞൂറോ കുടുംബങ്ങൾക്കാണ്. കിട്ടിയ കുടുംബങ്ങൾ ആ ഭൂമിയിൽ കയറി താമസിക്കാൻ പറ്റാതെ മറ്റ് പല സ്ഥലങ്ങളിൽ താമസിക്കുകയാണ്. സാമ്പത്തിക സ്ഥിതിയെപ്പറ്റി പറയാതെ പോകുന്നത് ശരിയല്ല. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വക്കം പുരുഷോത്തമനും ചുമതല ഏറ്റെടുത്തശേഷം ഒറ്റ വർഷംകൊണ്ട് 5475 കോടി രൂപ കടം ഉണ്ടാക്കിക്കഴിഞ്ഞു. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 23,919 കോടി രൂപ ശ്രീ. ശങ്കരനാരായണൻ സഭയിൽ തന്ന കണക്കാണ്. ഇപ്പോൾ ഏറ്റവും അവസാനം ശ്രീ. വക്കം പുരുഷോത്തമൻ നൽകിയ കണക്കിൽ 41,750 കോടി രൂപ. ഇത്രമാത്രം കോടിക്കണക്കിന് രൂപയുടെ കടബാധ്യത ഈ സംസ്ഥാനത്ത് ഉണ്ടാക്കിയതിന്റെ ഉത്തരവാദി ആരാണ്? പാവപ്പെട്ട തൊഴിലാളികളുടെ കണക്ക് ഇവിടെ പറഞ്ഞു, കർഷക തൊഴിലാളികൾക്ക് 24 മാസത്തെ കുടിശ്ശിക 228 കോടി രൂപ. 60 വയസ്സു കഴിഞ്ഞ് പിരിഞ്ഞുപോയ കർഷക തൊഴിലാളികൾക്ക് സൂപ്പർ ആനുവേഷനായി കൊടുക്കേണ്ടത് 68 കോടി രൂപ. പാവപ്പെട്ട മൽസ്യത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും കയർ തൊഴിലാളികളും അഗതികളും വിധവകളും പാവങ്ങളും സാധുക്കളുമായവർക്ക് കൊടുക്കേണ്ട കുടിശ്ശിക കൂടി നോക്കിയാൽ 80 കോടി രൂപ നിങ്ങളുടെ ഗവൺമെന്റ് കൊടുത്തുതീർക്കേണ്ടതാണ്. അത് കൊടുക്കാൻ പണമില്ല. മുഖ്യമന്ത്രിയുടെ സുതാര്യ കേരളത്തിന് ദൂരദർശനിലും പത്രത്തിലും പരസ്യങ്ങൾ പി.ആർ.ഡി. അച്ചടിച്ച് ഇറക്കുന്ന വകയിലായി നാലു കോടി രൂപ നിങ്ങൾ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. ഇനിയും കോടിക്കണക്കിന് രൂപ ചെലവാക്കാൻ മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുകയാണ്. പാവപ്പെട്ടവരുടെ പെൻഷൻ ആനുകൂല്യങ്ങളും ചികിൽസാ സഹായങ്ങളും കൊടുക്കാൻ ഖജനാവിൽ പണമില്ല എന്നു പറയുന്ന നിങ്ങൾ തന്നെയാണ് ഇത്രയേറെ കുടിശ്ശിക ഓരോരോ മേഖലയിലും വച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ കടത്തിന്റെ കണക്കെടുക്കുമ്പോൾ നിങ്ങൾ അധികാരം വിട്ടൊഴിഞ്ഞ് പോകുമ്പോൾ ഈ സംസ്ഥാനത്ത് 50 കോടി രൂപയുടെ കടബാധ്യത വച്ചുകൊണ്ടായിരിക്കും നിങ്ങൾ ഈ സംസ്ഥാനത്തുനിന്ന് പോകുന്നത്. ഒരു കാലത്തും സംസ്ഥാനത്തെ ജനത നിങ്ങളോട് പൊറുക്കാൻ പോകുന്നില്ല. ഒന്നു കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുനാമി ഫണ്ടിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ ഗൗരവപൂർവ്വം ചോദിക്കുകയാണ്. മുൻ മുഖ്യമന്ത്രിമാർ ഉൾപ്പെടെയുള്ള ഒരു കമ്മിറ്റി, എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളും ആ കമ്മിറ്റിയിലുണ്ട്. ആ കമ്മിറ്റിയുടെ യോഗത്തിൽ അങ്ങ് നൽകിയ ഉറപ്പെന്താണ്? എന്റെ കയ്യിൽ മിനിട്സ് ഉണ്ട്. രണ്ടാമത്തെ യോഗത്തിലെടുത്ത തീരുമാനം കിട്ടുന്ന സംഖ്യ - മുഖ്യമന്ത്രിയുടെ ഫണ്ടിൽ കിട്ടുന്ന സംഖ്യ ആയാലും കേന്ദ്രത്തിൽനിന്ന് കിട്ടുന്ന സംഖ്യ ആയാലും പ്രത്യേകമായ ഒരു ഹെഡ്ഡിൽ വച്ചുകൊണ്ട് അതിന് കണക്കുണ്ടാക്കി കമ്മിറ്റിയെ വീണ്ടും വിളിക്കും. ആ കമ്മിറ്റിയിൽ കണക്ക് വയ്ക്കും എന്നാണ് അങ്ങ് യോഗത്തിൽ പറഞ്ഞത്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് കമ്മിറ്റി അംഗങ്ങൾക്ക് തരും. അഞ്ച് മാസമായി നിങ്ങൾ കമ്മിറ്റി വിളിച്ചിട്ടില്ല. ആക്ഷൻ എടുത്തിട്ടില്ല. ആക്ഷൻ ടേക്കൺ റിപ്പോർട്ടും ഇല്ല. വക മാറ്റി ചെലവഴിച്ചു. ഗുജറാത്ത് ഭൂകമ്പമുണ്ടായപ്പോൾ കേരളത്തിലെ പാവപ്പെട്ടവർ ഉദ്യോഗസ്ഥരും എം. എൽ. എ. മാരും ഉൾപ്പെടെ പിരിച്ചു നൽകിയ 12-ൽ ചിലാനം കോടി രൂപയിൽ 10 കോടി രൂപ നിങ്ങൾ വക മാറ്റി ചെലവഴിച്ചില്ലേ? ആർക്കെങ്കിലും കൊടുത്തോ? സഭയിൽ എത്ര പ്രാവശ്യം ഉന്നയിച്ചു? ഉന്നയിച്ചപ്പോഴൊന്നും ഒരു വ്യക്തമായ മറുപടിപോലും മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പു മന്ത്രിയോ നൽകിയിട്ടില്ല. ഗുജറാത്ത് ഫണ്ടും സുനാമി ഫണ്ടും വകമാറ്റി ചെലവഴിച്ചവർ ആ കമ്മിറ്റിയെപ്പോലും വിശ്വാസത്തിലെടുക്കാത്തത് കമ്മിറ്റി എടുത്ത തീരുമാനങ്ങൾക്ക് പുല്ലുവില കൽപ്പിച്ചതുകൊണ്ടല്ലേ? കമ്മിറ്റിയുമില്ല, റിപ്പോർട്ടുമില്ല, ആക്ഷനും ഇല്ല. മാണിസാർ കഴിഞ്ഞ ദിവസം. പറഞ്ഞിരിക്കുന്നു വരുന്ന നവംബറിൽ വീട് വച്ചുകൊടുക്കുമെന്ന്. ആർക്ക് വീട് വച്ചുകൊടുക്കും? സുനാമി ദുരന്തത്തിനിരയായവർക്ക് ഒരു വർഷം കഴിഞ്ഞ് വീട് വച്ചുകൊടുക്കാം എന്ന് പത്ര സമ്മേളനം വിളിച്ചുകൂട്ടി പറയുന്നു. ഇത്ര കണ്ണിൽ ചോരയില്ലാത്ത ഇത്ര മനുഷ്യത്വമില്ലാത്ത നിങ്ങൾക്ക് പാവപ്പെട്ടവരോട് എന്ത് പ്രതിബദ്ധതയും താൽപ്പര്യവുമാണ്? നിങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ ഒരുപാട് വികസനത്തിന്റെ മുന്നേറ്റമാണ് നടത്തുന്നത്. സ്മാർട്ട് സിറ്റി വരുന്നു, പുതിയ പാർക്കുകൾ വരുന്നു, പുതിയ കയറ്റുമതി സോൺ വരുന്നു, ഇ-ഗവേൺസ് പദ്ധതി വരുന്നു, ആഗോള ടെൻഡർ വരുന്നു, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള പരസ്യം ചെയ്യുന്ന നിരവധി പരിഷ്ക്കരണങ്ങളിലൂടെ പോകുന്നു. 27,500 കോടി രൂപയുടെ 'ജിം' വരുന്നു. 'ജിം' വന്നവഴിയെ പോയി. ഇപ്പോൾ ശ്രീ. ഇബ്രാഹിം കുഞ്ഞ് പറയുന്നു 215 കോടി രൂപയുടെ ഒപ്പു വച്ചതേയുള്ളു. ഒപ്പു വച്ചവർ പിൻവലിഞ്ഞുപോയി. 'ജിം' ഇല്ല, പരിപാടിയും ഇല്ല. പക്ഷെ പുതിയ പദ്ധതിയായ സ്മാർട്ട് സിറ്റി വരുന്നു. ശ്രീ. കെ. എം. മാണി കഴിഞ്ഞ ദിവസം ദൂരദർശനിലൂടെ പറഞ്ഞത് സെക്രട്ടേറിയറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ജീവനക്കാർക്കും കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കാൻ പോകുന്നു. എന്നാണ്. അങ്ങനെ നിങ്ങൾ കമ്പ്യൂട്ടർ യുഗത്തിലേയ്ക്കും പുതിയ മേഖലകളിലേയ്ക്കും കൊണ്ടുപോകുകയല്ലേ? അതിനനുസൃതമായി കുറെ കൺസൾട്ടൻസികളെയും വച്ചു. ആരാണ് ഈ കൺസൾട്ടൻസികൾ? ആരാണ് ഇവരെയൊക്കെ നിശ്ചയിച്ചത്? ആരാണ് ഇവരെയൊക്കെ ലിസ്റ്റ് ചെയ്തിട്ടുള്ളത്? എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ? കിട്ടിയ റിപ്പോർട്ടുകൾ വച്ച് ഐ.എൽ. ആന്റ് എഫ്.എസ്., വിൽബർ സ്മിത്ത്, ഐ.സി.എഫ്.സി., ലിത്തോപോസിയ, ലൂസിയ പർച്ചർ, ടോക്കിയോ കൺസൾട്ടൻസി. ആരാണ് ഇതൊക്കെ? ഇവർ കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളും നിരങ്ങുകയല്ലേ? കേരളത്തിലെ മുഴുവൻ ഡാറ്റാകളും ഇവരുടെ കയ്യിൽ ആയില്ലേ? നമ്മുടെ സെക്രട്ടേറിയറ്റും, നിയമസഭാ കോംപ്ലക്സും മുതൽ വില്ലേജ് ഓഫീസ് വരെ കേരളത്തിലെ മുഴുവൻ മേഖലകളും അവരുടെ കയ്യിലായി. വിവരങ്ങൾ അവരുടെ കയ്യിലായി. നമ്മുടെ ആഭ്യന്തര സുരക്ഷയെപ്പോലും അപകടപ്പെടുത്തുന്ന വിധത്തിൽ രഹസ്യമായി വയ്ക്കേണ്ട വിവരങ്ങൾ പോലും ഇന്ന് കൺസൾട്ടൻസികളുടെ കയ്യിലായി. ഇവർക്ക് കൊടുത്ത സംഖ്യ എത്ര? ആരാണ് ഫീസ് നിശ്ചയിച്ചത്? ആരാണ് കൺസൾട്ടൻസികളെ നിശ്ചയിക്കുന്നത്? എന്താണ് അവരുടെ ബാക്ക്ഗ്രൗണ്ട്? എന്താണ് ഇവരുടെ പ്രവർത്തന പാരമ്പര്യം? എന്തെങ്കിലും പരിശോധിച്ചിട്ടുണ്ടോ? മുഖ്യമന്ത്രിയോ മന്ത്രിമാരോ ഈ കൺസൾട്ടൻസികളെക്കുറിച്ച് ഈ നിയമസഭയിൽ ഏതെങ്കിലും സമയത്ത് പറഞ്ഞിട്ടുണ്ടോ? സെക്രട്ടേറിയറ്റ് പരിഷ്ക്കാരം മുതൽ എം.ജി.പി. പരിഷ്ക്കാര നടപടികൾ വരെ കേരളം മുഴുവൻ നിങ്ങൾ നവീകരണ പദ്ധതിയുമായി, കൺസൾട്ടൻസികളുടെ ഉപദേശ നിർദ്ദേശങ്ങളുമായി ഒരു സമാന്തര ഭരണത്തിലൂടെ മുഖ്യമന്ത്രി എവിടേയ്ക്കാണ് ഈ നാടിനെ കൊണ്ടുപോകുന്നത്? ശ്രീമതി ഗൗരിയമ്മ വേണമെങ്കിൽ ഇപ്പോഴും ദേഷ്യപ്പെടും, ഗൗരിയമ്മ പറഞ്ഞത് കർഷകർ ആത്മഹത്യ ചെയ്തിട്ടില്ല. പാർലിമെന്റിലേയ്ക്ക്, കേന്ദ്രത്തിലേക്ക് കത്തു കൊടുത്തു, ഇവിടെയാരും ആത്മഹത്യ ചെയ്തിട്ടില്ലയെന്ന്. ഞങ്ങൾ ഇവിടെ ഉന്നയിച്ചപ്പോൾ ഉന്നയിച്ചവരുടെ നേരെ ദേഷ്യപ്പെട്ടു. ഞങ്ങൾ അപ്പോഴും പറഞ്ഞു കേന്ദ്രത്തിനുമുന്നിൽ കണക്ക് കൊടുക്കണം. വസ്തുതകൾ ബോധ്യപ്പെടുത്തണം. അവസാനം പറഞ്ഞു 265 പേർ കേരളത്തിൽ ആത്മഹത്യ ചെയ്തു. അത് സമ്മതിച്ച് ഉത്തരം കിട്ടിയിട്ടുണ്ട്. 1300 പേർ മരണപ്പെട്ടപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ സമ്മതിച്ചു ഇവിടെ 265 പേർ എന്ന്. ഈ 265 കൃഷിക്കാർ കേരളത്തിൽ ആത്മഹത്യ ചെയ്തില്ലേ? ഇതിന് മുമ്പ് ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ കാലത്ത് കടബാധ്യതയുടെ പേരിൽ പിടിച്ചു നിൽക്കാൻ കഴിയാതെ വായ്പയെടുത്തത് തിരിച്ചടയ്ക്കാൻ കഴിയാതെ ഏതെങ്കിലും ഒരു കൃഷിക്കാരൻ ഈ കേരള സംസ്ഥാനത്ത് ആത്മഹത്യ ചെയ്തതിന്റെ വിവരം ഈ സഭയിൽ വന്നിട്ടുണ്ടോ? ഇപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ പറയുന്നു 265 പേർ ആത്മഹത്യ ചെയ്തുവെന്ന്. ആ 265 പേർ ആത്മഹത്യ ചെയ്തത്, അവർക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് വെള്ളപ്പൊക്കത്തിന്റെയും, വരൾച്ചയുടെയുമുൾപ്പെടെ 5400 കോടി രൂപയുടെ സഹായമാവശ്യപ്പെട്ടു. പക്ഷെ കിട്ടിയതോ വെറും 36 കോടി രൂപ. കണക്കുകളിൽ കസർത്ത് നടത്തരുത്. വസ്തുതകൾ സഭയിൽ പറയണം. വെറും 36 കോടി രൂപയാണ് ഈ 4 വർഷം കൊണ്ട് ഈയിനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിൽനിന്ന് വാങ്ങാൻ കഴിഞ്ഞത്. ആവശ്യപ്പെട്ടത് 5000-ൽ ചില്വാനം കോടി രൂപ. കിട്ടിയതോ 36 കോടി രൂപയും. കൃഷിക്കാർ ഇനിയും ആത്മഹത്യയിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ പ്രിയപ്പെട്ട ശ്രീമതി കെ. ആർ. ഗൗരിയമ്മ അറിയണം, അങ്ങയുടെ വകുപ്പിൽനിന്ന് കഴിഞ്ഞ ദിവസം ഒരു ഉത്തരവ് ഇറങ്ങി. കൃഷിക്കാർക്ക് കൊടുത്തു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചു. നമ്മുടെയൊക്കെ മണ്ഡലങ്ങളിൽ നെൽകൃഷി നശിക്കുന്നു, തെങ്ങിന് നാശം വരുന്നു, കുലച്ച വാഴ വീണുപോകുന്നു. കൃഷി നശിച്ചാൽ അതിനൊരു കണക്കുണ്ട്. 36 ക്രോപ്പുകൾക്ക് ഒരു നഷ്ടപരിഹാര തുക കൊടുക്കും. ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ വകുപ്പിൽ നിന്ന് 3 മാസം മുമ്പ് ഒരു ഉത്തരവിറങ്ങി. ആ ഉത്തരവ് എന്താണെന്നറിയില്ലേ? ഈ കൊടുക്കുന്ന ആനുകൂല്യം പകുതിയായി വെട്ടിക്കുറച്ചു. ഇത് മന്ത്രി അറിഞ്ഞിട്ടില്ല? അറിഞ്ഞോ? അറിഞ്ഞെങ്കിൽ അങ്ങനെ ഒരു ഉത്തരവ് ഇടുമോ? എന്റെ കയ്യിൽ ആ ഉത്തരവിന്റെ കോപ്പിയുണ്ട്. അങ്ങനെ കൃഷിക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചു. വ്യവസായ തൊഴിൽ മേഖലകളിൽ തോട്ടങ്ങൾ അടച്ചു പൂട്ടി. പരമ്പരാഗത വ്യവസായങ്ങൾ തകർന്നു. തൊഴിലാളികൾക്ക് പണി ഇല്ല. അവരുടെ മുൻപിൽ നിങ്ങളുടെ വലിയ പ്രസ്ഥാനങ്ങളും, പ്രസ്താവനകളും മതിയോ? അവർക്ക് പണി ഉണ്ടാക്കിക്കൊടുക്കേണ്ടേ? ശ്രീ. ബാബു ദിവാകരൻ ഈ സഭയിൽ പറഞ്ഞു തോട്ടം തൊഴിലാളികൾ പട്ടിണി കിടക്കുന്നില്ല, ഞങ്ങൾ കഞ്ഞി കൊടുക്കുന്നുണ്ട്, മരുന്നു കൊടുക്കുന്നുണ്ട് എന്നൊക്കെ. അതു മതിയോ? ആ തോട്ടം തൊഴിലാളികൾക്ക് സ്ഥായിയായ പണി കിട്ടാൻ, ആ തോട്ടങ്ങൾ സംരക്ഷിക്കാൻ, ആ തോട്ടം തൊഴിലാളികളുടെ കുടുംബങ്ങളിൽ പകർച്ച വ്യാധികളും, രോഗങ്ങളും വരാതിരിക്കാൻ, പട്ടിണി കിടന്ന് മരിക്കാതിരിക്കാൻ സംവിധാനം വേണ്ടേ? അപ്പോൾ കേന്ദ്രത്തിന്റെ തടസ്സമാണ്, ടീ ആക്ടിന്റെ തടസ്സമാണ്. അങ്ങനെ തടസ്സമുണ്ടെങ്കിൽ കേന്ദ്രത്തിന്റെ മുമ്പിൽ പോയി ആ തടസ്സങ്ങൾ നീക്കാൻ സ്റ്റേറ്റിന്റെ കാര്യം പറയണ്ടേ? തൊഴിലാളികളുടെ പ്രശ്നം പറയണ്ടേ? തോട്ടം തൊഴിലാളികളെ സഹായിക്കേണ്ടേ? പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കേണ്ടേ? ഇപ്പോൾ അവസാനം ഞാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനോട് നന്ദി പറയുകയാണ്. അദ്ദേഹം വസ്തുതകൾ വസ്തുതകളായി സഭയിൽ പറയുന്നുണ്ട്. അദ്ദേഹം ഇപ്പോൾ പറഞ്ഞു കേരളത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയെന്ന്. നിങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷം 9 പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടി. ചോദ്യത്തിന് മറുപടിയായി തന്നിരിക്കുകയാണ്. 3531 വ്യവസായങ്ങൾ ഈ കേരളത്തിൽ പൂട്ടി. 22,948 തൊഴിലാളികൾക്ക് ഈ ഗവൺമെന്റിന്റെ ഭരണത്തിൽ പണിയില്ലാതായി. അതിന് നൽകിയ മറുപടി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റേയാണ്. ഞാൻ അങ്ങയോട് നന്ദി പറയുകയാണ്. കാരണം വസ്തുത വിവരം ശേഖരിക്കുന്നു എന്നല്ലല്ലോ പറഞ്ഞത്. വിവരം വിവരമായിട്ട് പറഞ്ഞല്ലോ? സത്യം പറഞ്ഞല്ലോ. നന്ദിയുണ്ട്. വി.ആർ.എസ്. മുഖേന നിങ്ങൾ തൊഴിലാളികളെ കശാപ്പു ചെയ്ത് പിരിച്ചുവിടാൻ 83 കോടി രൂപ ചെലവഴിച്ചു. ഈ ഗവൺമെന്റിനെ എങ്ങനെ തൊഴിലാളികൾ വിശ്വസിക്കും? എങ്ങനെ നിങ്ങളുടെ ഗവൺമെന്റിനെ കൃഷിക്കാർ വിശ്വസിക്കും? ഈ ഗവൺമെന്റിനെ എങ്ങനെ ഈ രാജ്യത്തെ ജനങ്ങൾക്ക് വിശ്വസിക്കാൻ കഴിയും? ഞാൻ ചുരുക്കുകയാണ്. കേരളത്തിലെ പൊതു സ്വത്തുക്കൾ സംരക്ഷിക്കാൻ, കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കേരളീയരായ ഈ 3-ൽ ചില്വാനം കോടി വരുന്ന ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ, സഹായിക്കാൻ നിങ്ങളുടെ ഗവൺമെന്റ് ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. മറിച്ച് സമ്പന്നൻമാർക്ക്, കൂടുതൽ സാമ്പത്തിക സ്ഥിതിയുള്ളവർക്ക് ഈ രാജ്യത്ത് വിദേശ കമ്പനികൾക്കും വിദേശികൾക്കും ഇഷ്ടം പോലെ വന്ന് സമ്പത്ത് കൊള്ളയടിക്കാൻ, അത്തരം നടപടികളുമായി മുന്നോട്ടുപോയാൽ ആ നടപടികൾ അംഗീകരിച്ചുതരാൻ കേരളത്തിലെ ജനങ്ങൾ തയ്യാറല്ല. അതുകൊണ്ട് പോലീസിനെ ആയുധവൽക്കരിച്ചാലും, നിങ്ങൾ എത്ര ജലപീരങ്കികൾ വാങ്ങിക്കൂട്ടിയാലും എത്ര ഗ്രനേഡുകൾ വലിച്ചെറിഞ്ഞാലും ഞങ്ങളുടെ കുഞ്ഞുങ്ങളുടെ തലച്ചോറടക്കം, തലയോട്ടിയടക്കം, മുട്ടും, കാലും, കയ്യുമെല്ലാം അടിച്ചൊടിച്ച് തകർത്താലും ഞങ്ങളുടെ തൊഴിലാളികളെ ഇരുമ്പ് ദണ്ഡ് ഉപയോഗിച്ച് നട്ടെല്ലൊടിച്ച് ഒരിക്കലും അവൻ എണീറ്റു നിൽക്കാനും, തെങ്ങിന്റെ മുകളിൽ കയറാനുംപോലും പറ്റാത്ത വിധത്തിൽ ഇടിച്ചു പരുവത്തിലാക്കിയാലും സർ, സമരങ്ങളിൽ തളരില്ല. അതു ചരിത്രമാണ്. സമരങ്ങൾ വർദ്ധിതമായ വീര്യത്തോടുകൂടി ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ, അതിനുവേണ്ടിയുള്ള പോരാട്ടം ഏതു മർദ്ദനത്തിന്റെ മുമ്പിലും കൂസാതെ മുന്നോട്ടുപോകും. അതാണ് ചരിത്രം പഠിപ്പിക്കുന്നത്. അതുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി കാര്യങ്ങൾ പഠിക്കണം. നിങ്ങളുടെ കൂട്ടത്തിൽ ഉള്ളവർ കൊഴിഞ്ഞു പോയാൽ, ജനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെട്ടാൽ തെരഞ്ഞെടുപ്പിൽ നിങ്ങളെ തോൽപ്പിച്ചാൽ, കൂത്തുപറമ്പിലും അഴീക്കോട്ടും ഇത്ര വലിയ ഭൂരിപക്ഷത്തോടുകൂടി പ്രിയപ്പെട്ട 2 സഹപ്രവർത്തകൻമാർ ഈ സഭയിൽ അഭിമാനത്തോടുകൂടി വന്നിരിക്കുന്ന ആ സത്യം എങ്കിലും മനസ്സിലാക്കണം. ആ യാഥാർത്ഥ്യമെങ്കിലും ഉൾക്കൊള്ളാൻ തയ്യാറാകണം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ മുഴുവൻ കോൺഗ്രസ്സും ദയനീയമായി പരാജയപ്പെട്ടതിന്റെ ആ ചരിത്രം എങ്കിലും ഒന്ന് ആത്മപരിശോധന നടത്താൻ തയ്യാറാകാതെ അഹങ്കാരത്തിന്റെയും, ധാർഷ്ഠ്യത്തിന്റെയും അതുപോലെ പോലീസിന്റെ തോക്കിന്റെയും, ലാത്തിയുടേയും, ഗ്രനേഡിന്റേയും, ജലപീരങ്കിയുടേയും മറവിൽ ഇവിടെ ഭരിക്കാം, സമരങ്ങൾ അടിച്ചമർത്താം, ജനങ്ങളെ തകർക്കാം എന്നു വിചാരിക്കുകയാണെങ്കിൽ ആ വ്യാമോഹം നടക്കില്ല മുഖ്യമന്ത്രീ, എന്നു മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ആ വികാരം പ്രകടിപ്പിക്കുവാൻ ജനങ്ങളുടെ ശക്തമായ ആ പ്രതിഷേധം രേഖപ്പെടുത്തുവാൻ ഞങ്ങൾ ഈ അവിശ്വാസ പ്രമേയത്തിന്റെ ചർച്ച ഉപയോഗപ്പെടുത്തുകയാണ്. ഞങ്ങൾ 41 പേരും അല്ലെങ്കിൽ 46 പേർ വോട്ടു ചെയ്തു നിങ്ങളെ പരാജയപ്പെടുത്തുകയല്ല. ജനങ്ങളുടെ കോടതിയിൽ നിങ്ങൾ പരാജയപ്പട്ടു കഴിഞ്ഞു. അഴീക്കോട്, കൂത്തുപറമ്പ് തെരഞ്ഞെടുപ്പോടുകൂടി നിങ്ങളുടെ ജനവിശ്വാസത്തിന്റെ പിന്നിലുള്ള ജനപിന്തുണ നഷ്ടപ്പെട്ടു കഴിഞ്ഞു. ആ ഗവൺമെന്റ് അഴിമതിയുടേയും, ചില പത്ര വാർത്തകളുടേയും, ഇല്ലാത്ത റിപ്പോർട്ടുകളുടേയും, നിങ്ങൾ കണ്ടുപിടിക്കാത്ത ചില രഹസ്യ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പുകമറ സൃഷ്ടിച്ച് അങ്ങനെ എൽ.ഡി.എഫ്.-നെയും എൽ.ഡി.എഫ്. നേതാക്കളേയും ജനമദ്ധ്യത്തിൽ അപഹാസ്യപ്പെടുത്താം എന്നു ധരിക്കണ്ട. മുഖ്യമന്ത്രിയുടെ കീഴിലല്ലേ പോലീസ്, വിജിലൻസ് എന്നിവ. അന്വേഷിക്കൂ. ഏത് അന്വേഷണത്തേയും നേരിടാൻ ഞങ്ങൾ തയ്യാറാണെന്ന് എൽ.ഡി.എഫ്. പ്രഖ്യാപിച്ചില്ലേ? അന്വേഷണം പൂർത്തിയാക്കി,

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കൂ. അതല്ലാതെ പുകമറ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ശരിയല്ല. കുറ്റക്കാരും പ്രതികളും നിങ്ങളുടെ കൂട്ടത്തിലിരിക്കുന്നവരാണ്. എന്ന് മനസ്സിലാക്കുക. എൽ.ഡി.എഫ്. ഈ നടപടികൾക്കെതിരായിട്ടുള്ള സമരപരിപാടികളും പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സമരങ്ങൾക്ക്, അത്തരം ബഹുജന പ്രക്ഷോഭണങ്ങൾക്ക് ശക്തി പകരാൻ തീർച്ചയായും ഈ ചർച്ച ഉപകരിക്കുമെന്ന പ്രതീക്ഷയോടുകൂടി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ പൂർണ്ണമായും ഞാൻ പിന്താങ്ങുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു അനവസരത്തിൽ കൊണ്ടുവന്ന ഈ അവിശ്വാസ പ്രമേയം ജനാധിപത്യ കേരളത്തോടുള്ള വെല്ലുവിളിയാണ്. ഈ സഭ സമ്മേളിച്ചത് സുപ്രധാനമായ പല ബില്ലുകൾ ചർച്ച ചെയ്യുന്നതിനും, അത് പാസ്സാക്കിയെടുക്കുന്നതിനും വേണ്ടിയാണെന്നുള്ളതുപോലും അവർ മറന്നു പോയി. ശ്രീ. കെ. പി. രാജേന്ദ്രൻ, ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോഴൊക്കെ ഞാൻ പ്രത്യേകമായി ശ്രദ്ധിച്ചൊരു കാര്യം അഴീക്കോട്ടും, കൂത്തുപറമ്പിലും വിജയിച്ചതുകൊണ്ട് ജനപിന്തുണ നഷ്ടമായ ഒരു 'ഗവൺമെന്റ്' എന്നുള്ളതാണ് എടുത്തു പറയുന്നത്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ 100 സീറ്റുകളോളം കിട്ടി വിജയിച്ചു വന്ന ഒരു മുന്നണിക്ക് അധികാരത്തിൽ തുടരാൻ ധാർമ്മികമായി ബാധ്യതയുണ്ടോ, ഇല്ലയോ എന്നുള്ളത് കേരളത്തിലെ ജനങ്ങൾ വിധിയെഴുതിയിട്ടുണ്ട്. അഴീക്കോടും, കൂത്തുപറമ്പും കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിലും ഇടതുപക്ഷമുന്നണി വിജയിച്ച സീറ്റുകൾ തന്നെയാണ്. അതിനെ മാനദണ്ഡമായി പെരുപ്പിച്ച് കാണിച്ച് ഈ ഗവൺമെന്റിന്റെ നല്ല വശങ്ങളെ മാറ്റി നിർത്താൻ കാണിക്കുന്ന ഈ മാർഗ്ഗം ജനാധിപത്യ കേരളത്തിന് ഭൂഷണമല്ല. ഈ ഗവൺമെന്റിനെതിരെ അവിശ്വാസം കൊണ്ടുവരാൻ പ്രതിപക്ഷത്തിന് എന്തു ധാർമ്മിക ചുമതലയാണുള്ളത്? എന്താണ് ഇക്കാര്യത്തിൽ ഇവർ എടുത്തു കാണിക്കുന്നത്? അഴിമതിയാരോപണങ്ങളെക്കുറിച്ച് ഒരു നീണ്ട ലിസ്റ്റുതന്നെ ശ്രീ. എം. വി. ജയരാജൻ ഇവിടെ പറഞ്ഞുകേട്ടു. ഇന്ത്യൻ കോഫി ഹൗസിൽ പോയി ഇരുന്ന് വട മേടിച്ചടിക്കുന്നതുപോലെയാണ്. വല്ല തെളിവുകളുമുണ്ടോ? 100 കോടി, 200 കോടി, 300 കോടി എന്ന് പറയാൻ തന്നെ ലജ്ജയില്ലേ? എന്തു രേഖകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്? അവിശ്വാസ പ്രമേയ ചർച്ചക്ക് ഇത് എടുത്ത് ഗവൺമെന്റിനെതിരെ നീക്കങ്ങൾ നടത്തുമ്പോൾ നിങ്ങൾതന്നെ പിടിച്ചുനിൽക്കുവാൻ വളരെ കഷ്ടപ്പെടുന്നത് കാണുന്നതിലാണ് ഞങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുള്ളത്. ഇതുപോലെ ഒരു ഗതികേട് 10 വർഷം മുൻപ് ഈ സഭയിൽ നടന്ന അവിശ്വാസപ്രമേയ ചർച്ചയിൽ ഉണ്ടായിട്ടില്ലായെന്നുള്ളതും ചരിത്രത്തിന്റെ താളുകൾ എടുത്തു പരിശോധിച്ചാൽ കാണാൻ സാധിക്കും. വാദി പ്രതിയായതുപോലെയാണ്. നിൽക്കാൻ നിർവ്വാഹമില്ല; ആകെ ബുദ്ധിമുട്ടുന്നു; ഏറെ കഷ്ടപ്പെടുന്നു. ആവശ്യമില്ലാത്ത ആ വിപത്ത് വിളിച്ചുവരുത്തിയിട്ട് ഇപ്പോളവർ ബുദ്ധിമുട്ടുന്നത് കാണുമ്പോൾ സർ, സഹതാപം തോന്നുന്നു. എന്തേ കഴിഞ്ഞ കാലഘട്ടത്തിലെ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവർ മറന്നു പോയി? ആ ജനകീയാസൂത്രണത്തിന്റെ പേരിൽ നിങ്ങൾ സംസ്ഥാനത്തു കാട്ടിക്കൂട്ടിയ ധൂർത്തും,

LIBRARY ARCHIVES Kerala Legislative Assembly

ക്രമക്കേടും, ഇവിടത്തെ സാധാരണ ജനങ്ങൾ മറന്നു എന്നാണോ വിചാരിക്കുന്നത്? പഞ്ചായത്തുകളുടെ ജനകീയാസൂത്രണ ബില്ലുകൾ ട്രഷറികളിൽ തടഞ്ഞുവയ്ക്കുമ്പോൾ വികേന്ദ്രീകരണത്തിന്റെ പേരിൽ ലക്ഷങ്ങൾ ധൂർത്തടിച്ച് രാജ്യാന്തര സമ്മേളനം നടത്തിയവരല്ലേ ഇവർ. അതിൽനിന്ന് ഇവരെ മാറ്റി നിർത്താൻ കഴിയുമോ? ഇവരുടെ ഉത്തരവാദിത്വത്തിൽനിന്ന് മാറിനിന്നുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാൻ കഴിയുമോ? മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ കാസർകോഡു മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലും ബഹുമാനപ്പെട്ട എല്ലാ എം. എൽ. എ.-മാരും പങ്കെടുത്തു. വെറും ഒരു പേപ്പർ മാത്രം ഉയർത്തിക്കാട്ടി ശ്രീ. പി. സി. ജോർജ്ജിനെപ്പോലെയുള്ള എം. എൽ. എ.-മാർ അവഹേളന രീതിയിൽ സംസാരിച്ചത് ഇവിടുത്തെ സാധാരണ ജനങ്ങളോടുള്ള വെല്ലുവിളിയല്ലേ? ജനങ്ങളെ സഹായിക്കാൻവേണ്ടി ഒരു മുഖ്യമന്ത്രി സംസ്ഥാനമൊട്ടാകെ യാത്ര നടത്തി പരാതികൾ നേരിട്ട് സ്വീകരിച്ച്, മണിക്കൂറുകളോളം ചെലവഴിച്ച് അതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുത്ത് ആയിരക്കണക്കിന് ആൾക്കാർക്ക് സഹായവും ആശ്വാസവും കിട്ടിയ ആ സംരംഭം, വിവിധ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്ത ആ സംരംഭത്തിന്റെ ഗ്രേസ് കുറച്ചു കാണിക്കാൻ സഹായിച്ചെങ്കിൽ അത് അവർക്ക് പറ്റിയ ഒരു പാളിച്ച എന്നു മാത്രമേ പറയാൻ കഴിയൂ. ഇവിടെ പറഞ്ഞു ജീവനും, സ്വത്തിനും സംരക്ഷണമില്ല, ക്രമസമാധാനം തകർന്നു, കേരളത്തിൽ പോലീസ് രാജ് എന്നൊക്കെ. ഇതൊക്കെ പറയാൻ എന്തവകാശമാണ് ഇടതുപക്ഷത്തിനുള്ളത്? ഇവർ ഭരിച്ചിരുന്ന നാളുകളിൽ കേരളത്തിൽ നിയമവാഴ്ചയും ജനാധിപത്യവുമുണ്ടായിരുന്നോ? കഴിഞ്ഞകാല ചരിത്രത്തിലേയ്ക്ക് എന്തുകൊണ്ട് പോകുന്നില്ല? കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരെ രാഷ്ട്രീയവത്ക്കരിച്ച സംഭവമുണ്ടായത് ഏത് കാലത്താണ്? ജയിലിൽ ഭരണ-പ്രതിപക്ഷ ഭിന്നത സൃഷ്ടിക്കാൻ കൂട്ടുനിന്നില്ലേ? ഇത്രയുമല്ല അധികാര തേർവാഴ്ചയുടെ കഥ. പൂജപ്പുര സെൻട്രൽ ജയിലിൽ പാർട്ടിയുടെ ബ്രാഞ്ച് കമ്മിറ്റി വരെയുണ്ടെന്ന് ഒരു പത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി. അത് ആക്ഷേപകരമല്ലേ? ഇത് ജനാധിപത്യത്തിന് ഭൂഷണമാണോ? ഇവരുടെ കാലത്ത് ഗവൺമെന്റിന്റെ നിയമവും അട്ടിമറിക്കപ്പെട്ടു. നിയമം കൈയിലെടുക്കാൻ ആരെയും സമ്മതിക്കില്ലായെന്ന് അവരും ആ കാലഘട്ടത്തിൽ പറയുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് ജീവനും സ്വത്തിനും സംരക്ഷണം ഇല്ലായെന്നു പറയുമ്പോൾ ജനങ്ങളെ വിഡ്ഢികളാക്കാൻ ശ്രമിക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ സംസാരിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. അവരുടെ പാർട്ടി ഭരിച്ചിരുന്നപ്പോൾ അവരുടെ പാർട്ടിയുടെ യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവർക്കു കിട്ടിയ മർദ്ദനം, അവരുടെ ഭരണകക്ഷിയിൽ പ്പെട്ടവർക്കുപോലും മർദ്ദനം കിട്ടിയിട്ടുള്ള കാലഘട്ടമായിരുന്നു. നെടുവത്തൂർ ലോക്കൽ കമ്മിറ്റിയംഗമായിരുന്ന ആർ. രമണന് പുത്തൂർ ജംഗ്ഷനിൽവച്ച് തൊഴിൽ തർക്കത്തെ തുടർന്ന് വെട്ടേറ്റ സംഭവം നിങ്ങൾക്ക് മറക്കാൻ കഴിയുമോ? എ.ഐ.വൈ.എഫ്.-ന്റെ ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാമകൃഷ്ണന് ഇരുകാലുകളിലും വെട്ടേറ്റത് നിങ്ങളുടെ കാലത്തല്ലേ? ആരാണ് മർദ്ദിച്ചത്? പത്രങ്ങളിലെ തെളിവുസഹിതം നിങ്ങൾതന്നെ സാക്ഷ്യപ്പെടുത്തിയില്ലേ? സി. പി. ഐ.-യുടെ പ്രവർത്തകയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീമതി ഇ. എസ്. ബിജിമോളെ ഗർഭിണി എന്ന പരിഗണന

LIBRARY ARCHIVES Kerala Legislative Assembly

പോലുമില്ലാതെ ഓഫീസിൽ കയറി ആക്രമിച്ചിട്ട് നിങ്ങൾക്ക് ഇതു പറയാൻ നാണമില്ലേ, ഏതു കാലഘട്ടത്തിലാണ് ഇത് നടന്നത്, ആരാണ് ആക്രമിച്ചത്? ഇതിനൊക്കെ തെളിവില്ലേ? മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണമില്ലായെന്ന് മുറവിളി കൂട്ടുകയാണ്. എന്ത് ന്യൂനപക്ഷസംരക്ഷണമാണിവിടെ തകർന്നത്? ഇവരുടെ കാലത്തല്ലേ ശ്രീകണ്ഠാപുരത്ത് പള്ളി ആക്രമിക്കപ്പെട്ടത്, ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ചാപ്പലിൽ നടന്ന അതിക്രമം, സംസ്ഥാനത്തൊട്ടാകെ കുരിശ്ശടികളും, ഗുരുമന്ദിരങ്ങളും തകർക്കപ്പെട്ടത് സി.പി.എം.-ന്റെ ഭരണം കേരളത്തിൽ നിലനിൽക്കുമ്പോഴാണ്. ന്യൂനപക്ഷ സ്ഥാപനമായ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ആക്രമണം നടന്നു. അതിന് ധാർമ്മിക പിന്തുണ കൊടുത്തവർ, ഈ ആക്രമണത്തിന് ഉത്തരവാദികളല്ലേ? ഇപ്പോൾ നേരെ തിരിഞ്ഞുനിന്ന് സംസാരിക്കുന്നത് മനസ്സിലാക്കാനുള്ള കഴിവ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. ജനങ്ങളെ സംരക്ഷിക്കാൻ അധികാരപ്പെട്ട ഗവൺമെന്റിനെ അവർ മാന്യതയോടെ വീക്ഷിക്കുന്നു. ഈ അവിശ്വാസപ്രമേയ ചർച്ച തന്നെ വെറും പ്രഹസനമാണ്. കേരളത്തിലെ ജനങ്ങൾ വിശ്വാസത്തിലെടുത്ത ഈ ഗവൺമെന്റിനെ കരിതേച്ചു കാണിക്കാനുള്ള ശ്രമം വിജയിക്കില്ല. ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ഞാൻ നാലഞ്ചു പള്ളികളുടെ കാര്യം പറഞ്ഞല്ലോ..... രാഷ്ട്രീയം എന്നു പറഞ്ഞാൽ കൊലയും കൊലവിളിയുമാണെന്ന ആപ്തവാക്യം നടപ്പിലാക്കിയ നിങ്ങൾ ന്യായീകരിക്കാൻ ശ്രമിക്കരുത്.....(ബഹളം).....ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ പറഞ്ഞ കണക്കുകൾ ഞാൻ കേട്ടിരിക്കുകയായിരുന്നു. കണ്ണൂർ ജില്ലയിൽ മാത്രം എൽ.എഡി.എഫ്. ന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ 19 എണ്ണം. ഇത് രേഖകളിൽ ഉള്ളതാണ്. തർക്കത്തിന്റെ ആവശ്യമില്ല. 779 സംഘട്ടനങ്ങൾ നടന്നു. അതിക്രമങ്ങളെപ്പറ്റി പറഞ്ഞ കണക്ക് പരിശോധിച്ചാൽ നിങ്ങൾ പറഞ്ഞ ആരോപണം തിരിച്ചു പറയും. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. കാലത്ത് 33,944, സ്ത്രീപീഡനങ്ങൾ 22,954, ബലാൽസംഗങ്ങൾ - ശ്രീ. ഉമ്മൻ ചാണ്ടി കണക്ക് സമർപ്പിച്ചു 1766, നിങ്ങളുടെ കാലത്തോ, അത് 2314 ആണ്. കൊലപാതകങ്ങളെക്കുറിച്ചു പറഞ്ഞു ഗവൺമെന്റ് കൊടുത്ത കണക്കു വായിച്ചു 1647, എൽ.ഡി.എഫ്. ന്റെ കാലത്ത് 2058, ആത്മഹത്യകളുടെ എണ്ണം പറയുകയുണ്ടായി 35,000. നിങ്ങളുടെ കാലത്ത് അത് 40,956. സംഘട്ടനങ്ങൾ 27,073, കസ്റ്റഡി മരണം 18, ലോക്കപ്പ് മരണം16, വെടിവെയ്പ് 23, സ്ഫോടനങ്ങൾ 282, മോഷണങ്ങൾ 3784. കണ്ണൂരിൽ ഇന്ന് കലാപം ഇല്ല. നിങ്ങൾക്ക് സ്വസ്ഥമായി യാത്ര ചെയ്യാം. പത്രപ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും നേരെ ആക്രമണം 28, നിങ്ങളുടെ കാലത്തത് 65, തെളിയിക്കപ്പെടാത്ത കൊലപാതകങ്ങൾ 130, ദുരൂഹ സാഹചര്യ മരണം 226, ഇങ്ങനെ പോകുന്നു അതിന്റെ കണക്ക്.

Mr. Chairman: Please try to conclude. You have got 10 minutes only. It is clear you have already taken 10 minutes. Please conclude.

ശ്രീ. റോഷി അഗസ്റ്റിൻ: അതുപോലെതന്നെ ഇവർ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഇവിടെ അക്രമങ്ങൾ നടക്കുന്നു. കേരളത്തിലെ ജനങ്ങൾ എല്ലാ കാലഘട്ടങ്ങളിലും കണ്ടിട്ടുണ്ട് അക്രമങ്ങൾ, ഇവയുടെ ആധികാരികമായ പ്രശ്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എം. വി. രാഘവനെ തടഞ്ഞ സംഭവമുണ്ടായി, സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ നയത്തിന്റെ പ്രശ്നത്തിൽ. അദ്ദേഹത്തെ തടഞ്ഞവർ തന്നെ അവരുടെ ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ സ്ഥാപനങ്ങൾ കൊണ്ടുവരാൻ വേണ്ടി എടുത്ത തീരുമാനം വിരോധാഭാസമായി. കൂത്തുപറമ്പിൽ ബലികഴിക്കപ്പെട്ട അഞ്ചു ജീവനുകൾ. അവരെ തിരിച്ച് അധികാരത്തിൽ കൊണ്ടുവരാൻ വഴിയൊരുക്കിയ ആ കുടുംബത്തോടുകാട്ടിയ നീതികേടിന്റെ ചിത്രമെന്താണ്? ഈ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞില്ലേ? കാർഷിക മേഖലയെ സംരക്ഷിക്കാൻ കഴിഞ്ഞില്ലേ? ഈ സഭ സമ്മേളിക്കുമ്പോൾ ഞങ്ങൾക്കഭിമാനമുണ്ട്. മലയോര കർഷകരെ സംബന്ധിച്ചിടത്തോളം കിസാൻ പാസ് ബുക്ക് ഏർപ്പെടുത്തി. ഈ സഭയിൽ വന്ന ബില്ലുകൾ കർഷകരെ സംബന്ധിച്ചിടത്തോളം മരങ്ങൾ മുറിക്കാനുള്ള അവകാശം സംരക്ഷിക്കാനുള്ളവയാണ്. ഈ ബില്ലുകൾ പാസ്സാകുന്നതോടുകൂടി കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം സന്തോഷപ്രദമായ കാര്യങ്ങളാണ്. കമ്പ്യൂട്ടർവത്ക്കരണം വന്നപ്പോൾ അതിനെ എതിർത്തവരാണിവർ.

മി. ചെയർമാൻ: കക്ഷി നേതാക്കൻമാർക്കു കൊടുക്കുന്ന പരിഗണന എല്ലാവർക്കും കിട്ടുകയില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: ഞാൻ ഈ അവിശ്വാസ പ്രമേയ ചർച്ചയെ പൂർണ്ണമായി എതിർക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ശ്രീ. കോടിയേരി അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കാരണം വാക്കു പാലിക്കാൻ കഴിയാത്ത, ജനങ്ങളെ വഞ്ചിച്ച, വിദ്യാർത്ഥികളെ ചതിച്ച, ആദിവാസികളെ വഞ്ചിച്ച, കർഷകർക്കെതിരെ ക്രൂരത കാണിക്കുന്ന സർക്കാരാണിത്. പരമ്പരാഗത വ്യവസായ മേഖലയിൽ സാധാരണക്കാരന് ഒന്നും ചെയ്യാത്ത സർക്കാർ, യുവാക്കൾക്ക് തൊഴിൽ, നൽകുമെന്ന് പറഞ്ഞിട്ട് തൊഴിൽ കൊടുക്കാൻ കഴിയാത്ത സർക്കാർ. അതു കൊണ്ടാണ് ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിൻതുണയ്ക്കുന്നത്. ഇതിനെല്ലാം ജനങ്ങൾ തിരിച്ചടി നൽകി, എറണാകുളം ലോക്സഭാ തെരഞ്ഞെടുപ്പിലും, കഴിഞ്ഞ കൂത്തുപറമ്പ്, അഴീക്കോട് ഉപതെരഞ്ഞെടുപ്പുകളിലും. അപ്പോൾ കോൺഗ്രസ്സ് പറഞ്ഞത് ലീഗ് പറ്റിച്ചുവെന്നാണ്. ലീഗ് പറ്റിച്ചതാണെങ്കിൽ അവർ നല്ലത് ചെയ്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറപ്പുളവാക്കുന്നു എന്ന് പറഞ്ഞുകൊണ്ട് എന്തോ പറഞ്ഞു. കോൺഗ്രസ്സുകാർ പ്രസംഗിക്കുമ്പോൾ തന്നെ അറപ്പുളവാകുന്ന ഭാഷയിലാണ് പ്രസംഗം നടത്തുന്നത്. ഉദാഹരണത്തിന് കോതമംഗലത്ത് കോൺഗ്രസ്സിന്റെ രാഷ്ട്രീയ വിശദീകരണ യോഗത്തിൽ സ്ഥലം എം. എൽ. എ. കേട്ടാലറയ്ക്കുന്ന പച്ചത്തെറിയാണ് പറഞ്ഞത്. പതിനേഴു പ്രാവശ്യം അത് പറഞ്ഞതായിട്ടാണ് മാധ്യമം പത്രത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഭരണത്തിന്റെ ഒരു നേട്ടം പോലും പറയാനില്ല. ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ച ദിവസം തന്നെ അതിനെതിരായി പ്രസംഗിച്ചുകൊണ്ട് പ്രൊഫസർ സാവിത്രി ലക്ഷ്മണൻ പറഞ്ഞതെന്താണ്? അത് എനിക്കിവിടെ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റില്ല. അത്രമാത്രം മോശമായിരുന്നു. ശ്രീ. മോയിൻകുട്ടി, പ്രൊഫസർ സാവിത്രി ലക്ഷ്മണനെ സഹായിക്കാൻ പാടുപെടുന്നതു കണ്ടു. നമ്മുടെ വിദ്യാർത്ഥികളെ, വിദ്യാർത്ഥിനികളെ ജലപീരങ്കി ഉപയോഗിച്ച് മറിച്ചിടുന്നു. ജലം കുടിപ്പിക്കുന്നു. ഉപ്പു തിന്നവൻ വെള്ളം കുടിക്കുന്നു. ഇവിടെ ശ്രീ. എം. എം. ഹസ്സൻ പ്രസംഗിച്ചപ്പോൾ ആദ്യം തന്നെ മൂന്നു ഗ്ലാസ്സ് വെള്ളം കുടിച്ചു. അതു നമ്മൾ ഓർക്കേണ്ടതാണ്. ഉപ്പു തിന്നവൻ വെള്ളം കുടിക്കും. വിദ്യാർത്ഥികളുടെ മേൽ ഗ്രനേഡെറിഞ്ഞു, വിദ്യാർത്ഥിനികളുടെ മേൽ ലാത്തിയടി വീഴുന്നു, ചോരയൊഴുക്കുന്നു. വിദ്യാർത്ഥിനീ സഹോദരിമാർ സംരക്ഷിക്കപ്പെടണം. അതിനുവേണ്ടി വിദ്യാർത്ഥികൾ സഹായിച്ചു. വിദ്യാർത്ഥികളുടെ മേൽ അടി കൊണ്ടപ്പോൾ അവരെ വിദ്യാർത്ഥിനികൾ സംരക്ഷിച്ചു. അതു നമ്മുടെ സംസ്ക്കാരമാണ്. സാധാരണഗതിയിൽ ഒരു സഹോദരി, സഹോദരനെ സംരക്ഷിക്കും. പ്രൊഫസർ അതിനെ മറ്റൊരു കണ്ണിലാണ് കണ്ടത്. അതെന്താണെന്ന് എനിക്കറിയില്ല. ഇത് അപമാനമാണ്. കേരള ജനതയോട് പ്രൊഫസർ മാപ്പു പറയണം. അത്ര മാത്രം മോശമായ രീതിയിലാണ് അന്ന് ഇവിടെ അവതരിപ്പിച്ചത്. മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞത്, കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് ഒന്നാം പ്രതി സ്വകാര്യ മാനേജ്മെന്റുകൾ ആണെന്നാണ്. അതിനെ അനുകൂലിക്കുകയാണോ ഈ സർക്കാർ ചെയ്യുന്നത്? കേപ്- ന്റെ നിയന്ത്രണത്തിലുള്ള കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും സഹകരണവകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. കേപ് - ന്റെ കീഴിലുള്ള കോളേജുകളിൽ 2002 മുതൽ ഇങ്ങോട്ട് അഡ്മിഷൻ ഫീസ് വാങ്ങിക്കുന്നത് ഇപ്പോഴത്തെ സർക്കാർ നിരക്കിലാണ്. പക്ഷെ 2003 - 04 വർഷത്തിൽ ചേർന്നവരിൽനിന്ന് കൂടുതൽ ഫീസാണ് വാങ്ങിക്കുന്നത്. അത് പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ട് അവരുടെ രക്ഷിതാക്കളടക്കമുള്ള ആളുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള വിവേചനം കാണിക്കുകയാണ്. ഇതൊക്കെ ചെയ്യുന്നതുതന്നെ ഈ സർക്കാരിന്റെ പിടിപ്പുകേടാണ്. കാർഷിക മേഖല സംസ്ഥാനത്തിന്റെ സമ്പത്താണ്, നട്ടെല്ലാണ്. കാർഷിക മേഖലയിൽ ഉണ്ടാകുന്ന വിലയിടിവിനും വിളനാശത്തിനും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ധനസഹായം സംസ്ഥാനത്തെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെടുകയാണ്. നെൽക്കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിച്ച് ഫുഡ് കോർപ്പറേഷന് നൽകാനും സംസ്ഥാനം സംഭരിക്കുന്നതിനുള്ള നഷ്ടം നികത്താനും കേന്ദ്രഗവൺമെന്റിന്റെ സഹായം ഉപയോഗപ്പെടുത്താതെ നെൽകർഷകന്റെ നട്ടെല്ലൊടിക്കുന്ന സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം നെല്ല് സംഭരിച്ചു. സഹകരണസംഘങ്ങളെ നഷ്ടത്തിൽ നിന്ന് രക്ഷപ്പെടുത്തുന്ന നിലപാട് സർക്കാർ സ്വീകരിച്ചു. പക്ഷെ മണ്ഡരി, കാറ്റുവീഴ്ച, തെങ്ങോലപ്പുഴു തുടങ്ങിയ കീടബാധകളും രോഗങ്ങളും കാരണം ഉൽപ്പാദനക്കുറവും ഉൽപ്പന്നങ്ങളുടെ വിലക്കുറവും ഉണ്ടായി. പ്രകൃതിക്ഷോഭദുരന്തം പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 1900 കോടി രൂപയുടെ പാക്കേജിൽ മലബാർ ജില്ലകളെ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള സമീപനമാണ് മലബാറിനോട് കാണിക്കുന്നത്. കീടബാധിതർക്ക് ഫലപ്രദമായ പ്രതിരോധം, ശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം, രോഗം വന്നാൽ അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സഹായസഹകരണങ്ങൾ എന്നിവ ചെയ്യുന്നില്ല. കർഷകർ ആത്മഹത്യ ചെയ്യുകയാണ്. ഇങ്ങനെ ഈ സർക്കാർ ഈ സംസ്ഥാനത്ത് ഒട്ടേറെ ദോഷങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ടു പോകുകയാണ്. സർക്കാരിന് ജനങ്ങളോട് ഒന്നും പറയാനില്ല. അവർ തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ പറഞ്ഞ കാര്യങ്ങൾ ഒന്നും ചെയ്യാൻ സാധിക്കാത്ത രീതിയിലുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചിരിക്കുന്നത്. ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുമ്പോൾ അതിനെ അടിച്ചൊതുക്കുന്നു. കർഷകരെ അടിച്ചൊതുക്കുന്നു, ആദിവാസികളെ അടിച്ചൊതുക്കുന്നു, വിദ്യാർത്ഥികളെ അടിച്ചൊതുക്കുന്നു. ഈ സമീപനം കൊണ്ടാണ് ഇത്തരത്തിലുള്ള അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്.

ശ്രീ. കെ. കെ. ഷാജു: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഈ ഗവൺമെന്റിനെതിരെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. വില്ലാളിവീരനായ കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയം ചർച്ച ചെയ്ത് രണ്ടാം ദിവസം എത്തിയപ്പോൾ ഇപ്പോഴത്തെ അവസ്ഥ എന്താണ്? നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്, പിടിച്ചു ഞാൻ, അവനെന്നെ കെട്ടി, കൊടുത്തു അവൻ എനിക്കിട്ട് രണ്ടടി - എന്നു പറയുന്നതുപോലെ ഇപ്പോൾ പ്രതിപക്ഷം പ്രതിക്കൂട്ടിലാണ്. ഞാൻ വിശദീകരണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നമ്മുടെ സാമ്പത്തിക ശാസ്ത്രവിശാരദനായ ഡോ. തോമസ് ഐസക്കും കുട്ടനാട്ട് അംഗം ഡോ. കെ. സി. ജോസഫും കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അവർ പറഞ്ഞു, കാർഷികമേഖലയിൽ വളർച്ചാനിരക്ക് പടിപടിയായി കുറഞ്ഞുവരികയാണെന്ന്. കാർഷികമേഖലയിൽ പിന്നോക്കാവസ്ഥ ഉണ്ട്. എങ്ങനെ? 1997 മുതൽ 2005 വരെയുള്ള എട്ടു വർഷക്കാലമായി, ഈ സംസ്ഥാനത്തിന്റെ ബഡ്ജറ്റിംഗിൽ കാർഷികമേഖലയുടെ 70 ശതമാനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞിരിക്കുകയാണ്. 30 ശതമാനം മാത്രമാണ് ഡയറക്ടായി കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്നത്. ഇവിടെ പടിപടിയായി കാർഷിക വളർച്ചാനിരക്ക് കുറഞ്ഞുവരുന്നുവെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ മലപ്പുറം ജില്ലയൊഴിച്ചാൽ 80 ശതമാനത്തോളം കൈകാര്യം ചെയ്യുന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഭരിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് കൈകാര്യം ചെയ്യുന്നത് എങ്ങനെയാണ് എന്നതിനെ സംബന്ധിച്ച് കൃത്യമായ ഒരു പരിശോധന നടത്തിയാൽ കാർഷികമേഖല പുറകോട്ടുപോകുന്നതിന് കാരണം കണ്ടെത്താൻ കഴിയും. അതിനു പകരം ഇക്കണോമിക് റിവ്യൂ ഉദ്ധരിച്ച് ഈ നാട്ടിൽ വലിയ കുഴപ്പങ്ങളുണ്ട് എന്ന് പ്രചരിപ്പിക്കാൻ വേണ്ടി L.D.F. പാടുപെടുകയാണ്. U.D.F. അധികാരത്തിൽ വന്നപ്പോൾ നെല്ലിന് എന്തായിരുന്നു വില? 420 രൂപ. ഇപ്പോൾ നെല്ലിന് വില 750 രൂപ. റബ്ബറിന് അന്ന് 22 രൂപ. ഇപ്പോൾ 64 രൂപ. നാളികേരത്തിന് എന്തായിരുന്നു വില? രണ്ട് രൂപ ഇപ്പോൾ ഏഴും എട്ടും രൂപ വരെയായി—പക്ഷെ കാർഷികമേഖലയിൽ പ്രശ്നങ്ങളുണ്ട്. കാർഷികമേഖലയിൽ വരൾച്ച, പ്രകൃതിക്ഷോഭം, കൃഷിനാശം തുടങ്ങിയവമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ, അതിനെത്തുടർന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൃഷിക്കാർ വാങ്ങിച്ച പഴയ കടവും അതിന്റെ പലിശയും

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു വന്നതുകൊണ്ടാണ് അവരുടെ ജീവിതം ബുദ്ധിമുട്ടിലായത്. അതല്ലാതെ ഈ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിയ കടവും അതിന്റെ പലിശയും കടത്തിന്റെ ഗഡുവും ഇപ്പോൾ അടയ്ക്കേണ്ട കാര്യമില്ല. അതിന് ജപ്തി ചെയ്യേണ്ട സമയവും ആയിട്ടില്ല. നിങ്ങളുടെ ഭരണകാലത്ത് കൃഷിക്കാരൻ അനുഭവിച്ച ദുരന്തങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി അവർ വാങ്ങിക്കൂട്ടിയ കടത്തിന്റെ ഗഡുവും പലിശയും വർദ്ധിച്ച് വർദ്ധിച്ച് ജീവിക്കാൻ നിർവ്വാഹമില്ലാതെ ആളുകൾ മരിച്ചപ്പോൾ അതിന്റെ കുറ്റം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. ഇതൊന്നും ഈ നാട്ടിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. അവർ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ എന്തിനാണ് ഇവിടെ സമരം ചെയ്യുന്നത്? നിങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്കെതിരായി സമരത്തിലാണ്. സ്വാശ്രയ വിദ്യാഭ്യാസം കേരളത്തിൽ ആരംഭിച്ചത് ആരാണ്? 1987-ൽ ഇന്നത്തെ മാർക്സിസ്റ്റ് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറി സഖാവ് സുധാകരൻ കേരളാ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിൽ ഫിനാൻസ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുമ്പോഴാണ് സംസ്ഥാനത്ത് ആദ്യമായി സ്വാശ്രയ ബി. എഡ്. സെന്ററുകൾ ആരംഭിച്ചത്. അന്ന് നമ്മുടെ യഥാർത്ഥ കോളേജുകളിൽ ബി. എഡ്ഡിന് അഡ്മിഷൻ ഫീസ് 300 രൂപയായിരുന്നു. ശ്രീ. സുധാകരന്റെ സ്വാശ്രയഫീസ് എത്രയായിരുന്നു? 4,000 രൂപ. ഇന്ന് അത് നിങ്ങളുടെ സിൻഡിക്കേറ്റു തന്നെ 14,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്. എഫ്. ഐ.-യിലെ ആളുകളോട് ഞാൻ ചോദിക്കുകയാണ്, നിങ്ങൾക്ക് ഒരക്ഷരം മിണ്ടാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് ആ വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരെ ഒരക്ഷരം പറയാൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ന് റഗുലർ വിദ്യാഭ്യാസരംഗത്ത് എവിടെയെങ്കിലും സ്ഥാപനങ്ങൾ നിർത്തിയിട്ടാണോ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്? കേരളത്തിലെ ഏതെങ്കിലും മെഡിക്കൽകോളേജോ പോളിടെക്നിക്കുകളോ എൻജിനീയറിംഗ് കോളേജുകളോ ഞങ്ങൾ നിർത്തിയോ? കേരളത്തിൽ നിന്ന് ഒഴുകിപ്പോകുന്ന കോടിക്കണക്കിന് രൂപ കേരളത്തിന് പുറത്തേയ്ക്ക് പോകാതെ ഇവിടെത്തന്നെ നിർത്താൻ ശ്രമിക്കുമ്പോൾ കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസകച്ചവടക്കാരെ സഹായിക്കാൻവേണ്ടി സമരത്തിന്റെ പേരിൽ ആഭാസവുമായിട്ടിറങ്ങുന്ന ആളുകളെ പിന്നെയെങ്ങിനെയാണ് കൈകാര്യം ചെയ്യേണ്ടത്? മറ്റു കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഇവിടെ നെല്ല് സംഭരണത്തെ സംബന്ധിച്ച് പറയുകയുണ്ടായി. നെല്ല് സംഭരണം പണ്ടും ഉണ്ടായിട്ടുണ്ട്. നിങ്ങളുടെ കാലത്തും നെല്ല് സംഭരിച്ചു. ഞങ്ങൾ പണം കൊടുത്തു. ഇപ്പോൾ ഞങ്ങൾ നെല്ല് സംഭരിക്കുന്നു. അതു വിറ്റഴിക്കാൻ കേന്ദ്രസഹായത്തോടുകൂടി പദ്ധതി കൊണ്ടുവരുന്നു. ഇവിടെ ചില പ്രശ്നങ്ങൾ ഉണ്ട്. നെല്ലെടുത്തിട്ടുള്ള മുഴുവൻ സംഘങ്ങളിലേയും നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തില്ല. ആലപ്പുഴയിലും കുട്ടനാട്ടിലും ചില പ്രശ്നങ്ങൾ ഉണ്ട്. അതു പരിഹരിക്കാൻ ഞങ്ങൾ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. പക്ഷെ നിങ്ങളുടെ കാലത്ത് ഇതൊന്നും നടന്നിട്ടില്ല. ഇപ്പോൾ കൃഷിക്കാർക്ക് എന്താണ് പ്രശ്നം? കൃഷിക്കാരുടെ നെല്ല് എത്രയോ മുമ്പ് ഏറ്റെടുത്തുകഴിഞ്ഞു. ഇനി സംഭരിച്ച ഏജൻസികൾക്ക് പണം കൊടുക്കും. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണുള്ളത്. കൃഷിക്കാരന് ഇല്ലാത്ത പ്രശ്നമുണ്ട് എന്നു വരുത്തിത്തീർത്ത് ഇവിടെ കൃഷിക്കാരനുവേണ്ടി വാദിക്കുകയാണ്. അവർക്കുവേണ്ടി പ്രതിഷേധ സമരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിക്കുകയാണ്. ഇതൊന്നും ഈ സംസ്ഥാനത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. എസ്. എൻ. സി. ലാവ്‌ലിൻ സംബന്ധിച്ച് ഇവിടെ പറഞ്ഞു. C.A.G. റിപ്പോർട്ടല്ല—ചോദ്യാവലി ആണെന്ന്. രേഖ തെറ്റാണെന്നിരിക്കട്ടെ, തെറ്റാണോ ഇല്ലയോ എന്നു വരാൻ പോകുന്നതേയുള്ളൂ. പക്ഷെ കരാറിൽ നിങ്ങൾ തുക കൂട്ടിക്കൊടുത്തില്ലേ? അതല്ലേ പ്രധാനപ്പെട്ട പ്രശ്നം? കരാറിന്റെ തുക കൂട്ടിക്കൊടുത്തില്ലേ? രണ്ടാമത് കനേഡയിൽ ക്യാൻസർ സൊസൈറ്റിക്കുവേണ്ടി ജനങ്ങളിൽനിന്നും വാങ്ങിയ പണം എവിടെ പോയി? ഇതു രണ്ടും പ്രശ്നങ്ങളല്ലേ? അല്ലെന്നു പറയാൻ പറ്റുമോ? ഈ സത്യം മറച്ചു പിടിക്കാൻ നിങ്ങൾ പുകമറ സൃഷ്ടിക്കുകയാണ്. ഇതൊന്നും ഇവിടത്തെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ഇവർ എന്താണ് പറയുന്നത്, നമ്മുടെ നാട്ടിൽ സ്ത്രീയുടെ പദവിയെ സംബന്ധിച്ച്, പീഡനങ്ങൾക്കെതിരായി സ്ത്രീപീഡനത്തിനെതിരായി എത്രയോ കാര്യങ്ങൾ പറയുന്നു. ജനാധിപത്യ മഹിളാ അസോസിയേഷൻ എന്ന പ്രസ്ഥാനം നയിച്ചത് ആരൊക്കെയാണ്? സഖാവ് ഗൗരിയമ്മ, സഖാവ് സുശീലാ ഗോപാലൻ അതുപോലുള്ള ഉന്നതരായ ആളുകൾ നയിച്ച പ്രസ്ഥാനത്തിന്റെ ഇന്നത്തെ നേതാക്കൻമാർ കിളിരൂർ പീഡനക്കേസിൽ ഉൾപ്പെട്ട പെൺകുട്ടി ആശുപത്രിയിൽ കിടക്കുമ്പോൾ പോകുന്നു, ഒരാളെ പുറത്തു നിർത്തിയിട്ട് മറ്റേയാൾ അകത്തു കയറിയശേഷം പുറത്തിറങ്ങിയിട്ട് പറയുന്നു, കവിയൂരിലെ പെൺകുട്ടി പീഡിപ്പിക്കപ്പെട്ടില്ല എന്ന്. ഈ വിവരം ഒക്കെ മഹിളാ നേതാക്കൾക്ക് എവിടെ നിന്നു കിട്ടി? ഇവരെയൊക്കെ ചോദ്യം ചെയ്താൽ ഒരു പക്ഷെ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞേക്കും. ഇവരൊക്കെ ജനാധിപത്യത്തിനും മഹിളാ അസോസിയേഷനും വേണ്ടി വാദിക്കുന്നു എന്നു പറഞ്ഞാൽ പ്രബുദ്ധകേരളം എങ്ങനെ തലകുനിക്കാതിരിക്കും? ഇവിടെ ഞങ്ങളുടെ കൂടെയിരുന്ന ചിലയാളുകൾ അപ്പുറത്ത് പോയിട്ടുണ്ട്. എനിക്ക് അവരെപ്പറ്റി ഒന്നും പറയാനില്ല. കാരണം ഇവർ അപ്പുറം ചെന്നിട്ട് എന്താണ് പറയുന്നത്? "ചെയ്യരുതാത്തത് ചെയ്തവളെങ്കിലും നീയെന്നെ തള്ളല്ലേ തമ്പുരാനേ" എന്ന് മഗ്ദലനമറിയം പറയുന്നതുപോലെയാണ് പറയുന്നത്. മഗ്ദലനമറിയം പോയി പറഞ്ഞത് ആരോടാണ്? സാക്ഷാൽ കർത്താവ് തമ്പുരാനോട്. ഇവർ പോയി പറയുന്നത് ആരോടാണ്? അന്തിക്രിസ്തുവിനോട്. അന്തിക്രിസ്തുവിനോടാണ് ഞങ്ങളെ തള്ളരുതേയെന്ന് ഇവർ പോയി പറയുന്നത്. ഞാൻ ഇവരെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. ഇപ്പോൾ നാഷണൽ കോൺഗ്രസ് ഇന്ദിരയുമായിട്ടുള്ള ബന്ധത്തെ സംബന്ധിച്ച് ഒരു മാർക്സിസ്റ്റ് പാർട്ടിയുടെ ബുദ്ധിജീവി എന്താണ് പാർട്ടി ക്ലാസ്സുകളിൽ വിശദീകരിക്കുന്നതെന്നറിയാമോ? പണ്ട് സ്റ്റാലിൻ - ഹിറ്റ്‌ലറുമായി ഉണ്ടാക്കിയിട്ടുള്ള അനാക്രമണ സന്ധിപോലെയാണെന്ന്. ഏത്? ഈ -എൻ. സി. ഐ. -യുമായിട്ടുള്ള ബന്ധം. അവരെപ്പറ്റി എന്താണ് പറയാൻ പറ്റുക? അനാക്രമണസന്ധി എന്താണെന്നറിയാത്ത ശ്രീ. സാജുപോളിനെപ്പോലുള്ള ചിലയാളുകൾ അവിടെയിരിപ്പുണ്ട്. അവരെപ്പറ്റി ഞാനൊന്നും പറയുന്നില്ല. ഇടങ്കോലിടൽ യുദ്ധവും ആഭ്യന്തര കലാപവും സോവിയറ്റ് യൂണിയനിലുണ്ടായതുപോലെയാണ് മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള പ്രശ്നമെന്നാണ് വിശദീകരിക്കുന്നത്. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംബന്ധിച്ചും തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചുമൊക്കെ ഇവർക്കുള്ള ധാരണയെ സംബന്ധിച്ചൊന്നും ഞാൻ കൂടുതലായി പറയുന്നില്ല. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു, എന്തെല്ലാം കാര്യങ്ങൾ ചെയ്തു? ചന്തയിൽ മീൻ വിൽക്കുന്നതുപോലെ അപ്പുറത്ത് വെറുതെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയാണ്. 226, 200, 150, 116, പിന്നെ 26. അങ്ങനെ കോടികളുടെ കഥ പറയുകയാണ്. ചന്തയിൽ മീൻ വിൽക്കുന്നതുപോലെയാണോ അഴിമതിയാരോപണം ഉന്നയിക്കുന്നത്? അരിയെത്ര എന്നു ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്നുപറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? അങ്ങനെ പറഞ്ഞാൽ ഈ നാട്ടിലെ ജനങ്ങൾ അംഗീകരിക്കുമോ? ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? ഈ ഗവൺമെന്റ് വന്നിട്ട് പി. എസ്. സി. വഴി 112,000 ആളുകൾക്ക് ജോലി കൊടുത്തു. കെ. എസ്. ആർ. ടി. സി. 1116 പുതിയ ബസുകൾ ഇറക്കി. 3,600 കോടി രൂപയുടെ റോഡു വന്നു. റബ്ബർ, നെല്ല് എന്നിവയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് റിക്കോർഡ് വിലയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ 50,000 പേർക്ക് തൊഴിൽ കൊടുത്തു. സ്വാശ്രയ സ്ഥാപനങ്ങളിലൂടെ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇവിടെ നടന്നു. തൊഴിലെടുക്കാനായി ബംഗാളിൽ നിന്നുപോലും ആളുകൾ കേരളത്തിൽ വരികയാണ്. നമ്മുടെ നാട്ടിലെ ഇഷ്ടികക്കളങ്ങളിലും മറ്റും തൊഴിലെടുക്കാനായി ബംഗാളിൽ നിന്നുപോലും ആളുകൾ പ്രവഹിക്കുന്നു. ഇവിടെനിന്നും ആരും അങ്ങോട്ടുപോകുന്നില്ല. മാറ്റങ്ങൾ വരികയാണ്. ഞങ്ങൾ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ചു. സ്മാർട്ട് സിറ്റി വന്നു, ഫാഷൻ സിറ്റി വന്നു, ടെക്നോപാർക്കുകൾ വന്നു, കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്ന പുതിയ പദ്ധതികൾ വന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വന്നു, L.N.G. ടെർമിനൽ വരുന്നു, നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ 100 കോടി രൂപയുടെ പുതിയ പദ്ധതി വരുന്നു. അതുപോലെ എയർ ഇന്ത്യയുടെ എക്സ്പ്രസ് പദ്ധതി വരിക യാണ്. അങ്ങനെ എന്തെല്ലാം വികസന പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കുകയാണ്. വികസന രംഗത്ത് വിപ്ലവം സൃഷ്ടിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെയും അതിന് ധീരമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയേയുമെല്ലാം ജനമധ്യത്തിൽ മോശപ്പെടുത്തുന്നതിനുവേണ്ടിയുള്ള വികൃതവേഷവുമായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ഇടതുപക്ഷത്തിന്റെയും അതുപോലെതന്നെ പ്രതിപക്ഷത്തിന്റെയും ഈ വേഷംകെട്ടൽ പ്രബുദ്ധകേരളം രണ്ടു ദിവസമായി കണ്ടുകൊണ്ടിരിക്കുകയാണ്, ഇനിയും ഒരു ദിവസംകൂടി കഴിഞ്ഞാൽ ജനം ഈ വേഷം പൂർണ്ണമായി തിരിച്ചറിയും. സംസ്ഥാനത്തിന്റെ വികസന പാതയിൽ രജതരേഖപോലെ മുന്നേറുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ്, L.D.F. ഉയർത്തുന്ന എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചുകൊണ്ട് കേരളത്തിൽ മുന്നോട്ടുതന്നെ പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിയുക്തം എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ഗവൺമെന്റിന് ജനാധിപത്യമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഭരിക്കാൻ അവകാശമില്ല. ആ അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. 2001-ലെ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി എന്ന യു.ഡി.എഫ്.-ൽ 8 ഘടകകക്ഷികളായിരുന്നു ഉണ്ടായിരുന്നത്. കോൺഗ്രസ് നയിച്ച മുന്നണിയിൽ 8 ഘടകകക്ഷികളെക്കൂടാതെ Peoples Democratic Party എന്ന പി.ഡി.പി.-യും ആ മുന്നണിയെ പിന്തുണച്ചിരുന്നു. പി.ഡി.പി. പിന്തുണച്ചത് ഇന്നിപ്പോൾ കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിയെ മോചിപ്പിക്കുമെന്ന പേരിലായിരുന്നു. മ്അദനി മോചിതനാകുന്നില്ല എന്നു കണ്ടപ്പോൾ പി.ഡി.പി. പണ്ടേ പിന്തുണ പിൻവലിച്ചു. അതിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിക്കുന്ന മുന്നണിയിൽ 8 ഘടകകക്ഷികൾ ഉണ്ടായിരുന്നു. ആ 8 ഘടകകക്ഷി നേതാക്കന്മാർ ഒപ്പിട്ട മാനിഫെസ്റ്റോ ആയിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനമദ്ധ്യത്തിൽ അവതരിപ്പിച്ചത്. ഏറെക്കാലമായി നമ്മുടെ സംസ്ഥാനത്ത് മുന്നണി രാഷ്ട്രീയമാണ്. രണ്ടു മുന്നണികൾ തമ്മിലുള്ള പ്രധാന മത്സരമാണ്. ബി.ജെ.പി.യും മറ്റ് കക്ഷികളുമൊക്കെ മത്സര രംഗത്തുണ്ടാകും. എന്നാലും എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം രണ്ട് മാനിഫെസ്റ്റോ അവതരിപ്പിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ ജനവിധി തേടിയത്. അതിൽ യു.ഡി.എഫ്.-ന്റെ 8 കക്ഷിനേതാക്കന്മാർ ഒപ്പിട്ട് ജനമദ്ധ്യത്തിൽ അവതരിപ്പിച്ച ഒരു മാനിഫെസ്റ്റോ ആയിരുന്നു. കൂടാതെ P.D.P.പിന്തുണയ്ക്കുകയും ചെയ്തു. അതിൽ ഒരു കക്ഷി നേരത്തേ പോയി. മാനിഫെസ്റ്റോയിൽ ഒപ്പുവച്ച 8 ഘടകകക്ഷികളിൽ രണ്ട് കക്ഷികൾ പിന്മാറി. പിന്നീട് ഒരു കക്ഷി ശ്രീ. എ. വി. താമരാക്ഷന്റെ ആർ.എസ്.പി. (ബി) ആണ്. ശ്രീ. എ. വി. താമരാക്ഷന്റെ ആർ.എസ്.പി. (ബി) മൂന്നു കഷണങ്ങളായി. അതിൽ ഒരു കഷണം മാത്രമാണ് ഇന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുന്നണിയിലുള്ളത്. അതാണ് ശ്രീ. ബാബു ദിവാകരൻ. ഞങ്ങളുടെ മുന്നണിയെ സി.പി.ഐ. (എം.) നയിക്കുന്നു. യു.ഡി.എഫ്.-നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിക്കുന്നു. ആ കോൺഗ്രസ് നെടുകെ പിളർന്ന് ഇപ്പോൾ അര കോൺഗ്രസ്സായി. ആർ.എസ്.പി. (ബി) ഇപ്പോൾ കാൽ ഭാഗമായി. മാനിഫെസ്റ്റോയിൽ ഒപ്പിട്ട 8 കക്ഷികളിൽ രണ്ടു കക്ഷികൾ പൂർണ്ണമായും പോയി. ഒരു കക്ഷിയുടെ കാൽഭാഗം മാത്രം അപ്പുറത്തുണ്ട്. ഈ മുന്നണിയെ നിയന്ത്രിച്ച, ഈ മുന്നണിയെ നയിച്ച പ്രധാന കക്ഷി നെടുകെ പിളർന്നിരിക്കുന്നു. നിങ്ങൾക്ക് എന്താണ് ഭരിക്കാനുള്ള ധാർമ്മികമായ അവകാശം? ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച ഒരു മാനിഫെസ്റ്റോ ഉണ്ടല്ലോ, ആ മാനിഫെസ്റ്റോയിൽ 8 കക്ഷികൾ ഒപ്പിട്ടതിൽ ഇപ്പോൾ നാലേമുക്കാൽ കക്ഷി മാത്രമേയുള്ളൂ? നിങ്ങൾക്ക് ഭരിക്കാൻ എന്താണ് അവകാശം? ഇത് ജനവഞ്ചനയല്ലേ? ശ്രീമാൻ എ.കെ. ആന്റണി മുഖ്യമന്ത്രിയായി രണ്ടര വർഷം കഴിഞ്ഞപ്പോഴാണ് രാജ്യത്ത് ഒരു പ്രധാന സംഭവമുണ്ടായത്, രാജ്യസഭാ തെരഞ്ഞെടുപ്പ്. നിയമസഭാ സാമാജികന്മാർ വോട്ടു ചെയ്യുന്നു. ആ വോട്ടുകൊണ്ടല്ലേ രാജ്യസഭാ മെമ്പർമാരെ തെരഞ്ഞെടുക്കേണ്ടത്? രാജ്യസഭയിൽ യു.ഡി.എഫ്.-ന് ഒരു വിമത സ്ഥാനാർത്ഥി രംഗപ്രവേശം ചെയ്തല്ലോ, ശ്രീ. കോടോത്ത് ഗോവിന്ദൻനായർ? ശ്രീ. കോടോത്ത് ഗോവിന്ദൻ നായർക്ക് എത്ര വോട്ടാണ്

കിട്ടിയത്? ശ്രീ. കോടോത്ത് ഗോവിന്ദൻ നായർക്ക് 26 വോട്ടു കിട്ടി. അദ്ദേഹത്തിന് വോട്ടുചെയ്ത ആളുകൾ ഇപ്പോൾ അപ്പുറത്ത് നിങ്ങളുടെ കൂടെയുണ്ട്, നിങ്ങളുടെ മന്ത്രിസഭയിലുമുണ്ട്. അന്ന് നിങ്ങളുടെ ഭൂരിപക്ഷം 74 ആയി കുറഞ്ഞു. 100 അംഗബലവുമായി അധികാരത്തിൽ വന്ന യു.ഡി.എഫ്.-ന്, ഇനി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വോട്ടുചെയ്തുകാണുമോയെന്ന് ദൈവത്തിനുതന്നെ അറിയാം, ഏതായാലും 26 പേർ വോട്ടുചെയ്തു. അപ്പോൾ നിങ്ങളുടെ അംഗബലം നൂറിൽ എത്രയായി? 74 ആയി കുറഞ്ഞു. ഇന്നിപ്പോൾ നിങ്ങൾക്ക് അവകാശപ്പെടാൻ കഴിയുന്നത് ശ്രീമാൻ എ. കെ. ആന്റണിയെക്കൂടി ഉൾപ്പെടുത്തിയാൽ 85. അങ്ങനെ 85 പേരുടെ പിന്തുണയാണ്. നിങ്ങൾ 100 പേരുടെ പിന്തുണയോടുകൂടി വന്നു, 8 ഘടകകക്ഷികളും പുറത്തുനിന്നും പിന്താങ്ങുന്നു. Peoples' Democratic Party എന്ന പി.ഡി.പി. നേരത്തേ പോയി. ഇപ്പോൾ നിങ്ങൾക്ക് ഘടകകക്ഷികൾ എത്രയുണ്ടെന്ന് ചോദിച്ചാൽ നാലേമുക്കാൽ കക്ഷി. കാൽ ആർ.എസ്.പി., അര കോൺഗ്രസ്. അംഗബലം എത്രയാണെന്നു ചോദിച്ചാൽ പണ്ടേ നിങ്ങൾക്ക് 74 ആയിരുന്നു. ഇപ്പോൾ നിങ്ങൾക്ക് സാങ്കേതികമായി പറഞ്ഞാൽ 84. എന്താണ് ഭരിക്കാൻ അവകാശം? നിങ്ങൾ ധാർമ്മിക മൂല്യങ്ങളെ സംബന്ധിച്ചും ജനാധിപത്യത്തെ സംബന്ധിച്ചുമൊക്കെ ഗീർവാണ പ്രസംഗങ്ങൾ നടത്തുന്നവരാണല്ലോ. മി. എം. എം. ഹസ്സൻ, ഞാൻ ചോദിക്കുന്നു ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഭരിക്കാൻ അവകാശമുണ്ടോ? കഴിഞ്ഞ പ്രാവശ്യം നിങ്ങളായിരുന്നില്ലേ മാനിഫെസ്റ്റോ കമ്മിറ്റിയുടെ കൺവീനർ. ആ മാനിഫെസ്റ്റോയിൽ 8 ഘടകകക്ഷികൾ ഒപ്പിട്ടില്ലേ? അങ്ങനെ ഒപ്പിട്ട രണ്ട് ഘടക കക്ഷികൾ ഇപ്പോൾ എന്റെയടുത്തിരിക്കുന്നു. അവർ ഇപ്പുറത്താണ്. ഒരു കക്ഷി നേരത്തേ പോയി. അപ്പോൾ നിങ്ങൾക്ക് എന്താണ് ഭരിക്കാനുള്ള അവകാശം? നിങ്ങൾക്ക് ഭരിക്കാൻ അവകാശമില്ല. കൂറുമാറ്റ നിരോധന നിയമമില്ലായിരുന്നുവെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടി ഇന്ന് ആ കസേരയിൽ ഇരിക്കുമായിരുന്നില്ല. അത് ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഇപ്പോൾ ഭരിക്കാൻ അവകാശമുണ്ടോ? അവിടെ ഇരിക്കുമായിരുന്നില്ല. ഇപ്പോൾ എന്താണ് ചെയ്തത്? നിങ്ങളുടെ കൂടെ നിൽക്കുന്ന ആളുകളേയും നിങ്ങൾക്ക് വിശ്വാസമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ രാഷ്ട്രീയ സ്ഥിരതയില്ലാത്ത ഒരു മന്ത്രിസഭയാണെന്നു പറഞ്ഞു. എന്താണ് രാഷ്ട്രീയ സ്ഥിരതയില്ലെന്നു പറഞ്ഞത്? നിങ്ങളുടെ കൂടെ നിൽക്കുന്ന ആളുകളെ നിങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ടാണ്. ഒരു ബസ്സ് നിറയെ കെ.പി.സി.സി. ജനറൽ സെക്രട്ടറിമാരല്ലേ ഇപ്പോൾ? എന്തിനാണ് ഈ 18 സെക്രട്ടറിമാർ? പിണങ്ങി നിന്നവരെല്ലാം സെക്രട്ടറിമാർ, പിണങ്ങി നിന്നവരെല്ലാം വൈസ് പ്രസിഡന്റുമാർ, പിണങ്ങി നിന്നവരെല്ലാം ഉപനേതാക്കന്മാർ. എന്തിനാണ്? നിങ്ങൾക്ക് കൂടെ നിൽക്കുന്ന ആളുകളെ വിശ്വാസമുണ്ടെങ്കിൽ ഇങ്ങനെ ജമ്പോ സെക്രട്ടറിമാർ വേണോ? കണ്ടവനെല്ലാം സെക്രട്ടറി. അര കോൺഗ്രസ്സിൽ ഇത്രയും സെക്രട്ടറിമാർ വേണോ? മുഴു കോൺഗ്രസ്സും അല്ലല്ലോ. അപ്പോൾ യഥാർത്ഥത്തിൽ ഇനിയും നിങ്ങളുടെ കൂടെ നിൽക്കുന്ന ആളുകളെത്തന്നെ നിങ്ങൾക്ക് വിശ്വാസമില്ല. എപ്പോൾ നിങ്ങളെ തള്ളിപ്പറയുമെന്നറിയില്ല. ശ്രീ. സി. പി. മുഹമ്മദ് പോയി. മൂന്നേമുക്കാൽ നാഴികനേരം അദ്ദേഹം സെക്രട്ടറിയായിരുന്നു. അദ്ദേഹത്തേയും കളഞ്ഞു. ഇപ്പോൾ സെക്രട്ടറിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ജമ്പോ കമ്മിറ്റിയിലും അദ്ദേഹം സെക്രട്ടറിയല്ല. അങ്ങനെ രാഷ്ട്രീയ സ്ഥിരതയില്ലാത്ത ഒരു മന്ത്രിസഭ. അതുകൊണ്ടുതന്നെയാണ് രാജി വയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

കഴിഞ്ഞ ജൂൺ മാസം 5-ാം തീയതി കേന്ദ്ര ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ആഹ്വാനമനുസരിച്ച് സംസ്ഥാനമൊട്ടാകെ പണിമുടക്ക് നടന്നു. നിങ്ങളുടെ നയത്തിനെതിരായി സംഘടിത തൊഴിലാളി വർഗ്ഗം ജൂൺ മാസം 5-ാം തീയതി പണിമുടക്കു പ്രഖ്യാപിക്കുകയും അത് പിന്നീട് ബന്ദായി മാറുകയും ചെയ്തു. അങ്ങനെയൊരു പണിമുടക്ക് നടത്താൻ കാരണമെന്താണ്? പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വി.ആർ.എസും സി.ആർ.എസും നൽകി എത്ര തൊഴിലാളികളെയാണ് നിങ്ങൾ പിരിച്ചുവിട്ടത്? എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്? നിങ്ങളുടെ നയത്തിന്റെ ഫലമായി ലാഭകരമായി നടന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പലതും പൂട്ടിയില്ലേ? കശുവണ്ടി വ്യവസായ മേഖലയിൽ നിന്നും വരുന്ന ഒരാളാണ് ഞാൻ. കൊല്ലത്ത് രണ്ടര ലക്ഷം കശുവണ്ടിത്തൊഴിലാളികളുണ്ട്. അതിൽ അരലക്ഷം തൊഴിലാളികൾ എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുണ്ട്. കശുവണ്ടി വ്യവസായ മേഖലയെ നിങ്ങൾ ശവപ്പറമ്പാക്കി. കശുവണ്ടി വ്യവസായ മേഖലയെ ഞങ്ങൾ സഹായിക്കും, ഞങ്ങൾ 107 കോടി രൂപ കൊടുത്ത് അത് ഏറ്റെടുക്കും, അഞ്ചു ഘട്ടങ്ങളായി ബാങ്കുകൾക്ക് ഗ്യാരന്റി കൊടുക്കുമെന്ന് പറഞ്ഞു. നിങ്ങൾ പ്രഖ്യാപിത സമയങ്ങളിൽ ബാങ്കുകൾക്ക് ഗ്യാരന്റി നൽകിയോ? ഗ്യാരന്റി നൽകാതിരുന്നതിന്റെ ഫലമായി കശുവണ്ടി വികസന കോർപ്പറേഷൻ എന്ന പൊതുമേഖലാസ്ഥാപനം അടച്ചുപൂട്ടി കിടക്കുകയാണ്. വീണ്ടും അടച്ചുപൂട്ടാനിടയായ കാരണമെന്താണ്? നിങ്ങൾ പറഞ്ഞല്ലോ ആ ബാദ്ധ്യത മുഴുവൻ ഞങ്ങൾ ഏറ്റെടുക്കുമെന്ന്. അഞ്ചു തവണകളായി ബാങ്കുകൾക്ക് നിങ്ങൾ ഗ്യാരന്റി നൽകുമെന്നാണല്ലോ പറഞ്ഞത്. നിങ്ങൾ സമയത്ത് ഗ്യാരന്റി നൽകിയോ? മാർച്ച് മാസം 30-ാം തീയതി ഈ സഭയിൽ ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചതാണ്. അന്ന് അതു സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി മിണ്ടിയില്ല. അദ്ദേഹം പറഞ്ഞു, കാപ്പെക്സിന് രണ്ടു കോടി രൂപ കൊടുക്കുമെന്ന്. കശുവണ്ടി വികസന 'കോർപ്പറേഷന്റെ കാര്യം മിണ്ടിയില്ല. കോർപ്പറേഷൻ ഒരിക്കൽ ഒന്നു കണ്ണു തുറന്നതാണ്. വീണ്ടും കണ്ണടച്ചു. അവിടെ തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ചുപോലും അഴിമതിയുണ്ട്. സമയ ബന്ധിതമായി പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിക്കുന്നതിനു വേണ്ടി ഒന്നും ചെയ്തില്ല. വികലാംഗരെ കൊള്ളയടിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. 110 രൂപ യായിരുന്ന വികലാംഗ പെൻഷൻ 150 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. അതു വർദ്ധിപ്പിച്ചില്ല. ഈ അടുത്ത കാലത്ത് ധനകാര്യമന്ത്രി പ്രഖ്യാപിച്ചു, 150 രൂപ കൊടുക്കില്ല 140 രൂപ കൊടുത്തേയ്ക്കാമെന്ന്. വികലാംഗരുടെ പെൻഷൻ വിഹിതത്തിൽ നിന്നും 10 രൂപ തട്ടിയെടുക്കാൻ വേണ്ടി ശ്രമിച്ച ഗവൺമെന്റാണിത്. ഭിക്ഷക്കാരെപ്പോലും കൊള്ളയടിക്കുന്ന ഗവൺമെന്റാണിത്. അങ്ങനെ സമസ്ത മേഖലകളിലും അഴിമതി, പാവപ്പെട്ടവന്റെ ജീവിതം ദുരിതത്തിലാഴ്ത്തിയ, പരമ്പരാഗത വ്യവസായ മേഖലയെ തകർത്ത, വ്യാവസായിക മേഖലയെ ശവപ്പറമ്പാക്കിയ ഈ ഗവൺമെന്റിന് ഒരു നിമിഷം പോലും ഭരിക്കുവാൻ അവകാശമില്ല. ധാർമ്മിക ബോധത്തിന്റെ അടിസ്ഥാനത്തിൽ രാജി വയ്ക്കണം. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിന്തുണയ്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രതിപക്ഷം അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ എതിർക്കുകയാണ്. ഈ സഭയിൽ ഇതിനുമുമ്പ് 18 പ്രാവശ്യം അവിശ്വാസ പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ ആ അവിശ്വാസപ്രമേയ ചർച്ചകൾ എല്ലാം പരിശോധിച്ചപ്പോൾ, ഏറ്റവും രസകരമായി തോന്നിയ ഒരു കാര്യം, ഈ 18 അവിശ്വാസ പ്രമേയങ്ങളിലും, ഇതവതരിപ്പിച്ച പ്രതിപക്ഷം, വളരെ ആക്രമണോത്സുകതയോടുകൂടി ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ട് ആഞ്ഞടിക്കുന്ന ഒരു ചിത്രമാണ് കാണാൻ കഴിഞ്ഞത്. ഇന്നിവിടെ ചർച്ച ചെയ്യപ്പെടുന്ന, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തിൽ, നേരത്തെ അവതരിപ്പിച്ച 18 അവിശ്വാസ പ്രമേയങ്ങളിൽ നിന്നും വ്യത്യസ്തമായി, അവിശ്വാസ പ്രമേയം അവതരിപ്പിച്ച പ്രതിപക്ഷം തന്നെ പ്രതിരോധത്തിൽ നിൽക്കുന്ന ദയനീയമായ ഒരു കാഴ്ചയാണ് കാണാനാകുന്നത്. ഇന്നു രണ്ടാമത്തെ ദിവസമായപ്പോൾ അത് offensive-ലേയ്ക്ക് എത്തിക്കാൻവേണ്ടി ശ്രീ. എം. വി. ജയരാജന്റെ നേതൃത്വത്തിൽ ഒരു ശ്രമം നടന്നു. 374 കോടി രൂപയുടെ അഴിമതി ആക്ഷേപം വന്നു. എ.കെ.ജി. സെന്ററിൽ നിന്നും അദ്ദേഹത്തിന് എഴുതിക്കൊടുത്തത് മൂവ്വായിരം കോടി രൂപയുടെ അഴിമതി ആരോപണമാണ്. പത്തിരട്ടി തുകയുടെ അഴിമതിയാരോപണം. അങ്ങനെ ഓരോന്നോരോന്നായി പറയുകയാണ്. കണക്കു പറഞ്ഞ കൂട്ടത്തിൽ ജലസേചന വകുപ്പിൽ, വരാൻ പോകുന്ന ഒരു ടെൻഡറിൽ, നടക്കാൻ സാദ്ധ്യതയുള്ള ഒരു അഴിമതിയെക്കുറിച്ചുവരെ ആരോപണം ഉന്നയിച്ചു. മൂവ്വായിരം കോടി രൂപ എങ്ങനെയെങ്കിലും തികയ്ക്കണ്ടേ? ഇങ്ങനെയാതൊരുവിധ ഉത്തരവാദിത്വവുമില്ലാതെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷം പോകുകയാണ്. 1995 ഫെബ്രുവരി 3-ാം തീയതി പ്രതിപക്ഷനേതാവ് ഈ സഭയിൽ അവതരിപ്പിച്ച അവസാനത്തെ അവിശ്വാസപ്രമേയം, അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ തന്നെയാണ് ആ പ്രമേയം കൊണ്ടുവന്നത്. ഇന്നു അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ 9 എം.എൽ.എ.-മാർ കോൺഗ്രസ്സ് വിട്ട് അപ്പുറത്തു പോയതിന്റെ സന്തോഷത്തിലാണ്. ആ 9 എം.എൽ.എ. മാരുടെ നേതാവായ ശ്രീ. കെ. കരുണാകരനെതിരായി, ശ്രീ. വി.എസ്. അച്ചുതാനന്ദൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിലെ വാചകം ഞാൻ വായിക്കാം. "ഇന്ത്യൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും ശാസ്ത്ര സാങ്കേതിക രഹസ്യം വിദേശരാഷ്ട്രങ്ങൾക്ക് ചോർത്തിക്കൊടുത്തതായി പറയപ്പെടുന്ന കേസ്സിൽ ഉൾപ്പെട്ട പ്രധാന വ്യക്തി എന്നു ഹൈക്കോടതി കണ്ടെത്തിയ പോലീസ് ഓഫീസറുടെ പേരിൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നു", വർഷം പത്തു കഴിഞ്ഞപ്പോൾ, നാടിന്റെ രഹസ്യങ്ങൾ അപ്പുറത്തേയ്ക്കു ചോർത്തിക്കൊടുക്കാൻ ശ്രമിച്ചു എന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആരോപണം ഉന്നയിച്ച ശ്രീ. കെ. കരുണാകരൻ കൂടെ വരുന്നതിന്റെ സന്തോഷത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സന്തോഷിക്കുന്നതു ശരിയാണോ എന്നൊന്ന് ആലോചിക്കണം. കേരളപ്പിറവിക്കു ശേഷം ഒരുപാടു മാറ്റങ്ങൾ സംസ്ഥാനത്തുണ്ടാക്കാൻ വേണ്ടി ശ്രമിച്ച ഒരു ഗവൺമെന്റാണിത്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ ഇവിടെ ഉന്നയിച്ചു. കേരളപ്പിറവിക്കു ശേഷം നിക്ഷേപങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കാൻ ഏറ്റവും കൂടുതൽ ശ്രമം നടത്തിയ ഗവൺമെന്റാണ് ഞങ്ങളുടേത്. 2003 ജനുവരിയിൽ ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെത്തുടർന്ന് ചർച്ചകൾ നടന്നു. കേരളത്തിൽ ഇരുപത്തേഴായിരം കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാൻ സാദ്ധ്യതയുണ്ട്. കേരള ത്തിന്റെ മനോഭാവത്തിനു മാറ്റമുണ്ടായിരിക്കുന്നു. കേരളത്തിൽ നിക്ഷേപം നടത്താൻ ആളുകൾ വരുന്നു എന്നുള്ള ധാരണ വന്നപ്പോൾ, ജനുവരി മാസത്തിൽ "ജിം" നടന്നെങ്കിൽ, ഫെബ്രുവരിയിൽ എ.കെ.ജി. സെന്ററിൽ സി.പി.ഐ. (എം.)-ന്റെ സംസ്ഥാന കമ്മിറ്റി യോഗം ചേർന്നു. എന്താണ് ആ സംസ്ഥാന കമ്മിറ്റി എടുത്ത തീരുമാനം? ശ്രീ. എ.കെ. ആന്റണിയെ ഇങ്ങനെ വെറുതെ വിടാൻ പാടില്ല. കേരളത്തിൽ സമരങ്ങൾ ആരംഭിക്കണം. അങ്ങനെ ആദ്യത്തെ സമരം ഡിക്ലയർ ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ എല്ലാ താലൂക്ക് ഓഫീസുകളും പത്തു ദിവസം നിരന്തരമായി പിക്കറ്റു ചെയ്യാൻ, കേരളത്തെ ഉപരോധിക്കാൻ, ഒരു മനുഷ്യനെപ്പോലും അകത്തു കയറ്റാതെ, സാധാരണക്കാർ കയറിയിറങ്ങുന്ന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഓഫീസുകളായ താലൂക്കാഫീസുകൾ തുടർച്ചയായി സി.പി.ഐ. (എം.) പിക്കറ്റു ചെയ്തു. ഡി.വൈ.എഫ്.ഐ.-യുടെ സമരം, എസ്.എഫ്..ഐ.-യുടെ സമരം, കശുവണ്ടിത്തൊഴിലാളികളുടെ സമരം, കൈത്തറിത്തൊഴിലാളികളുടെ സമരം, കെ.എസ്.കെ.ടി.യു.-വിന്റെ സമരം, എല്ലാവരേയും തെരുവിൽ ഇറക്കി സമരം ചെയ്യിപ്പിച്ചിട്ട്, 'ജിം'-ന്റെ തുടർപദ്ധതികളായ പൈലറ്റു പ്രോജക്ടുകളുമായി നിക്ഷേപം തുടങ്ങാൻ വന്ന ആളുകൾക്ക്, വിണ്ണിൽ നിന്നും മണ്ണിൽ ഇറങ്ങുന്നതിനു മുമ്പ്തന്നെ നാടും വിട്ട് ഓടി പോകേണ്ട ഗതികേട് കേരളത്തിൽ ഉണ്ടാക്കാൻ ഇവർ ശ്രമിച്ചു. വികസനത്തിന്റെ പാളങ്ങളിൽ കയറി പുരോഗതിയിലേയ്ക്കു വന്ന കേരളത്തിന്റെ ട്രെയിൻ ചെങ്കൊടി കാട്ടി തടഞ്ഞു നിർത്താനാണ് അവർ ശ്രമിച്ചത്. 1970-കളിൽ ഹരിത വിപ്ലവത്തിനും വ്യവസായ വിപ്ലവത്തിനും സാധ്യതയുണ്ടായിരുന്ന സംസ്ഥാനത്ത് ചെങ്കൊടി കാട്ടി വികസനത്തെ തടഞ്ഞു നിർത്തിയ അതേ ആളുകൾ 30 വർഷത്തിനു ശേഷം, വീണ്ടും ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ്, യു.ഡി.എഫ്. ഗവൺമെന്റ്, കേരളത്തിൽ വന്നപ്പോൾ വികസനത്തെ തടഞ്ഞു നിർത്തുന്ന യഥാർത്ഥ ചിത്രം കേരളത്തിൽ കണ്ടു. ഇവിടെ ഒരുപാട് ആക്ഷേപങ്ങൾ ഉണ്ടായല്ലോ. ഈ ഗവൺമെന്റ് ഒരു ക്ഷേമരാഷ്ട്രമെന്നുള്ള ജനാധിപത്യ സങ്കൽപ്പത്തെ തകർക്കുന്ന ഗവൺമെന്റാണെന്നാണ് നിങ്ങളുടെ ആക്ഷേപം. ഞങ്ങൾ വെല്ലുവിളിക്കുന്നു. ഈ ഗവൺമെന്റ് ഒരു ക്ഷേമരാഷ്ട്രത്തെ തകർക്കുന്ന, പൊതുമേഖലയെ തകർക്കുന്ന എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്? പൊതു വിദ്യാഭ്യാസത്തെ തകർക്കാൻ ഞങ്ങൾ കൂട്ടു നിന്നോ? പൊതു വിദ്യാഭ്യാസ മേഖലയെ പിടിച്ചു നിർത്താനുള്ള എന്തെല്ലാം തീരുമാനങ്ങൾ എടുത്തു. സ്വാശ്രയ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഞാൻ പറയുന്നില്ല. എല്ലാവർക്കും അറിയാം, ഇവിടെ ഗവൺമെന്റല്ല വില്ലനെന്ന്. വില്ലനെന്നു പറയുന്നതു സുപ്രീം കോടതിയാണ്. നാനൂറോളം സ്ഥാപനങ്ങൾ ആരംഭിച്ചപ്പോൾ, പുഷ്പഗിരി കോളേജൊഴിച്ച് ബാക്കി എല്ലായിടത്തും 50 ശതമാനം മെറിറ്റ് സീറ്റും 50 ശതമാനം മാനേജ്മെന്റ് സീറ്റും കേരളത്തിലുണ്ടല്ലോ? ഫീസിന്റെ കാര്യത്തിൽ ക്രോസ് സബ്സിഡി പാടില്ല. മാനേജ്മെന്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ പണം കൊണ്ട് മെറിറ്റ് സീറ്റിൽ കുട്ടികൾ പഠിക്കേണ്ട എന്നു ഇസ്ലാമിക്

LIBRARY ARCHIVES Kerala Legislative Assembly

അക്കാദമി കേസ്സിൽ സുപ്രീം കോടതി എഴുതി വച്ചാൽ നമ്മളെന്തു ചെയ്യും? ഇവിടെ പലരും പറയുന്നതു കേട്ടു, ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് 50 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ മാനേജ്മെന്റിന്റെ കയ്യിൽ നിന്നും ഒരു എഗ്രിമെന്റ് വാങ്ങിയിരുന്നുവെങ്കിൽ ഇതൊന്നും നടക്കില്ലായിരുന്നുവെന്ന്. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധിക്കു മുമ്പിൽ 50 രൂപയുടെ മുദ്രപ്പത്രത്തിനു എന്തു വിലയാണ് കേരളത്തിലുണ്ടാകാൻ പോകുന്നത്? 500 രൂപയുടെ മുദ്രപത്രത്തിൽ എഴുതിയാലും അതിനു കടലാസ്സിന്റെ വിലപോലും ഉണ്ടാകുമായിരുന്നില്ല. ഈ കേസ്സിൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചാണ് വില്ലൻ. 9-ാം ഷെഡ്യൂളിൽപ്പെടുത്തി പകരം നിയമമുണ്ടാക്കുക മാത്രമാണ് ഇക്കാര്യത്തിൽ ഒരു പോംവഴി. കേരളത്തിലെ പൊതുജനാരോഗ്യമേഖല ഞങ്ങൾ തകർത്തോ? ശ്രീ. കടവൂർ ശിവദാസൻ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ, കേരളത്തിലെ 201 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഐ.പി. തുടങ്ങിക്കൊണ്ട്, ഡോക്ടർമാരെ നിയമിച്ചുകൊണ്ട് അതിനെയെല്ലാം ശക്തിപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചില്ലേ? എത്ര ധർമ്മാശുപത്രിയാണ് കേരളത്തിൽ യു.ഡി.എഫ്.-ന്റെ കാലത്ത് പൂട്ടിപ്പോയത്? ഒരു ധർമ്മാശുപത്രിയും കേരളത്തിൽ പൂട്ടിപ്പോയില്ല എന്നു മാത്രമല്ല കഴിഞ്ഞ നിരവധി വർഷക്കാലമായി ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ജനപ്രതിനിധികൾ ആവശ്യപ്പെട്ടതുപോലെ രോഗികളെ കിടത്തി ചികിത്സിക്കാൻ, ഡോക്ടർമാരെ നിയമിക്കാൻ, സ്റ്റാഫിനെ നിയമിക്കാൻ, പൊതുമേഖലയെ ശക്തിപ്പെടുത്താൻ ഒക്കെ തീരുമാനങ്ങളെടുത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിനെതിരായി എന്തെല്ലാം ആക്ഷേപങ്ങളുണ്ടായിരുന്നു. പെരിയാറിലെ വെള്ളം വിൽക്കാൻ പോകുന്നു, പെരിയാറേ നീ മരിക്കാൻ പോകുന്നുയെന്ന് പു.ക.സ.-യിലെ കവികൾ കവിതകൾ ചൊല്ലി. കവി സമ്മേളനം നടത്തി. ശ്രീ. പിണറായി വിജയൻ ആ മഹാസമ്മേളനത്തിൽ പ്രസംഗിച്ചു. ഈ നിയമസഭയിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ.ആന്റണി രേഖകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു. ഇടതുമുന്നണിയുടെ ഭരണ കാലത്ത് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സുശീല ഗോപാലൻ തയ്യാറാക്കിയ പദ്ധതി മദ്രാസിലെ യു.എസ്. കോൺസുലേറ്റിൽ ഷോകേസ് ചെയ്ത പദ്ധതിയാണ് പെരിയാറിന്റെ കുടിവെള്ള പ്രോജക്ടെന്നു പറഞ്ഞു. നിങ്ങൾ വീണ്ടും പ്രതിരോധത്തിലായി. ഇപ്പോൾ പറയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് Express Way കൊണ്ടുവരാൻ പോകുന്നുവെന്നാണ്. നമ്മൾ പഴയ ഒരു തീരുമാനവും അറിഞ്ഞിട്ടില്ലെന്ന് സി.പി.ഐ.-ക്കാർ പറയുന്നു. ശ്രീ. പി.ജെ. ജോസഫ് ചോദിക്കുന്നത് എന്തിനാണ് Express Way എന്നുള്ള പേര്, വേറെ ഏതെങ്കിലും പേര് പോരെയെന്നാണ്. Express Way കേരളത്തിൽ കൊണ്ടുവരാൻ പാടില്ലെന്ന് ശ്രീ. എം.പി. വീരേന്ദ്രകുമാർ പറയുന്നു. ഇവിടെ രേഖയുണ്ട്. 1997-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ ഓർഡറുണ്ട്. ഒരു ഹൈ പവർ കമ്മിറ്റിയെ വച്ചുകൊണ്ടുള്ള ഓർഡർ. അതിൽ പറയുന്നു While the express way is proposed to be undertaken through private sector participation, through built operate and transfer approach, the State Government would have to initiate number of supportive legislations. Express way എന്ന പേരിട്ടത് ശ്രീ. പി. ജെ. ജോസഫ് തന്നെയാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ: അവിശ്വാസപ്രമേയത്തെക്കുറിച്ചുള്ള ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മറ്റുള്ള മന്ത്രിമാരോ സീറ്റിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ ഉണ്ടല്ലോ. അവർ സീറ്റിൽനിന്ന് മാറിയിരിക്കുന്നുയെന്നേയുള്ളു. ഒരത്യാവശ്യത്തിന് പോകേണ്ടെന്ന് പറയാൻ പറ്റുമോ?

ശ്രീ. കെ.പി. രാജേന്ദ്രൻ: ഇത് ശരിയാണോ?

മി. ചെയർമാൻ: എല്ലാപേരും കേൾക്കുന്നുണ്ടല്ലോ.

ശ്രീ. എം. എം. ഹസ്സൻ: ഇതുപോലുള്ള ഒരു അവിശ്വാസപ്രമേയ ചർച്ചയിൽ പ്രതിപക്ഷനേതാവ് ഇല്ലല്ലോ. അപ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലായില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ഗവൺമെന്റിന് എതിരായിട്ട് അവതരിപ്പിച്ച അവിശ്വാസപ്രമേയ ചർച്ചയിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വേണ്ടേ?

മി. ചെയർമാൻ: മുഖ്യമന്ത്രി വന്നു. മറുപടി പറയേണ്ടവർ മറുപടി പറയും. .....(ബഹളം).....പ്ലീസ് രാജു എബ്രഹാം, ഇരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: 1997-ൽ പ്രൈവറ്റ് സെക്ടറിൽ കൊടുക്കാൻ പോയ express way-ക്ക് പേരിട്ടത് അന്നുതന്നെയാണ്. എന്താണെന്നോ ലെജിസ്ലേഷനിൽ പാസ്സാക്കാൻ പോയത്. A separate legislation would be required for regulating and controlling the traffic, for limiting and controlling access to the express way, prohibiting slow moving vehicles, pedestrian traffic etc. on the express way. ചെറിയ ചെറിയ വാഹനങ്ങൾക്കും കാൽനടക്കാർക്കും അതിനകത്തേയ്ക്ക് പ്രവേശിക്കുന്നത് നിരോധിക്കാനുള്ള ഒരു നിയമം പാസ്സാക്കണമെന്ന് ഗവൺമെന്റ് ഓർഡർ ഇറക്കിയ ആളുകളാണ് ഇവർ. അടുത്തത് എന്താണ്, Amendments would be required to the Toll Act to enable private entrepreneurs to structure the toll fees and collect the toll revenue having regard to the expenditure involving building, maintenance, management of the express way എന്നാണ്. ടോൾ ആക്ട് പരിഷ്ക്കരിച്ച് പ്രൈവറ്റ് സെക്ടറിൽ കൊടുക്കണമെന്ന് ഗവൺമെന്റ് ഓർഡർ ഇറക്കിയിരിക്കുന്നു. ഞങ്ങൾ ടോൾ നിയമം ഭേദഗതി ചേയ്തു. എങ്ങനെയാണ് ഭേദഗതി ചെയ്തതെന്നോ. ടൂ-വീലറുകൾക്ക് ഇനി മുതൽ ടോൾ കൊടുക്കേണ്ട. 35 ലക്ഷം രൂപവരെയുള്ള പാലങ്ങൾക്ക് ആദ്യം ടോൾ കൊടുക്കണമായിരുന്നു. അത് ഞങ്ങൾ ഒരു കോടി രൂപ വരെയുള്ള പാലങ്ങൾ എന്നാക്കി. 15 വർഷമായി നിരന്തരം ടോൾ വാങ്ങിക്കൊണ്ടിരുന്ന പാലങ്ങളിൽ ഇനി ടോൾ വാങ്ങണ്ട എന്നു പറഞ്ഞു. ഞങ്ങളല്ലേ ജനക്ഷേമകരമായി ടോൾ ആക്ട് ഭേദഗതി ചെയ്തത്. അന്ന് കേരളം മുഴുവൻ ആടിനെ പേപ്പട്ടിയാക്കുന്ന പ്രചരണം നടത്തി. യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ വെട്ടി മുറിയ്ക്കാൻ പോകുന്നുവെന്നു പറഞ്ഞു. ശ്രീ. കെ. പി. രാജേന്ദ്രന്റെ പാർട്ടി ഇങ്ങനെയൊരു തീരുമാനമെടുത്തത് അറിഞ്ഞിട്ടില്ലെന്ന് പറഞ്ഞു. ആരൊക്കെയാണ് ഹൈ പവർ കമ്മിറ്റിയിലുണ്ടായിരുന്നത്? ഫൈനാൻസ് മിനിസ്റ്റർ, റവന്യൂ മിനിസ്റ്റർ, (ശ്രീ. കെ.ഇ. ഇസ്മയിൽ), ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ലാ സെക്രട്ടറി എന്നു പറഞ്ഞാൽ ശ്രീ. ചന്ദ്രശേഖരൻ നായരുടെ സെക്രട്ടറി, ട്രാൻസ്പോർട്ട് സെക്രട്ടറി എന്നു പറയുന്നത് ഇതിനെ എതിർക്കുന്ന ജനതാ ദളിലെ മന്ത്രിയുടെ സെക്രട്ടറി, ചെയർമാൻ ശ്രീ. പി. ജെ. ജോസഫ് ഇവരെല്ലാംകൂടി എടുത്ത തീരുമാനമാണ്. കേരളത്തിലെ ആളുകളെ ഇത്രമാത്രം കബളിപ്പിക്കുന്ന, കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കി

LIBRARY ARCHIVES Kerala Legislative Assembly

പ്രചരണം നടത്തിയ ആളുകളാണ് ഇപ്പോൾ സംസാരിക്കുന്നത്. ഇവിടെ സ്മാർട്ട് സിറ്റിയെക്കുറിച്ച് സൂചിപ്പിച്ചു. പ്രതിപക്ഷനേതാവ് പറഞ്ഞത് സ്മാർട്ട് സിറ്റി നടപ്പിലാക്കാൻ വേണ്ടി കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരെ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ കയ്യാമംവച്ച് ജയിലിലേയ്ക്ക് കൊണ്ടുപോകേണ്ടിവരുമെന്നാണ്. പ്രതിപക്ഷ നേതാവ് ക്യാബിനറ്റ് റാങ്കിലുള്ള ഒരാളാണ്. അദ്ദേഹമാണ് കലാപത്തിന് ആഹ്വാനം ചെയ്യുന്നതുപോലെ, ഒരു ജനകീയ ഗവൺമെന്റ്, ജനങ്ങളുടെ mandate-ഉമായി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റ് തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്യോഗസ്ഥന്മാരെ ബ്ലാക്ക് മെയിൽ ചെയ്യുന്നത്. ഇൻഡ്യൻ പീനൽ കോഡിൽ എന്താണ് ബ്ലാക്ക് മെയിലിംഗിനുള്ള ingredients എന്ന് ഞാൻ വായിക്കുന്നില്ല. പക്ഷേ ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ പ്രസ്താവനയിൽ ഇൻഡ്യൻ പീനൽ കോഡിൽ കയ്യാമംവച്ച് ജയിലിലേയ്ക്ക് വിടേണ്ട എല്ലാ ഒഫൻസിന്റേയും ingredients ഉണ്ടെന്നു മാത്രം ഞാൻ സൂചിപ്പിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു ആക്ഷേപം ഈ ഗവൺ മെന്റിൽ നിന്നും കുറെ ആളുകൾ അപ്പുറത്തേയ്ക്ക് പോയിരിക്കുന്നുവെന്നുള്ളതാണ്. ഇപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബും ഈ ഗവൺമെന്റിനെ വിമർശിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയെ കീറി മുറിക്കാൻ പോകുന്നു. യു.ഡി.എഫ്. നയങ്ങളെ വിമർശിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി പുതിയ യു.ഡി.എഫ്. നയം ഉണ്ടാക്കിയോ? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബും ഒരുമിച്ചിരുന്നെടുത്ത തീരുമാനങ്ങളല്ലാതെ എന്തെങ്കിലും നയവ്യത്യാസമുണ്ടോ? അതല്ലാതെ എന്ത് നയവ്യത്യാസമാണുണ്ടായത്? ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയെ വിഴുങ്ങുമെന്നാണ് പറയുന്നത്. നമുക്കറിയാം മൂട്ട കടിച്ചാൽ നമുക്ക് അസ്വസ്ഥതയുണ്ടാകും. പക്ഷെ മൂട്ട കടിച്ച് ആരും മരിച്ചതായി ചരിത്രത്തിൽ ഇതേവരെ രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രം ഞാൻ സൂചിപ്പിക്കുന്നു. ഇവിടെ ഭരണ കൂടത്തിന്റെ ഭീകരതയെക്കുറിച്ചാണ് പറഞ്ഞത്. വിദ്യാർത്ഥികളെ തല്ലിക്കൊല്ലുന്നു, മർദ്ദക വീരൻ എന്നാണ് പറയുന്നത്. കേരളത്തിലെ തെരുവുകളിൽ പാലസ്തീനിലും ജോർദ്ദാൻ നദിയുടെ പടിഞ്ഞാറെക്കരയിലും ലാറ്റിൻ അമേരിക്കയിലെ തെരുവുകളിലും നടക്കുന്ന കലാപത്തിന് സമാനമായ കലാപമാണ് നടന്നത്. എന്നിട്ടും കുട്ടികളെ തല്ലിയെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇടതുപക്ഷം ഭരിക്കുമ്പോൾ നിരായുധരായി സമരത്തിനുപോയ കുട്ടികളെ കെ.എസ്.യു.-വിന്റെ സംസ്ഥാന സെക്രട്ടറി അജയ് തറയിലിന്റെ ഉടുമുണ്ട് രണ്ടായി വലിച്ചു കീറി കൈയും കാലും കെട്ടി നിലത്തിട്ടു തല്ലിയ ചരിത്രമാണുള്ളത്. ലാറ്റിൻ അമേരിക്കയിലെ പോലീസോ, പാലസ്തീനിലെ ഇസ്രായേലി പോലീസോ ഇതുവരെ ഇതുപോലുള്ള ഒരു ക്രൂരകൃത്യം ചെയ്തിട്ടില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത ചൈനയിലെ ടിയാനെൻ സ്ക്വയറിലെ കുട്ടികൾ, ചൈനയിൽ എല്ലാ വീട്ടിലും ഓരോ കുട്ടിക്കളേയുള്ളൂ. അവരെല്ലാംകൂടി ഇരുന്ന്, ഗാന്ധിയൻ രീതിയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടത്തിയപ്പോൾ അവരെ നേരിട്ടത് ടാങ്കറുകളാണ്. ആ കുട്ടികളെ മുഴുവൻ ടാങ്കറുകളുപയോഗിച്ച് കൊന്നൊടുക്കിയ ആളുകൾ, ആ ചൈനീസ് പാർട്ടിയെ ആരാധിക്കുന്ന നിങ്ങൾ നിയമസഭയിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ മർദ്ദക വീരൻ എന്നുപറഞ്ഞാൽ, നിങ്ങൾ അതെല്ലാം മറന്നുപോകരുത്. എല്ലാ കാര്യങ്ങളെക്കുറിച്ചും ഓർമ്മകളുണ്ടായിരിക്കണമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എസ്.എൻ.സി. ലാവ്‌ലിനുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യരുതെന്നാണ് പറയുന്നത്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്ന ആളുകൾ, അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്ന ആളുകൾ, അറിയാൻ വേണ്ടിയുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദമുയർത്തുന്ന ആളുകൾ ഒരു പോയിന്റ് ഓഫ് ഓർഡറിലൂടെ ഈ സംഭവം ചർച്ച ചെയ്യരുതെന്ന് പറഞ്ഞാൽ, ചർച്ച ചെയ്താൽ എന്താണ്? ശ്രീ. ടി. എം. ജേക്കബ് ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യമല്ലേ? ഇവിടെ എ.ജി.-യുടെ ഡ്രാഫ്റ്റ് റിപ്പോർട്ടിനെക്കുറിച്ച് ആരും പറയുന്നില്ല. ഇവിടെ വിജിലൻസ് അന്വേഷിക്കാൻ എടുത്ത കാര്യമല്ലേ? നിയമസഭാ കമ്മിറ്റി തീരുമാനിച്ച കാര്യമല്ലേ? ആ കാര്യം പറയരുതെന്ന് പറഞ്ഞാൽ .....(ബഹളം).....ഇവിടെ അസഹിഷ്ണുത കാണിക്കേണ്ട. ഡോ.തോമസ് ഐസക് അരമണിക്കൂർ പ്രസംഗിച്ചത് എ.ജി.-യുടെ ഡ്രാഫ്റ്റ് റിപ്പോർട്ടുകൂടി വച്ചുകൊണ്ടാണ്. അദ്ദേഹം ഇത് defend ചെയ്യാൻ ബാദ്ധ്യതയുള്ള ആളാണ്. പക്ഷെ അദ്ദേഹം കുറെ ദിവസമായി weak arguments-ഉം ആയി മുന്നോട്ട് പോകുകയാണ്. ചോദ്യങ്ങൾ വളരെ നിസ്സാരമാണ്. എവിടെപ്പോയി മലബാർ ക്യാൻസർ സെന്ററിന്റെ 100 കോടി രൂപ? എട്ടരക്കോടി രൂപ കിട്ടിയെന്ന കണക്കുണ്ട്. ബാക്കിയുള്ള തുക എവിടെപ്പോയി? ഇതാണ് ചോദ്യം. അതിനുത്തരം പറയണം. ഇലക്ട്രിസിറ്റി ബോർഡിൽ Transmission loss ആണെന്ന് പറയും. പ്രസരണ നഷ്ടം. വൈദ്യുതിയുമായി ബന്ധപ്പെട്ട വേറൊരു ടേം ഉണ്ട്. Pilferage (വൈദ്യുതി മോഷണം). ഈ വിഷയത്തിൽ 100 കോടി രൂപയാണ്. അത് ട്രാൻസ്മിഷൻ ലോസ് ആണോ അതോ pilferage ആണോ സംഭവിച്ചത്, അത് കാനഡയിൽ നിന്നാണോ സംഭവിച്ചത്, കേരളത്തിൽ നിന്നാണോ സംഭവിച്ചത് എന്നു മാത്രം അറിഞ്ഞാൽ മതി. വളരെ ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരം പറയണം. അത് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ഈ ഗവൺമെന്റ് ഒരുപാട് വികസന പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ടു പോകുന്ന ഗവൺമെന്റാണ്. ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഏറ്റവും വലിയ കേന്ദ്രനിക്ഷേപം ഉണ്ടായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. വല്ലാർപാടം ഇന്റർനാഷണൽ കൺടെയിനർ ടെർമിനൽ, തുറമുഖാധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, എൽ.എൻ.ജി. ടെർമിനൽ, ഇന്റർനാഷണൽ ബങ്കറിംഗ് ടെർമിനൽ, കായംകുളം എൻ.ടി.പി.സി.-യുടെ ഡെവലപ്പ്മെന്റ്, കൊച്ചിയിലെ ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ, ഇറ്റാലിയൻ ഫാഷൻ വില്ലേജ് തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. കേരളത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സമരങ്ങൾ ഉണ്ടാക്കി പ്രയോറിറ്റികളെ മാറ്റി മറിച്ചുകൊണ്ട് പ്രതിപക്ഷം മുന്നോട്ടു പോകുന്നു. അതുകൊണ്ട് പ്രതിപക്ഷം അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഐവർജന്നിംഗ്സ് 'പാർലമെന്റ്' എന്നുള്ള തന്റെ പുസ്തകത്തിൽ, ബ്രിട്ടീഷ് പാർലമെന്റ് കണ്ട ഏറ്റവും മോശപ്പെട്ട പ്രതിപക്ഷത്തെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം പറയുന്ന വാചകം ഇങ്ങനെയാണ്. They had nothing to propose. They oppose everything. They were the dirtiest opposition that the British Parliament has ever seen. 50 വർഷങ്ങൾക്കു മുമ്പാണ് ഐവർജന്നിംഗ്സ് ഇങ്ങനെ പറഞ്ഞത്. കേരളപ്പിറവിക്കു മുമ്പ്. അതുകൊണ്ട് കേരളപ്പിറവിയുടെ 50 വർഷം പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യാകാൻ പോകുമ്പോൾ ഞാൻ പറയുന്നു, ഈ നിയമസഭ കണ്ട ഏറ്റവും നിഷേധാത്മകമായ സമീപനമുള്ള, ഏറ്റവും നെഗറ്റീവ് ആയി പ്രതിപക്ഷം അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചു എന്നുള്ളതുകൊണ്ടല്ല ഈ അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നത്. ഇത് എല്ലാ വിഭാഗം ജനങ്ങളുടേയും അവിശ്വാസപ്രമേയമാണ്. കേരളത്തിലെ വിശ്വകർമ്മജർ, യാക്കോബായസഭ, പെൻഷൻ സംഘടനകൾ, അവശ ക്രൈസ്തവർ, മഹിളാ പ്രധാൻ ഏജന്റുമാർ, വിദ്യാർത്ഥികൾ, പത്രമാധ്യമപ്രവർത്തകർ, യുവജനങ്ങൾ, കർഷകത്തൊഴിലാളികൾ, മഹിളകൾ, സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ അങ്ങനെ എല്ലാവിഭാഗം ആളുകളുടേയും അവിശ്വാസ പ്രമേയമാണ് എന്നുള്ളതുകൊണ്ടാണ് ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നത് ഇവിടെ രണ്ടു ഗവൺമെന്റാണുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിയുണ്ടോ? De facto ഗവൺമെന്റും De jure ഗവൺമെന്റും. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഏതാനും മന്ത്രിമാർ രാവിലെ യോഗം ചേർന്ന് De facto ക്യാബിനറ്റ് തീരുമാനം എടുക്കുന്നു. അതിനു ശേഷം De jure ക്യാബിനറ്റിൽ സീനിയർ മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീമതി കെ.ആർ.ഗൗരിയമ്മ, ശ്രീ. എം. വി. രാഘവൻ തുടങ്ങിയവർ ഉണ്ട്. ഒരക്ഷരം ഉരിയാടാൻ അവർക്ക് അവകാശമില്ല. De facto ക്യാബിനറ്റ് മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടും. കോൺഗ്രസിലെ മന്ത്രിമാർ അത് തീരുമാനിക്കും, ചർച്ച ചെയ്യും അപ്പുറത്തു വന്ന് ഇരിക്കും. ശ്രീ. കെ. എം. മാണിക്ക് മിണ്ടാൻ അവകാശമില്ല. ശ്രീമതി ഗൗരിയമ്മയ്ക്ക് മിണ്ടാൻ അവകാശമില്ല. ശ്രീ. ബാബു ദിവാകരൻ മിണ്ടുകയില്ല. വീരശൂര പരാക്രമിയായ ശ്രീ. എം. വി. രാഘവൻ മിണ്ടുകയില്ല. ഇതാണ് കേരളത്തിലെ ക്യാബിനറ്റ്. ഈ ക്യാബിനറ്റിനെതിരെയാണ് ഈ അവിശ്വാസപ്രമേയം. എനിക്ക് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകളുടെ സംസാരം കേട്ടാൽ തോന്നും ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഇവിടെ ഭരിക്കുന്നതെന്ന്. ഈ ലാവ്‌ലിൻ പ്രശ്നം ഇല്ലാതിരുന്നുവെങ്കിൽ എന്താകുമായിരുന്നു അപ്പുറത്തെ സ്ഥിതി? ലാവ്‌ലിൻ കേസ് അന്വേഷിക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയല്ലേ ഇത് അന്വേഷിക്കേണ്ടത്? പ്രസംഗിക്കാതെ ആണത്തമുണ്ടെങ്കിൽ, തന്റേടമുണ്ടെങ്കിൽ അന്വേഷിക്കണം. അതാണ് വേണ്ടത്. മറ്റൊന്നും കാട്ടാനില്ലാതെ,പ്രസംഗമാണ്. വിജിലൻസ് ആരുടെ കയ്യിലാണ്? പോലീസ് ആരുടെ കയ്യിലാണ്? വൈദ്യുതി ആരുടെ കയ്യിലാണ്? ആലോചിക്കണം. സീനിയർ നേതാക്കന്മാർ ഉൾപ്പെടെയുള്ളവർ നാണംകെട്ട് പ്രസംഗിക്കുന്നു. എന്തു യോജിപ്പാണ് അപ്പുറത്തുള്ളത്? ഈ ലാവ്‌ലിൻ പ്രശ്നം വന്നില്ലെങ്കിൽ അപ്പുറത്തെ യോജിപ്പ് അറിയാമായിരുന്നു. മന്ത്രി ശ്രീ. എം. വി. രാഘവനെതിരെ മന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ മുഖ്യമന്ത്രിക്ക് പരാതി നൽകി. ശ്രീ. വക്കം പുരുഷോത്തമനെതിരെ ഹൈക്കമാൻഡിന് മുസ്ലീം ലീഗ് പരാതി നൽകി. കൂട്ടുത്തരവാദിത്വമാണ്. ഇവിടെ ശ്രീ. മോയിൻകുട്ടി പ്രസംഗിച്ചല്ലോ. നാളെ ശ്രീ. കുഞ്ഞാലിക്കുട്ടി പ്രസംഗിക്കുമ്പോൾ അത് പറയണം. കോൺഗ്രസ് നേതാക്കന്മാരുടെ അടുക്കൽ പോയി ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതെന്താണ്? പൊതുമരാമത്ത്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ പ്രവൃത്തികൾക്ക് 5 ശതമാനത്തിന് മുകളിൽ ടെന്റർ അധികം നൽകണമെങ്കിൽ ധനകാര്യ വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി വേണമെന്ന ഉത്തരവാണ് ലീഗിനെ പെട്ടെന്ന് പ്രകോപിപ്പിച്ചത്. ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവ് മുഖ്യമന്ത്രി ഇടപെട്ട് തൽക്കാലത്തേയ്ക്ക് മരവിപ്പിച്ചിരുന്നു. എന്നാൽ മുന്നണിയിലും മന്ത്രിസഭായോഗത്തിലും ആലോചിക്കാതെ ഇത്തരം ഉത്തരവ് ഇറക്കുന്നത് ഒരു തരത്തിലും അനുവദിക്കില്ലെന്ന് ലീഗ് നേതാവ് തറപ്പിച്ചു പറഞ്ഞു. ഡോ. എം. കെ. മുനീർ അവിടെയിരിപ്പുണ്ടല്ലോ. നിങ്ങൾ ഒരു നല്ല മന്ത്രിയാണ്. നിങ്ങളുടെ വകുപ്പിൽ ഒരു കാര്യം ചെയ്യാൻ ഈ ധനകാര്യമന്ത്രി, നിങ്ങളെ സമ്മതിക്കുമോ? നിങ്ങൾക്ക് അനുവദിച്ചിരിക്കുന്ന പണം ഏതെങ്കിലും നിങ്ങൾക്ക് അനുവദിച്ചു തന്നിട്ടുണ്ടോ? ഒരു ഭരണാനുമതി കൊടുക്കാൻ നിങ്ങൾക്ക് കഴിയുമോ? ഇത് ലീഗുകാർ പറയണം. കോൺഗ്രസുകാർ പറയണം. നിങ്ങൾക്ക് അനുഭവമില്ലേ? വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. അദ്ദേഹത്തിന്റെ വകുപ്പിൽ എന്തെങ്കിലും ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രി അനുവദിക്കുമോ? ബഡ്ജറ്റിൽ പണം ഉണ്ടെങ്കിലും ചെയ്യില്ലല്ലോ. എന്നിട്ട് ശ്രീ. മോയിൻകുട്ടി അപ്പുറത്തുനിന്ന് താങ്ങുന്നു. താങ്ങാൻ നാണമില്ലേ? മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന 1,500 കോടി രൂപയുടെ അഴിമതി. പറഞ്ഞത് ആരാണ്? ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയിലെ ബഹുമാന്യരായ രണ്ട് എം.എൽ.എ.-മാർ. നോട്ടീസു കൊടുക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? അങ്ങ് ആ പാർട്ടിയുടെ നേതാവല്ലേ? നോട്ടീസ് പോലും കൊടുക്കാതെ അവർ ഉന്നയിച്ച ആരോപണങ്ങൾ ശരി വയ്ക്കുന്ന നടപടിയെക്കുറിച്ച് എന്താണ് പറയാനുള്ളത്? അവിശ്വാസപ്രമേയത്തെ അനുകൂലിക്കുമ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് ഇതൊക്കെയാണ്. ശ്രീ. വക്കം പുരുഷോത്തമനെതിരെ കോൺഗ്രസ്-ജെ.എസ്.എസ്. ബന്ധം ഉലയുന്നു. ശ്രീ. വക്കം പുരുഷോത്തമൻ തന്റെ വകുപ്പിൽ കയ്യാളുന്നു എന്നു പറഞ്ഞ് പ്രമേയം പാസാക്കി മുഖ്യമന്ത്രിക്ക് പരാതി കൊടുത്തു. എന്നിട്ട് താങ്ങുകയാണ്. അപ്പുറത്ത് എന്തു യോജിപ്പാണുള്ളത്? ആണത്തം ഉണ്ടെങ്കിൽ അതു പറയണം. ഇപ്പോൾ വേറൊരു പാർട്ടിയുടെ കാര്യം ഉണ്ട്. അത് ഞാൻ പറയുന്നില്ല. സീനിയർ മന്ത്രിയായ ബുദ്ധിരാക്ഷസനായ ശ്രീ. കെ.എം. മാണിക്ക് ക്യാബിനറ്റിൽപോലും ഒരക്ഷരം മിണ്ടാനുള്ള അവസരമുണ്ടോ? ഇതുപോലെ ഒരു ദയനീയം, ശ്രീ. കെ.എം. മാണിയെപ്പോലെ അത്യുന്നതനായ ഒരു നേതാവിന് ഈ ഗതികേട് വന്നല്ലോ? നാണമാകുന്നു. ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്താണ്? സർ, ഇത് അഴിമതിക്കാരുടെ ഭരണമാണ്, കെടുകാര്യസ്ഥതയുടെ ഭരണമാണ്, ഭീകരമായ മർദ്ദകരുടെ മുഖമാണ്, നരഭോജികളുടെ ഗവൺമെന്റാണ്. ഈ രാജ്യം കണ്ട ഏറ്റവും വലിയ ഏകാധിപതിയായ ബഹുമാന്യനായ മുഖ്യമന്ത്രി, അഹങ്കാരത്തിന്റെ ആൾരൂപങ്ങൾ അപ്പുറത്തിരിക്കുന്നു. ഏതാണ്ട് 100 പേരെ കിട്ടി എന്നു പറഞ്ഞ് അഹങ്കരിച്ചവർ ഇപ്പോൾ കോൺഗ്രസിന് 62 എം.എൽ.എ.-മാർ ഉണ്ട് എന്ന് പറഞ്ഞ് അഹങ്കരിക്കുന്നു. ശ്രീ. വി.ഡി. സതീശൻ, മൂട്ടയുടെ കാര്യം പറഞ്ഞു. മൂട്ട കടിച്ചാൽ അസ്വസ്ഥത ഉണ്ടാകുമെന്ന് സമ്മതിച്ചല്ലോ. അത്രയും മതി. ബാക്കിയൊക്കെ സതീശൻ അനുഭവിക്കും. ഈ നിയമസഭയിൽ ഇനി കടന്നുവരാനുള്ള ഭാഗ്യം ശ്രീ. വി. ഡി. സതീശനോ അപ്പുറത്തിരിക്കുന്ന കോൺഗ്രസിലെ ആർക്കെങ്കിലുമോ ഉണ്ടായാൽ ഞാൻ വെല്ലുവിളിക്കാൻ തയ്യാറല്ല. ഇവിടെ 11-ാം നിയമസഭയുടെ 15-ാം സമ്മേളനം കഴിഞ്ഞു. നമ്മുടെ ടീച്ചർ മൗനവ്രത

LIBRARY ARCHIVES Kerala Legislative Assembly

ത്തിലാണ്. ആ മനസ്സ് അറിയാവുന്നതുകൊണ്ട് ഞാൻ പറയുകയാണ്. നമ്മുടെ മന്ത്രിമാരൊക്കെ കാര്യക്ഷമതയുള്ളവരാണെന്നാണല്ലോ അപ്പുറത്തിരിക്കുന്നവരൊക്കെ പറയുന്നത്. കാര്യക്ഷമതയുടെ തെളിവാണ് മന്ത്രിമാർക്കുള്ള നിവേദനങ്ങൾ പെരുവഴിയിൽ വലിച്ചെറിയുന്നത്. ഇൻഡ്യാ മോണിറ്റർ എന്ന ഒരു ദൈവാരിക യാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയണം, അങ്ങയുടെ മന്ത്രിസഭയിലെ മന്ത്രിമാരുടെ കാര്യക്ഷമത എന്താണ്?

(ബഹളം.....ബഹളം.....)

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി പങ്കെടുത്ത ഏറ്റുമാനൂർ, പാല ഹൈവേകളുടെ ഉത്ഘാടന ചടങ്ങിൽ, പങ്കെടുക്കുവാൻ തന്റെ സ്വന്തം മണ്ഡലമായ പാലായിലെത്തിയ റവന്യൂ മന്ത്രി ശ്രീ. കെ. എം. മാണിക്ക് പാലായിലെ പൗരജനങ്ങളും, ജനപ്രതിനിധികളും ഒപ്പിട്ടു നൽകിയ നിവേദനങ്ങൾ പെരുവഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ പിറ്റേന്ന് കണ്ടെത്തി. അതിന്റെ ഫോട്ടോയും ഇൻഡ്യാ മോണിറ്റർ എന്ന പത്രത്തിലുണ്ട്. ആരൊക്കെയാണ് നിവേദനം കൊടുത്തത്, ജില്ലാ പഞ്ചായത്ത് അംഗം സണ്ണി മാത്യു, ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രേംജി തുടങ്ങിയവർ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ജോണി നെല്ലൂർ: പാവപ്പെട്ട ആളുകൾ കൊടുത്ത നിവേദനങ്ങൾ പോലും പെരുവഴിയിൽ വലിച്ചെറിയുന്നു. ഇതാണോ കാര്യക്ഷമത? ഇവിടെ ആർക്കാണ് രക്ഷ? വൈദീകൻമാർക്ക് രക്ഷയുണ്ടോ, കന്യാസ്ത്രീകൾക്ക് രക്ഷയുണ്ടോ? യാക്കോബായ സഭയിലെ പാവപ്പെട്ട വൈദീകരെ നിഷ്ഠൂരമായി മർദ്ദിച്ച പോലീസ്, പള്ളിയിൽ കയറി ഒരു പുരോഹിതന്റെ താടിയിൽ പിടിച്ച് അപമാനിച്ച ആ സംഭവം, ഒരു ക്രൈസ്തവ വിശ്വാസിയായ എന്റെ ഹൃദയം പൊട്ടുകയാണ്. പൗരോഹൃത്യത്തെ അവഹേളിക്കുന്ന അങ്ങ് ഒരു ക്രിസ്ത്യാനിയാണോ? ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, അങ്ങ് ഒരു ക്രിസ്ത്യാനിയല്ലേ? ശ്രീ. കെ. എം. മാണി അങ്ങ് ക്രിസ്ത്യാനിയാണെന്നാണല്ലോ പറയുന്നത്? നിങ്ങളുടെ ഭരണകാലത്ത് വൈദീകരും സന്യാസിമാരും ആക്രമിക്കപ്പെടുന്നു. അങ്ങേക്ക് അറിയാമല്ലോ കേരളത്തിൽ പള്ളിമുറിയിൽ പ്രാർത്ഥന നടക്കുമ്പോൾ കുരിശ് ചവിട്ടിപ്പൊളിച്ച് കയറി ആക്രമിക്കുന്നു. ഇതുപോലുള്ള ഈ ഭീകര ഭരണം ഉണ്ടായിട്ടുണ്ടോ? ഇവിടെ ഇരിക്കുന്ന ശ്രീ. കോവൂർ കുഞ്ഞുമോൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാരെ തല്ലി.

ശ്രീ. കെ. ബാബു: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക യാണ്. നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ അംഗങ്ങളാണ് ഈ നിയമസഭയിൽ ഇരിക്കുന്നത്. ആ അംഗങ്ങളെ ജാതി തിരിച്ച് ഓരോരുത്തരെയും ക്രിസ്ത്യാനിയാണോ, നായരാണോ, ഈഴവരാണോ എന്ന് ചോദിക്കുന്നത് ഓർഡറിലാണോ? തീർച്ചയായിട്ടും ഇത് ഓർഡറിലല്ല. ഇതിനെക്കുറിച്ച് റൂളിംഗ് ആവശ്യമാണ്. ഇത് ചട്ടവിരുദ്ധമാണ്. ജാതി തിരിച്ച് ഓരോരുത്തരെയുംകുറിച്ച് ചോദിക്കുന്നതിനെക്കുറിച്ച് റൂളിംഗ് ആവശ്യമാണ്. ഇത് ചട്ടവിരുദ്ധമാണ്.

മി. സ്പീക്കർ: നിയമസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ജനങ്ങളാണ്, ജാതി തിരിച്ചല്ല, അങ്ങനെ ഒരു തിരിവിന്റെ ആവശ്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ജാതി തിരിച്ച് ഞാനല്ല പറഞ്ഞത്, എല്ലാം ജാതീയമായി കാണുന്ന ശ്രീ. ബാബുവിനെപ്പോലെയുള്ള ആളുകളാണ് ഇവിടെ കുഴപ്പം ഉണ്ടാക്കുന്നത്. കുറേ ഉപദേഷ്ടാക്കളാണ് ഈ ഗവൺമെന്റിനെ പതനത്തിലേക്ക് എത്തിച്ചത്. അതുകൊണ്ട് കേരളത്തെ ഈ വിധത്തിൽ ജനങ്ങളിൽനിന്ന് അകറ്റിയ, കോൺഗ്രസിന്റെ അന്തകനായി മാറിയ മുഖ്യമന്ത്രി, യു.ഡി.എഫ്.-നെ തകർത്ത് യു.ഡി.എഫ്.-ന്റെ അന്തകനായി മാറിയ മുഖ്യമന്ത്രി അദ്ദേഹം നേതൃത്വം കൊടുത്തിരിക്കുന്ന ഗവൺമെന്റ്, ഈ ഗവൺമെന്റിനെതിരായി കേരളത്തിലെ ജനങ്ങളുടെ അവിശ്വാസം രേഖപ്പെടുത്തുന്ന ഈ അവിശ്വാസപ്രമേയത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. മന്ത്രിസഭയ്ക്കെതിരെ 13 ആരോപണങ്ങളുടെ കൊടിയേറ്റം നടത്തി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ നഖശിഖാന്തം എതിർക്കുകയാണ്. ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടാൽ തോന്നും ഈ അവിശ്വാസപ്രമേയം വരുന്നതുവരെ പ്രതിപക്ഷം ഈ ഗവൺമെന്റിനെ അനുകൂലിക്കുകയായിരുന്നു എന്ന്. എന്ന് അധികാരം നഷ്ടപ്പെട്ടോ അന്നുതൊട്ട് നിദ്രാവിഹീനങ്ങളായിരുന്ന പ്രതിപക്ഷനേതാക്കൻമാരുടെ രാവുകളിൽ പടച്ചുണ്ടാക്കിയ പഴകി പുളിച്ച ആരോപണങ്ങളാണ് ഈ അവിശ്വാസ പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്നത്. പാക്കിസ്ഥാനിൽ പോയി മുഹമ്മദലി ജിന്നയെ പ്രശംസിച്ച ശ്രീ. എൽ.കെ. അദ്വാനിപെട്ട പാടിലാണ് ഇപ്പോൾ ശ്രീ. കോടിയേരി പെട്ടിരിക്കുന്നത്. ഇപ്പോൾ വാദിപ്രതിയായിരിക്കുകയാണ്. പൊതുമേഖലാസ്ഥാപനങ്ങളെ രക്ഷിക്കാൻ വേണ്ടി ഭാരത് ബന്ത് നടത്തുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി നിലയങ്ങൾ പുതുക്കിപ്പണിയാനുള്ള ഇൻഡ്യയുടെ അഭിമാനമായ പൊതുമേഖലാ സ്ഥാപനമായ ഭെല്ലിന്റെ ഓഫർ നിരസിച്ചുകൊണ്ടാണ് എസ്.എൻ.സി. ലാവ്‌ലിൻ എന്ന ബഹുരാഷ്ട്ര കുത്തക കമ്പനിക്ക് കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ കൊടുത്തത്. ഇറാഖിലെ മനുഷ്യക്കുരുതിക്കെതിരെ ഇവിടെ പ്രക്ഷോഭം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടി അമേരിക്കൻ സാമ്രാജ്യവാദികൾക്ക് ആയുധങ്ങൾവരെ കച്ചവടം നടത്തുന്ന എസ്.എൻ.സി. ലാവ്‌ലിന് പാവപ്പെട്ട ക്യാൻസർ രോഗികളുടെ പേരുപറഞ്ഞ് കോടിക്കണക്കിന് രൂപ അണ്ണാക്ക് തൊടാതെ വിഴുങ്ങിയതിന് കൂട്ടുനിന്നു എന്നുള്ളതാണ് സത്യം. ഷേക്സ്പിയറുടെ മാക്ബത് എന്ന നാടകത്തിൽ സ്കോട്ട്‌ലന്റ് രാജാവിന്റെ പ്രേതം മാക്ബത്തിനെ വേട്ടയാടുന്നതുപോലെ ഈ അവിശ്വാസപ്രമേയ ചർച്ചയിൽ എസ്.എൻ.സി. ലാവ്‌ലിൻ കേസ് പ്രതിപക്ഷത്തെ വേട്ടയാടുകയാണ്. മൂപ്പിലമ്മ മുതൽ മണിച്ചൻവരെയും എസ്.എൻ.സി. ലാവ്‌ലിൻ വരെയും ഉള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ നടത്തിയ അഴിമതിയുടെ നാറ്റം അറേബ്യയിലെ മുഴുവൻ സുഗന്ധങ്ങൾ പൂശിയാലും മാറുമെന്ന് ഞങ്ങൾ കരുതുന്നില്ല. ഇപ്പോൾ പത്രങ്ങൾ എഴുതുന്നതിനെക്കുറിച്ചാണ് ഇവിടെ രാവിലെ പരാതി പറഞ്ഞത്. ഉമയർ ഖയ്യാം പാടി "ചലിക്കുന്ന കൈകൾ എഴുതിക്കൊണ്ടേയിരിക്കും, നിങ്ങളുടെ കണ്ണീരിനോ നിങ്ങളുടെ പുഞ്ചിരിക്കോ അതിനെ പിറകോട്ട് വലിക്കാനാവില്ല, എഴുതിക്കഴിഞ്ഞ ഒരു വാക്കുപോലും മായ്ക്കാൻ സാധിക്കുകയില്ല" എന്ന്. 49·16 കോടി രൂപയാണ് ക്യാൻസർ ആശുപത്രിക്ക് ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അവർ നൽകിയ ഗ്രാന്റ് 98.3 കോടി രൂപയാണ്. കിട്ടിയത് 8.98 കോടി രൂപയാണ്. ജീവിതത്തിൽ ഒരിക്കലെങ്കിലും ഈ തിരുവനന്തപുരത്തെ ആർ.സി.സി.-യിൽ പോയ വർഷിച്ച പ്രവർത്തകർ, മാനുഷ്യത്വമുള്ള ഒരു മനുഷ്യൻ ക്യാൻസർ രോഗികളുടെ മേൽ പറഞ്ഞ് ഇത്രയും വലിയ ഒരു കുടകൊണ്ടാം നടത്തിയതിനെ അംഗീകരിക്കുവാൻ സാധിക്കുമോ? രാഷ്ട്രീയ ലാഭത്തിനുവേണ്ടി അവഗണിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ ഇപ്പോൾ ഈ കൈക്കൂലിയുടെയും കൊള്ളസ്വത്തിന്റെയും ശതകോടികളുടെ പാണ്ടിപ്പടയുമായാണ് ഈ അവിശ്വാസപ്രമേയ ചർച്ചയിലൂടെ നമ്മുടെ മുമ്പിൽ വന്നിട്ടുള്ളതെന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. രാജ്യാഭിമാനമായ വലിയ രാജഭക്തി കാണിക്കുന്ന "തെറ്റുചെയ്യും ശരിയായാലും അറിവിലടിയനു ഗുണവും ദോഷവും തമ്പുരാൻ നൽകുന്ന" എന്ന കുതി പാടിക്കൊണ്ട് ശിർഷാസനത്തിൽ നിന്നുകൊണ്ടാണ് എൽ.എഡ്.സി. ലാവ്‌ലിനെ ന്യായീകരിക്കാൻ ഈ മുന്നണിയിലിരിന്ന് അപ്പുറത്തേക്ക് മാറിയ പിണറായി ശ്രമിക്കുന്നത് എന്നുള്ളതാണ് ഈ അവിശ്വാസപ്രമേയ ചർച്ചയിലെ ഏറ്റവും വലിയ തമാശ. അവരുടെ എൽ.ഡി.എഫ്.-ലേക്കുള്ള എൻട്രൻസ് പരീക്ഷയാണ് ഈ അവിശ്വാസപ്രമേയ ചർച്ച എന്നുള്ളതുകൊണ്ട് അവർ രാജഭക്തിക്കപ്പുറം വലിയ രാജഭക്തി കാണിക്കും. ഉടൻതന്നെ കൗൺസിൽ നടത്തി എൽ.ഡി.എഫ്.-ലേക്ക് പ്രവേശിപ്പിക്കുമോ എന്ന് ഇനിയ് മറുപടി പറയുന്ന, നാളെ പ്രവേശിക്കുന്ന പ്രതിപക്ഷനേതാവിനെ പ്രസംഗിക്കാൻ നിങ്ങൾ സമ്മതിക്കുമെങ്കിൽ അപ്പോൾ മറുപടി പറയാം എന്ന് ഞാൻ അറിയിച്ചുകൊള്ളുകയാണ്. ബഹുമാന്യനായ ജോണി നെല്ലൂർ ഇവിടെ വളരെ ആവേശത്തിൽ പ്രസംഗിച്ചു. കുറച്ചു നിമിഷത്തെ നിയമ വാഴ്ചയ്ക്ക് പ്രാബല്യത്തിൽ അയിരുന്നില്ല എങ്കിൽ കൊണ്ടുപോകുന്നതുപോലെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ്ബിന്റെ പിന്നാലെ ജോണി നെല്ലൂർ പോകില്ല എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് അദ്ദേഹത്തിന് ഞാൻ മറുപടി പറയുന്നില്ല. ആരോപണങ്ങളുടെ അമിലാണ്ഡകോടി ബ്രഹ്മാണ്ഡ ഭാണ്ഡം കെട്ടഴിച്ചുകൊണ്ട് ഇവിടെ രാവിലെ എസ്.എൻ.സി. ലാവ്‌ലിന് ബദലായി കുറേ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഉമ്മൻചാണ്ടി വിരോധം വച്ച് കാച്ചി ശ്രീ. എം. വി. ജയരാജൻ ഇവിടെ എഴുതിക്കൊടുത്ത ആരോപണത്തിൽ പറഞ്ഞത് 266 കോടി രൂപ എന്നാണ്. സഭയിൽ പറഞ്ഞത് അത് 26 കോടി രൂപയെന്നാണ്. വായിച്ചു തോന്നിയത് കോതയ്ക്ക് പാട്ട് എന്നൊരു ചൊല്ലുണ്ട്. ഇങ്ങനെ കുറേ ആരോപണങ്ങൾ ഉന്നയിച്ച് പക്ഷേ ദുർവ്യാഖ്യാനം ശകുനമെന്നെ ശരിപ്പെടുത്തുമെന്ന് ശ്രീ. ഇ.കെ.നായനാരും പിണറായിയും ശരിപ്പെടുത്തുകൊണ്ട് എസ്.എൻ.സി. ലാവ്‌ലിനിൽ നടന്നിട്ടുള്ള അഴിമതി അഴിമതിയല്ലാതാക്കുമോ? ഇവിടെ യു.ഡി.എഫ്.-നോടുള്ള നിങ്ങളുടെ ഈ ദുഃപ്രഭാവം 60 ലക്ഷം വിദ്യാർത്ഥികളോടും അവരുടെ രക്ഷിതാക്കളോടുമുള്ള യുദ്ധ പ്രഖ്യാപനമാണ്. ഇവിടെ എന്ത് പൊതുപ്രശ്നം നിങ്ങൾ നടത്തിയിട്ടുണ്ട്? നിങ്ങൾ ഇവിടെ പോലീസ് മർദ്ദനത്തെക്കുറിച്ച് മണിക്കൂറുകളോളം പ്രസംഗിക്കുന്നുണ്ടല്ലോ. കുഞ്ഞനന്തൻ എഴുതിയ ഒരു ഹാസ്യകഥയാണ് എനിക്ക് ഓർമ്മ വരുന്നത്. ബസ്സിന് കല്ലെറിയാൻ പുറപ്പെടുന്ന ഒരു വിദ്യാർത്ഥി, അവനെ പ്രേരിപ്പിക്കുന്ന ഒരു സമരാവിമനോട് പറയുകയാണ്. എന്റെ കൈ വിറയ്ക്കുന്നു. എന്റെ ബന്ധുക്കളുടെ മുഖം ആ മനോഹരമായ ബസിൽ സഞ്ചരിക്കുന്നതായി ഞാൻ കാണുന്നു. അതുകൊണ്ട് ഈ കല്ലും കൊണ്ടുപോയാൽ

LIBRARY ARCHIVES Kerala Legislative Assembly

താഴെ വയ്ക്കുകയാണ്. എനിക്ക് ചന്തിയാകെയുണ്ട്, എനിക്ക് എപ്പോഴും തുകയുണ്ട്, എനിക്ക് നേതാവ് തുകയുണ്ട്, അപ്പോൾ നേതാവ് പറഞ്ഞു. ഈ അപ്പർകുട്ടനാടൻ നിയന്ത്രണ ഓർഡിനൻസ് നിയമസഭയിൽ കൊണ്ടുവരുന്നതിനുമുമ്പ് അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുകാരനുമായി ചർച്ച നടത്തിയിരുന്നോ? അവരുടെ മുമ്പിൽ ഒരു ഭീഷണിയായി നിന്നിരുന്നില്ല. അപ്പോൾ ഈ കുട്ടി കൊണ്ടുപോകുകയാണ്, ഈ മനോഹരമായ ബസ്സിന്റെ ബോഡി തകർത്ത് ഉണ്ടാക്കിയതാണ്. അതിന്റെ എൻജിൻ ഒന്നും സംരക്ഷിക്കുകയില്ല. പെട്രോൾ കൊണ്ടു നിറച്ചാലും ഈ എൻജിൻ ബാക്കിയാകും. അതുപോലെതന്നെ ബസ് കൈകാര്യംചെയ്യുന്ന എൻജിൻ ഉണ്ടാകും. ഇതൊന്നും നീ കൊണ്ടുവന്നതല്ല. നീ ഓടിക്കൊണ്ടുവന്ന നീ കൊണ്ടുപോകുന്നുമില്ല. സമരവിഭാഗം എപ്പോഴും സമൂഹിന് സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും സമൂഹിന് സംരക്ഷിക്കാനിരിക്കുന്നതും സമൂഹിന് എന്നുപറയുകയാണ്. അപ്പോൾ കുട്ടി നേതാവിനോട് ചോദിക്കുകയാണ്, അങ്ങയുടെ മകനെ ഇതിന് കാണാനില്ലല്ലോ. അപ്പോൾ നേതാവ് പറഞ്ഞു, അവൻ വെറും ഒരു മരബുദ്ധിയാണ്, അവന് ഒന്നുമറിയില്ല. അതുകൊണ്ട് ഞാൻ അവനെ ഉടുപ്പിയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൊണ്ടുപോയി ചേർത്തിരിക്കുകയാണ്. അതുകൊണ്ട് അവനെ നീ നോക്കണ്ട, എന്നെ പോലീസ് അടിച്ച് ചതച്ചതുപോലെ കുട്ടി തിരിച്ചു ചോദിക്കുമ്പോൾ, എന്നാൽ നിനക്ക് മനസ്സിലായി കാണുമല്ലോ. നിനക്ക് എപ്പോഴും തുകാം. നിനക്ക് മനസ്സിലാകാം. ഗ്രാമമായ ഒരു ഭാവി തന്നെ കാത്തിരിക്കുന്നു എന്നു പറയുകയാണ്. അങ്ങനെ സ്വന്തം മക്കളെ ഇംഗ്ലീഷ് മീഡിയം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ അയച്ചിട്ട് കോടികണക്കിന് രൂപ സമ്പാദിക്കുന്ന സമ്പന്നരാണ് ഈ രാജ്യത്ത് നടമാടുന്നത്. പ്രധാനമന്ത്രിയുടെ പേരിൽ പി.എസ്.സി. വഴി നിയമനം നടത്തിയ, ഈ രാജ്യത്ത് നിക്ഷേപം വർധിപ്പിച്ച് പതിനായിരക്കണക്കിന് തൊഴിൽ നൽകുന്ന ഈ ഗവൺമെന്റിനെതിരെയുള്ള യുദ്ധപ്രഖ്യാപനമാണ് ഈ വിശ്വാസപ്രമേയം. സർ, നിങ്ങളുടെ ശബ്ദം കർണ്ണാടകത്തിലെ വിദ്യാഭ്യാസ മന്ത്രിമാരുടെ ശബ്ദമാണ്. തമിഴ്നാട്ടിലെ വിദ്യാഭ്യാസ മന്ത്രിമാരുടെ ശബ്ദമാണ്. നിങ്ങളുടെ ശബ്ദം സോക്രട്ടീസിന് വിഷം കൊടുത്ത് കൊല്ലാൻ വിധിച്ച ന്യായാധിപന്റെ ശബ്ദമാണ്. യേശുവിനെ വധിക്കാൻ വിധിച്ച പീലാത്തോസിന്റെ ശബ്ദമാണ്. മഹാത്മജിയെ വെടിക്കുണ്ട കൊണ്ടിന്റെ ശബ്ദമാണ്. നാളിലെ കൊളസ്ട്രോളിന് മനുഷ്യരെ തിന്നാൻ കൊടുക്കുമ്പോൾ അവരെ തിന്ന് വിശപ്പ് അടക്കുന്ന സാഹചര്യത്തിന്റെ അവരാണ് നിങ്ങൾ ഈ നിയമസഭയിൽ നടത്തിയ തുകാരം. നിങ്ങളുടെ ഈ ശബ്ദം ഭൂരിപക്ഷത്തിന്റെ ശബ്ദമാണ്. നിങ്ങളുടെ ശബ്ദം ഈ രാജ്യത്ത് ഒരു നൂറു തവണ ആവർത്തിച്ചാൽ അത് സത്യമാകുമെന്ന് വിശ്വസിച്ച ഹിറ്റ്ലറുടെ പ്രചരിപ്പിച്ച ഗീബൽസിന്റെ ശബ്ദമാണ്. സർ, കൂടുതലായി അഭിപ്രായത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു, ആ ഭയത്തിന്റെ വിശ്വാസങ്ങളിലൂടെ ഞാൻ കടക്കുന്നില്ല. പക്ഷെ നിങ്ങളുടെ ആ ഭയത്തിന് നിങ്ങൾക്ക് ഭൂരിപക്ഷം വർദ്ധിച്ചത് എല്ലാ സ്വതന്ത്രമായ ശ്രമത്തനങ്ങളിലൂടെയുമാണെന്ന് അംഗീകരിച്ചുകൊണ്ട് ഞാൻ മാർക്സിസ്റ്റ് പാർട്ടിക്ക് അതിന്റെ ക്രെഡിറ്റ് നൽകാൻ തയ്യാറാണ്. പക്ഷെ വേറെ ചിലർ പറയുന്നത് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നിന്ന് അങ്ങോട്ടു മാറിയതുകൊണ്ടാണ് ജയിച്ചതെന്നാണ്. സർ പാമ്പ് കടിച്ച് ഹോസ്പിറ്റലിലേക്കു കൊണ്ടുപോകുമ്പോൾ ഞാഞ്ഞൂൽ വഴിവക്കിൽ നിന്ന് "ഇങ്ങനെയാണ് ഞങ്ങളോട് കളിച്ചാൽ" എന്ന് പറയുന്നതുപോലെയാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തികൊണ്ടുനേടിയ ജയത്തിൽ ചിലർ കക്ഷിചേരുന്നതെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ കൂത്തുപറമ്പിൽ ജയിച്ചപ്പോൾ "നല്ലകാലം വന്താച്ച്, നല്ലകാലം വന്താച്ച്," എന്നുപറഞ്ഞ് രാജാവിനേക്കാൾ രാജഭക്തിയോടുകൂടി നിയമസഭയിൽ ഉറഞ്ഞുതുള്ളുന്നത് എന്തായാലും ശരിയായ രീതിയല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഇവിടെ മതന്യൂനപക്ഷങ്ങളുടെ കാര്യം പറഞ്ഞു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ റാങ്ക് കൂടിയപ്പോൾ എൻട്രൻസ് പരീക്ഷയിൽ അഴിമതി നടത്തിയെന്ന് ആക്ഷേപിച്ച നിങ്ങൾ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയിൽ 50 ശതമാനം സംവരണം കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയപ്പോൾ അവിടെ സംഘപരിവാറിനോടൊപ്പം മാർക്സിസ്റ്റ് പാർട്ടിയും മറ്റും ചേർന്ന് കുറ്റാരോപണം നടത്തിയെങ്കിൽ നിങ്ങൾ ന്യൂനപക്ഷങ്ങളുടെ പേരിൽ സംസാരിക്കേണ്ടതില്ല. സർ, കഴിഞ്ഞ കാലത്ത് എസ്.എൻ. കോളേജിലും അതുപോലെ അങ്കമാലി കണ്ണാശുപത്രിയിലും ഈ രാജ്യത്തെ ക്രിസ്ത്യൻ മത പുരോഹിതൻമാരുടെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിലും ക്യറി നായനാർ ഭരണകാലത്ത് തേർവാഴ്ച നടത്തിയ നിങ്ങളുടെ ഇപ്പോഴത്തെ ന്യൂനപക്ഷ പ്രസംഗം ചെകുത്താൻ വേദം ഓതുന്നതിന് തുല്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ പതിമൂന്ന് ഇനം ആരോപണങ്ങളിൽ അബ്ദുൾ നാസർ മ്അദനിയെ മോചിപ്പിച്ചോ എന്ന് ചോദിച്ചു. സർ, കേരളത്തിലെ മണ്ണിൽനിന്ന് മ്അദനിയെ അറസ്റ്റ് ചെയ്ത് തമിഴ്നാട് പോലീസിന് കൈമാറിയത് നിങ്ങളാണ്. മ്അദനിയുടെ ആശയങ്ങളോട് വിയോജിപ്പ് ഉള്ളവരുണ്ടാകും. പക്ഷെ വിചാരണ കൂടാതെ ഇൻഡ്യാ മഹാരാജ്യത്ത് ഒരു പൗരനെ 8 വർഷത്തോളമായി ജയിലിൽ അടയ്ക്കുന്നത് ശരിയല്ല എന്നു കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കുഞ്ഞാലിക്കുട്ടി സാഹിബും ഒക്കെ തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുമായിട്ട് സംസാരിച്ചത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഞാനല്ലടോ മ്അദനിയെ പിടിച്ചുകൊടുത്തതെന്ന്, ഈ രാജ്യത്ത് നടന്ന് പ്രസംഗിച്ചു മരിച്ചുപോയ നായനാർ, നായനാരോട് എനിക്ക് ബഹുമാനമുണ്ട്. എങ്കിലും രാജ്യം മുഴുവൻ നടന്നു പ്രസംഗിച്ചത് ഇ.കെ. നായനാരാണ്. അതുകൊണ്ട് മ്അദനിയുടെ പേരിൽ നിങ്ങൾ മുതലെടുക്കാൻ നിൽക്കണ്ട, ഈ ചർച്ച TV-യിൽ ലൈവ് വരുന്നതുകൊണ്ട് ഇത് നാട്ടുകാർ കേൾക്കാൻവേണ്ടി മ്അദനിയുടെ പേരിൽ ഈ നിയമസഭയിൽ നിങ്ങൾ മുതലക്കണ്ണീർ ഒഴുക്കണ്ട, കോൺഗ്രസ്സിലെ അഭിപ്രായവ്യത്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, അഗ്നിപർവ്വതം എപ്പോഴാണ് പൊട്ടുകയെന്ന് പറയാൻ കഴിയില്ല എന്ന് പറയുമ്പോലെയാണ് C.P.M.-ന്റെ സ്ഥിതി. ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സ്ഥിതി മുഗൾചക്രവർത്തിമാർക്ക് സഹോദരൻമാരെന്നതുപോലെയാണ്. എപ്പോഴാണ് പരസ്പരം കൊല്ലുക എന്നുപറയാൻ പറ്റില്ല. സർ, ദേഴ്സിയ ഫ്രേസിയറുടെ ഗോൾഡൻ ബോ എന്നുപറയുന്ന ഒരു കഥയുണ്ട്, ആ ഗോൾഡൻ ബോയിൽ ഒരു ഗോത്രത്തലവൻ ഉണ്ട്. ഒരു ഗോത്രത്തലവനെ ഒരാൾ കൊന്നാൽ ആ കൊന്നയാളാണ് അടുത്ത ഗോത്രത്തലവൻ. അവസാനം കൊല്ലാൻ വരുന്നതിൽ പേടിച്ചുകൊണ്ട് ഒരു ഗുഹയിൽ വാളുമായി കാത്തിരിക്കുന്ന ഗോത്രത്തലവന്മാരുടെ കഥ ഫ്രേസിയറുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗോൾഡൻ ബോയിൽ വിവരിച്ചിട്ടുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ചരിത്രത്തിൽ ഓരോ നേതാവിനേയും ആരാണോ രാജ്യത്ത് വെട്ടിനിരത്തുന്നത് അയാൾ പിന്നീട് അടുത്ത നേതാവാകും. അച്ചുതാനന്ദനു വേണ്ടി വെട്ടിനിരത്താൻ കൂട്ടുനിന്നവർ ഇപ്പോൾ തിരിച്ച് അച്ചുതാനന്ദനെ വെട്ടി നിരത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. അസീസ് ഇവിടെ പറഞ്ഞു, കെ.പി.സി.സി.-യ്ക്ക് ഒരുപാട് ഭാരവാഹിക ളാണെന്ന്. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റിൽ 17 അംഗങ്ങളാണ്. ഞങ്ങളുടെ കെ.പി.സി.സി.-യിൽ 18 ഭാരവാഹികളാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ ചെയ്യുന്ന ജോലിയാണ് ഇപ്പോൾ കെ.പി.സി.സി. ഭാരവാഹികൾ ചെയ്യുന്നത്. എന്റെ സ്ഥാനം നഷ്ടപ്പെട്ടതിൽ അദ്ദേഹത്തിന് വലിയ ദുഃഖമാണ്. ആദ്യം കെ.പി.സി.സി. സെക്രട്ടറിയായപ്പോൾത്തന്നെ എന്നെ ഒഴിവാക്കണ മെന്ന് പറഞ്ഞത് പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. ഇപ്പോഴും ഞാൻ കെ.പി.സി.സി. നിർവാഹക സമിതി അംഗമാണ്. ഞാൻ ആവശ്യപ്പെട്ടതു കൊണ്ടാണ് എന്നെ ഒഴിവാക്കായത്. പക്ഷെ ഈ അസീസിന്റെ പാർട്ടി ഞങ്ങളുടെ നാട്ടിലൊക്കെ തീരെയില്ല. പനമ്പിള്ളി ഗോവിന്ദമേനോൻ പണ്ട് പറഞ്ഞിട്ടുണ്ട്, "കുണ്ടറ മുതൽ ചവറവരെയുള്ള ഇൻഡ്യയുടെ വിശാലമായ ഭൂപ്രദേശത്തിൽ പടർന്നുപന്തലിച്ചു കിടക്കുന്ന ഒരു പാർട്ടിയാണ് ആർ.എസ്.പി.യെന്ന്." എന്റെ നാട്ടിൽ ഒരാൾ മരിക്കാൻ കിടക്കുമ്പോൾ ഒരു ഡോക്ടർ വന്നിട്ടു പറയുകയാണ്, ഈ അസീസിന്റെ പാർട്ടിക്കാരൻ വന്നുതൊട്ടാൽ ആ രോഗി രക്ഷപ്പെടുമെന്ന് പറഞ്ഞാൽ അതിനി തൊടാൻപോലും ഇല്ല. രോഗി മരിക്കുകയല്ലാതെ ഒരു രക്ഷയുമില്ലാത്ത സ്ഥിതിയാണെന്ന്. ഇവരാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ഭാരവാഹികളുടെ എണ്ണം കൂടിയതിനെക്കുറിച്ച് പരാതി പറയുന്നത്. സർ, എസ്.എഫ്.ഐ.-യിലേയും ഡി.വൈ.എഫ്.ഐ.-യിലേയും കോംപ്ലാൻ ബോയികളും കോംപ്ലാൻ ഗേളുകളും എൽ.ഡി.എഫ്. ഭരിക്കുമ്പോൾ സമരം ചെയ്തില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് കേരളത്തിലും കേന്ദ്രത്തിലും ഭരണം കിട്ടിയാൽ ഇനി എൽ.ഡി.എഫ്.-ന്റെ യുവജനസംഘടനകൾ യു.എൻ. ആസ്ഥാനത്ത് പോയി സമരം ചെയ്യേണ്ടിവരും. കഴിഞ്ഞ 5 വർഷം നായനാർ ഭരിക്കുമ്പോൾ ഇവർ ഏതെങ്കിലും ഒരു സമരം ഈ നാട്ടിൽ നടത്തുകയുണ്ടായോ? ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ ദൃശ്യമാധ്യമങ്ങളിലൂടെ ഈ രാജ്യത്ത് പ്രചണ്ഡമായ പ്രചാരവേലകൾ നടത്താറുണ്ട്. അവർക്കുപോലും കൈരളി ടി.വി.-യിലെ സാക്ഷിക്കുപോലും ഇവിടെ കോൺഗ്രസിൽ നിന്ന് പിരിഞ്ഞുപോയവരുടെ പേരിൽ ഒരു വിദ്യാർത്ഥി സംഘടന നടത്തിയ നെറികേട് മറച്ചുവയ്ക്കാൻ സാധിച്ചില്ല എന്നുള്ളതാണ് വാസ്തവം. മാർക്സിസ്റ്റ് പാർട്ടി ഇറക്കിവിട്ട ആതങ്കവാദികൾ കഴിഞ്ഞ ഒരു മാസമായി കേരളത്തെ കുരുതിക്കളമാക്കാൻ ശ്രമിക്കുക യായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ ദേശാഭിമാനിയിൽ നിന്നും ഇറക്കിവിട്ട വാർത്ത ജനശ്രദ്ധയിൽനിന്നും മറച്ചുവയ്ക്കാൻ വേണ്ടിയിട്ടാണ് ഈ ആതങ്കവാദികൾ സമരം നടത്തിയതെന്ന് ഞങ്ങൾക്കറിയാം. പക്ഷേ, കേരളത്തിലെ കോടിക്കണക്കിന് രൂപയുടെ പൊതുമുതലാണ് ഇവിടെ നശിപ്പിച്ചത്. മനുഷ്യന്റെ വാക്കുകൾ മറ്റൊരു മനുഷ്യൻ സംഗീതംപോലെ ആസ്വദിക്കുന്ന മധുരമായ മഹാകാലത്തെക്കുറിച്ചാണ് മഹാനായ കാറൽമാക്സ് പറഞ്ഞത്. ബക്കറ്റു പിരിവും പട്ടണപ്രദക്ഷിണവുമായി ഈ രാജ്യത്തു നടന്ന് കോടിക്കണക്കിനു രൂപയുടെ സ്വത്ത് വാരിക്കൂട്ടിക്കൊണ്ടാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വീമ്പടിക്കുന്നത്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമുതൽ നശിപ്പിക്കുന്നതും പെട്രോൾ ബോംബ് എറിയുന്നതും. ഇത് രാഷ്ട്രീയ സദാചാരത്തിന്റെ പേരിലാണോ എന്ന് ഇവിടെ പ്രസംഗിക്കുന്നവർ വ്യക്തമാക്കണം. ഈ സർക്കാരിനെ താഴെ ഇറക്കാൻ കാന്തത്തിന്റെ വിരുദ്ധധ്രുവങ്ങൾ പരസ്പരം ആകർഷിക്കുന്നതുപോലെ യു.ഡി.എഫ്.-ൽ നിന്നും മാറിയവരും പല കാലങ്ങളിലായി എൽ. ഡി. എഫ്.-ൽ നിൽക്കുന്നവരും ഇന്ന് ഒന്നിച്ച് ചേർന്നിരിക്കുകയാണ്. കൂത്തുപറമ്പിലേയും അഴിക്കോടിലേയും തെരഞ്ഞെടുപ്പിന്റെ പേരിൽ വീരവാദം പറയുന്നവരോട് ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ജില്ലാ കൗൺസിൽ ഇലക്ഷനിൽ കേരളത്തിലെ മലപ്പുറം ഒഴികെ 13 ജില്ലകളും യു. ഡി. എഫ്.-ന് നഷ്ടപ്പെട്ടപ്പോൾ അന്ന് മുഖ്യമന്ത്രിയാകാൻ വേണ്ടി ചിലരുടെ പ്രേരണപ്രകാരം അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ഒരു കൊല്ലം ബാക്കി നിൽക്കേ കേരള നിയമസഭ പിരിച്ചുവിട്ട് ഇലക്ഷൻ നടത്തിയപ്പോൾ ആ ഇലക്ഷനിൽ ഐക്യജനാധിപത്യമുന്നണി ജയിച്ചു എന്ന കാര്യം ഇവർ വിസ്മരിക്കുകയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ ആരൊക്കെയാണ് നിങ്ങളുടെ കൂടെ ഉണ്ടാകുക? രാജിവച്ച 9 പേരും നിങ്ങളുടെ സ്ഥാനാർത്ഥികളായിരിക്കുമോയെന്ന് ചേദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് രണ്ടാം സ്ഥാനത്തുള്ള സി.പി.ഐ. മൂന്നാം സ്ഥാനത്തേക്ക് മാറുമോയെന്ന് നിങ്ങൾ വ്യക്തമാക്കണം. പാർട്ടിയുടെ ആഭ്യന്തര കാര്യത്തിൽ മൗനത്തിന്റെ വാൽമീകത്തിൽ ഒളിച്ചു നിൽക്കുന്ന ബഹുമാന്യനായ പ്രതിപക്ഷനേതാവ്, തന്റെ പ്രസംഗത്തിൽ ഇക്കാര്യത്തിൽ തന്റെ നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവരെല്ലാംകൂടി വൈരുദ്ധ്യാത്മക ഭൗതികവാദത്തെ വൈരുദ്ധ്യാധിഷ്ഠിത അവസരവാദമാക്കി മാറ്റാൻ പോകുകയാണോ എന്ന് വരാനിരിക്കുന്ന ദിവസങ്ങളിൽ കേരളത്തിൽ കാണാൻ പോകുകയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ ജയിക്കുമെന്ന് സ്വപ്നം കാണാനുള്ള നിങ്ങളുടെ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. സ്വപ്നം കാണാൻ നികുതിയും അതുപോലെ തന്നെ പണവും കൊടുക്കേണ്ടാത്ത ഒരു രാജ്യമാണ് നമ്മുടേതെന്നുള്ളതുകൊണ്ട് നിങ്ങൾക്ക് അതിന് അവകാശം ഉണ്ട്. കക്കാടിന്റെ സഫലമീയാത്രയിൽ "കാലം ഇനിയുമുരുളും വിഷുവരും വർഷം വരും, തിരുവോണം വരും പിന്നേയും ഓരോ തളിരിലും പൂ വരും കായ് വരും അപ്പോൾ ആരെന്നും എന്തെന്നും ആർക്കറിയാം" എന്ന് പാടിയതുപോലെ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയിൽ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ആരോഹണങ്ങളും അവരോഹണങ്ങളും ഉണ്ടാകും. പക്ഷേ 10 മാസം കഴിഞ്ഞ് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിക്കുമെന്ന് ഇവിടെ വീരവാദം പറഞ്ഞു. ഈ രാജ്യത്ത് അരാജകത്വം ഉണ്ടാക്കാൻ ശ്രമിക്കരുത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭ്യന്തര സംഘർഷങ്ങളിൽ ഒരു മിന്നൽപ്പിണറായി വന്ന പിണറായി വിജയന്റെ, ഈ എസ്. എൻ.സി. ലാവ്‌ലിൻ കേസിലുണ്ടായ സംഭവ വികാസങ്ങളെ സംബന്ധിച്ച് വേണമെങ്കിൽ അന്വേഷിക്കണമെന്ന് ഇവിടെ ചിലർ പറഞ്ഞു. ഞങ്ങൾ അന്വേഷിക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ, ശ്രീ. ജോണി നെല്ലൂരിനെപ്പോലെയുള്ളവർ അന്വേഷിക്കണം എന്നു പറയുന്നതിന്റെ പിന്നിൽ ദുരൂഹതയുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരുപാട് ആരോപണങ്ങൾ ഉന്നയിച്ചു. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. വി. കെ. കൃഷ്ണമേനോൻ പറഞ്ഞിട്ടുണ്ട്, ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം "Suffering Fools" എന്നാണ്. വി. കെ. കൃഷ്ണമേനോന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോഗം ഞാൻ ഇവിടെ ആവർത്തിക്കുകയാണ്. ഈ സർക്കാരിനെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും സ്ഥിരമായി എതിർക്കുന്നു. ഒരു പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ ഭരിക്കുന്നവരെ എതിർക്കുന്നത് മനസ്സിലാക്കാം. ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായി ഭരണം ഏറ്റെടുത്തപ്പോൾ, ഞങ്ങൾ 5 വർഷം പ്രതിപക്ഷത്തിരുന്നപ്പോൾ കാണിച്ചു കൊടുത്ത മാതൃകാപരമായ പ്രതിപക്ഷ പ്രവർത്തനത്തിന്റെ നൂറിലൊന്ന് പ്രതിപക്ഷ മര്യാദ ഈ നാല് വർഷത്തിനിടയിൽ ഇടുതുപക്ഷ ജനാധിപത്യമുന്നണിയിൽനിന്നും ഈ സംസ്ഥാനത്തിനുണ്ടായിട്ടില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് എസ്. എൻ. സി. ലാവ്‌ലിൻ അടക്കമുള്ള, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷത്തിന്റേയും തനിനിറം പുറത്തുകാട്ടുന്നതിനുള്ള ഒരു അസുലഭ അവസരമായി അവിശ്വാസപ്രമേയം കൊണ്ടുവന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റുള്ള പ്രതിപക്ഷാംഗങ്ങൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. മൂന്നര വർഷക്കാലം ഈ ഗവൺമെന്റിന്റെ ചെയ്തികളെ ന്യായീകരിച്ച ഒരു വ്യക്തി എന്നുള്ള നിലയിൽ എല്ലാ പ്രശ്നങ്ങൾക്കും ഒരു വാക്ക് ആദ്യം പറയുമായിരുന്നു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യുമെന്ന്. പിന്നീട് എനിക്ക് മനസ്സിലായി കേരളം ഉള്ളിടത്തോളംകാലം ഈ വാക്ക് ഉപയോഗിക്കേണ്ടി വരുമെന്ന്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് ഞാനും ശ്രീ. വി. ഡി. സതീശനും ഘോരഘോരം പ്രസംഗിച്ചിട്ടുള്ള ആളുകളാണ്. അതിൽ പ്രധാനമായിട്ടും പറഞ്ഞിട്ടുള്ളത്, ജിമ്മിനെക്കുറിച്ച്, അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളെക്കുറിച്ചാണ്. അതിനുശേഷം വന്നിട്ടുള്ള എക്സ്പ്രസ് ഹൈവേയെക്കുറിച്ച്, അല്ലെങ്കിൽ സ്മാർട്ട് സിറ്റിയെക്കുറിച്ച്. അത് കുറച്ചുനാളായി ഞാൻ പറയുന്നില്ല. 'ജിം' മാത്രം പരിശോധിക്കാം. ഇന്നും ശ്രീ. വി. ഡി. സതീശൻ അതിനെക്കുറിച്ച് പരാമർശിച്ചു. ആലുക്കാസ് കേരളത്തിൽ കുറേ കടകൾ ജിമ്മിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചു എന്ന് പറഞ്ഞാൽ അതിനോട് യോജിക്കാൻ സാധിക്കില്ല. ജിമ്മിന്റെ പേരിൽ ആത്മാർത്ഥത ഇല്ലെന്നുള്ളതിന്റെ ഒറ്റ ഉദാഹരണം ഞാൻ പറയാം. ശ്രീ. സി. മോയിൻകുട്ടി അടക്കമുള്ളവർ കരിമണൽ ഖനനത്തെക്കുറിച്ച് പറഞ്ഞു. അത് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നു. എന്നാൽ, ജിമ്മിൽ പ്രധാനമന്ത്രി എ.ബി. വാജ്പേയി പ്രഖ്യാപിച്ച ശ്രീ. വി. ഡി. സതീശനും ഞാനുമൊക്കെ കോരിത്തരിച്ചുകൊണ്ട് കേട്ടുകൊണ്ടിരുന്ന കരിമണൽ മേഖലയിലെ 1,500 കോടി രൂപയുടെ പദ്ധതി തുടങ്ങാൻ ഒരു ചെറുവിരൽ പോലും ഈ ഗവൺമെന്റ് ഇതുവരെ അനക്കിയിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമല്ലേ? 'ജിം' മുദ്രവാക്യം മാത്രമായിട്ട് ഒതുങ്ങുകയാണോ? ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറഞ്ഞു. ഞാനൊക്കെ ഏറ്റവും കൂടുതൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടമായി പ്രസംഗിച്ച ഒരു കാര്യമാണ്. അതിന്റെ സ്ഥിതി എന്താണ്? മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സമ്മതിച്ചിട്ടുണ്ടുപോലും മനേജുമെന്റാണ് ഒന്നാം പ്രതിയെന്ന്. ശ്രീ. വി. ഡി. സതീശൻ പറയുന്നു, അവരുമായി എഗ്രിമെന്റ് 50 രൂപയുടെ മുദ്രപത്രത്തിൽ അല്ല 500 രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുദ്രപത്രത്തിൽ വച്ചാലും കാര്യം ഇല്ലെന്ന്. എനിക്കൊന്നും മനസ്സിലാകുന്നില്ല. ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ള ഒരു യുവനേതാവ് അത് എങ്ങനെ പറയുന്നു? അന്നുതന്നെ ആവശ്യം ഉയർന്നു. നിങ്ങൾക്ക് ഒരു മിനിട്സുണ്ടായിരുന്നെങ്കിൽ ആ മിനിട്സിന്റെ അടിസ്ഥാനത്തിൽ ഇത് സമ്മതിച്ചിട്ടാണ് തുടങ്ങിയിരുന്നതെങ്കിൽ ആർക്ക് ചലിക്കാൻ സാധിക്കുമായിരുന്നു? നിശ്ചയദാർഢ്യമുള്ള ഒരു ഗവൺമെന്റിന്റെ മുമ്പിൽ എഗ്രിമെന്റ് വച്ചിട്ട് അതിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിക്കാൻ ഏതെങ്കിലും മാനേജ്മെന്റിന് സാധിക്കുമായിരുന്നോ? ഇവിടെ സമരത്തിൽ രക്തം ചിന്തിയതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അക്രമത്തിന് എതിരാണ്. അത് കേരളത്തിന് ആവശ്യമില്ലെന്ന പക്ഷക്കാരനാണ് ഞാൻ. അതിനൊരു സാഹചര്യം ഒരുക്കിക്കൊടുത്തതാണ്. ഇപ്പോൾ ഏറ്റവും ഒടുവിൽ എടുത്ത തീരുമാനം, സഖാവ് എം. വി. ആർ, സഹകരണ മേഖലയിലെ സ്ഥാപനങ്ങളിലെ ഫീസ് നേരത്തെ തീരുമാനിച്ചുകൂടായിരുന്നോ? എങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നോ? അത് തീരുമാനിക്കാതെ എങ്ങനെ മാനേജുമെന്റുകളുടെ അടുത്ത് പറയാൻ സാധിക്കും? വിഷയങ്ങൾ മനഃപൂർവ്വം സൃഷ്ടിക്കുകയല്ലേ? അതല്ലേ ഇതിന്റെ പ്രശ്നം? എന്നിട്ട് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി നടപ്പിലായോ? കുട്ടികൾ വഴിയാധാരമായില്ലേ? ബംഗാളിനെക്കുറിച്ച്, അവിടുത്തെ സാഹചര്യം വിലയിരുത്തി തോമസ് മാഷ് പറയുന്നു. ബംഗാളിലെ സാഹചര്യം അതായിരിക്കും. നമ്മൾ ഉദ്ദേശിച്ചത് അതായിരുന്നോ? കേരള ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി അതായിരുന്നോ? അല്ലല്ലോ? മെറിറ്റ് ഫീസിൽ പഠിപ്പിക്കാമെന്നായിരുന്നില്ലേ നമ്മൾ പറഞ്ഞിരുന്നത്. 50 ശതമാനം വിദ്യാർത്ഥികളെ പഠിപ്പിക്കാൻ സാധിക്കുന്നുണ്ടോ? അത് ഒരു നേട്ടമാണെന്ന് പറയാൻ എനിക്ക് സാധിക്കില്ല. എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറഞ്ഞു. ഞാൻ വിചാരിച്ചു അത് ശ്രീ. എം. കെ. മുനീർ കൊണ്ടുവന്നതാണെന്ന്. ഇപ്പോൾ ശ്രീ. വി. ഡി. സതീശൻ പറയുന്നു, അത് ഇടതുപക്ഷമുന്നണി കൊണ്ടുവന്നതാണെന്ന്. ശ്രീ. എം. കെ. മുനീർ 4 വർഷക്കാലം ഇത് സ്വന്തം പദ്ധതിയായി കൊണ്ടുപോയി എന്നതല്ലാതെ ഇതിനാവശ്യമായ പിന്തുണ ഭരണ നേതൃത്വത്തിൽനിന്നും മുഖ്യമന്ത്രിയിൽനിന്നും ഈ പദ്ധതിക്ക് ഉണ്ടായിട്ടുണ്ടോ? ഒരിക്കൽപോലും അതിനെ ന്യായീകരിച്ച് കണ്ടില്ല. ഇടതുപക്ഷ മുന്നണിയുടെ സംഘടിത എതിർപ്പുകൊണ്ടാണോ അത് നടക്കാതെ പോയത്? അതിന് താൽപര്യം ഇല്ലാത്തതുകൊണ്ടല്ലേ? വേഷങ്ങൾ ജന്മങ്ങൾ, വേഷം മാറാൻ നിമിഷങ്ങൾ എന്ന് പറഞ്ഞതുപോലെ ഒരു പുതിയ വേഷത്തിലാണ് ഞാൻ നിൽക്കുന്നത്. മാനസികമായി യോജിക്കാൻ സാധിക്കാത്ത ഒരു ഘട്ടം വന്നപ്പോൾ... എന്താണ് കാര്യം? ഇവരുടെ നയം എന്താണ്? ഒഴിവാക്കലല്ലേ? ആദ്യം ഒഴിവാക്കിയത് ആരെയാണ്? ഞങ്ങളെയല്ലേ? ഇപ്പോൾ പറഞ്ഞതുപോലെ മൂട്ടകളെ, ചെറിയ കക്ഷികളെ ഒഴിവാക്കി. അറിയാത്ത കുഞ്ഞ് ചൊറിയുമ്പോൾ അറിയും. ഞാൻ ചോദിക്കട്ടേ. ആദ്യം ഒഴിവാക്കിയത് ശ്രീ. എ. കെ. ആന്റണിയെ അല്ലേ? ഈ ഗവൺമെന്റിന്റെ നയവൈകല്യങ്ങൾ എന്തൊക്കെയാണ്? ഭരണപരമായ പാളിച്ചകൾ ഉണ്ടായിട്ടുണ്ടായിരിക്കാം. പക്ഷേ, അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ കേരള രാഷ്ട്രീയത്തിൽ ആരെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ? അദ്ദേഹത്തെയല്ലേ ആദ്യം ഒഴിവാക്കിയത്? മുറികളുടെ ചുവരുകൾക്ക് സംസാരശേഷിയുണ്ടായിരുന്നെങ്കിൽ എങ്ങനെ ഒഴിവാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നു എന്ന് എല്ലാപേർക്കും അറിയാമായിരുന്നു. ആദ്യം ശ്രീ. എ. കെ. ആന്റണിയെ ഒഴിവാക്കി. രണ്ടാമതൊഴിവാക്കിയതാരെയാണ്? അദ്ദേഹത്തോടൊപ്പം ദീർഘകാലമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ നയിച്ച ശ്രീ. കെ. കരുണാകരനെയായിരുന്നു. അതിനുശേഷം അസൗകര്യമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ഒഴിവാക്കി. പിന്നെ ശ്രീ. ടി. എം. ജേക്കബിനെ ഒഴിവാക്കി. ഞങ്ങളെ ഒഴിവാക്കി. ഒഴിവാക്കൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നു. ഒഴിവാക്കിയപ്പോൾ ഒരു കാര്യം ഓർക്കണം. ശ്രീ. എ. കെ. ആന്റണിയെ ഒഴിവാക്കി ഡൽഹിയിലേക്ക് അയച്ചു. ശ്രീ. കെ. കരുണാകരനെ വെട്ടിമുറിച്ചു. ആ വൻമരം വന്നു പതിച്ചിരിക്കുന്നത് യു. ഡി. എഫ്. തറവാടിന്റെ നെറുകയിലാണെന്നത് ഭരണകർത്താക്കൾ ഓർത്തിരിക്കണം. നശിച്ചില്ലേ? എനിക്ക് ലീഗിനോട് ഒരു കാര്യം പറയാനുണ്ട്. എനിക്ക് അഭിമാനമുണ്ട്. ഒരു കാലഘട്ടത്തിൽ കേരളത്തിൽ അവരുടെ മതേതര സ്വഭാവം കാരണമാണ് ഇവിടെ ന്യൂനപക്ഷ വർഗ്ഗീയത വളരാത്തത് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. എനിക്ക് അതിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. അവർ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്, ബഹുമാന്യനായ സി. എച്ച്.-ന്റെ കാലഘട്ടത്തിലടക്കം. അന്ന് സാധാരണ മുസ്ലീങ്ങളുടെ ആവേശവും വികാരവുമായിരുന്നു ലീഗ്. കൈവണ്ടി ലീഗ് എന്ന് അറിയപ്പെടുമായിരുന്നു. കൈവണ്ടിത്തൊഴിലാളികളുടെ പാർട്ടിയായിരുന്നു. ആക്രി പറക്കുന്ന പാവപ്പെട്ടവന്റെ, അദ്ധ്വാനിക്കുന്നവന്റെ പാർട്ടിയായിരുന്നു. ഞങ്ങളുടെയൊക്കെ പ്രദേശത്ത് കൈവണ്ടി ഉന്തിക്കൊണ്ട് മാങ്ങാ കട്ടവടം നടത്തുന്നവന്റെ പാർട്ടിയായിരുന്നു. അവൻ അഭിമാനത്തോടുകൂടി കണ്ടിരുന്നതാണ്. ഇന്ന് അതാണോ? ഇന്ന് ആരുടെ പാർട്ടിയാണ്? ആരെ പ്രതിനിധീകരിക്കുന്നു? ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ ദിവസം ഇത്രയും ഘോരഘോരമായി പിൻതുണച്ചല്ലോ മോയിൻകുട്ടി സാഹിബും ശ്രീ. മമ്മൂട്ടിയുമൊക്കെ. ശ്രീ. മമ്മൂട്ടി മലപ്പുറത്തെ ജില്ലാ സമ്മേളനം നടത്തിയതിന്റെ ആവേശത്തിലായിരുന്നു. ഇപ്പോൾ ശ്രീ. ബാബു ദിവാകരൻ പോലും സമ്മേളനം നടത്തുന്ന കാലഘട്ടത്തിൽ ഇതിൽ വല്ല കാര്യവുമുണ്ടോ? നിങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാതെ അടുത്ത തെരഞ്ഞെടുപ്പിൽ എങ്ങനെ ജനങ്ങളെ നേരിടും? നിങ്ങളല്ലേ കേരളത്തിൽ അതിനെ ഏറ്റവും വലിയ വിഷയമാക്കിയത്? എന്തുകൊണ്ട് അതിനെക്കുറിച്ച് ഒരു വാക്ക് ഇവിടെ പരാമർശിച്ചില്ല? മോയിൻകുട്ടി സാഹിബ് എന്തുകൊണ്ട് അതിനെക്കുറിച്ച് പരാമർശിച്ചില്ല? എന്താണ് നിലപാട്? അതുകൊണ്ട് ഭരണപ്രക്രിയയിൽ അസൗകര്യമായിട്ടുള്ളവരെ ഒഴിവാക്കുക എന്നുള്ള ഒരു പദ്ധതിയുമായിട്ടാണ് മുന്നോട്ട് പോകുന്നത്. ശ്രീ. സി. പി. മുഹമ്മദ് ആർ. എസ്. പി.-യെക്കുറിച്ച് ഒരു പരാമർശം നടത്തി. രാഷ്ട്രീയമായ അറിവ് കുറവായതുകൊണ്ടാണ് ആർ. എസ്. പി. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞത്. അത് പഠിക്കണം. കേരള രാഷ്ട്രീയത്തിൽ ഏറ്റവും വലിയ സംഭാവന നൽകിയിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൊന്നാണ് ആർ. എസ്. പി. അതിൽ ഇപ്പോൾ 'എ' യും 'ബി' യുമൊക്കെയുണ്ട്. പുതിയ ഒരു വിപ്ലവം കൂടി തുടങ്ങിയിട്ടുണ്ട്. ആർ. എസ്.പി. (എം). അത് എന്താണെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് ആ നിലയിലേക്ക് ഒഴിവാക്കൽ പ്രക്രിയ തുടരുന്ന ഒരു ഗവൺമെന്റിനെ പിൻതുണയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ജനങ്ങൾക്ക് ഗുണം കിട്ടുമെന്ന ഒരു പ്രതീക്ഷയുമില്ലാത്ത സാഹചര്യത്തിലാണ് ഈ അവിശ്വാസ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ പിൻതുണയ്ക്കുന്നു. സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന് കുറ്റകരമായ അനാസ്ഥയുണ്ടായിരിക്കുന്നു എന്ന് ഞാൻ കുറ്റപ്പെടുത്തുന്നു. മാനേജുമെന്റുകളെ നിലയ്ക്കു നിർത്തുന്നതിലും അവരിൽനിന്ന് ഗ്യാരന്റി വാങ്ങുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടു. വിദ്യാർത്ഥി സമരം ന്യായമായിരുന്നു. ആ വിദ്യാർത്ഥി സമരത്തെ നേരിട്ടത് നല്ല രീതിയിലായിരുന്നില്ല. പണ്ടൊക്കെ കുട്ടികൾ തെമ്മാടിത്തരം കാണിച്ചാൽ ചൂരൽ കൊണ്ടാണ് അടിക്കുക. ഞാനും വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്ത് ചൂരൽ കൊണ്ട് അടി വാങ്ങിയിട്ടുണ്ട്. പക്ഷെ പോലീസ് ഇപ്പോൾ അതിക്രൂരമായ ഉപകരണങ്ങൾ ഉപയോഗിച്ചാണ് വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ പോലീസിനെ അഭിമാനത്തോടുകൂടി കണ്ടിരുന്ന ഒരാളാണ് ഞാൻ. പക്ഷെ ഇപ്പോൾ കേരള പോലീസിനോട് ഇരിക്കാൻ പറഞ്ഞാൽ കിടക്കുന്ന പോലീസാണ്. ഇത് ഇടതുപക്ഷം ഭരിക്കുമ്പോഴും അങ്ങനെതന്നെ. യജമാനൻമാർക്ക് കുഴമ്പിട്ട് തിരുമാനുള്ള താൽപര്യമാണ് പോലീസിന്. അതുതന്നെയാണ് ഇപ്പോഴും. മണിയടി പോലീസായി കേരള പോലീസ് മാറിയിട്ടുണ്ട്. കുട്ടികളുടെ മേലെ ആയിപ്പോയി അതിക്രമം എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ആരോഗ്യവകുപ്പിന്റെ സ്ഥിതിയെന്താണ്. ആരോഗ്യവകുപ്പിനെ നിങ്ങൾ കൈവിട്ടിരിക്കുകയാണ്. ആശുപത്രിയിൽ മരുന്നുണ്ടോ; ഡോക്ടർമാരുണ്ടോ; കിടത്തി ചികിത്സയുണ്ടോ; പാവപ്പെട്ട രോഗികൾ എവിടെപ്പോകും? അവരുടെ കയ്യിൽ മരുന്ന് വാങ്ങാൻ പണമുണ്ടോ? അതുകൊണ്ട് മുഖ്യമന്ത്രി ആരോഗ്യവകുപ്പിനെ ശുദ്ധീകരിക്കാൻ ശ്രമിച്ചിട്ടില്ലെന്ന് ഞാൻ കുറ്റപ്പെടുത്തുന്നു. കേരളത്തെ മദ്യത്തിൽ കുളിപ്പിച്ച് കിടത്താനാണ് എക്സൈസ് മന്ത്രിയുടെ പരിപാടി എന്ന് തോന്നുന്നു. മദ്യശാലകൾ തുടങ്ങുക എന്നതാണ് ഗവൺമെന്റിന്റെ പോളിസി. നമ്മളെല്ലാവരും ഗാന്ധിയൻമാരാണെന്ന് അഭിമാനിക്കുകയും ഖദറിട്ട് പ്രസംഗിക്കുകയും ചെയ്യുന്നുണ്ടല്ലോ? എന്തിനാണ് ഇത്രയും മദ്യശാലകൾ? എന്തിനാണ് ആളുകളെക്കൊണ്ടും കുട്ടികളെക്കൊണ്ടും കുടിപ്പിക്കുന്നത്? എന്തിനാണ് അതിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത്? അതുകൊണ്ട് കേരളത്തെ മദ്യത്തിൽ മുക്കി കൊല്ലാനുള്ള തീരുമാനവുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതിനോട് എനിക്ക് യോജിപ്പില്ല. ഇപ്പോൾ രാമായണ മാസമാണ്. ദേവാലയങ്ങളിലെല്ലാം രാമായണം പാരായണം ചെയ്യുന്നു. ബൈബിളും, രാമായണവും, ഖുറാനും, ഭഗവത്ഗീതയും എല്ലാം നാം പരിശുദ്ധമായി കാണുന്നു. ഗ്വാണ്ടിനാമോ ജയിലുകളിൽ ഖുറാനെടുത്ത് കക്കൂസിലിട്ടു എന്നതിൽ അമേരിക്കൻ പ്രസിഡന്റൊഴികെ ലോകം മുഴുവൻ രോഷം കൊണ്ടതാണ്. മഅ്ദനിയുടെ കാര്യത്തിലേക്കാണ് ഞാൻ വരുന്നത്. മഅ്ദനിയുടെ ഭാര്യ ജയിലിൽ പോയി വന്നിട്ട് പത്രസമ്മേളനം നടത്തിയിട്ടുണ്ട്. മഅ്ദനിയെ സഹായിക്കാൻ വേണ്ടി കുഞ്ഞാലിക്കുട്ടി സാഹിബും ശ്രീ. ഉമ്മൻചാണ്ടിയും കൂടി പോയി ജയലളിത തന്ന ജിലേബിയും കാപ്പിയും കഴിച്ച് തിരിച്ചുവന്നില്ലേ? അദ്ദേഹത്തിനെ മോചിപ്പിക്കാൻ വല്ല പരിപാടിയും നടന്നോ? മുഖ്യമന്ത്രി മറുപടി പറയണം. മഅ്ദനിയുടെ പാർട്ടിയുടെ പിൻതുണയോടുകൂടിയാണല്ലോ നിങ്ങൾ അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നത്. മുസ്ലീം ലീഗുകാർ ഒന്നും പറയണ്ട. എന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കണ്ട. അക്കാര്യത്തിൽ ഒന്നും മിണ്ടാതിരിക്കുകയാണ് നല്ലത്. അത് തെറ്റാണെന്നാണ് എന്റെ അഭിപ്രായം. അതാണ് ഞാൻ പറഞ്ഞത് കേരളത്തിലെ പോലീസ് നിൽക്കാൻ പറഞ്ഞാൽ കിടക്കുന്ന പോലീസാണെന്ന്. മുഖ്യമന്ത്രിയൊന്നും അതിന് ഉത്തരവാദിയല്ല. അന്നത്തെ മുഖ്യമന്ത്രിയെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്. അദ്ദേഹം നല്ല മനുഷ്യനായിരുന്നു, ഭരണാധിപനായിരുന്നു, മനസ്സാക്ഷിയുള്ളവനായിരുന്നു എന്ന് തന്നെയാണ് എന്റെ അഭിപ്രായം. അതിനെയൊന്നും മാറ്റുരയ്ക്കാൻ പോകണ്ട. അതിലേക്കൊന്നും കടക്കണ്ട. കേരളത്തിലെ പോലീസ് അക്കാര്യത്തിലും അതിക്രമം കാണിച്ചു. വെളുത്ത വണ്ടിയുമായി 4 പോലീസുകാർ വന്നപ്പോൾ കേരള പോലീസ് മഅ്ദനിയെ പിടിച്ചുകൊടുത്തു എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അദ്ദേഹത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? അദ്ദേഹത്തിനോട് കോടതി നീതി കാണിക്കുന്നുണ്ടോ? അവിടുത്തെ ഭരണകൂടം നീതി കാണിക്കുന്നുണ്ടോ? ആ മനുഷ്യൻ ഏഴെട്ട് കൊല്ലമായി ജയിലിൽ കിടക്കുന്നു. കുറ്റവിചാരണ തടവുകാരനായി കോടതിയിൽപോലും ശിക്ഷിക്കപ്പെടാതെ എട്ട് കൊല്ലമായി ജയിലിൽ കഴിയുന്ന ആരെങ്കിലും ഇൻഡ്യയിലെ ജയിലുകളിലുണ്ടോ? 96 കോടി ജനങ്ങളിൽ ഒരു മനുഷ്യനെ പിടിച്ച് ജയിലിലിട്ട് ഇൻഡ്യ മുഴുവൻ ആഹ്ലാദിക്കുകയാണ്. നീതിപീഠത്തിന് കണ്ണില്ലേ? നീതിപീഠത്തിന് മനഃസാക്ഷിയില്ലേ? ഭരണാധിപൻമാർക്ക് മനഃസാക്ഷി വേണ്ടേ? ഇപ്പോൾ അവിടെ എന്തുണ്ടായി? അദ്ദേഹം മരിക്കുന്ന അവസ്ഥയായി. അദ്ദേഹത്തിന്റെ തൂക്കം കുറഞ്ഞു. അദ്ദേഹത്തിന് ആയുർവ്വേദ ചികിൽസപോലും കൊടുക്കാൻ കഴിയില്ല. കോടതി പറഞ്ഞു, 50 മി. ഗ്രാം സഹചരാദി കുഴമ്പ് കൊടുക്കാൻ. അവസാനം പരിശുദ്ധ ഖുറാൻ എടുത്ത് അതിൽ മൂത്രം ഒഴിക്കുകയാണ് പോലീസുകാർ. അദ്ദേഹം പ്രാർത്ഥിക്കുന്ന സ്ഥലത്ത് മൂത്രം ഒഴിക്കുന്നു. ലോകമനഃസാക്ഷിയെ വേദനിപ്പിക്കുന്ന സംഭവമല്ലേ? ഏത് കോടതിയാണ് ഇതിന് അനുവാദം കൊടുത്തത്? ഏത് മുഖ്യമന്ത്രിയാണ് അനുവാദം കൊടുത്തത്? ഏത് പോലീസുകാരനാണ് ഇത് ചെയ്തത്? തമിഴ്നാട്ടിലാണെങ്കിലും നമ്മുടെ മുഖ്യമന്ത്രിക്ക് അതിൽ ഇടപെടാൻ അവകാശമില്ലേ? പ്രധാനമന്ത്രിയോട് പറയണം, കേന്ദ്ര ആഭ്യന്തരമന്ത്രിയോട് പറയണം. അതീവഗൗരവമായ ഒരു സംഭവമാണ്. ഇൻഡ്യൻ ജനാധിപത്യ ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമാണ് കോയമ്പത്തൂർ ജയിലിൽ കഴിഞ്ഞ ദിവസമുണ്ടായിരിക്കുന്നത്. ഖുറാനെ അവഹേളിച്ചിട്ടുണ്ടെങ്കിൽ, അതിൽ മൂത്രം ഒഴിച്ചിട്ടുണ്ടെങ്കിൽ, അബ്ദുൾ നാസർ മഅ്ദനി പ്രാർത്ഥിക്കുന്ന സ്ഥലത്ത് മൂത്രം ഒഴിച്ചിട്ടുണ്ടെങ്കിൽ അത് മഹാപാപമാണ്. അവർക്ക് ശിക്ഷ കിട്ടുമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. പക്ഷേ നിയമത്തിന്റെയും ഭരണകൂടത്തിന്റെയും ശിക്ഷാവിധികൾ അതിന് മീതെ ഉണ്ടാകണ്ടേ? അതാണ് ഞാൻ ചോദിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടുകയും പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതോടൊപ്പംതന്നെ പോലീസിന്റെ കൈക്കൂലി, കൈക്കൂലി വാങ്ങാത്തവർ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചോ പത്തോ കാണും. അഴിമതി പണ്ടാരങ്ങളായി കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ മാറിയിരിക്കുകയാണ്. വിജിലൻസ് അവരുടെ ലിസ്റ്റ് ഉണ്ടാക്കിയില്ലേ? എന്തുകൊണ്ട് നടപടി എടുത്തില്ല? 48 കാളിസുള്ള സർക്കിൾ ഇൻസ്പെക്ടർമാരുണ്ട്. ഒറ്റപ്പാലത്തെ സിനിമാ ഷൂട്ടിംഗിനെല്ലാം സർക്കിൾ ഇൻസ്പെക്ടർമാരുടെ കാളിസുകളാണ് സപ്ലൈ ചെയ്യുന്നത്. ഇങ്ങനെ പണമുണ്ടാക്കിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെ നേരെ ഒരു ചെറുവിരൽ അനക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോ? മുഖ്യമന്ത്രി അതിവേഗം പറക്കുകയാണ്. നിങ്ങളുടെ മന്ത്രിമാർക്ക് ഒരു കത്ത് കൊടുത്താൽ ഒരു മറുപടി തരുന്നുണ്ടോ? എം.എൽ.എ.-മാരെ പുല്ലുവിലയല്ലേ? ഡൽഹിയിൽ പ്രധാനമന്ത്രിക്ക് ഒരു കത്ത് അയച്ചാൽ 15 ദിവസത്തിനകം നമുക്ക് മറുപടി കിട്ടും. കേരളത്തിലെ മന്ത്രിമാർക്ക് കത്തയച്ചാൽ മറുപടി തരുന്നുണ്ടോ? അവരുടെ വീട്ടിൽനിന്ന് കാശ് എടുത്തിട്ടാണോ സ്റ്റാമ്പ് വാങ്ങുന്നത്? അതുകൊണ്ട് കാര്യക്ഷമതയില്ലാത്ത ഈ ഗവൺമെന്റിനെ ശക്തമായി എതിർക്കുകയും അവിശ്വാസപ്രമേയത്തെ പിൻതാങ്ങുകയും ചെയ്യുന്നു.

<u>ശ്രീ. എം. എ. വാഹീദ്</u>: സർ, ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. കഴിഞ്ഞയാഴ്ച ഈ സഭയിൽ വന്ന അവിശ്വാസപ്രമേയവും അതിന്റെ ചർച്ചയും ലോകം മുഴുവനും കാണുകയും കേൾക്കുകയും ചെയ്തതാണ്. ആ കൂട്ടത്തിൽ ഡൽഹിയിലുള്ളവരും ചമ്പൽക്കാട്ടിലുള്ളവരും കണ്ടു. ഡൽഹിയിലുള്ള എന്റെ ഏതാനും സുഹൃത്തുക്കൾ ഡൽഹിയിൽനിന്ന് തിരിച്ചുവരുമ്പോൾ കേരളത്തിലേക്ക് വരുന്ന ട്രെയിനിനെ നോക്കി ചമ്പൽക്കാട്ടിലെ നമ്മുടെ സി.പി.ഐ.(എം.)-ന്റെ സഖാക്കൾ വിളിച്ചുപറയുന്നത്, പിണറായി ഹമാരാ ഭായി ഹെ എന്നാണ്, ദോസ്ത് എന്നാണ്. പിണറായി ഹമാരാ ഭായി ഹെ എന്ന് ചമ്പൽക്കാട്ടിലെ കൊള്ളക്കാർ പറയത്തക്കരീതിയിലുള്ള ഭീമമായ ഒരു കൊള്ളയാണ് കേരളത്തിൽ നടന്നത് എന്ന് ചമ്പൽക്കാട്ടിലുള്ള ആൾക്കാർപോലും വിശ്വസിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ച സി.പി.ഐ.(എം.) ആണ് ഈ അവിശ്വാസപ്രമേയവുമായി ഇവിടെ വന്നിരിക്കുന്നത്. 13 ആരോപണങ്ങളുമായിട്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിശ്വാസപ്രമേയം കൊണ്ടുവന്നത്. ഈ 13 തന്നെ ഒരു അൺലക്കി നമ്പറാണ്. എം.എൽ.എ. ഹോസ്റ്റലിൽപോലും 13-ാം നമ്പർ മുറിയില്ല. കാരണം അത് അൺലക്കിയാണ്. അതുകൊണ്ടുതന്നെ ഈ അവിശ്വാസപ്രമേയം അൺലക്കിയായിട്ട് മാറിയിരിക്കുകയാണ്. ഇത് പ്രതിപക്ഷത്തിനെ തിരിച്ചടിച്ചിരിക്കുകയാണ്. ഈ പതിമൂന്ന് ആരോപണങ്ങൾ നമുക്ക് ഒന്നു നോക്കാം. ഈ സർക്കാരിന് ജനപിന്തുണ നഷ്ടപ്പെട്ടുവെന്നു പറയുന്നു. ഞങ്ങൾ തടിപോലെ 84 ഓളം പേർ ഇവിടെ ഇരിപ്പുണ്ട്. ഞങ്ങളെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അഞ്ചു വർഷത്തേയ്ക്കാണ് ഈ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്, അഞ്ചു വർഷത്തേയ്ക്ക് ഭരണഘടനാപരമായി തെരഞ്ഞെടുത്ത ഞങ്ങളെ നിങ്ങൾക്ക് എതിർക്കാൻ പറ്റുമോ? ഞങ്ങൾ തിരിച്ചുപോകണമെന്നാണോ നിങ്ങൾ പറയുന്നത്? ഏത് ജനാധിപത്യ മര്യാദയനുസരിച്ചാണിത്? സാങ്കേതികമായിട്ട് നഷ്ടപ്പെട്ടില്ലാ എന്നാണ്. എന്ത് സാങ്കേതികത്വമെന്ന് അവർ വ്യക്തമാക്കുന്നില്ല. എണ്ണത്തിൽ ഭൂരിപക്ഷം ഇപ്പോഴും ശ്രീ. ഉമ്മൻചാണ്ടി സർക്കാരിനുണ്ട്. സർക്കാർ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജനക്ഷേമപരിപാടികൾക്കും വികസന പ്രവർത്തനങ്ങൾക്കും ഞങ്ങൾ 84 പേരും ശക്തമായ പിന്തുണ നൽകുന്നു. സംശയമുണ്ടെങ്കിൽ നാളെ വൈകുന്നേരം വോട്ടെടുപ്പ് നടക്കുമ്പോൾ നിങ്ങൾക്ക് കാണാം. 84 പേരിൽ ഒരാളുപോലും ചോരുകയില്ല. അങ്ങനെ സാങ്കേതിക ഭൂരിപക്ഷത്തെക്കുറിച്ച് പറയാറില്ല. രണ്ടാമത് പറയാനുള്ളത് എന്താണ് മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വമില്ലെന്നാണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് എ.കെ.ജി. സെന്ററിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് കൂടി തീരുമാനിക്കുന്ന ആ കൂട്ടുത്തരവാദിത്വം ഞങ്ങൾക്കില്ല, യു.ഡി.എഫ്.-ന് ഇല്ല. ഒരു കാലത്തും ഇല്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആരെയെങ്കിലും കൊല്ലണമെന്നു പറഞ്ഞാൽ അടുത്തിരിക്കുന്ന സി.പി.ഐ. നേതാക്കൾ കൊല്ലാനായി ഒപ്പിട്ടുകൊടുക്കും. തട്ടണമെന്നു പറഞ്ഞാൽ തട്ടാനായി ഒപ്പിട്ട് കൊടുക്കും. അങ്ങനെയുള്ള കൂട്ടുത്തരവാദിത്വം യു.ഡി.എഫ്.-നില്ല. അത് എൽ.ഡി.എഫ്.-ലാണ്. മൂന്നാമത് പറഞ്ഞിരിക്കുന്നത് എന്താണ്? രാഷ്ട്രീയ രംഗത്തും ഭരണരംഗത്തും അസ്ഥിരതയെന്നാണ്. എവിടെയാണ് അസ്ഥിരത? അസ്ഥിരത ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയിലാണ്. നമ്മുടെ പ്രതിപക്ഷ നേതാവിന്റെ കരചരണങ്ങൾ ഭേദിച്ച് നിർത്തിയിരിക്കുകയാണ്. പ്രതിപക്ഷ നേതാവ് ഇപ്പോൾ മിണ്ടുന്നില്ല. തൊട്ടതിനും പിടിച്ചതിനും പ്രതികരിക്കുന്ന പ്രതിപക്ഷ നേതാവ് നമ്മുടെ നിയമസഭയിലും പുറത്ത് നടക്കുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് പറയുന്നില്ല. 100 രൂപയുടെ അഴിമതി ഉണ്ടായിരുന്നാൽ പ്രതികരിക്കുന്ന പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ ഗ്രൂപ്പുകാരും ഈ രാജ്യം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ അഴിമതി ഈ സംസ്ഥാനത്ത് നടന്നിട്ടും അതേക്കുറിച്ച് മിണ്ടുന്നില്ല. ശ്രീ. മത്തായി ചാക്കോ പോലും മിണ്ടുന്നില്ല. അതാണ് സ്ഥിതി. പ്രതിപക്ഷനേതാവിന്റെ വിഭാഗവും മിണ്ടുന്നില്ല. ശ്രീ. പിണറായി വിജയന്റെ വിഭാഗം ഇവിടെ ഘോരഘോരം സംസാരിക്കുന്നു. ശ്രീ. തോമസ് ഐസക്ക് അരമണിക്കൂറാണ് ഇവിടെ സംസാരിച്ചത്. അപ്പോൾ അസ്ഥിരത അപ്പുറത്താണ്. സി.പി.എം.-ലാണ്. ഇവിടെ രാഷ്ട്രീയ അസ്ഥിരതയില്ല. ഇവിടെ സുസ്ഥിരമായ ഭരണവുമായി യു.ഡി.എഫ്. സർക്കാർ മുന്നോട്ട് പോവുകയാണ്. ദൈനംദിനം ഓരോരോ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടും ഓരോരോ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കൊണ്ടും യു.ഡി.എഫ്. മുന്നോട്ട് പോകുകയാണ്. വികസന പ്രവർത്തനങ്ങൾ നടന്നതു മുഴുവനും യു.ഡി.എഫ്.-ന്റെ കാലത്താണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് അത് മുഴുവൻ തകർക്കുന്ന പദ്ധതികളുമായിട്ടാണ് മുന്നോട്ട് വന്നിട്ടുള്ളത്. ഇവിടെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പിലാക്കിയില്ല, അത് പരാജയമാണെന്നാണ് പറയുന്നത്. തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം വരുത്തിക്കൊണ്ട് കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി അടഞ്ഞുകിടക്കുന്ന വാതായനം തുറന്നുകൊടുക്കുമെന്നുള്ളതാണ്. അതു പാലിച്ചു. എല്ലാ അർത്ഥത്തിലും പാലിച്ചു. പക്ഷേ അതിനെ തകർക്കുന്ന സമരമുറകളായിരുന്നു കഴിഞ്ഞ കാലങ്ങളിൽ എൽ.ഡി.എഫ്. ഇവിടെ നടത്തിയിട്ടുള്ളത്. സാമ്പത്തിക രംഗത്ത് കെടുകാര്യസ്ഥതയും അരാജകത്വവും എന്നാണ് ഇപ്പോൾ പറയുന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് മാസത്തിൽ ഇരുപത് ദിവസവും ട്രഷറി അടച്ചിടുമായിരുന്നു. അന്ന് പണമിടപാട് നടക്കില്ലായിരുന്നു. മന്ത്രിമാർ സഞ്ചരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾക്ക് ഇന്ധനം അടയ്ക്കാൻപോലും പണമില്ലായിരുന്നു. എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ അവസാനം എ.ഡി.ബി. വായ്പ കിട്ടുമെന്നു പറഞ്ഞുനടന്നു. അത് കിട്ടാതായപ്പോൾ ട്രഷറി മുഴുവൻ പൂട്ടി കേരളത്തിൽ. അങ്ങനെയുള്ള സാമ്പത്തിക കെടുകാര്യസ്ഥത അല്ലെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട് ഇന്നില്ല. പ്രശ്നങ്ങളുണ്ട്. സാമ്പത്തിക പ്രശ്നങ്ങളുണ്ട്. അത് എൽ.ഡി.എഫ്. ഉണ്ടാക്കിവച്ച സാമ്പത്തിക പ്രശ്നമാണ്. അവർ പ്രീഡിഗ്രി വേർപെടുത്തി പ്ലസ് 2 ഉണ്ടാക്കി. യു.ഡി.എഫ്.-ന്റെ കാലത്ത്, ഇപ്പോൾ +2 കൊടുത്തത് സർക്കാർ സ്ക്കൂളുകളിലാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊടുത്തത് സ്വകാര്യ മാനേജുമെന്റുകൾക്കാണ്. സ്വകാര്യ കോളേജുകളിൽ പഠിക്കുന്ന കുട്ടികളും അദ്ധ്യാപകരും സംവിധാനങ്ങളും നിലനിൽക്കവേ ഇപ്പുറത്ത് പുതുതായി പ്ലസ് 2 ക്ലാസുകൾ അനുവദിച്ചു. പുതിയ അദ്ധ്യാപകൻമാരെ നിയമിക്കുവാൻ, പുതിയ ലാബ് ഉണ്ടാക്കാൻ കോടിക്കണക്കിന് രൂപ ഈ സർക്കാരിന് ബാദ്ധ്യതയുണ്ടാക്കിയില്ലേ? അങ്ങനെയുള്ള സാമ്പത്തിക ബാദ്ധ്യതയുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. അഴിമതി ഇന്ന് സാർവ്വത്രികമാണ് എന്നാണ് എൽ.ഡി.എഫ്. ആരോപിക്കുന്നത്. എസ്.എൻ.സി. ലാവ്‌ലിനെപ്പോലെയുള്ള വലിയ ഒരു അഴിമതി കേരളം കേട്ടിട്ടില്ല. ഇന്നും ഇവിടെ ശ്രീ. എം. വി. ജയരാജൻ കുറെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചു. ഇറച്ചിക്കടയിൽ ഇറച്ചിക്കണക്ക് എഴുതുന്നതുപോലെയാണ് 300 രൂപ, 400 രൂപ, 200 രൂപ അവസാനം വെട്ടുകൂലി ഇത്ര രൂപ. ഏറ്റവും അവസാനം പലവക 200 രൂപ എന്ന് എഴുതുന്നതുപോലെയുള്ള ഒരു കണക്കാണ് പറഞ്ഞിരിക്കുന്നത്. ഈ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നതിന് ഒരു വ്യവസ്ഥയില്ലേ? എസ്.എൻ.സി. ലാവ്‌ലിൻ അഴിമതി പുറത്തുവന്നത് സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ആ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും ഒരു കാര്യം ശ്രീ. എം. വി. ജയരാജന് ഇന്നു തെളിവ് സഹിതം ഹാജരാക്കുവാൻ ഉണ്ടോ? ഏതിനെയും അഴിമതിയിൽ മുക്കിക്കൊല്ലുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. ഏത് സ്ഥാപനമാണ് സ്വകാര്യവൽക്കരിച്ചിട്ടുള്ളത്? കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനവും സ്വകാര്യവൽക്കരിച്ചിട്ടില്ല. കേരളത്തിലെ ഒരു വ്യവസായവും സ്വകാര്യവൽക്കരിച്ചിട്ടില്ല. നഷ്ടത്തിൽ വന്ന വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ നഷ്ടം ഖജനാവിന് ഉണ്ടാക്കും എന്നു കണ്ടിട്ടുള്ളവയെക്കുറിച്ച് പുനഃരാലോചിക്കാനുള്ള കമ്മിറ്റികളും പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. അല്ലാതെ ഒരു വ്യവസായവും ഇവിടെ സ്വകാര്യവൽക്കരിച്ചിട്ടില്ല. കാർഷിക മേഖലയും സ്വകാര്യവൽക്കരിച്ചിട്ടില്ല. എന്നും പറയും സ്വകാര്യവൽക്കരണം, സ്വകാര്യവൽക്കരണം. ഇവിടെ എട്ടാമത് പറഞ്ഞത് എന്താണ്? ജീവനും സ്വത്തിനും സംരക്ഷണമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ജീവനും സ്വത്തിനും സംരക്ഷണം ലഭിച്ചിരുന്നത്.....

ശ്രീ. എം. വി. ജയരാജൻ : സർ, I am raising a point of order. 63 (5) അനുസരിച്ചാണ് ഈ ചർച്ച. സ്പീക്കർക്ക് യുക്തമെന്നു തോന്നിയാൽ പ്രശ്നങ്ങൾക്ക് സമയപരിധി നിശ്ചയിക്കാവുന്നതാണ്. സ്പീക്കർ നിശ്ചയിച്ചതുപ്രകാരം സമയം

LIBRARY ARCHIVES Kerala Legislative Assembly

അലോട്ട് ചെയ്ത് ഓരോ പാർട്ടിക്കും സമയം കൊടുത്ത് ആ സമയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പാർട്ടിയും അംഗങ്ങളെ നിശ്ചയിച്ച് അങ്ങനെയാണ് ഇവിടെ ഇപ്പോൾ എല്ലാ ദിവസവും വരുന്നത്. അതിൽ പതിനാലാമത്തെ ആളായിട്ടാണ് ശ്രീ. എം. എ. വാഹീദ്, 13 മിനിറ്റ്. ഈ സഭയ്ക്ക് അറിയേണ്ടത് ശ്രീ. എം. എ. വാഹീദ് സ്വതന്ത്ര അംഗമാണോ അല്ല, ഏതെങ്കിലും ഒരു നിയമസഭാ കക്ഷിയിൽ പ്രതിനിധാനം ചെയ്യുന്ന ആളാണോ, കോൺഗ്രസ് പാർലമെന്ററി പാർട്ടി അനുവദിച്ചതാണോ? സാധാരണഗതിയിൽ സ്വതന്ത്രൻമാർക്ക് 5 മിനിറ്റാണ് അനുവദിക്കുന്നത്. അപ്പോൾ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ അംഗമാണോ വാഹീദ്? കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ അംഗമാണെങ്കിൽ ബഹുമാനപ്പെട്ട ചെയർ അതുസംബന്ധിച്ച് ഒരു റൂളിംഗ് നൽകിയാൽ നമുക്ക് അത് മനസ്സിലാക്കാൻ കഴിയും.

ശ്രീ. എം. എ. വാഹീദ് : സർ, ഇത്രയും അസഹിഷ്ണുത ശ്രീ. എം. വി. ജയരാജനു വേണ്ട. ഞാൻ സ്വതന്ത്രാംഗം തന്നെയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം ഇരിക്കണം. ഇതിൽ പ്രത്യേകിച്ച് ഒരു പോയിന്റും ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു കാര്യം പറയാം. ശ്രീ. എം. എ. വാഹീദ് കോൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടിക്കകത്ത് പങ്കെടുത്തുകൊണ്ടിരിക്കുന്ന ആളാണ്. അദ്ദേഹം അസോസിയേറ്റ് അംഗമായിട്ട് കോൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടിക്കകത്തുള്ള ആളാണ്. അദ്ദേഹം യു.ഡി. എഫ്. -നകത്ത് അംഗമായിട്ട് തുടരുകയാണ്. അങ്ങനെ സ്വതന്ത്രാംഗമായിട്ട് അസോസിയേറ്റ് അംഗമായി ഇതിൽ തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഞങ്ങളുടെ പാർട്ടിക്ക് കിട്ടിയ സമയത്തിനകത്ത് അദ്ദേഹത്തിന് സമയവും കൊടുത്തിട്ടുണ്ട്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട എം. എ. വാഹീദ് ഒരു സ്വതന്ത്രാംഗമാണ്. സ്വതന്ത്രാംഗം എന്ന നിലയിൽ അദ്ദേഹത്തിന് ആറ് മിനിറ്റുണ്ട്. കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ 7 മിനിറ്റ് കൂടി കൊടുത്താണ് അദ്ദേഹത്തിനു 13 മിനിറ്റ് അനുവദിച്ചിരിക്കുന്നത്. അതേക്കുറിച്ച് യാതൊരു പോയിന്റും റെയിസ് ചെയ്യേണ്ട കാര്യമില്ല. ഒരു പോയിന്റുമില്ല.

ശ്രീ. എം. എം. ഹസ്സൻ : സർ, തുടർച്ചയായി മെമ്പർമാരുടെ പ്രസംഗത്തിൽ ഇടപെടാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ബഹുമാനപ്പെട്ട എം. വി. ജയരാജൻ പോയിന്റ് ഓഫ് ഓർഡർ ദുരുപയോഗപ്പെടുത്തുന്നത് അങ്ങ് തടയണം.

ശ്രീ. എം. എ. വാഹീദ് : ഇത്രയും അസഹിഷ്ണുത ശ്രീ. എം. വി. ജയരാജനുവേണ്ട. ഇവർ 13 ആക്ഷേപങ്ങളാണ് മുന്നോട്ട് വച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സ്വത്തിനും ജീവനും സംരക്ഷണംകൊടുത്തിരിക്കുന്നത് യു. ഡി. എഫ്. സർക്കാരാണ്. എൽ. ഡി. എഫ്. ഭരണകാലത്ത് മുൻപേയും പിറകേയും

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഉണ്ടായിരുന്നാലല്ലേ തലശ്ശേരിയിൽ പോകാൻ ഒക്കുമായിരുന്നുള്ളു. ഇപ്പോൾ ബാഗും തൂക്കി സ്വതന്ത്രമായിട്ട് റെയിൽവേസ്റ്റേഷനിൽനിന്നും അദ്ദേഹത്തിന്റെ മണ്ഡലത്തിലേക്കും വിവിധപ്രദേശങ്ങളിലേക്കും പോകാൻ കഴിയും. ആ സംരക്ഷണം കൊടുത്തത് യു. ഡി. എഫ്. ആണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അവാസ്തവ പ്രസ്താവന നടത്താൻ പാടില്ല. ഒരു കാലത്തും അങ്ങനെ തലശ്ശേരിയിലോ ഒരു സ്ഥലത്തുമോ മുമ്പിലും പിമ്പിലും പോലീസുമായിട്ട് പോയിട്ടില്ല. ഞാൻ ഒരിക്കലും അങ്ങനെ പോയിട്ടില്ല ശ്രീ. ഉമ്മൻചാണ്ടിയാണ് അങ്ങനെ പോയിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. എ. വാഹീദ് : എൽ. ഡി. എഫ്. ഭരണകാലത്ത് ഒരു ലോറി പോലീസ് മുന്നിലും രണ്ട് വണ്ടി ഗുണ്ടകൾ പിറകിലുമായിട്ടാണ് സാധാരണ പോകുന്നത്. ഇപ്പോൾ സ്വതന്ത്രമായിട്ടാണ് പോകുന്നത്. അതുകൊണ്ട് ഈ സർക്കാർ ജീവനും സ്വത്തിനും സംരക്ഷണം നൽകി എന്നുള്ളതിന് തെളിവാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനും ബാക്കി കണ്ണൂരിൽ നിന്നുള്ള എല്ലാ എം. എൽ. എ. മാരും സ്വതന്ത്രമായി സഞ്ചരിക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷമായി എന്നാണ് പറയുന്നത്. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒരുപാട് ഒരുപാട് പദ്ധതികൾ സംസ്ഥാനത്ത് കൊണ്ടുവന്നു. ആ പദ്ധതികൾ മുഴുവൻ തുരങ്കം വച്ചത് എൽ. ഡി. എഫ്. ആണ്. 'ജിം' കൊണ്ടുവന്നപ്പോൾ ഒരു മാസം നീണ്ടുനിൽക്കുന്ന സമരമാണ് നടത്തിയത്. സകല റവന്യൂ ഓഫീസുകളിലും സമരം നടത്തി. എല്ലാ താലൂക്ക് ഓഫീസുകളേയും നിശ്ചലമാക്കി. ഈ സമരം കണ്ട് ആരെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഈ കേരളത്തിലേക്ക് വരുമോ? അങ്ങനെ വരാത്തരീതിയിലുള്ള സമരാഭാസങ്ങളുമായി മുന്നോട്ട് പോയതിന്റെ ഫലമായിട്ടാണ് പല വ്യവസായങ്ങളും നമുക്ക് നഷ്ടപ്പെട്ടത്; പല തൊഴിൽ സാധ്യതകളും നമുക്ക് നഷ്ടപ്പെട്ടത്. ഏറ്റവും അവസാനം സ്മാർട്ട് സിറ്റി, സ്മാർട്ട് സിറ്റി തകർക്കുന്നതിനുവേണ്ടി അഴിമതിയുടെ പുകമറയുമായി നിൽക്കുകയാണ്. സ്മാർട്ട് സിറ്റി വന്നാൽ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് സംസ്ഥാനത്ത് തൊഴിലവസരങ്ങൾ കിട്ടും. ആ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുവാൻവേണ്ടി അനാവശ്യവും അക്രമപൂർവ്വവുമായ സമരം എൽ. ഡി. എഫ്. നടത്തുന്നു. മറ്റൊന്ന്, മതന്യൂനപക്ഷങ്ങൾക്ക് ഇവിടെ രക്ഷയില്ലെന്നാണ് പറയുന്നത്. മതന്യൂനപക്ഷങ്ങൾക്ക് അവരുടെ രാജ്യത്തുള്ളതിനേക്കാൾ സംരക്ഷണം ഈ സംസ്ഥാനത്തുണ്ട്. മതന്യൂനപക്ഷങ്ങളേയും അവരുടെ അവകാശങ്ങളേയും യു. ഡി. എഫ്. നിഷേധിച്ചിട്ടില്ല. അക്രമസമരങ്ങൾ നടത്തുന്നത് മതന്യൂനപക്ഷമായിരുന്നാലും മതഭൂരിപക്ഷമായിരുന്നാലും രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയായിരുന്നാലും അടിച്ചമർത്തണമെന്നാണ് എന്റെ അഭിപ്രായം. ന്യൂനപക്ഷത്തിന്റെ പേരിലോ ഭൂരിപക്ഷത്തിന്റെ പേരിലോ അല്ലെങ്കിൽ രാഷ്ട്രീയമായ കുറേ അക്രമിസംഘം ഉണ്ടെന്നുള്ളതിന്റെ പേരിലോ നിയമം കയ്യിൽ എടുക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ അങ്ങനെയുള്ള അക്രമ പ്രവർത്തനങ്ങളെ അടിച്ചമർത്തണം. സംസ്ഥാനത്തെ ജനജീവിതം ദുസ്സഹമായി എന്നുള്ളതാണ് പതിനൊന്നാമത്തെ ആരോപണം. എൽ. ഡി. എഫ്. ഭരണകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നതിന്റെയത്ര വിലക്കയറ്റം ഇപ്പോൾ ഉണ്ടായിട്ടില്ല. എൽ. ഡി. എഫ്.-ന്റെ ഭരണകാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുകയാണുണ്ടായത്. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വില കുറയുകയും ചെയ്തിരുന്നു. എൽ. ഡി. എഫ്. ഭരണകാലത്ത് ഒരു കിലോ അരിക്ക് 16-ഉം 18-ഉം രൂപയായിരുന്നുവെങ്കിൽ ഒരു കിലോ റബ്ബറിന് വില 20 രൂപയായിരുന്നു. ഒരു തേങ്ങയുടെ വില 2 രൂപയിലും താഴെയായിരുന്നു. ഇന്ന് 16 രൂപയ്ക്ക് ഒരു കിലോ അരി കിട്ടുമെങ്കിൽ ഒരു കിലോ റബ്ബറിന്റെ വില 65 രൂപയാണ്. 16 രൂപയ്ക്ക് ഒരു കിലോ അരി ലഭിക്കുമെങ്കിൽ ഒരു തേങ്ങയുടെ വില 4 മുതൽ 5 രൂപവരെയാണ്. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുകയും അതിനനുസൃതമായി വിലക്കയറ്റം പിടിച്ച് നിർത്തുവാൻ സാധിക്കുകയും ചെയ്തു. മാർക്കറ്റിൽ ഇടപെടുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇന്ന് ശക്തമായി രംഗത്തുണ്ട്. ഇതിനെക്കുറിച്ച് എന്തെങ്കിലും ഇവർക്ക് പറയുവാനുണ്ടോ? അടുത്തത് ഇവർ പറയുന്നത് വികസനപ്രവർത്തനങ്ങൾ സ്തംഭിച്ചുകിടക്കുന്നുവെന്നാണ്. അപ്പുറത്തെ 41 എം. എൽ. എ. മാരും നടന്നുപോകുന്നത് എം. എൽ. എ. ക്വാർട്ടേഴ്സിന്റെ അടുത്തുകൂടെയാണ്. എന്നും സമരംകൊണ്ട് ബുദ്ധിമുട്ടുന്ന എം. എൽ. എ. ക്വാർട്ടേഴ്സിൽകൂടി അണ്ടർ പാസിന്റെ പണി നടക്കുകയാണ്. ഈ മാസം 30-ാം തീയതി പണി പൂർത്തിയാകും. മാത്രമല്ല എത്രയോ ഫ്ളൈ ഓവറുകൾ തിരുവനന്തപുരം മുതൽ അങ്ങോട്ട് വടക്കു നോക്കുക. ടെക്നോ പാർക്കിലെ ഇൻഫോസിസ്, കൊച്ചിയിലെ സ്മാർട്ട് സിറ്റി ഇതെല്ലാം തകർക്കാൻ ശ്രമിച്ചവരാണ് എൽ. ഡി. എഫ്.-കാർ. മലബാറിലേക്ക് പോയാൽ ഏകദേശം അൻപതോളം പാലങ്ങളുടെ പണി നടന്നുവരുന്നു. എന്നാൽ ഒരു നിർമ്മാണ പ്രവർത്തനവും ഇന്നുവരെ നടത്താൻ എൽ. ഡി. എഫ്. ശ്രമിച്ചിട്ടില്ല. യു. ഡി. എഫ്. പൂർത്തിയാക്കിയ പ്രവർത്തികൾക്ക് എൽ. ഡി. എഫ്. ഒരു പക്ഷെ ഉൽഘാടനം ചെയ്തുവെന്നുവരാം. ഈ സംസ്ഥാനത്തെ കാതലായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഒരിക്കലും എൽ. ഡി. എഫ്.-ന് കഴിഞ്ഞിട്ടില്ല എന്നുള്ള സത്യം നിലനിൽക്കുകയാണ്. ഇവർ വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചവരാണ്. വിമാനത്താവളത്തിന് സ്ഥലം എടുക്കുവാൻ പോയപ്പോൾ അവിടെ സമരം ചെയ്തവരാണ്. വിമാനത്താവളത്തിന് സ്ഥലം എടുക്കുന്നതിനുമുൻപ് കല്ലിട്ടിട്ട് പോയവരാണിവർ. എന്നിട്ടും ഇതുവരെയും സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. മൂന്നു വർഷത്തിനുമുൻപ് തറക്കല്ലിട്ടിട്ട് പോയി. ഇവരാണ് വികസനത്തെ കുറിച്ച് പറയുന്നത്. ഇനി പതിമൂന്നാമത്തെ പോയിന്റായി പറഞ്ഞത് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്നാണ്. സുനാമി ബാധിത പ്രദേശത്തെ കൊടിവച്ച് പ്രവർത്തനം നടത്തിയ ഇവർ വിഭാഗീയ പ്രവർത്തനങ്ങൾ നടത്തിയവരാണ്. സുനാമി ഉണ്ടായതുമുതൽ രാഷ്ട്രീയപ്രേരിതമായി ഇതു കണ്ടവർ, എൽ. ഡി. എഫ്.-ന്റെ ആളുകൾ അന്ന് പാർട്ടി ഓഫീസ് കെട്ടുന്നതുപോലെയാണ് സുനാമി ബാധിത പ്രദേശത്ത് ചെയ്തത്. സുനാമി ബാധിതരെ സഹായിക്കാൻ പ്രവർത്തനം നടത്തിയിട്ടില്ല. അതുകൊണ്ട് അവസാനം സുനാമി ബാധിച്ചത് സി. പി. എം.-നെയാണ്. സുനാമി ബാധിച്ച് ഇപ്പോൾ അവർക്ക് പരിഹാരമാർഗ്ഗം കണ്ടെത്താൻ കഴിയാതെനിൽക്കുകയാണ്. സി. പി. എം.-നെ സുനാമി

LIBRARY ARCHIVES Kerala Legislative Assembly

ബാധിച്ചതുകൊണ്ട് അവർ സുനാമി ബാധിത പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചു വിടുവാനായി സമരങ്ങൾ അഴിച്ചുവിടുകയാണ്. ഓരോ ദിവസവും ഓരോ പുതിയ സമരങ്ങൾ ഉണ്ടാകും. ഓരോ സമരത്തിനും ശ്രീ. ഉമ്മൻചാണ്ടി ഈ സമരത്തിന് ആധാരമായ പ്രശ്നങ്ങളിൽ കാതലായ കാര്യങ്ങൾക്ക് പ്രശ്നപരിഹാരമുണ്ടാക്കിക്കൊണ്ടു പോകുന്നു. ഇവിടെ അരാജകത്വം ഉണ്ടാക്കുന്നത് എൽ. ഡി. എഫ്. ആണ്. ഡി. വൈ. എഫ്. ഐ.-യുടെ സമരമായിരുന്നാലും എസ്. എഫ്. ഐ.-യുടെ സമരമായിരുന്നാലും ആർ. വൈ. എഫ്.-ന്റെ സമരമായിരുന്നാലും നമ്മൾ എല്ലാ ദിവസവും കാണുകയാണ്. ഇവിടെനിന്ന് ഈ അക്രമിസംഘം പോകുകയാണ് പോലീസിന് നേരെ ആക്രമിക്കാൻ. പോലീസിനെ ആക്രമിച്ചിട്ട് അവർക്കെന്തു കിട്ടുന്നു. ഇവരെപ്പോലുള്ള ശരീരം പോലീസുകാർക്കും ഉണ്ട്. പോലീസുകാരെ തല്ലിയാൽ ഒന്നോ രണ്ടോ മൂന്നോ തല്ല് അവർ കൊള്ളും. പിന്നെ അവർ തിരിച്ച് പ്രതികരിക്കും. ഇപ്രകാരം പ്രതികരിക്കുന്നതിനെ രക്തസാക്ഷിത്വമാക്കി മാറ്റാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പരാജയത്തിന്റെ പടുകുഴിയിൽ നിന്നുകൊണ്ട് രക്ഷപ്പെടാനുള്ള ഏറ്റവും അവസാനത്തെ മാർഗ്ഗമാണ് ഈ അവിശ്വാസ പ്രമേയം. ഇതിൽ അവർക്ക് രക്ഷപ്പെടാൻ കഴിയില്ല. ഇത് മുഴുവൻ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. ജനങ്ങൾക്ക് ഇതിന്റെ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്താൻ കഴിയും. വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തി എൽ. ഡി. എഫ്.-നെ ഇതിനേക്കാൾ പരാജയത്തിലേക്ക് കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ സർവ്വാത്മനാ ഞാൻ പിൻതുണയ്ക്കുകയാണ്. വളരെ ഗൗരവതരമായ 13 കുറ്റാരോപണങ്ങളാണ് യു. ഡി. എഫ്. ഗവൺമെന്റിനുനേരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിശ്വാസപ്രമേയത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. ദൗർഭാഗ്യമെന്നുപറയട്ടെ, കഴിഞ്ഞ 4 വർഷക്കാലത്തെയു. ഡി. എഫ്. ഗവൺമെന്റിന്റെ നെറികെട്ട ഭരണവുമായി ബന്ധപ്പെട്ട് ഈ കുറ്റാരോപണങ്ങൾ നിഷേധിക്കാൻ ഇവിടെ പ്രസംഗിച്ചിട്ടുള്ള യു. ഡി. എഫ്.-ന്റെ നേതാക്കൻമാർക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ബഹുമാന്യരായ മുൻമന്ത്രിമാർ ഉൾപ്പെടെയുള്ള മെമ്പർമാർ മിക്കവരും സംസാരിച്ചപ്പോൾ ഇതിനൊന്നിനും മറുപടി പറയാതെ എസ്. എൻ. സി. ലാവ്‌ലിൻ എന്ന പഴകിയ പുരാണം ഏതെങ്കിലും വിധത്തിൽ സമർപ്പിക്കുവാൻ കഴിയുമോ എന്നുള്ള നിലയിൽ ഉയർത്തുകയാണ് ചെയ്തത്. പഴകിയ പുരാണം എന്നുപറയാൻ കാരണം 2003 ജൂൺ 25-ാം തീയതി ചേർന്ന സബ്ജക്ട് കമ്മിറ്റി ശ്രീ. കടവൂർ ശിവദാസൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട തീരുമാനം ബഹുമാനപ്പട്ട മെമ്പർമാർ ഒന്ന് വായിച്ചുനോക്കണം. ഞാൻ അവസാനഭാഗം മാത്രം വായിക്കുകയാണ്. ആശുപത്രിയുടെ കാര്യം പൂർത്തിയാക്കാൻ ബാധ്യസ്ഥരാണെന്നും അവർതന്നെ പൂർത്തിയാക്കണമെന്നും, അതിന് ആവശ്യമായ എഗ്രിമെന്റ് ഉണ്ടാക്കുകയും ചെയ്തു തീർക്കുകയും വേണമെന്നും കമ്മിറ്റി തീരുമാനിച്ചു. അതിൽ ആരൊക്കെയാണ് അംഗങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ-മന്ത്രി, ശ്രീ. ഇ.എം. അഗസ്തി, ശ്രീ. പി. കെ. കെ. ബാവ, ശ്രീ. എം. പി. ഗംഗാധരൻ, ശ്രീ: ജോണി നെല്ലൂർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. തോമസ് ചാഴികാടൻ, ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ ഇവരൊക്കെ അടങ്ങിയ ഒരു കമ്മിറ്റി രണ്ടു വർഷം മുമ്പ് ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് ഇങ്ങനെയൊരു തീരുമാനം എടുത്ത സാഹചര്യത്തിൽ ഇപ്പോൾ ഈ അവിശ്വാസപ്രമേയത്തിലൂടെ നേരിടാൻ പറ്റാത്ത അതിഗുരുതരമായ ആരോപണങ്ങൾ ഉയർന്നുവന്നപ്പോൾ നിങ്ങൾ വളരെ ആസൂത്രിതമായി ആലോചിച്ച് അങ്ങോട്ട് എന്ത് ആക്രമണത്തിനുള്ള മരുന്നാണ് നമ്മുടെ കൈയിലുള്ളത് എന്ന് ആലോചിച്ച് അതിന്റെ ഭാഗമായി ശ്രീ. എം. എം. ഹസ്സൻ പറഞ്ഞു, ശ്രീ. കോടിയേരിക്ക് വേണ്ടത്ര ചൂടും ചൂരുമില്ല എന്ന്. ശ്രീ. എം. എം. ഹസ്സൻ അത് പറയുന്നത് മനസ്സിലാക്കാം. കാരണം ശ്രീ. ഉമ്മൻചാണ്ടിക്ക് എതിരെ ഇതൊന്നും പറഞ്ഞാൽ പോരാ. നിങ്ങൾ കുറച്ചുകൂടി പറയണം എന്നുള്ള അദ്ദേഹത്തിന്റെ മനസ്സ് വായിക്കാൻ നമുക്ക് കഴിയും. സാവിത്രി ടീച്ചറും മറ്റ് പലരും പറയുമ്പോഴും നമുക്ക് കാര്യം മനസ്സിലാക്കാം. കുറച്ചുകൂടി പറയണ്ടേ എന്നാണ് അവരുടെ ആഗ്രഹം. ഇനിയും ഇവിടെനിന്ന് പ്രസംഗങ്ങൾ വരുന്നുണ്ട്. നിങ്ങൾക്ക് സമാധാനിക്കാം. വിഷമിക്കണ്ട. എസ്. എൻ. സി. ലാവ്‌ലിന്റെ ഇമ്പാച്ചി കാണിച്ച് ഇടതുപക്ഷത്തേയും പ്രത്യേകിച്ച് സി. പി. എം.-നേയും ഭീഷണിപ്പെടുത്താം എന്ന വ്യാമോഹം മാറ്റി വയ്ക്കുന്നതാണ് നല്ലത്. ഇത് തിരിച്ച് നിങ്ങളുടെ നേരെ വരും, ബൂമറാങ് പോലെ. യാതൊരു സംശയവും വേണ്ട. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ അന്വേഷിക്ക്. നിങ്ങൾ ആരെയാണ് ഭയക്കുന്നത്? നാല് വർഷക്കാലമായി കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന നിങ്ങൾ, എസ്. എൻ. സി. ലാവ്‌ലിൻ പ്രശ്നം കഴിഞ്ഞ മൂന്നു വർഷമായി ചർച്ച ചെയ്തുകൊണ്ടിരുന്നിട്ടും അന്വേഷിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ ഇവിടെ മൗനവ്രതം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ശ്രീ. കാർത്തികേയനും ഇപ്പോൾ സഭയിലില്ലാത്ത ശ്രീ. എ. കെ. ആന്റണിയും ഇതിൽ കുറ്റവാളികളായതുകൊണ്ടല്ലേ? അപ്പോൾ അവരല്ലേ കുറ്റവാളികൾ? എൽ. ഡി. എഫ്. എന്ത് പിഴച്ചു? ഇടതുപക്ഷ മുന്നണി, നിങ്ങളെടുത്ത തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുക മാത്രമല്ലേ ചെയ്തത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് നാലഞ്ച് മണിക്കൂർ നേരം ലോഡ്ഷെഡ്ഡിംഗ് ഉണ്ടായ സന്ദർഭത്തിൽ, കേരളം ഇരുട്ടിൽ ആണ്ടപ്പോൾപ്പോലും കേവലം 17 മെഗാവാട്ട് വിദ്യുച്ഛക്തി മാത്രം ഉൽപ്പാദിപ്പിച്ച യു. ഡി. എഫ്. ഭരണത്തിൽനിന്ന് വ്യത്യസ്തമായി സമയബന്ധിതമായി ഈ കേരളത്തെ ഇരുട്ടിൽനിന്ന് രക്ഷിക്കണമെന്ന തീരുമാനത്തോടുകൂടി രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി കേരളത്തിൽ എൽ. ഡി. എഫ്. പ്രവർത്തിച്ചതിന്റെ ഫലമായി കേരളം ലോഡ്ഷെഡ്ഡിങ്ങിൽനിന്ന് വിമുക്തമായി. എല്ലാ സ്ഥലത്തും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടു. ഇനിയും എന്തെങ്കിലും പ്രശ്നങ്ങൾ ബാക്കിയുണ്ടെങ്കിൽ അന്വേഷിക്കുന്നതിന് ആരും എതിരല്ല. പക്ഷേ എൽ.ഡി. എഫ്. കൺവീനർ അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുണ്ട്. സി. പി. എം.-ന് നേരെ അഴിമതി ആരോപിക്കുന്നതിന് നിങ്ങൾ വളർന്നിട്ടില്ല. അത്രയൊന്നും ആയിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. നിങ്ങൾ എന്തിന് അമാന്തിക്കുന്നു? ഇപ്പോൾത്തന്നെ ഉള്ളിലിരിപ്പ് എന്താണെന്ന് മനസ്സിലായി. വേറൊരു ആരോപണം സി.പി. എം.-ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ത് സമയത്തും അക്രമവും മോഷണവും പിടിച്ചുപറിയും നടക്കുന്ന ഒരു സംസ്ഥാനമായി ഈ സംസ്ഥാനം മാറിയിരിക്കുന്നു. ഒരു സംഘം ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇതിനെതിരായി ശക്തിയായ ഇടപെടൽ നടത്തിക്കൊണ്ടല്ലാതെ കേരളത്തിൽ ഈ രീതിയിലുള്ള അവസ്ഥ ഉണ്ടായിട്ടുള്ളതായി അക്രമികളെ പിടികൂടാൻ പോലീസിന് കഴിയുന്നുണ്ടെന്ന് കഴിയുകയും ആഭ്യന്തര വകുപ്പ് താനാണ് കേരളത്തിലെ ആഭ്യന്തര വകുപ്പ് അവസ്ഥ അക്രമകാരികൾ കൊണ്ടുപോകുന്നതിനു തക്കവിധത്തിലേക്ക് കേരള നിങ്ങിക്കൊണ്ടിരിക്കുന്നതായും ഇതിനെതിരായി ഒരു വാക്ക് പറയാൻ, മുഖമിടിച്ച് ഒരു മിനിട്ട് ഉണ്ടായിരിക്കാൻ അച്ചടക്കമില്ലാത്ത പെരുമാറ്റമായിപ്പോയി മറ്റുള്ളവർക്ക് സാധിക്കുന്നില്ല എന്നു വന്നാൽ എന്താണ് ഇതിന്റെ അർത്ഥം? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഒരു പ്രസ്താവന നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞതു ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്നു. സ്ത്രീപീഡനത്തിന് കേരളമാണ് മുന്നിൽ. ആത്മഹത്യയിലും കേരളമാണ് മുന്നിൽ. അത് അദ്ദേഹം പറഞ്ഞിട്ടു എന്ന് നിഷേധിക്കാൻ പറ്റുമോ? അതുമാത്രമല്ല എന്നിട്ട് അദ്ദേഹം കൂട്ടിച്ചേർത്തു ഇത് നോക്കാൻ പോലീസിനോ സർക്കാരിനോ കഴിയുന്നില്ല. ശ്രീ. കെ. കരുണാകരൻ പറഞ്ഞത് നിഷേധിക്കാൻ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്ക് കഴിയുമോ? പോലീസിന്റെ വീഴ്ച എവിടെയാണ് കെട്ടിച്ചുവിട്ടിട്ടുള്ളത്? പോലീസിന്റെ വീഴ്ച കെട്ടിച്ചുവിട്ടത് ജനമൈത്രിയിലൂടെയാണ് ഉയർന്നുവരുന്ന ബഹുജനപ്രക്ഷോഭങ്ങൾക്ക് നേരെയാണ്. കഴിഞ്ഞ നാല് വർഷവും ഇതാണ് ഉണ്ടായിട്ടുള്ളത്. ജനമൈത്രി അടിച്ചമർത്താൻ പോലീസിനെ ഉപയോഗിക്കുക. തികച്ചും അസംതൃപ്തരാണ് കേരളത്തിലെ ജനങ്ങൾ. എല്ലാ മേഖലകളെയും സംബന്ധിച്ച് ഇവിടെ സംസാരിച്ച, ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ സമരം നടത്തണമെന്ന് വന്നാൽ ആ സമരത്തെ എന്തു വിലകൊടുത്തും നേരിടണമെന്ന തീരുമാനമായി അതിക്രമമായ മനഃസ്ഥിതിയുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പെൺകുട്ടികളുടെ നേരെ നടത്തിയിട്ടുള്ള ക്രൂരത ആർക്കെങ്കിലും സഹിക്കാൻ പറ്റുമോ? നിസ്സഹായരായിരുന്ന പെൺകുട്ടികൾ മാതാപിതാക്കളിലും അക്രമവാസന കാട്ടിയവരാണ്. പെൺകുട്ടികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും അക്രമപ്രവർത്തനം ഉണ്ടായി എന്ന് തർക്കത്തിലും പറയാൻ കഴിയുമോ? സമാധാനപരമായി സമരം നടത്തിയ പെൺകുട്ടികളുടെ നേരെനോക്കി ശ്രദ്ധേയ എറിയാൻ നിർദ്ദേശം മുഖ്യമന്ത്രി കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പറയണം. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ നിരവധി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കാലും കൈയും തകർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശ്രമമായിരിക്കുകയാണ്. മനുഷ്യരെ എന്തെങ്കിൽ ഉണ്ടെങ്കിൽ എന്നിട്ടാണെങ്കിലും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒന്ന് പോയിക്കൂടായിരുന്നോ? ശ്രദ്ധേയ പെട്ടിത്തെറിച്ചതിന്റെ ഫലമായി എത്ര കുട്ടികളുടെ കൈയും കാലുമാണ് നഷ്ടപ്പെട്ടിട്ടുണ്ടാകുന്നത്! മാസം ചിന്തിച്ചിരിക്കുകയാണ്. അത് സത്യമല്ലേ? കുട്ടികളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും തെറ്റ് ഉണ്ടെന്ന് പറഞ്ഞ് ഈ പോലീസ് മർദ്ദനത്തെ ന്യായീകരിക്കാൻ കഴിയുമോ? ഇത്രയും ക്രൂരമായി, ഭീകരമായും തിരുവനന്തപുരത്തും നേരിടുന്നതിനെക്കാൾ കടുപ്പമല്ല ഇത്തരം ക്രൂരമായ മർദ്ദനം വളരെ ക്രൂരമായ ന്യൂനപക്ഷ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജയരാജൻ നമ്മുടെ അന്വേഷണ ചുമതല കെ. സുധാകരനിലെ അഭിനിവേശമാണെന്നു പറഞ്ഞുകൊണ്ടു ബന്ധപ്പെട്ടു കൊടിക്കുന്നിൽ സുരേഷ് കൊടുത്തകേസിന്റെ കാര്യമാണ് പറഞ്ഞുകൊണ്ടിരുന്നത്. ശ്രീ. കെ. സുധാകരൻ അത് നിഷേധിച്ചു. എന്നിട്ട് ഇവിടെയിരുന്നു കൊണ്ടു അന്വേഷിക്കാൻ തയ്യാറുണ്ടോ എന്ന്. അദ്ദേഹം ആ ഓഫറിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കാൻ ഉത്തരവിടണം. നിഷ്പക്ഷമായ ഏതിലെങ്കിലും അന്വേഷിക്കണമെന്ന്. എന്ത് തിരുമ്മലാണ് അദ്ദേഹവുമായി ബന്ധപ്പെട്ട് അങ്ങ് എടുത്തിട്ടുള്ളത് എന്ന് പറയണം. ഈ കുറ്റവാളികളുടെയൊക്കെ സംരക്ഷിക്കുവാനുള്ള പറയുന്നതുകൊണ്ടാണ് നിലവിൽ എന്തു നിലപാടാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ഈ കേസിലെ നിലപാട് വിശദീകരിച്ചു കൊണ്ട് പിന്നീടുണ്ടായ ഗവൺമെന്റ് സെക്രട്ടറിയെക്കൊണ്ട് കത്തെഴുതിച്ചിട്ട് എടുത്ത നടപടിയെ അപലപിച്ചു പറയുകയുണ്ടായി. ആരാണ് സർ, അതിന് ഉത്തരവിട്ടത് എന്നു കുറ്റവാളിയെ സംരക്ഷിക്കാനാണ് എന്ന് അങ്ങ് തന്നെ പറയാൻ തയ്യാറാകണമെന്നാണ് ഈ ഭരണത്തിൽ ആരെങ്കിലും ഒരിടപെടൽ അഭ്യർത്ഥിക്കുന്നത്. ഒരിടപെടലും ഉണ്ടാകുന്നില്ല എന്ന് ശ്രീ. കെ. വി. രാജേന്ദ്രൻ വളരെ വിശദമായി സഭയിൽ അഭ്യർത്ഥിച്ചു. അതുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ഗവൺമെന്റ്, അങ്ങനെ മുഖ്യമന്ത്രി നിശ്ചയിച്ചിട്ടുള്ള വിജിലൻസിന്റെ ഡെപ്യൂട്ടേഷൻ ശ്രീമതി എം. കമല പറഞ്ഞതു മുഴുവനായിരുന്നു ആദിവാസി കൊളനികളിൽ ചെല്ലുകയും സ്ത്രീകളും കുട്ടികളും തിരുമ്മുകയും ചെയ്തുവെന്ന് പരിഹസിച്ചിട്ടുണ്ട്. ആക്ഷേപിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് വിശദമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിക്കാൻ എന്തു നടപടിയെടുത്തു? വസ്തുതകൾ നേരിട്ടു മനസ്സിലാക്കുന്നതിനായി നിർത്തിവെച്ചതിന്റെ അടിസ്ഥാനത്തിൽ അവർ തുടർന്നു നിലപാടിന് പുല്ലുവിലപോലുമില്ല. കിണ്ണിയിലെ സംഭവത്തെ സംബന്ധിച്ച് ശ്രീ. സി. മോയിൻകുട്ടി നടത്തിയ പ്രസംഗവും ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നടത്തിയ പ്രസംഗവും ഞാൻ ഓർക്കുകയാണ്. ആ രണ്ടു നേതാക്കളുടെയും അതിനു മുമ്പുള്ള എഴുതിയിട്ടുണ്ട് നമ്മുടെ നിയമസഭാ രേഖകളിൽ. അവർ നടത്തിയ പ്രസംഗം എന്താണെന്നുവെച്ചാൽ ഇവരുടെ താണുകാലിൽ ബഹുമാനിച്ച് അടിയന്തര പ്രമേയമായി കൊണ്ടുവരുന്നതിനേക്കാൾ അത്യന്തം ഭീകരമായിട്ടുള്ള മർദ്ദനമാണ് കിണ്ണിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോലീസ് കാണിച്ചതെന്ന്. അന്ന് ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ പ്രസംഗിച്ചിട്ടു ശ്രീ. മോയിൻകുട്ടി പ്രസംഗിച്ചിട്ടു. അന്ന് ഈ കോളത്തിലെ പോലീസിന്റെയെ അതിഭീകരമായി ആക്രമിക്കാൻ ഒരു മന്ത്രിയും തയ്യാറായിട്ടില്ല. ഇന്ന് എന്തിനാണ് ഈ അവസരവാദസമീപനം സ്വീകരിക്കുന്നത്? ഈ പോലീസിനെ സംരക്ഷിക്കാൻ എന്തിനാണ് ഇത്രമാത്രമുള്ള സമീപനം സ്വീകരിച്ചത്? അന്ന് ശ്രീ സി മോയിൻകുട്ടി എന്താണ് പറഞ്ഞതെന്ന് അറിയില്ലേ? സാധുമനുഷ്യരുടെയും ഗുണ്ടകളുടെയും കിടപ്പറകൾ പോലും ചെല്ലാൻ അനുവദിക്കുന്ന ഹീനകൃത്യങ്ങളാണ് അന്നത്തെ ശ്രീ. എ.കെ. ആന്റണി ഗവൺമെന്റിന്റെ പോലീസ് അവിടെയുള്ള സഹോദരിമാരോട് ചെയ്തത് എന്നാണ് പറഞ്ഞത്. അത് നിഷേധിക്കാൻ തയ്യാറാകുമോ? പള്ളിയിലെ കയറി മൈതികശ്രേഷ്ഠന്മാരെ അടിക്കുക, കന്യാസ്ത്രീകളെ മർദ്ദിക്കുക, ഈ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇതെല്ലാം പറയുമ്പോൾ ഇവർ ഇതിനെക്കുറിച്ചൊക്കെ പറയണ്ടേ? വൈദികന്മാരേയും, കന്യാസ്ത്രീകളേയും പോലീസുകാരെ ഉപയോഗിച്ച് പേപ്പട്ടിയെ തല്ലും പോലെ തല്ലുന്നത് നമ്മൾ ദൃശ്യമാധ്യമങ്ങളിലൂടെ കാണുകയുണ്ടായില്ലേ? നിങ്ങൾക്ക് അതിൽ ഒരു വേദനയും, പ്രയാസവും ഇല്ലേ? ഇതെല്ലാം നിങ്ങൾക്കുനേരെ ഉയർന്നുവരുമ്പോൾ നിങ്ങൾ ഇങ്ങോട്ട് ബാലിശമായ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. അതിനു പകരം ഈ 4 വർഷക്കാലം നിങ്ങളുടെ ഗവൺമെന്റിന്റെ ഭാഗത്തുണ്ടായിട്ടുള്ള ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു മിനിട്ടുപോലും എടുത്ത് നിങ്ങൾ സംസാരിക്കുന്നില്ല. ഇത് സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? വൈദികന്മാരെ ആക്രമിച്ച പ്രശ്നത്തിൽ നിങ്ങൾ എന്തു ചെയ്തു? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിൽ ഒന്ന് അപലപിക്കാൻ പോലും കഴിഞ്ഞിട്ടില്ല. വർഗ്ഗീയ കലാപം ഈ കേരളത്തിൽ എപ്പോഴൊക്കെയാണ് ഉണ്ടാകുന്നത്? എന്ന് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നോ അന്ന് ഈ കേരളത്തിൽ വർഗ്ഗീയ കലാപമാണ്. അതിന് എന്താണ് കാരണം? ബി. ജെ. പി., ആർ. എസ്. എസ്., എൻ.ഡി.എഫ് ഇതുപോലുള്ള തീവ്രവാദികളും വർഗ്ഗീയ സംഘടനകളുമായി നിങ്ങൾ സന്ധിയിലാണ്. ഈ കഴിഞ്ഞ കുറച്ചു ദിവസങ്ങൾക്കുമുമ്പ് ബി.ജെ.പി. -യുമായി ബന്ധപ്പെട്ട് പത്രത്തിൽ ഒരു വാർത്ത വന്നു. 10 ലക്ഷം രൂപയാണ് തിരുവനന്തപുരത്തെ ഒരു ഉന്നതനായ കോൺഗ്രസ്-ഐ. നേതാവിന് വോട്ട് മറിച്ച് അങ്ങോട്ട് കൊടുക്കാൻവേണ്ടി കൊടുത്തിട്ടുള്ളത്. കെ. പി.സി.സി. അത് നിഷേധിച്ചിട്ടുണ്ടോ? ഇല്ലല്ലോ. അവരുടെ രേഖയിലുണ്ട്. 10 ലക്ഷം രൂപ എന്തിനുവേണ്ടി കൊടുത്തു? തിരുവനന്തപുരം മണ്ഡലത്തിൽ ശ്രീ. ഒ. രാജഗോപാലിന് കോൺഗ്രസ്സിന്റെ വോട്ട് മറിച്ചുകൊടുക്കാൻ കോൺഗ്രസ്സിന്റെ നേതാവ്തന്നെ 10 ലക്ഷം വാങ്ങിയിരിക്കുന്നു. സാധാരണ കേരളത്തിൽ കോൺഗ്രസ്സ്-ബി.ജെ.പി. വോട്ട് കച്ചവടം മുറയ്ക്ക് നടക്കാറുണ്ട്. പക്ഷേ ബി.ജെ.പി.-ക്ക് പൈസ കൊടുക്കുകയും, വോട്ട് ഇങ്ങോട്ട് വാങ്ങിക്കുകയും ചെയ്യുമായിരുന്നു. ഇത് തിരിച്ചാണ്. അതിനെ സംബന്ധിച്ച് എന്താണ് അഭിപ്രായം? അവസരവാദം എന്നത് കോൺഗ്രസ്സിന്റെ മുഖമുദ്രയാണ്. രാഷ്ട്രീയ അവസരവാദം, അധികാരത്തിനുവേണ്ടിയും സ്വന്തം താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയും തന്റെ പാർട്ടിയെ ബലികൊടുക്കുക എന്ന സമീപനമാണ് കോൺഗ്രസ്സ് (ഐ) സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒളവണ്ണയിലെ കന്യാസ്ത്രീകളെ ആക്രമിച്ചപ്പോൾ പത്രക്കാർ മുഖ്യമന്ത്രിയോട് പലവട്ടം ചോദിച്ചു ആരാണ് ആക്രമിച്ചതെന്ന്? അക്രമികൾ ആരായാലും അവർക്കെതിരെ നടപടിയെടുക്കും എന്ന് പറഞ്ഞു. ഇതല്ല കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. അക്രമികൾ ആരാണ്? ആർ. എസ്.എസ്.-എന്ന് എന്തുകൊണ്ട് മുഖ്യമന്ത്രിയുടെ വായിൽനിന്ന് വീഴുന്നില്ല. പുന്നാട് എൻ.ഡി.എഫ്.-ന്റെയും, ആർ. എസ്സ്. എസ്സിന്റെയും പ്രവർത്തകർ കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുമുമ്പ് ഒരാളെ കൊന്നു. അവിടെ വന്നിട്ടും പ്രസംഗിച്ചത് അക്രമികളെ പിടികൂടുമെന്ന്. അക്രമികളെ ഇതുവരെ പിടികൂടിയിട്ടില്ല. ഇന്നലെ ഞങ്ങൾ വരുന്ന സന്ദർഭത്തിൽ അവിടെ ആർ. എസ്. എസ്സിന്റെ നേതൃത്വത്തിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം വരുത്തിയ അതിന്റെ ഒരു കടയുടമ ഞങ്ങളോടൊന്നിച്ചുണ്ടായിരുന്നു. ഒരു നയാപൈസയുടെ സഹായംപോലും ആ പ്രദേശത്തുള്ളവർക്കു ഗവൺമെന്റ് ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തില്ല. എല്ലാ മന്ത്രിമാരും പോകുകയും, കാണുകയും ഒക്കെ ചെയ്തിട്ടുണ്ട്. ഇതാണ് ഇവരുടെ സമീപനം. ആർ. എസ്.എസ്., എൻ.ഡി.എഫ്., ബി.ജെ.പി. എന്നിവരുമായി സന്ധി ചെയ്ത് രാഷ്ട്രീയലാഭം ഉണ്ടാക്കുക എന്ന സമീപനമാണ് അവരുടെ ദേശീയ രാഷ്ട്രീയ സമീപനത്തിൽനിന്നും വ്യത്യസ്തമായി അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെയൊക്കെ ഫലമല്ലേ നിങ്ങളുടെ പരാജയപരമ്പര. ലോകസഭാതെരഞ്ഞെടുപ്പിൽ തോറ്റതും, നിയമസഭയിൽ തോറ്റതുമൊക്കെ ഇവിടെ നിൽക്കട്ടെ. ഇനിയിപ്പോൾ ഈ 6 മാസത്തിനുള്ളിൽ ഒരു ലോകസഭാ ഉപതെരഞ്ഞെടുപ്പ് വരുമല്ലോ? ആ ലോകസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ കേരളത്തിൽ ഒഴിവുള്ള 10 നിയമസഭാമണ്ഡലങ്ങളിലേക്കുംകൂടി ഉപതെരഞ്ഞെടുപ്പ് നടത്താനുള്ള ധൈര്യം നിങ്ങൾക്ക് ഉണ്ടാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഇടതുപക്ഷത്തിന്റെ കരുത്ത്, ഇടതുപക്ഷത്തിന്റെ ശക്തി, ജനകീയ പിൻതുണ നിങ്ങൾ കാണാൻ പോവുകയാണ്. അതുകൊണ്ട് കൂടുതൽ പറയേണ്ട കാര്യമില്ല. ഇവിടെ ധാർമ്മികതയുടെ പ്രശ്നമാണ്. ധാർമ്മികമായി അധികാരത്തിൽ തുടരാൻ അവകാശമില്ലാത്ത ഒരു മുന്നണി, ധാർമ്മികമായി, രാഷ്ട്രീയമായി യാതൊരു അവകാശവുമില്ലാത്ത കോൺഗ്രസ്സ് നേതൃത്വത്തിനെതിരാണ് ജനങ്ങളാകെ. കോൺഗ്രസ്സ് തന്നെ പൊട്ടിപ്പിളർന്നു. ആരാണ് യഥാർത്ഥ കോൺഗ്രസ്സ്? ആർക്കുമറിയില്ല. ദേശീയ തലത്തിൽ അംഗീകാരമുള്ളതുകൊണ്ട് യഥാർത്ഥ കോൺഗ്രസ്സ് നിങ്ങളായിരിക്കാം. പക്ഷേ ആർക്കാണ് ജനപിൻതുണയെന്ന് തെളിയിക്കപ്പെടാൻ പോകുകയാണ്. അതുകൊണ്ട് ധാർമ്മികമായി ഈ കേരളത്തിൽ യു.ഡി. എഫ്.-ന് ഭരിക്കാൻ അവകാശമില്ല. എല്ലാ തരത്തിലും, എല്ലാ മേഖലയിലും തികഞ്ഞ പരാജയമായിട്ടുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വം അത് മനസ്സിലാക്കിക്കൊണ്ട് ഈ അവിശ്വാസപ്രമേയം അംഗീകരിക്കുകയാണ് വേണ്ടത് എന്നാണ് എന്റെ അഭിപ്രായം. രാജിവച്ച് പോകുകയാണ് വേണ്ടത്. അതുകൊണ്ട് ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ അവിശ്വാസപ്രമേയം മുഖവിലയ്ക്ക് എടുക്കാൻ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനിടയിൽ പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറഞ്ഞ ഒരു കാര്യംകൂടി പറയട്ടെ. ടീച്ചർ പറഞ്ഞു കണ്ണൂരിൽ വന്നപ്പോൾ ഒറ്റകേസ്സും ഇല്ലായിരുന്നു എന്ന്. നമ്മുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ ഉണ്ടായിട്ടുള്ള ഒരു നേട്ടമല്ലേ എന്ന് ചോദിച്ചു. ടീച്ചർ മനസ്സിലാക്കണം.സ്ത്രീധന പീഡനം സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ ടീച്ചറിന്റെ ജില്ലയായ തൃശ്ശൂരിലാണ് ഏറ്റവും കൂടുതൽ. സ്ത്രീധന പീഡനത്തെ തുടർന്നുള്ള മരണം കണ്ണൂർ ജില്ലയിൽ ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന കേരളത്തിലെ മറ്റു ജില്ലകളിലെ കണക്ക് പരിശോധിച്ചാൽ കണ്ണൂർ ജില്ലയിലെ കേസ്സുകളുടെ നാലിരട്ടിയോ മൂന്നിരട്ടിയോ ആണ്. തൃശ്ശൂരും എറണാകുളത്തുമൊക്കെ എന്ന് മനസ്സിലാക്കാൻ കഴിയും. ഇത് സാവിത്രി ടീച്ചർ പരിശോധിക്കണം. ഈ ഗവൺമെന്റ് വന്നതുകൊണ്ടല്ല കണ്ണൂരിൽ സ്ത്രീധന പ്രശ്നമില്ലാത്തത്, അവിടെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ ശക്തമായ സ്വാധീനം കൊണ്ടാണ്. അവിശ്വാസ പ്രമേയത്തെ ഒരിക്കൽ കൂടി പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഇപ്പോൾ കണ്ണൂർ ഇംപ്രൂവ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, തലശ്ശേരി മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു. 13 കുറ്റങ്ങൾ ആണ് സർക്കാരിനെതിരെ ശ്രീ. കോടിയേരി അവതരിപ്പിച്ചത്. എന്റെ സ്നേഹിതൻ ശ്രീ. വാഹിദ് ചൂണ്ടിക്കാണിച്ചതുപോലെ 13 ഒരു ദുശ്ശകുനത്തിന്റെ അഖില ലോകപ്രതീകമായാണ് കാണുന്നത്. ആ ദുശ്ശകുനം അവിശ്വാസ പ്രമേയം അവതരിപ്പിച്ചപ്പോൾ തന്നെ അവർക്ക് ബോധ്യമായി. വാദി പ്രതിയാകുന്നത് മാർക്സിയൻ തിയറി ആണോയെന്ന് എനിക്ക് സംശയം തോന്നുന്നു. ഇങ്ങനെയൊരു അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ ശ്രീ. കോടിയേരിയെ പ്രേരിപ്പിച്ച കാര്യമെന്താണ്? 2001-ൽ ഐക്യജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിൽ വന്നപ്പോഴത്തെ സ്ഥിതിയെന്തായിരുന്നു? നമ്മുടെ നാട്ടിൻപുറങ്ങളിൽ ചായക്കടകളും പലചരക്കുകടകളും തുറക്കാറില്ലായിരുന്നു. പാവപ്പെട്ട കൂലിപ്പണിക്കാർക്ക് കൂലിപ്പണി ഉണ്ടായിരുന്നില്ല. ദുർബലവിഭാഗങ്ങൾക്ക് പണി ഉണ്ടായിരുന്നില്ല. റോഡായ റോഡുകളൊക്കെ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയായിരുന്നു. റോഡ് പണിക്കാർക്ക് പണി ഇല്ലായിരുന്നു. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിച്ചിരുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിച്ചിൽ. ട്രഷറികൾ പൂട്ടിയിട്ടിരുന്നു. 1000 കോടി രൂപയുടെ ചെക്കുമായി രാവിലെയും വൈകിട്ടും പൂട്ടിക്കിടക്കുന്ന ട്രഷറികൾക്കുമുൻപിൽ കാതോർത്തു കാത്തിരുന്ന പാവപ്പെട്ടവരുടെ ദിനവിലാപങ്ങൾ തന്നെയായിരുന്നു കേരളത്തിൽ മുഴങ്ങിക്കേട്ടിരുന്നത്. കേരള സംസ്ഥാനമെമ്പാടും കോൺട്രാക്ടർമാർക്ക് പണം കൊടുക്കാനുണ്ടായിരുന്നു, പണം കിട്ടാത്തതുമൂലം പലരും ആത്മഹത്യ ചെയ്യുകയുണ്ടായി. അങ്ങനെ കേരളം മുഴുവൻ ഒരു ശ്മശാന മൂകത തളംകെട്ടിയ അവസരത്തിലാണ് ആദർശധീരനായ ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ ഐക്യ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട ഉത്തരവാദിത്വം സമ്പത്ഘടന നേരെയാക്കുക എന്നുള്ളതായിരുന്നു. വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോയി. ട്രഷറികൾ പൂട്ടാത്ത അവസ്ഥയുണ്ടാക്കി. വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. റോഡുകളൊക്കെ മെച്ചപ്പെടുത്തി. കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിച്ചു. നാട്ടിൽ ആളനക്കമുണ്ടായി. കടകൾ തുറക്കാൻ തുടങ്ങി. വികസനത്തിന്റെ ഒരു കുതിച്ചുചാട്ടത്തിന്റെ സൂചികയായി GIM (Global Invester Meet) അടക്കമുള്ള പദ്ധതികൾ ആരംഭിച്ചുകൊണ്ട് ഒരു വികസന സംസ്ക്കാരം കേരളത്തിൽ ഉണ്ട് എന്ന് പുറം ലോകത്തെ അറിയിച്ചുകൊണ്ട്, എ.കെ. ആന്റണി ഗവൺമെന്റ് മുന്നോട്ടുപോയി. സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കി. സ്വന്തം കാലിൽ നിൽക്കാൻ ജനതയെ പ്രേരിപ്പിച്ചു. വികസനത്തെപ്പറ്റി കാഴ്ചപ്പാടുണ്ടാക്കി. ഒന്നര ലക്ഷം ചെറുപ്പക്കാർക്ക് പി.എസ്.സി. മുഖേന ജോലി കൊടുക്കാൻ കഴിഞ്ഞു. എന്റെ സ്നേഹിതൻമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീമതി പി.കെ. ശ്രീമതിടീച്ചറും ഒക്കെ പോലീസുകാരുടെ പിൻബലത്തോടെയാണ് കണ്ണൂർ ജില്ലയിൽ സഞ്ചരിച്ചിരുന്നത് എന്ന്. ഇന്ന് ആ സാഹചര്യം മാറിയിരിക്കുന്നു. ഇന്ന് ക്രമസമാധാനനില ഭദ്രമായിരിക്കുന്നു. അത്തരം ഒരു സാഹചര്യം ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനെ അവർക്കാക്ഷേപിക്കാൻ കഴിയുമോ? ആദിവാസികൾക്ക് ഭൂമി കൊടുത്തു. 300 ആദിവാസികൾക്ക് സർക്കാർ സർവീസിൽ ജോലികൊടുത്തു. പാവപ്പെട്ടവർക്ക് ആശ്വാസമെത്തിച്ചിരിക്കുന്നു. ഇവർ കയ്യേറിയ മതികെട്ടാൻ ദേശീയോദ്യാനമായി പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെതന്നെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളിൽ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വമുണ്ടായിരിക്കുന്നു. തീര സുരഭി പദ്ധതി നടപ്പാക്കി. വിദ്യാഭ്യാസ മേഖലയിൽ പ്രത്യാശാപൂർണ്ണമായ ഒരു കാലഘട്ടത്തിന് തുടക്കം കുറിച്ചു. കേരളം മുന്നോട്ടുപോകുന്നു എന്നൊരു ധാരണവന്നു. പട്ടയ നടപടികൾ പൂർത്തിയായി. "ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി" എന്ന പഴയ പാട്ടുമായി നടന്നവർക്ക്, പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിച്ചു. എം. ജി. പി.യിലൂടെ ഭരണ നവീകരണ പദ്ധതി നടപ്പാക്കി. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. റബ്ബറിനും നാളികേരത്തിനും വില വർദ്ധിച്ചു. കേരളം സമാധാനപരമായി മുന്നോട്ടുപോകുന്നു. കേരളത്തെ പ്രത്യാശയുടെ ഒരു തീരമായി മാറ്റി ലോകത്തെമ്പാടും ശ്രദ്ധിക്കുന്ന ഒരു വികസനത്തിന്റെ കാലൊച്ച കേൾക്കുവാൻ തുടങ്ങി. ഇത് പ്രതിപക്ഷത്തിന് ഇഷ്ടപ്പെടുന്നില്ല. അവർ ചില പരിപാടികൾ ആവിഷ്ക്കരിച്ചു, അക്രമസമരങ്ങളുമായി വന്നു. ഇപ്പോൾ ഈ അവിശ്വാസ പ്രമേയം കൊണ്ടുവന്നിരിക്കുന്നു. ബഹുമാനപ്പെട്ട കോടിയേരിയോട് ചോദിക്കട്ടെ. ആരാണ് അവിശ്വാസ പ്രമേയം അവതരിപ്പിക്കേണ്ടത്? പ്രതിപക്ഷ നേതാവ് അല്ലേ? ശ്രീ. കോടിയേരി, പ്രതിപക്ഷ നേതാവ് അവതരിപ്പിക്കേണ്ട അവിശ്വാസപ്രമേയം നിങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടിക്കെതിരെയോ, അതോ പ്രതിപക്ഷ നേതാവിനെതിരെയോ നിങ്ങൾ അവിശ്വാസപ്രമേയം കൊണ്ടുവന്നത്? അവിശ്വാസപ്രമേയം കൊണ്ടുവന്ന നിങ്ങൾ, എസ്. എൻ. സി. ലാവ്‌ലിൻ എന്നു കേൾക്കുമ്പോൾ അവസാനം പ്രസംഗിച്ചു നിർത്തിയ ശ്രീമതി പി. കെ. ശ്രീമതിടീച്ചർ വരെ ഭയന്നോടുകയാണ്. എന്തിനാണ് ബഹുമാനപ്പെട്ട കോടിയേരി ഭയപ്പെടുന്നത്? എന്റെ പ്രിയ സ്നേഹിതൻ ഡോ. തോമസ് ഐസക് ഇവിടെ നാലഞ്ചുകാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ഇവിടെ പറഞ്ഞത് (1) ശ്രീ. എ.കെ. ആന്റണി ആ കരാർ പുതുക്കിയില്ല. (2) ആ കരാർ തുടരാത്തതുകൊണ്ടാണ് പണം കിട്ടാത്തത്. (3) സി. എ. ജി.-യ്ക്ക് ഇങ്ങനെ അന്വേഷിക്കേണ്ട കാര്യമുണ്ടോ? (4) എൻ. എച്ച്. പി.സി. എന്നു പറയുന്ന National Hydro Power Corporation Comparable ആണെന്നുപറഞ്ഞു. മറ്റെന്തെങ്കിലും ശ്രീ. തോമസ് ഐസക്കിന് പറയാനുണ്ടോ? ഇവിടെ ശ്രീ. ശർമ്മ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട് കരാർ ഇല്ലായെന്ന്; ഇല്ലാത്ത കരാർ എങ്ങനെ പുതുക്കും; കാൻസർ ആശുപത്രിയ്ക്കുവേണ്ടിയുള്ള ഇല്ലാത്ത കരാർ ശ്രീ. ആന്റണി എങ്ങനെ പുതുക്കും. ശ്രീ. ആന്റണി പുതുക്കാത്തതുകൊണ്ടാണോ കരാർ നഷ്ടപ്പെട്ടത്. ബഹുമാനപ്പെട്ട കോടിയേരി ക്രമപ്രശ്നവുമായി എഴുന്നേറ്റപ്പോൾ ലജ്ജ തോന്നി. ക്രമപ്രശ്നം റൂൾ 295 പ്രകാരം മന്ത്രിമാർ സംസാരിക്കുമ്പോൾ quote ചെയ്യുന്ന പേപ്പർ വയ്ക്കണമെന്നാണ് എന്നിട്ട് ഒരു മെമ്പർ പ്രസംഗിച്ചപ്പോൾ ക്രമപ്രശ്നവുമായി എഴുന്നേറ്റ് അതിനെ തടസ്സപ്പെടുത്തുന്നു. ബഹുമാനപ്പെട്ട കോടിയേരി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എത്ര തടസ്സപ്പെടത്തിയാലും എസ്. എൻ. സി. ലാവ്‌ലിൻ നിങ്ങളെ കുറ്റവാളിയെന്ന് ചിത്രീകരിക്കുന്ന അഴിമതിയുടെ ഒരു വലിയ ഭൂതം ആണ്. 374 കോടി രൂപയാണ് ഇതിലൂടെ സർക്കാരിന് നഷ്ടം വന്നിരിക്കുന്നത്. 100 കോടി രൂപ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകാമെന്ന് പറഞ്ഞ വാഗ്ദാനം, 100 കോടി രൂപ ലാവ്‌ലിന് നേട്ടം, ഈ നേട്ടമുണ്ടാക്കിയതിനെപ്പറ്റി നിങ്ങൾ എന്തുപറയും? സി. & എ. ജി. നിങ്ങൾക്ക് മഹാ കുഴപ്പക്കാരനാണ്. ജയകൃഷ്ണൻ മാസ്റ്ററെ കൊലചെയ്തവരെ ശിക്ഷിച്ചപ്പോൾ തലശ്ശേരികോടതിയിൽ ഞങ്ങൾ ഒരു മുദ്രാവാക്യം കേട്ടു. ആ കേസിന്റെ ജഡ്ജിയായിരുന്ന ചന്ദ്രദാസൻ മൂർദ്ദാബാദ് എന്ന്. ഇപ്പോൾ നിങ്ങൾ വിളിക്കുന്നു സി.& എ.ജി. മൂർദ്ദാബാദ്. സി.& എ.ജി.-യുടെ പ്രാഥമിക റിപ്പോർട്ട് വച്ച് ആയിരുന്നില്ലേ, സത്യസന്ധനായിരുന്ന നിഷ്ക്കളങ്കനായിരുന്ന രാജീവ് ഗാന്ധിയ്ക്കെതിരെ നിങ്ങൾ ആരോപണവുമായി വന്നത്? കോടതി രാജീവ് ഗാന്ധിയെ വെറുതെ വിട്ടു. നിങ്ങൾ എന്തിന് ഭയപ്പെടുന്നു? ശ്രീ.പിണറായി വിജയൻ രക്ഷപ്പെടില്ലായെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടോ? നിങ്ങൾ എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്? എന്റെ സ്നേഹിതൻ ജയരാജൻ ലേഖനമെഴുതി, ദേശാഭിമാനിയിൽ. അതുമുഴുവൻ ഞാൻ വായിച്ചു. അവിടെയെല്ലാം വെപ്രാളത്തിന്റെ ചിഹ്നമാണ്. ആരെടാ ഈ സി. & എ. ജി. എന്ന് ചോദിക്കുന്നു. എന്തിനാണ് ഇങ്ങനെ ചോദിക്കുന്നത്? "കോളറകാലത്തെ പ്രണയ"മെന്ന പഴയ കഥയ്ക്കുപകരം 'ക്യാൻസർ കാലത്തെ പിണറായി' എന്ന് കേരള ജനത ഇന്ന് മാറ്റിപ്പറയുകയാണ്. ഇവിടെ 266 കോടി രൂപയുടെ അഴിമതി എന്ന് ജയരാജന് ആരോ എഴുതിക്കൊടുത്തു. പറഞ്ഞുവന്നപ്പോൾ അത് 26 കോടി ആയി. അതെങ്കിലുമൊന്ന് സത്യമായിട്ടു പറയേണ്ടേ ജയരാജൻ? വളരെ മോശമായിപ്പോയില്ലേ? ഇതുപോലുള്ള എന്തെല്ലാം ആരോപണങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ, ലോകത്ത് ആരും ഒരാക്ഷേപവും പറയാത്ത വാസുദേവശർമ്മയെപ്പറ്റി പോലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആരോപണം ഉന്നയിക്കാൻ മുന്നോട്ടു വന്നില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണാ, അതിനു നിങ്ങൾക്കു കിട്ടിയ ശിക്ഷയാണ് ഇന്ന് കേരള സംസ്ഥാനം കത്തിക്കാളുന്ന വിവാദ വിഷയമായ ലാവ്‌ലിൻ അഴിമതിയിൽ സി. പി. എം. കുടുങ്ങിക്കിടക്കുന്നത്. ഏത് രേഖയാണെന്നു നിങ്ങൾ നേരത്തേ ചോദിച്ചല്ലോ, സബ്ജക്ട് കമ്മറ്റി--III -ന്റെ റിപ്പോർട്ടാണ്. ശ്രീ. ടി. എം. ജേക്കബാണ് ചെയർമാൻ. അല്ലാതെ ഒരു രേഖയും വേണ്ട. ഈ കമ്മറ്റി റിപ്പോർട്ട് സംസാരിക്കുന്ന സത്യമാണ്. 24-2-1996-ലെ നിയമസഭാ കമ്മിറ്റിയാണ്. ആദ്യത്തെ കരാറിൽ കാതലായ മാറ്റം വരുത്തിയാണ് 1996 ഒക്ടോബറിൽ വീണ്ടും കരാർ ഒപ്പുവച്ചത്. അതുകൊണ്ട് 16-7-1996-ൽ ബോർഡ് ചെയർമാൻ എഴുതിയ കത്തിന്റെ നോട്ടും കോപ്പിയും വയ്ക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെടുന്നു. എന്നിട്ട് കരാറും മറ്റും ഒപ്പു വയ്ക്കുന്നതിനു മുമ്പായി നിയമോപദേശങ്ങൾ തേടിയിരുന്നു. എന്നാൽ കരാറിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിക്കുന്നതിന് ബോർഡ് ഒരു സബ് കമ്മിറ്റി ഉണ്ടാക്കിയിരുന്നുവെന്നും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിന്റെ പുനരുദ്ധാരണത്തിനുള്ള തുകയാണോ എന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി HPFC-യുടെ അഭിപ്രായം ആരായുകയുണ്ടായി എന്നും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്നു. ആ നിയമോപദേശത്തിൽ അഭിപ്രായ വ്യത്യാസം പറഞ്ഞ ധനകാര്യ വകുപ്പ് സെക്രട്ടറി വരദാചാരിയുടെ തലയ്ക്ക് തകരാറുണ്ടെന്ന് നിങ്ങൾ എഴുതിയില്ലേ? പിന്നീടു തുടരുകയാണ്. 25-4-1998-ൽ ബോർഡും എസ്.എൻ.സി. ലാവ്‌ലിനും തമ്മിൽ ഒപ്പുവച്ച എം. ഒ. യു.-വിന്റെ കാലാവധി ആറു മാസത്തേയ്ക്ക് നീട്ടിയിരിക്കുകയാണ്. 2001 ഡിസംബറിൽ പണി പൂർത്തീകരിക്കാത്ത രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. എന്നിട്ട് അവസാനം പറയുകയാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ വായിക്കണം. ഇതു പുറത്തുനിന്നുള്ള റിപ്പോർട്ടല്ല, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. രാജു എബ്രഹാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ടാണ്. അല്ലെങ്കിൽ അവരുടെ കണ്ടുപിടിത്തമാണ്. എന്നിട്ട് പറയുന്നു, എസ്.എൻ.സി. ലാവ്‌ലിൻ ഏറ്റെടുത്ത മറ്റു പദ്ധതികളുമായി ബന്ധപ്പെട്ട് സന്തോഷത്തിന്റെ പ്രതീകമായി..... സന്തോഷത്തിന്റെ പ്രതീകമായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. എന്താണ് മി. കോടിയേരി ബാലകൃഷ്ണൻ, സന്തോഷം? എന്താണ് ഈ സന്തോഷത്തിന്റെ പ്രതീകം? അതാണ് കേരളത്തിലെ ജനങ്ങൾ പറയുന്ന 100 കോടി രൂപ. മറുപടിയുണ്ടെങ്കിൽ പറയണം. അതാണ് 100 കോടി രൂപ.....(ബഹളം).....ഇവിടെ പറയുന്നു, അതിനുശേഷം 10-8-1999-ൽ ഒരു എഗ്രിമെന്റ് എന്ന് നോട്ടിൽ പറഞ്ഞിരിക്കുന്നു, അതിനു കാരണമെന്താണെന്ന് ചോദിച്ചു, കമ്മിറ്റി പറയുകയാണ്, ശ്രീ. പിണറായി വിജയൻ അടക്കം, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കം പറയുകയാണ് രേഖകളനുസരിച്ച് 24-2-1996-ൽ കൺസൾട്ടൻസിക്കുവേണ്ടി മാത്രം ഒരു എഗ്രിമെന്റ് വച്ചു. അതനുസരിച്ച് പള്ളിവാസൽ പദ്ധതിയുടെ.....എന്നു പറഞ്ഞ് തുടരുകയാണ്. എന്നിട്ടു പറയുന്നു, 17-10-1996-ൽ ഒരു ഹൈ ലെവൽ കമ്മിറ്റി കാനഡാ സന്ദർശിച്ചിട്ട് തിരിച്ചുവന്നപ്പോൾ പറഞ്ഞു 100 കോടി രൂപയുടെ കാൻസർ ആശുപത്രി.....എന്നിട്ട് പറയുന്നു, ആ കമ്മറ്റിയുടെ കാനഡ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ഓഫ് മെറ്റീരിയൽസ് കൂടി എസ്.എൻ.സി. ലാവ്‌ലിനു കൊടുക്കണമെന്ന് തീരുമാനിക്കുകയും അതിന്റെ വെളിച്ചത്തിൽ 10-2-1997-ൽ പള്ളിവാസൽ പവർ സ്റ്റേഷനുവേണ്ടി അജണ്ട നമ്പർ (1)....ഡോ. തോമസ് ഐസക് തിരുത്തി, കാപട്യം കാണിച്ചു. ഇവിടെ ചൂണ്ടിക്കാണിച്ചു, മറ്റൊന്ന് പറഞ്ഞിരിക്കുന്നു, മെറ്റീരിയൽസ് ഉൾപ്പെടെയുള്ള എല്ലാം എസ്.എൻ.സി. ലാവ്‌ലിനെ ഏൽപിച്ചപ്പോൾ കൺസൾട്ടൻസി തുക കുറയ്ക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടതായും അപ്രകാരം പദ്ധതിയുടെ കൺസൾട്ടൻസി തുക കുറച്ചതായും രേഖകളിൽ കാണുന്നു എന്ന് ചെയർമാൻ അറിയിച്ചു. തുടരുകയാണ്.....The rates offered by S.N.C. Lavlin can be comparable to international price for major items including consultancy service. ബഹുമാനപ്പെട്ട തോമസ് ഐസക് തന്റെ വാദം ഉറപ്പിക്കാൻവേണ്ടി പറഞ്ഞ വാചകം. അതിന് താഴോട്ട് വായിക്കണം. നിയമസഭാ കമ്മിറ്റി കണ്ട ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

കൂടി വായിക്കണം. വാങ്ങാൻ ഉദ്ദേശിച്ചിരിക്കുന്ന ഉപകരണങ്ങളെക്കുറിച്ചുള്ള എല്ലാവിവരങ്ങളും ടെക്നിക്കൽ സ്പെസിഫിക്കേഷൻ N.H.P.C. -ക്ക് ലഭ്യമാക്കാതെ ഉപകരണങ്ങളുടെ ലിസ്റ്റു മാത്രം വച്ച് വിലയെക്കുറിച്ച് S.H.P.C.-യുടെ അഭിപ്രായം ആരാഞ്ഞത് ഉചിതമല്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ശ്രീ. തോമസ് ഐസക്കിന്റെ വാദം എവിടെ പോയി? റിപ്പോർട്ട് തുടരുകയാണ്, 24-2-1996-ൽ ഒരു കൺസൾട്ടൻസി കോൺട്രാക്റ്റ് ഉണ്ടാക്കി ടെണ്ടർ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും ആര് വർക്ക് എടുത്താലും സൂപ്പർവിഷൻ നടത്തുന്നതിനും 30 കോടി രൂപ ഫീസ് ഉണ്ടെന്ന് പറഞ്ഞിരുന്നതായി സമിതി ചൂണ്ടിക്കാണിച്ചു. 1996 ഒക്ടോബർ 27-ാം തീയതിയിലെ മീറ്റിംഗിന്റെ മിനിറ്റ്സും ചില ഭാഗങ്ങളും 1997 ഡിസംബർ 23-ാം തീയതി എസ്.എൻ.സി. ലാവ്‌ലിൻ നൽകിയ കത്തിന്റെ ഭാഗങ്ങളും ചേർക്കുന്നു. കാനഡയിൽ പോയതിന്റെ മിനിറ്റ്സുണ്ട്. അതുപോലെ പറയുകയാണ്, എസ്.എൻ.സി. ലാവ്‌ലിൻ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതു സംബന്ധിച്ച് കേരളാ ഗവൺമെന്റ് ഉറപ്പു നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയ 5 കോടി രൂപ നഷ്ടപ്പെട്ടു എന്നും സമിതി കണ്ടെത്തി. അവസാനം എന്തുണ്ടായി? പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പ്രോജക്ടുകളുമായി ബന്ധപ്പെട്ട irregularities കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ. എൻക്വയറി നടത്തണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തി. ആരാണ് ചെയർമാൻ? സാക്ഷാൽ ശ്രീ. ടി. എം. ജേക്കബിനെ ചുമതലപ്പടുത്തി. കുശാഗ്രബുദ്ധിക്കാരനായ ശ്രീ. ടി. എം. ജേക്കബ്, മികച്ച പാർലമെന്റേറിയനായ ടി. എം. ജേക്കബ് ദിവസങ്ങളും മാസങ്ങളും ഇരുന്ന് ആലോചിച്ച് പറഞ്ഞു, ഇതിനകത്ത് എടുപ്പത് അഴിമതിയുണ്ട്, അന്വേഷിക്കണമെന്ന് പറഞ്ഞു. അങ്ങനെയാണ്.....ഇത്രയും നാളായിട്ട് ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും അന്വേഷിക്കാത്തതെന്താണെന്ന് പലരും ചോദിച്ചു. ഒരു നിരപരാധിയേയും ക്രൂശിക്കാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് താൽപ്പര്യമില്ല. പക്ഷേ ഇവിടെ വ്യക്തമായി നിയമസഭാ കമ്മിറ്റി പറഞ്ഞു, ക്രമക്കേടുകൾ ഉണ്ടെന്നു പറഞ്ഞു. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു, കമ്മിറ്റി പറഞ്ഞു. അന്വേഷിക്കാൻ ഞങ്ങൾ തീരുമാനിച്ചു. 2003 ജൂലായ് മാസത്തിലാണ് ഈ കണ്ടുപിടിത്തം ഉണ്ടായിരിക്കുന്നത്. അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ചില വിജിലൻസ് കമ്മീഷണർമാർ പറയും രേഖകൾ ഇല്ലെന്ന്. എവിടെ നിന്ന് വന്നു രേഖ? ഇതിനകത്ത് വലിയ ഗൂഢാലോചനകൾ നടന്നിട്ടുണ്ട്. അതു പിന്നാലെ പറയാം. ചരിത്രത്തിലാദ്യമായിട്ടല്ലേ സി.പി.എം.-ന്റെ ഒരു സെക്രട്ടറി ഇത്രയും വലിയ ഒരു അഴിമതിയിൽ കുടുങ്ങുന്നത്? ഇൻഡ്യയിൽ ഏറ്റവും വലിയ അഴിമതിയാരോപണമല്ലേ ഇത്? എന്തായിരുന്നു സഖാക്കളുടെ ആഗ്രഹം? കണ്ണുകളിൽ മരണം വരെ ക്രോധത്തിന്റെ അഗ്നി സൂക്ഷിച്ചുവക്കുന്നവനും സിംഹങ്ങളെ സ്വപ്നം കണ്ടുണരുന്നവനും ആരാണ്? ജനഹൃദയങ്ങളിൽ മിന്നൽപ്പിണറായി പടരുന്നവനും എന്നു വിശ്വസിച്ച പാവപ്പെട്ട പതിനായിരക്കണക്കിന് കമ്മ്യൂണിസ്റ്റു പാർട്ടി സഖാക്കൾ, നിങ്ങൾക്കുവേണ്ടി .....(ബഹളം)..... അഴിമതിയുടെ അഗ്നിപർവ്വതമായ ലാവ്‌ലിൻ.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ.....സഭയിലില്ലാത്ത ഒരാളിനെ സംബന്ധിച്ച് എഴുതിക്കൊടുക്കാതെ അഴിമതിയാരോപണം ഉന്നയിച്ചിട്ടുള്ളത് രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്, അത് നടപടിക്രമങ്ങൾക്ക് വിരുദ്ധമായതിനാൽ അത് ഒഴിവാക്കാൻ അങ്ങയുടെ റൂളിംഗ് ഉണ്ടാകണം.....(ബഹളം).....

ശ്രീ. പി. ടി. തോമസ് : സർ, എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് .....(ബഹളം).....

മി. സ്പീക്കർ : പ്ളീസ്.....ഇവിടെ ആരുടെ പേരിൽ അഴിമതിയാരോപണം പറയുകയാണെങ്കിലും നേരത്തെ എഴുതിക്കൊടുക്കണം. ഇവിടെ അഴിമതിയാരോപണം എഴുതിതന്നിട്ടില്ല. അഴിമതിയാരോപണം നടത്തിയിട്ടുമില്ല. ഇവിടെ ഒരു പത്രവാർത്ത വായിച്ചു. ഇത് സാധാരണ അംഗങ്ങൾ ചെയ്യുന്നുണ്ട്. അതിൽ പരിധി വിട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ അതു ചെയർ പരിശോധിക്കാം. ഇവിടത്തെ കമ്മിറ്റി റിപ്പോർട്ടാണ്.....(ബഹളം).....

ശ്രീ. പി. ടി. തോമസ് : എന്നെ പ്രസംഗിപ്പിക്കാതിരിക്കാൻ വേണ്ടിയുള്ള സൂത്രമാണ്.....(ബഹളം).....

മി. സ്പീക്കർ : ചെയർ അത് പരിശോധിച്ച് അപമാനകരമായതോ സഭ്യമല്ലാത്തതോ ആയ എന്തെങ്കിലുമുണ്ടെങ്കിൽ അതു മാറ്റാം.**

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ബഹുമാനപ്പെട്ട പിണറായി വിജയനെപ്പറ്റി ഒരു അഴിമതിയാരോപണവും പറഞ്ഞിട്ടില്ല. ശ്രീ. ദേവകുമാർ എഴുന്നേറ്റതിനു പിന്നിൽ രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, അദ്ദേഹം പണ്ട് കോൺഗ്രസ്സുകാരനായിരുന്നു, രണ്ട്, അടുത്ത കാലത്തായി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കൂടെയായിരുന്നു. ഇപ്പോൾ കൂറു മാറി. അതു തെളിയിക്കാൻ വേണ്ടിയുള്ള ബദ്ധപ്പാടാണ്. അത് എന്നോട് വേണ്ട സ്നേഹിതാ.....(ബഹളം)..... സർ, ഞാൻ പറഞ്ഞുവന്നത് കണ്ണുകളിൽ മരണംവരെ ക്രോധത്തിന്റെ അഗ്നി സൂക്ഷിച്ചുവയ്ക്കുന്നവനും സിംഹങ്ങളെ സ്വപ്നംകണ്ട് ഉണരുന്നവനും ജനഹൃദയങ്ങളിൽ മിന്നൽപ്പിണറായി മാറുമെന്ന് വിശ്വസിച്ചവനും ആയ, പതിനായിരക്കണക്കിന് പാവപ്പെട്ട സഖാക്കളാണ് ഈ അഴിമതിയുടെ അഗ്നിപർവ്വതമായ ലാവയുടെ ഒഴുക്കിൽപ്പെട്ടു കിടന്നു തിളച്ചുകൊണ്ടിരിക്കുന്നത്. 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ' എന്നു ചൊല്ലുന്നതുപോലെയാണ്. ഞാൻ ചോദിക്കട്ടെ, ഇവിടെ ശ്രീ. ബാലാനന്ദൻ പോളിറ്റ് ബ്യൂറോ മെമ്പറല്ലേ? 26 അംഗങ്ങളുള്ള ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളഞ്ഞത് എന്തിനാണെന്ന് പറയാമോ? ബാലാനന്ദൻ കമ്മിറ്റി വിദഗ്ദ്ധമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു. ആരാണ് ആ കമ്മിറ്റിയിലെ അംഗങ്ങൾ? രവീന്ദ്രനാഥ് വിമതനാകാത്ത കാലത്തെ വി. ബി. ചെറിയാൻ, എസ്.സി.എസ്. മേനോൻ, സി. ദിവാകരൻ, ഹബീബ് അടക്കമുള്ള വിദഗ്ദ്ധരായ എഞ്ചിനീയർമാർ ഒക്കെയുള്ള സമിതിയാണ്. അവർ പറഞ്ഞു. ജനറേറ്റർ

**ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ല. (Vide file No. 452/EB/05/Leg. dt. 25-7-05)

LIBRARY ARCHIVES Kerala Legislative Assembly

മാറ്റേണ്ടതില്ല വാൽവ് പോലുള്ള ചെറിയ ചെറിയ ഉപകരണങ്ങൾ മാറ്റിയൽ മതി .....(ബഹളം) ..... അവർക്കു വേദനിക്കും. വേദനിക്കാൻ വേണ്ടി ഞാൻ പറയുന്നതല്ല. കാര്യങ്ങൾ പറയണം. ആസന്ന മൃത്യുവിന്റെ വരവും കാത്ത് കിടക്കുന്ന, 7000 ക്യാൻസർ രോഗികളുടെ പേരിൽ നടത്തിയ ഈ തട്ടിപ്പ് കേരളം കണ്ട, ഇന്ത്യകണ്ട ഏറ്റവും വലിയ തട്ടിപ്പാണ്. മനുഷ്യ മനഃസാക്ഷിയുള്ളവർ ചെയ്യാൻ പാടില്ല. 100 കോടി രൂപ എവിടെ പോയി എന്നു ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയണം. National Hydro Power Corporaton പറഞ്ഞത് നിങ്ങൾ കേട്ടോ? ശ്രീ. രാജഗോപാൽ പറഞ്ഞത് നിങ്ങൾകേട്ടോ ? ലാവ്‌ലിനെ കണ്ട് ഭയന്നോടുന്ന ശ്രീ. പിണറായിക്കും കൂട്ടർക്കും ഇപ്പോൾ പിന്തുണയുമായി ഓടുന്നത് ആരാണ് ? ആ ഇരിക്കുന്ന ശ്രീ. ടി. എം. ജേക്കബ്, അപ്പുറത്തിരിക്കുന്ന പ്രിയപ്പെട്ട ആർ. ബാലകൃഷ്ണപിള്ള. പോരാത്തതിന് സാക്ഷാൽ കെ. കരുണാകരൻ. പ്രിയപ്പെട്ട എം. വി. ജയരാജാ, ശ്രീ. മത്തായി ചാക്കോ, പ്രിയപ്പെട്ട എ. കെ. ബാലാ, ഞാൻ ചോദിക്കട്ടേ, പഴയ നിങ്ങളുടെ മുദ്രാവാക്യം, ഒരു പ്രസംഗം ഞാൻ ഓർത്തുപോകുന്നു.. അന്ന് നിങ്ങൾ പ്രസംഗിച്ചു, "രാജനും ഒരു സഹോദരിയുണ്ടായിരുന്നു. ചന്ദനംതൊട്ട, തുളസിക്കതിർ മുടിയിൽ ചൂടിയ കൊച്ചുസുന്ദരി. വിവാഹക്കതിർമണ്ഡപത്തിൽ കാലെടുത്തുവയ്ക്കുമ്പോൾ സോദരീ ഒന്ന് മാറിനിൽക്കൂ എന്ന് പറയാൻ ഇന്ന് പുന്നാരപ്പൊന്നാങ്ങളയില്ലല്ലോ എന്നോർത്ത് ദുഃഖിക്കുന്ന ആ രാജന്റെ സഹോദരിയുടെ ദുഃഖം, സ്പന്ദിക്കുന്ന അസ്ഥികൂടം പോലെ പ്രതികാരദാഹവുമായി കാത്തിരിക്കുന്ന ഈച്ചരവാര്യർ", ആ ഈച്ചരവാര്യർ നിങ്ങളെ നോക്കിയിരിക്കുകയാണ്. നിങ്ങളുടെ വയലാർ നായകൻ ശ്രീ. വി. എസ്. അച്ചുതാനന്ദനെ തള്ളി. നിങ്ങൾ കരിങ്കാലി കരുണാകരൻ എന്നു വിളിച്ച ശ്രീ. കെ. കരുണാകരനെ നിങ്ങൾ നേതാവാക്കി. കാലം നിങ്ങൾക്ക് മാപ്പു നൽകില്ല. ഒരുകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ് ..... (ബഹളം).....ഇത് ശ്രീ. പിണറായി വിജയന്റെ വൈദ്യുതി നയത്തിന്റെ കവർപേജാണ്. അമേരിക്കയിൽ ബഹുരാഷ്ട്ര കുത്തകയായ General Electric Corporation-ന്റെ ലോഗോ എങ്ങനെയാണ് വിപ്ലവകാരിയായ ശ്രീ. പിണറായി വിജയൻ മന്ത്രിയായിരിക്കുമ്പോൾ കേരള സംസ്ഥാനത്തിന്റെ ഇലക്ട്രിസിറ്റിയുടെ ലോഗോ ആകുന്നത് ? എന്നിട്ട് പാവപ്പെട്ട ഇലക്ട്രിസിറ്റി തൊഴിലാളികളെക്കൊണ്ട് സമരം ചെയ്യിക്കുന്നു. ലോകപ്രസിദ്ധമായ ബഹുരാഷ്ട്ര കുത്തക ജി.ഇ.സി.-യുടെ ലോഗോ വിപ്ലവകാരികൾ കൊണ്ടുവന്നിരിക്കുന്നു. ശ്രീ. പിണറായി വിജയന്റെ വൈദ്യുതി നയത്തിന്റെ പുറംചട്ടയാണിത്. വൈദ്യുതി ബോർഡിനെ നവീകരിക്കാനുള്ള പദ്ധതിയിലും ഈ എസ്.എൻ.സി. ലാവ്‌ലിനെ ഇവർ ചുമതലപ്പെടുത്തിയിരിക്കുന്നു എന്ന് 1996 ഒക്ടോബറിൽ കാനഡയിൽ നടന്ന ചർച്ചയുടെ രേഖയിലുണ്ട്. അതുമാത്രമോ? തിരിച്ചുവരുന്ന വഴിക്ക് സാക്ഷാൽ പിണറായി വാഷിംഗ്ടണിലെ ലോകബാങ്കിന്റെ ആസ്ഥാനം സന്ദർശിച്ചു. അതു വായിച്ച് ഞാൻ ഞെട്ടിപ്പോയി, ലോകബാങ്കിനെതിരെ, എ.ഡി.ബി.-ക്കെതിരെ കേരളത്തിൽ സംസ്ഥാന വ്യാപകമായി സഖാക്കളെക്കൊണ്ട് സമരം നടത്തിക്കുമ്പോൾ സാക്ഷാൽ പിണറായി വിജയൻ ലോകബാങ്കിന്റെ ആസ്ഥാനങ്ങൾ തേടിപ്പോകുന്നു. സ്വാശ്രയ കോളേജുകൾക്കെതിരെ സമരം നടത്തിയവരല്ലേ നിങ്ങൾ ? ഞാൻ ഈ അടുത്തകാലത്ത് കൂത്തുപറമ്പ് തെരഞ്ഞെടുപ്പിനു പോയി. അവിടെ ചെന്നപ്പോൾ .....(ബഹളം).....സർ, എനിക്ക് സംരക്ഷണം തരണം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതൊക്കെ നാട്ടുകാർ കാണുകയാണ്, ബഹളം കൂട്ടിയിട്ട് കാര്യമില്ല. അവിശ്വാസ പ്രമേയത്തിന്റെ ഗൗരവം കളയരുത്, പറയുന്നത് കേൾക്കണം.

ശ്രീ. പി. ടി. തോമസ്: കൂത്തുപറമ്പിൽ ഞാൻ പോയപ്പോൾ അതിനു തൊട്ടടുത്ത് "പുറക്കുള"മെന്നു പറയുന്ന സ്ഥലത്ത് ഒരു സ്വാശ്രയ കോളേജ് കണ്ടു. ആ സ്വാശ്രയ കോളേജ് ഉദ്ഘാടനത്തിന് ഒരു മുദ്രാവാക്യമുണ്ടായിരുന്നു. "ഷിബുലാൽ, റോഷൻ, ബാബു, രാജു, മരിക്കാത്ത ജീവച്ഛവമായ പുഷ്പരാജ്, നീ മരിച്ചിട്ടില്ല, രക്തസാക്ഷികൾ അമരന്മാർ, അമരന്മാർ ഇവർ ധീരന്മാർ" എന്ന് വിളിച്ചുകൊണ്ടാണ് ആ സ്വാശ്രയ കോളേജ് തുടങ്ങിയത്. സർ, സ്വാശ്രയ കോളേജിന്റെ ഉദ്ഘാടനം കഴിഞ്ഞപ്പോൾ അവർ പാടി:

'ബലികുടീരങ്ങളേ സ്മരണകളിരമ്പും രണസ്മാരകങ്ങളേ
ഇവിടെ ജനകോടികൾ ചാർത്തുന്നു നിങ്ങളിൽ
സമരപുളകങ്ങൾ തൻ സിന്ദൂരമാലകൾ
യുഗങ്ങൾ നീന്തിനടക്കും ഗംഗയിൽ

വിരിഞ്ഞ താമരമുകുളങ്ങൾ.....' പാടിയില്ലേ നിങ്ങൾ ? പാവപ്പെട്ടവരെ ഇവർ കബളിപ്പിക്കുകയാണ് സർ. അവരുടെ തട്ടിപ്പു ചൂണ്ടിക്കാണിക്കാൻ ഒരുകാര്യം മാത്രം ഞാൻ പറഞ്ഞോട്ടെ, മുത്തങ്ങ സംഭവം നടന്ന ദിവസത്തെ ദേശാഭിമാനി പത്രമാണ് ഇത്. 20-ാം തീയതി വെടിവയ്പു നടന്ന ദിവസം അതിനകത്തുള്ള റിപ്പോർട്ട് ഞാൻ വായിക്കുന്നു, ബത്തേരി താലൂക്ക് ആശുപത്രിയിൽ പരിക്കേറ്റെത്തുന്ന ആദിവാസികൾക്കും പോലീസുകാർക്കും രക്തവും മറ്റ് സഹായങ്ങളും നാട്ടുകാരും ഡി.വൈ.എഫ്.ഐ.-ക്കാരും നൽകിക്കൊണ്ടിരിക്കുന്നു. ഉച്ചയ്ക്ക് 12.20-ന് ആരംഭിച്ച രണ്ടാംഘട്ട ഓപ്പറേഷനിൽ സമരക്കാർ വിനോദിനേയും ശശിധരനേയും പിടികൂടി ബന്ദിയാക്കി. രണ്ടുപേരും പോലീസ് സംഘത്തിന്റെ മുമ്പിൽ സഞ്ചരിക്കുകയായിരുന്നു. ഇവരുടെ ദേഹത്ത് വയ്ക്കോൽ ഇടുകയും മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി വധിക്കുമെന്ന് ഭീഷണിപ്പടുത്തുകയും ചെയ്തു. അതുകൊണ്ട് രക്ഷയില്ലാതെയാണ് വെടിവച്ചതെന്നാണ് ദേശാഭിമാനി. ആ വെടി വച്ച പോലീസുകാർക്ക് രക്തം കൊടുത്ത ഡി.വൈ.എഫ്.ഐ. രണ്ടു ദിവസം കഴിഞ്ഞപ്പോൾ, ...വായിക്കാൻ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. 21-ഉം 22-ഉം എല്ലാത്തിലും ജാനു കുറ്റവാളിയാണ്, എല്ലാ ആദിവാസികളും കുറ്റവാളിയാണ്. കേരളത്തിൽ ഇതിനൊരു സാധ്യതയുണ്ട്. ആദിവാസിയെ വെടിവച്ചുകൊന്നുവെന്നു പറയാൻ ഒരു സാധ്യതയുണ്ടെന്ന് കണ്ടപ്പോൾ ദേശാഭിമാനി പടം മടക്കി. ഇവിടെ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സി.പി.എം. നേതാക്കളോട് എനിക്ക് ഒന്നേ പറയാനുള്ളൂ. ഈ അഴിമതി ആരോപണങ്ങളുടെ പുകമറ നിങ്ങളാണ് കേരള രാഷ്ട്രീയത്തിൽ നിരത്തിയത്. ഇവിടെ ശ്രീ. ബിനോയ് വിശ്വം ഞങ്ങൾക്കൊന്നും നഷ്ടപ്പെടാനില്ലെന്നു പറഞ്ഞു, nothing to lose. ഉണ്ട് ശ്രീ. ബിനോയ് വിശ്വം, lose ഉണ്ട്. എന്താണ്? വാട്ടർ തീം പാർക്കുകൾ, കൈരളി ചാനലുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എല്ലാം സി.പി.എം.-ന്

നഷ്ടപ്പെടാനുണ്ട്. പഴയ സി.പി.എം. അല്ല ഇപ്പോൾ. നമുക്കറിയാമല്ലോ, നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്. ഞാൻ അതുപറഞ്ഞ് അവസാനിപ്പിക്കാം .....(ബഹളം).....വേലി ചാടുന്ന പശുവിന് കോലുകൊണ്ടാണ് മരണമെന്നാണ് നാട്ടിൻപുറത്തെ ചൊല്ല്. ആസന്നമരണം, രാഷ്ട്രീയമരണം പ്രതീക്ഷിച്ച് ദക്ഷിണായനത്തിന് അന്നാ അലൂമിനിയം കമ്പനിയുടെ സുഖ ശീതളിമയിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീ. പിണറായി വിജയന്റെ രോഗശാന്തിക്കായി ഞാനിതു സമർപ്പിച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. കൂത്തുപറമ്പിലും അഴീക്കോടും നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ വമ്പിച്ച ഭൂരിപക്ഷം കിട്ടിയെന്ന ഹുങ്കുകൊണ്ട്, കേരളത്തിലെ യു. ഡി. എഫ്. ഗവൺമെന്റിനെ അധികാരത്തിൽനിന്നും താഴെ ഇറക്കണമെന്ന ദൃഢ നിശ്ചയത്തോടുകൂടിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനും കൂട്ടരും ഈ അവിശ്വാസ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സത്യത്തിൽ കൂത്തുപറമ്പിൽ നടന്നതെന്താണ് കൂത്തുപറമ്പിൽ ശാസ്ത്രീയപരമായി കള്ളവോട്ടാണ് നടന്നത്. ഏത് ഗവൺമെന്റ് വിചാരിച്ചാലും ശാസ്ത്രീയപരമായ ഈ കള്ളവോട്ട് സംവിധാനം ഒരു കാലത്തും തടുക്കാൻ പറ്റാത്ത വിധത്തിൽ, സജീവമായി സി. പി. എം. വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇനി ഈ കള്ളവോട്ടു തടയണമെങ്കിൽ ഇലക്ട്രോണിക്സ് യുഗം വളരണം. ആര് വിരൽ അമർത്തുന്നുവോ അദ്ദേഹത്തിന്റെ വോട്ടായി ആ വോട്ടു രേഖപ്പെടുത്തുന്ന കാലത്തുമാത്രമേ സി. പി. എം.-ന്റെ കള്ളവോട്ടു തടയാൻ കഴിയു. അതുപോലെ അഴീക്കോട് നിയോജകമണ്ഡലത്തിൽ സോളിഡാരിറ്റിയുടെ വോട്ട്, വാറ്റിന്റെ വോട്ട്, അങ്ങനെ കല്ലു കരടു കാഞ്ഞിരക്കുറ്റി മുതൽ മുള്ളു മുരടു മൂർഖൻപാമ്പുവരെയുള്ള എല്ലാവരുടെയും വോട്ട് വാങ്ങി, ഇവിടെ വന്ന് ഞങ്ങൾ വിജയിച്ചിരിക്കുന്നു എന്നു പറയുക. കല്ലു കരടു കാഞ്ഞിരക്കുറ്റി മുതൽ മുള്ളു മുരടു മൂർഖൻപാമ്പു വരെ ഞങ്ങളെ എതിർക്കുകയാണെങ്കിൽ, വരാനിരിക്കുന്ന ഇലക്ഷനിലും ഞങ്ങൾ തോൽക്കും. നിങ്ങൾക്ക് എന്ത് ആദർശമാണുള്ളത് ? നിങ്ങൾക്ക് ഏറ്റവും വലുത് ആമാശയമാണ്. നിങ്ങളുടെ ആമാശയത്തിന്റെ കഥകളല്ലെ ഇവിടെ കേൾക്കുന്നത്. കഞ്ഞി കുടിക്കാൻ ഗതിയില്ലാത്ത രാഷ്ട്രീയ പ്രസ്ഥാനം, നാലായിരം കോടി രൂപയുടെ ആസ്തിയിലാണെന്നു പറഞ്ഞാൽ ..... (ബഹളം).....

ശ്രീ. എം.വി. ജയരാജൻ : ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ അപകീർത്തിപരമായ, അസഭ്യമായ ഒരുപാടു പരാമർശങ്ങൾ ഉണ്ട്. കൂത്തുപറമ്പ്, അഴീക്കോട് ജനവിധിയെ ഇത്തരം അപകീർത്തിപരമായ, അസഭ്യമായ വാക്കുകളിലൂടെ അതിന്റെ തിളക്കം കുറയ്ക്കാൻ കഴിയുന്നതല്ല. കൂത്തുപറമ്പ് തെരഞ്ഞെടുപ്പിലെ വിജയം, ജനങ്ങളുടെ വിധിയെഴുത്താണ്. യു. ഡി. എഫ്. തോൽക്കുമ്പോൾ കള്ളവോട്ട്. ഇതവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പതിവുശൈലിയാണ്. അദ്ദേഹത്തിന്റെ പരാമർശങ്ങളിലുള്ള അസഭ്യമായ വാക്കുകൾ, അപകീർത്തിപരങ്ങളായ വാക്കുകൾ, അത് പിൻവലിക്കണം. കൂത്തുപറമ്പ് വിജയത്തിന്റെ തിളക്കം കുറയ്ക്കാൻ ഇതുപോലുള്ള അപശബ്ദങ്ങൾകൊണ്ട് കഴിയുന്നതല്ല.

ശ്രീ. കളത്തിൽ അബ്ദുള്ള : അൺപാർലമെന്ററിയായിട്ടു ഞാനല്ല ആരു പറഞ്ഞാലും ആ വാക്കുകൾ സഭാരേഖകളിൽനിന്നും നീക്കം ചെയ്യാം. അതിനൊന്നും വിരോധമില്ല. കേരള മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തി. ജനസമ്പർക്ക പരിപാടിയിലെ ആ ഫോട്ടോ കാണിച്ചുകൊണ്ടാണ് ബഹുമാന്യനായ ശ്രീ. പി.സി. ജോർജ് എതിർത്തത്. സത്യത്തിൽ ഏതു ലില്ലിക്കുട്ടിക്കും മുഖ്യമന്ത്രിയെ കാണാൻ പറ്റുന്ന അവസരമുണ്ടായി. എൽ.ഡി.എഫ്. ഭരിച്ചിരുന്നകാലത്തെ സ്ഥിതി എന്താണ്? മുഖ്യമന്ത്രിയെ കാണണമെങ്കിൽ എ.സി.-യെ കാണണം ഡ.സി.-യെ കാണണം എസ്.ഇ.യെകാണണം. പക്ഷേ ഇന്ന് ഏത് ലില്ലിക്കുട്ടിക്കും ഏത് സമയത്തും വിളിക്കാൻ പറ്റുന്ന ഒരു മുഖ്യമന്ത്രി കേരളത്തിലുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിലെ ഏറ്റവും വലിയ പത്രപ്രവർത്തകരിൽ ഒരാളാണ് ശ്രീ. കെ.എം. റോയി. സങ്കടം കൊണ്ടു വീർപ്പുമുട്ടുന്ന ഏതു മനുഷ്യനും ഏതു സമയത്തും കേരളത്തിലെ മുഖ്യമന്ത്രിയെ വിളിക്കാം. ബഹുമാനപ്പെട്ട കെ.എം. റോയി പറഞ്ഞ വാക്കുകൾ നിങ്ങൾ കേൾക്കണം. "പക്ഷേ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭരണം കയ്യാളുന്ന മിക്ക രാഷ്ട്രീയക്കാർക്കും ഗാന്ധിജിയുടെ ഈ ചിന്താഗതി ദഹിക്കാറില്ല. ജനസേവകരാണെങ്കിലും അവർ യജമാനൻമാരും ജനങ്ങൾ അവരുടെ സേവകരുമാണെന്ന രീതിയിലാണ് പെരുമാറ്റം. ഈ വേലി പൊളിച്ച് മുഖ്യമന്ത്രിയുടെയോ ഒരു രാഷ്ട്രീയ പ്രമുഖന്റെയോ അടുത്ത് എത്തുക സാധാരണക്കാരെ സംബന്ധിച്ചിടത്തോളം സാഹസംതന്നെയാണ്." നിങ്ങളുടെ ശ്രീ. പിണറായി വിജയനെ ഒരു സാധാരണക്കാരന് പോയി കണ്ട് സംസാരിക്കാൻ കഴിയുമോ? ഞങ്ങളുടെ മുഖ്യമന്ത്രിയെ ആർക്കുവേണമെങ്കിലും പോയി കണ്ട് സംസാരിക്കാൻ കഴിയും. നിങ്ങൾക്കറിയാമോ, കേരളത്തിലെ വെള്ളിനക്ഷത്രമാണ് നമ്മുടെ മുഖ്യമന്ത്രി. ഭാവിയുടെ പ്രതീക്ഷയാണ് അദ്ദേഹമെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്ന് കേരളത്തിലെ എല്ലാ ഗവൺമെന്റിന്റെയും മുമ്പിലുള്ള പ്രശ്നമെന്താണ്? ഒന്നുകിൽ നശിപ്പിക്കുക, അല്ലെങ്കിൽ പെർഫോം ചെയ്യുക എന്നുള്ളതാണ്. Perform or perish എന്നാണ്. ഞങ്ങളുടെ മുഖ്യമന്ത്രി ഇവിടെ തീരുമാനിച്ചിട്ടുള്ളത് നശിപ്പിക്കാനല്ല, നന്നാക്കാനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നിങ്ങൾക്ക് അസഹിഷ്ണുതയുണ്ടെങ്കിൽ, നിങ്ങൾ എന്തും വിളിച്ചു പറഞ്ഞോളൂ. ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. ഇവിടെ ഒരു രാഷ്ട്രീയക്കാരന്റെ മൂല്യത്തെ അല്ലേ ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചെയ്തത്? 50 ലക്ഷം രൂപയുടെ വീടാണ് ശ്രീ. പിണറായി വിജയൻ ഉണ്ടാക്കുന്നതെന്ന് ഈ സഭയിൽ ഉത്തരവാദിത്വബോധത്തോടുകൂടി ഒരു ആരോപണം ഉന്നയിച്ചു.....(ബഹളം).....സത്യത്തിൽ ഈ ആരോപണം മംഗളം പത്രത്തിൽ വന്ന ഒരു റിപ്പോർട്ട് ഇവിടെ ഒരാൾ ഉദ്ധരിച്ചതാണ്. എന്തിനാണ് നിങ്ങൾ അസഹിഷ്ണുത കാണിക്കുന്നത്? .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ബാലൻ : ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ മാത്രം പറയുക. പോയിന്റ് ഓഫ് ഓർഡർ ഏത് റൂൾ പ്രകാരമാണ്.

ശ്രീ. എ. കെ. ബാലൻ : 303. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുത്തു. സഭയിൽ ഇല്ലാത്ത ഒരാളെ സംബന്ധിച്ച് അഴിമതിയാരോപണം കൊണ്ടുവരാൻ പാടില്ല. അങ്ങനെ കൊണ്ടുവന്നാൽ അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. രേഖയിൽനിന്നും മാറ്റണം. പിണറായി വിജയൻ 50 ലക്ഷം രൂപയുടെ വീടുണ്ടാക്കി എന്ന് പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ച് സ്പീക്കർ പറയുന്ന റൂളിംഗ് ഇപ്പോഴും നിലനിൽക്കുകയാണ്. ആ റൂളിംഗ് അതുപോലെ പാലിക്കപ്പെടും.

ശ്രീ. കളത്തിൽ അബ്ദുള്ള : ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പ്രസംഗം ഞാൻ കേട്ടു. ശ്രീ. ജോണി നെല്ലൂരിന്റെ പ്രസംഗവും ഞാൻ കേട്ടു. മാർക്ക് ആന്റണി ജൂലിയർ സീസർക്കുവേണ്ടി നടത്തിയ ഒരു പ്രസംഗമാണ് എന്റെ ഓർമ്മയിൽ വരുന്നത്. പ്രിയ സുഹൃത്തുക്കളെ, നാട്ടുകാരെ, റോമാ നഗരവാസികളെ സീസറെ സംസ്ക്കരിക്കാൻ വേണ്ടിയാണ് ഞാൻ വന്നത്. അദ്ദേഹത്തെ പ്രശംസിക്കാനല്ല. മനുഷ്യന്റെ ദുഷ്ക്കർമ്മങ്ങളെയാണല്ലോ അവൻ അതിജീവിക്കുന്നത്. സൽക്കർമ്മങ്ങളൊക്കെ അവന്റെ ശരീരത്തോടൊപ്പം മൺമറഞ്ഞു പോകുകയും ചെയ്യുമെന്നു പറഞ്ഞുകൊണ്ട്, സീസർക്കുവേണ്ടി മാർക്ക് ആന്റണി ഒരു ചോദ്യം ചോദിക്കുന്നുണ്ട്. "യുദ്ധത്തടവുകാരെ പിടിച്ചുകെട്ടിയ മോചനമൂല്യം കൊണ്ട് റോമാ സാമ്രാജ്യത്തിന്റെ ഖജനാവ് നിറച്ചതാണോ ഈ രാജ്യത്ത് സീസർ ചെയ്ത തെറ്റ്" എന്ന് പറഞ്ഞതുപോലെ, എം. എൽ.എ. ക്വാർട്ടേഴ്സിൽ എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്ത ഞങ്ങൾക്ക് ഒരു തലയണയുടെ ഉറ മാറ്റാൻപോലും ഗതിയില്ലാത്ത സ്ഥിതിയിൽനിന്ന് മാറ്റി ആണത്തത്തെപ്പോലെ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്ന രീതിയിലേക്ക് കേരളത്തെ എത്തിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ കുറെ കാര്യങ്ങൾ നിങ്ങൾ പ്രസംഗിച്ചു. പോലീസ് മർദ്ദനത്തെക്കുറിച്ചാണ് നിങ്ങൾ പ്രസംഗിക്കുന്നത്, സമരങ്ങളെക്കുറിച്ചാണ് നിങ്ങൾ പ്രസംഗിക്കുന്നത്. നിങ്ങൾ കുറെ നന്നായിട്ടുണ്ട്. 1972-ൽ നിങ്ങൾ നടത്തിയ സമരങ്ങളുടെ എണ്ണം 4,961 ആണ്. 1973-ൽ നിങ്ങൾ നടത്തിയ സമരങ്ങൾ, 5,613 ആണ്. ഇപ്പോൾ നിങ്ങൾ നടത്തുന്ന സമരം ഹൈടെക് സമരമാണ്. ടി.വി. ഉണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഇങ്കിലാബ് സിന്ദാബാദിന്റെ ശബ്ദം ആകാശത്തിലേക്ക് ഉയരുകയുള്ളൂ. ടി.വി.-യിൽക്കൂടി പ്രശസ്തിക്കുവേണ്ടി നടത്തുന്ന ചീപ്പ് സമരമാണ് നിങ്ങളുടേത്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ എസ്.എൻ.സി.

ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ല. (Vide File No. 459/EB/Leg. 27-7-2005

LIBRARY ARCHIVES Kerala Legislative Assembly

ലാവ്‌ലിന്റെ പ്രശ്നം വളരെ വിവാദമായി വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ കുറ്റവാളികളായവരെ പുറത്തുകൊണ്ടുവരികതന്നെ ചെയ്യണം. അത് കേരളത്തിന്റെ സദാചാരത്തിന് ആവശ്യമാണ്. പക്ഷേ എങ്ങനെ എസ്.എൻ.സി. ലാവ്‌ലിൻ സംബന്ധിച്ച് എ.ജി. ഓഫീസിലെ റിപ്പോർട്ട് ചോർന്നു? എ.ജി. ഓഫീസിലെ യൂണിയൻ നിങ്ങളുടെ യൂണിയനാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ യൂണിയനാണ്. അവർ വി.എസ്. പക്ഷക്കാരാണ്. ശ്രീ. വി.എസ്. അച്ചുതാനന്ദനെ ദേശാഭിമാനിയിൽനിന്നും പുറത്താക്കിയതിന്റെ പ്രതികാരമായിട്ടാണ് സി. & എ. ജി.-യുടെ ലാവ്‌ലിന്റെ റിപ്പോർട്ട് പത്രങ്ങൾക്ക് അവർ ചോർത്തിക്കൊടുത്തത്. അതുകൊണ്ട് കള്ളൻ കപ്പലിൽതന്നെയാണ്. അല്ലാതെ അപ്പുറത്തിരിക്കുന്ന ആളുകളില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. കേരളം വമ്പിച്ച പുരോഗതി നേടി. വിദ്യാഭ്യാസ രംഗത്ത് കേരളം വളർന്നു. ഈ ഭരണത്തിൽ പാലക്കാട് ജില്ലയിൽ, എൻജിനീയറിംഗിൽ 179 സീറ്റിന്റെ വർദ്ധനവുണ്ടായി. ഫാർമസി കോളേജിൽ 85 സീറ്റുണ്ടായി. അറബിക് കോളേജിൽ 37 സീറ്റുണ്ടായി. കംപ്യൂട്ടർ സയൻസിൽ 14 സീറ്റുണ്ടായി. ദന്തൽ കോളേജിൽ 39 സീറ്റുണ്ടായി. ആയുർവേദ കോളേജിൽ 50 സീറ്റുണ്ടായി. വേറൊരു എൻജിനീയറിംഗ് കോളേജിൽ 82 സീറ്റുണ്ടായി. അതുപോലെ വേറൊരു ആയുർവേദ കോളേജിൽ 150 സീറ്റുണ്ടായി. പാലക്കാട് ജില്ലയിൽ 8 കോളേജുകൾ ഉണ്ടായി. മലപ്പുറം ജില്ലയിൽ 24 കോളേജുകൾ ഉണ്ടായി. കോഴിക്കോട് ജില്ലയിൽ 21 കോളേജുകൾ ഉണ്ടായി. ഞങ്ങളുടെ ഭരണത്തിന്റെ നേട്ടമാണിത്. പരിശോധിക്കൂ. അഞ്ചു കോടി രൂപയാണ് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് ചാർജ്ജെടുത്തതിനുശേഷം മലബാർ സിമന്റ്സിനു ലാഭമുണ്ടായി. അതുപോലെ ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിൽ ഞങ്ങളുടെ ഗവൺമെന്റ് ഒരു കോടി രൂപയാണ് ഡിവിഡന്റ് കൊടുത്തത്. ഖാദി ബോർഡിൽ 278 ജീവനക്കാരെയാണ് ഞങ്ങളുടെ ഗവൺമെന്റ് സ്ഥിരപ്പെടുത്തിയത്. 9,65,00,000 രൂപയുടെ വിൽപ്പനയാണ് ഞങ്ങളുടെ ഗവൺമെന്റ് നടത്തിയത്. ആദിവാസികളുടെ കാര്യം ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. നാലുതവണ ഫ്രീ റേഷൻ കൊടുത്ത ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. ആദിവാസികൾക്ക് 157 വീടുകൾ എന്റെ നിയോജകമണ്ഡലത്തിൽ കൊടുത്ത ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. മരുതിയുടെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചു. മരുതിയുടെ മരണത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. പോലീസ് ശക്തമായി അന്വേഷിക്കുന്നുണ്ട്. അട്ടപ്പാടിയിൽ നടക്കുന്ന ദുരൂഹ മരണങ്ങളുടെ മുഖ്യവില്ലൻ ആരാണെന്നു ചോദിച്ചാൽ, ഞങ്ങൾക്ക് പറയാൻ കഴിയും ചാരായമാണെന്ന്, കഞ്ചാവാണെന്ന്. നിങ്ങളുടെ ഭരണകാലത്ത് താവളത്ത് 30 പുതിയ ജീപ്പുകളാണ് കഞ്ചാവ് ലോബികൾ വാങ്ങിയത്. ഞങ്ങളുടെ ഭരണകാലത്ത് ഒരൊറ്റ ജീപ്പും വാങ്ങിയില്ല. തെളിവുതരാൻ ഞാൻ തയ്യാറാണ്. ഞങ്ങളുടെ ഭരണകാലത്ത് 2003-ൽ 150 കോടി രൂപയുടെ കഞ്ചാവും 2004-ൽ 130 കോടി രൂപയുടെ കഞ്ചാവുമാണ് നശിപ്പിച്ചത്. നിങ്ങളുടെ ഭരണകാലത്ത് എത്ര കോടി രൂപയുടെ കഞ്ചാവ് നശിപ്പിച്ചു? നിങ്ങൾ പറയണം. ഞങ്ങളുടെ മുഖ്യമന്ത്രിതന്നെ നേരിട്ട് കഞ്ചാവ്

LIBRARY ARCHIVES Kerala Legislative Assembly

വേട്ടയ്ക്ക് നേതൃത്വം കൊടുത്തു. നിങ്ങൾക്കറിയാം കുടുംബശ്രീയിൽ അർബൻ പോവർട്ടി അലവീയേഷൻ-1990-ൽ ആരംഭിച്ച സ്കീം വ്യാപകമായി നടപ്പാക്കി. ആശ്രയ പദ്ധതിയിൽ ഞങ്ങൾ വീട് കൊടുത്തു. പാവപ്പെട്ട 25;157 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. അതുപോലെതന്നെ ODEPEC-ൽ 10 ലക്ഷത്തിന്റെ ലാഭമാണ് ഞങ്ങൾ പുതുതായ്യി ഉണ്ടാക്കിയത്. അതുപോലെതന്നെ 'സിംകോം' ഷൊർണ്ണൂരിലെ പൂട്ടിക്കിടന്ന വ്യവസായം നിങ്ങളുടെ മുൻ എം.പി. ശിവരാമൻ ചെയർമാനായ ആ സ്ഥാപനത്തിന് 50 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിരുന്നത് നമ്മൾ കുറച്ചുകൊണ്ടുവന്ന് ആറ് ലക്ഷത്തിലേയ്ക്ക് എത്തിച്ചു. ഞങ്ങൾ വനിതാ വികസന കോർപ്പറേഷൻവഴി 5,000 വനിതകൾക്ക് അഞ്ച് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ ഡിവിഡന്റ് കൊടുത്തു. ഡ്രൈവിംഗ് സ്കൂൾ മുതൽ ചെമ്മീൻ കൃഷിവരെ നടത്താനുള്ള സാഹചര്യമുണ്ടാക്കി. ഒരു കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി മൂവായിരം രൂപയുടെ സ്റ്റേറ്റുമെന്റ്, ഞങ്ങൾ ഒൻപത് സെന്ററുകളിലായി നിരവധി പെൺകുട്ടികളെ കമ്പ്യൂട്ടർ പഠിപ്പിക്കാനും മറ്റ് അനുബന്ധ തൊഴിൽ പഠിപ്പിക്കാനുമുള്ള സാഹചര്യമുണ്ടാക്കി. ബഹുമാനപ്പെട്ട പി.കെ. ശ്രീമതിടീച്ചർ വനിതകളുടെ പീഡനത്തെക്കുറിച്ച് പറഞ്ഞു. 1999-2000 വരെ കേരളത്തിൽ 300 ശതമാനമാണ് വനിതാ പീഡനം വർദ്ധിച്ചത്. ഞാൻ ഇവിടെ പറയുന്നത് കടംകഥയല്ല. ഇക്കണോമിക് റിവ്യൂവിലെ കണക്ക് പരിശോധിക്കൂ. 2003-ൽ സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം 3.7 ശതമാനം കുറഞ്ഞു. 2004-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടാണ് ഞാൻ പറയുന്നത്. 1999 മുതൽ 2000 വരെ 300 ശതമാനമാണ് വനിതകൾക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചത്. പക്ഷെ 2003-ൽ സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം 3.7 ശതമാനം കുറഞ്ഞു. ബലാൽസംഗം 24 ശതമാനം കുറഞ്ഞു. സ്ത്രീകളെ ശല്യപ്പെടുത്തുന്നത് 5.5 ശതമാനം കുറഞ്ഞു. കേരളത്തിൽ നമ്മുടെ ഭരണം മോശമാണോ? കാർഷികമേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ ഒരു കിലോ റബ്ബറിന് 23 രൂപയായിരുന്നു. ഇന്ന് സ്ഥലക്കച്ചവടം വർദ്ധിപ്പിച്ചു. പർച്ചേസിംഗ് വർദ്ധിപ്പിച്ചു. എല്ലാപേരും ഇന്ന് ആഹ്ളാദത്തിലാണ്. പക്ഷെ ആ ഒരു സാഹചര്യത്തിലാണ് ഞങ്ങളിൽനിന്ന് കുറെ സുഹൃത്തുക്കൾ പോയത്. ആ സാഹചര്യത്തിൽ ഞങ്ങൾക്കെതിരായി കുറച്ച് ജനവികാരം വർദ്ധിപ്പിക്കാൻ നിങ്ങൾക്ക് സാധിച്ചു. ഏതായാലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അഭിമാനമുണ്ട്. ആദിവാസി മേഖലയിലാകട്ടെ, പൊതുവിദ്യാഭ്യാസ രംഗത്താകട്ടെ ഞങ്ങൾ ശക്തരാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി കക്ഷികളല്ലേ? ഒരു സമൂഹത്തിന്റെ വികസനം ശക്തി ഉപയോഗിച്ചുകൊണ്ടുള്ള മാർഗ്ഗത്തിൽ പരിവർത്തിപ്പിക്കാൻ ലക്ഷ്യമിട്ട ആളുകളല്ലേ നിങ്ങൾ? നിങ്ങളുടെ എം.എൽ.എ. മാരെ മാത്രം ജയിപ്പിച്ച സ്ഥലമല്ലേ കോഴിക്കോടും കണ്ണൂരും? ആ പ്രദേശങ്ങളിൽ വിരലിലെണ്ണാവുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളല്ലേ ഓടുന്നുള്ളൂ. നേരെമറിച്ച് കൊണ്ടോട്ടി, മലപ്പുറം, മങ്കട, പെരുന്തൽമണ്ണ, മണ്ണാർക്കാട് അവിടങ്ങളിൽ എത്ര ബസ്സുകൾ ഓടുന്നുണ്ട്? ഒരു ബസ്സിനുവേണ്ടി മൂന്ന് മണിക്കൂർവരെ കാത്ത് നിൽക്കേണ്ട സ്ഥിതി നിങ്ങളുടെ കാലത്തല്ലേ ഉണ്ടായിരുന്നത്. അപ്പോൾ അത് നിങ്ങളുടെ ഭരണകാലത്തല്ലേ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കപ്പെടേണ്ടത് ? നിങ്ങൾ ഇവിടെ കെ. എസ്.ആർ.ടി.സി.യു.-ടെ വികസനത്തിനുവേണ്ടി എന്തെങ്കിലും ചെയ്തോ ? നിങ്ങളുടെ മണ്ഡലങ്ങളിൽ എൽ.ഡി.എഫ്. നടപ്പാക്കിയോ ? ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറയട്ടെ. ഞാൻ കഴിഞ്ഞ ദിവസം സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റി കഴിഞ്ഞിട്ട് ഒരു ബസ്സിൽ വരികയായിരുന്നു. അപ്പോൾ ആ ബസ്സിന് കേടു വന്നിട്ട് അടുത്ത ബസ്സിലേയ്ക്ക് കയറാൻ രണ്ട് മണിക്കൂർ വരെ കാത്തു നിൽക്കേണ്ടി വന്നു. കണ്ണൂർ പ്രദേശമാണ് ഏറ്റവും മോശം. അവിടെയൊക്കെ ഏറ്റവും കൂടുതൽ സ്വകാര്യ ബസ്സുകളാണ് ഉള്ളത്. അതിന്റെ പെർമിറ്റ് ഒക്കെ കൊടുത്തത് നിങ്ങളുടെ ഭരണ കാലത്തല്ലേ ? ഞങ്ങളുടെ ഭരണകാലത്ത് ഒറ്റ കെ.എസ്.ആർ.ടി.സി. ബസ്സ് നിർത്തലാക്കിയിട്ടുണ്ടോ ? കെ.എസ്.ആർ.ടി.സി. രംഗത്തുണ്ടായ ഏറ്റവും പ്രകടമായ മാറ്റം നിങ്ങൾക്ക് അറിയില്ലേ ? ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഒരൊറ്റ സ്കൂൾ അടച്ചുപൂട്ടിയിട്ടുണ്ടോ ? ഒരു കുട്ടിയുള്ള സ്കൂളുകൾ അടച്ചു പൂട്ടിയിട്ടുണ്ടാകും. നേരേമറിച്ച് എല്ലാ സ്ഥലത്തും പ്ലസ് ടു ഗവൺമെന്റ് മേഖലയിൽ അനുവദിച്ച ഗവൺമെന്റാണ് ഞങ്ങളുടെ ഗവൺമെന്റ്. ഒരൊറ്റ സ്കൂൾ എയിഡഡ് മേഖലയിൽ കൊടുത്തോ ? അപ്പോൾ ഞങ്ങൾക്കാണോ സാമൂഹ്യ പ്രതിബദ്ധതയുള്ളത് ? നിങ്ങൾക്കാണോ സാമൂഹ്യ പ്രതിബദ്ധതയുള്ളത് ? നിങ്ങൾക്ക് പ്രസംഗത്തിൽ സാമൂഹ്യ പ്രതിബദ്ധതയുണ്ട്. പ്രവർത്തനത്തിൽ നിങ്ങൾക്ക് യാതൊരു സാമൂഹ്യ പ്രതിബദ്ധതയുമില്ല. അതുകൊണ്ടുതന്നെ ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു, ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. പി. ജോർജ്ജ്</u> : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു. ഈ അവിശ്വാസപ്രമേയം അപ്രസക്തമാണ്, അകാലികവു മാണ്. ഭരണപക്ഷത്തെ ഭൂരിപക്ഷത്തെക്കുറിച്ച് ഇവിടെ ആർക്കും ഒരു സംശയവുമില്ല. പ്രമേയാവതാരകൻ പ്രതിപക്ഷത്തെ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഭൂരിപക്ഷത്തെക്കുറിച്ച് ഉത്തമവിശ്വാസമാണുള്ളത്. എങ്കിലും അദ്ദേഹം അവിശ്വാസപ്രമേയം അവതരിപ്പിച്ചു. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടാണെങ്കിൽ എനിക്കു യാതൊരു വിരോധവുമില്ല. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം 13 കാര്യങ്ങൾ പറഞ്ഞു. ശ്രീ. എം. വി. ജയരാജൻ പ്രസംഗിച്ചപ്പോൾ 13 ആരോപണങ്ങൾ പറഞ്ഞു. ചർച്ച 13-ാം തീയതി ഉണ്ടാകേണ്ട തായിരുന്നു. അതുണ്ടായില്ല. ശരിക്കുപറഞ്ഞാൽ ഇതൊരു ദുർബലമായ അവിശ്വാസ പ്രമേയമാണെന്നുള്ളതിൽ സംശയമില്ല. എന്റെ സ്നേഹിതന്മാരായ തൊടുപുഴ മെമ്പറും കഴക്കൂട്ടം മെമ്പറും പറഞ്ഞതുപോലെ ഭരണകക്ഷിയെ പ്രതിക്കൂട്ടിലാക്കാൻ കൊണ്ടുവന്ന ഒരു അവിശ്വാസപ്രമേയ ചർച്ചയിൽ പ്രതിപക്ഷംതന്നെ പ്രതിക്കൂട്ടിലായി. അങ്ങനെയാണ് ഇതിനെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ചരിത്രത്തിൽ രേഖപ്പെടുത്തുക. പാർലമെന്റ് തെരഞ്ഞെടുപ്പിൽ വലിയ വിജയമാണ് നിങ്ങൾക്ക് കിട്ടിയത്. അതിന് നിങ്ങൾ വലിയ അഹങ്കാരം കാണിച്ചില്ല കാരണം നിങ്ങൾക്ക് വിജയം ലഭിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറിയാമായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു ഞങ്ങൾക്കാണ് അഹങ്കാരമെന്ന്. അത് ശരിയല്ല. കണ്ണൂർ ഉപതെരഞ്ഞെടുപ്പുകൾ കഴിഞ്ഞപ്പോൾ നിങ്ങളിൽ കൂടുതൽ അഹങ്കാരമുണ്ടാക്കി. അതാണ് സത്യം. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ പഞ്ചായത്ത് ഇലക്ഷൻ കഴിയുമ്പോൾ അടുത്ത് നിയമസഭാ തെരഞ്ഞെടുപ്പു വരും. അതിൽ നിങ്ങൾക്ക് വളരെ പ്രതീക്ഷയാണ്. അതിൽ കാര്യമില്ല. എന്താണെന്നുവച്ചാൽ മുൻപൊരിക്കൽ ജില്ലാ കൗൺസിൽ ഇലക്ഷൻ നടത്തി. നിങ്ങൾ തൂത്തുവാരി. നിങ്ങൾക്ക് അസംബ്ളി ഇലക്ഷൻ നടത്താൻ ആവേശമായി. നാല് വർഷം കഴിഞ്ഞപ്പോൾ നിയമസഭ പിരിച്ചുവിട്ടു. അസംബ്ളി ഇലക്ഷൻ നടത്തി. അതിൽ നിങ്ങൾ പരാജയപ്പെട്ടു. നിങ്ങളുടെ ധാരണ മിഥ്യാധാരണയായി. അതുകൊണ്ട് നിങ്ങൾ തിരിച്ചുവരുമെന്ന് ഇപ്പോൾ ഉറപ്പാക്കേണ്ട. യു.ഡി.എഫ്.-ന് ഭരിക്കാനുള്ള ധാർമ്മികാവകാശം നഷ്ടപ്പെട്ടുവെന്നാണ് നിങ്ങളുടെ പ്രസംഗങ്ങളിൽ കേട്ടത്. എല്ലാപേരും അങ്ങനെതന്നെയാണ് പ്രസംഗിച്ചത്. മുന്നണി ഭരണം നടത്തുമ്പോൾ നിങ്ങളായാലും ഞങ്ങളായാലും ഘടകകക്ഷികൾ ഒന്നിച്ചു ചേർന്നുള്ള ഒരു ഭരണം നടത്തിക്കൊണ്ടു പോകുമ്പോൾ പല പ്രശ്നങ്ങളുമുണ്ടാകാറുണ്ട്. കൂടെയുള്ളവർ പുറത്തേയ്ക്ക്പോയ ഏറ്റവും വലിയ ചരിത്രമുള്ളത് 1967-ലാണ്. ഇപ്പോഴൊന്നുമല്ല. അതൊന്നും ഇപ്പോൾ ചർച്ച ചെയ്യാൻ ഞാൻ മുതിരുന്നില്ല. അന്ന് ഭരണകക്ഷിയിൽനിന്ന് പുറത്തുപോയത് 57 പേരാണ്. വർക്കല മെമ്പറായിരുന്ന കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ. മജീദിനെ ഞാൻ നല്ലതുപോലെ ഓർക്കുന്നു. ഞാൻ അതു വിവരിക്കുന്നില്ല. ഇവിടെ രണ്ടുതരം പ്രതിപക്ഷമുണ്ടെന്ന് നിങ്ങൾ അവകാശപ്പെടുന്നു. ഇവിടെ ഭരണപക്ഷം ഒരുതരം മാത്രമെന്ന് ഞങ്ങൾ അവകാശപ്പെടുന്നു. പ്രതിപക്ഷത്തിന്റേയും പ്രതിപക്ഷ നേതാവിന്റേയും മറ്റ് അംഗങ്ങളുടേയും അഭിപ്രായങ്ങൾ മാനിക്കുന്ന ഒരു ഗവൺമെന്റും ഒരു മുഖ്യമന്ത്രിയുമാണ് ഇന്ന് കേരളം ഭരിക്കുന്നത്, അതാണ് ഈ ഗവൺമെന്റിന്റെ സവിശേഷത. കേരളത്തിന്റെ ബഹുമുഖമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എത്രയോ കോൺഫറൻസുകൾ ഈ ഗവൺമെന്റ് വിളിച്ചുകൂട്ടിയിട്ടുണ്ട്. അതിന് മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്തു. സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രശ്നം, കരിമണൽ ഖനനം, നെല്ല് സംഭരണം, വിദ്യാർത്ഥി പ്രശ്നങ്ങൾ, സ്മാർട്ട് സിറ്റിയുടെ കാര്യങ്ങൾ ഇതിനൊക്കെ എത്രയോ കോൺഫറൻസുകൾ നടത്തി. ഈ കോൺഫറൻസുകൾ നടത്തുന്നതിനു മുൻപ് പ്രതിപക്ഷ നേതാവുമായി സംസാരിച്ച് ഒരു അഭിപ്രായസമന്വയമുണ്ടാക്കാൻ ശ്രമിച്ചതിന് മുഖ്യമന്ത്രിയെ എല്ലാപേരും അഭിനന്ദിക്കുകയാണ്. മുഖ്യമന്ത്രി ജില്ലകൾതോറും പോയി സാധാരണക്കാരായ ജനങ്ങളെ കാണാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും ശ്രമിച്ചത് ഒരു ചെറിയ കാര്യമാണെന്ന് നിങ്ങൾ കരുതണ്ട. ചീഫ് മിനിസ്റ്റെ കണ്ടവർക്ക് സന്തോഷമായി സംതൃപ്തിയായി. പല മുഖ്യമന്ത്രിമാരും സ്പീഡ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. ഞാൻ അതിനെ വിമർശിക്കുകയല്ല. ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ സ്പീഡ് പ്രോഗ്രാം ശ്രദ്ധേയമായി. ഇതിനുപുറമെ ഗവൺമെന്റിന് ഒന്നും ഒളിച്ചുവയ്ക്കാനില്ലെന്നു പറഞ്ഞ് മുഖ്യമന്ത്രിയുടെ ഓഫീസിൽതന്നെ പുതിയ സംവിധാനമുണ്ടാക്കി. അവിടെ വരുന്നവരേയും പോകുന്നവരേയും കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർനെറിലൂടെ വെബ് സൈറ്റ് സിസ്റ്റം നടപ്പിലാക്കിയതിനെ എല്ലാപേരും ഇതിനകം പ്രകീർത്തിച്ചുകഴിഞ്ഞു. തെറ്റുകൾ തിരുത്താൻ ഞങ്ങൾ തയ്യാറാണെന്ന് ഈ ഗവൺമെന്റ് തന്നെ പറയുന്നു. ഈ ഗവൺമെന്റിന് ദുരഭിമാനമൊന്നുമില്ല. പിടിച്ച മുയലിന് മൂന്ന് കൊമ്പ് എന്നു വാദിക്കുന്നില്ല. ഈ ഗവൺമെന്റിന് വിശാലമായ മനഃസ്ഥിതിയുണ്ടെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട എടക്കാട് മെമ്പർ പ്രസംഗിച്ചപ്പോൾ ഡി.വൈ.എസ്.പി. മാരുടെ സ്ഥലം മാറ്റത്തിൽ അഴിമതി നടക്കുന്നു എന്ന് പറഞ്ഞു. മൂന്നാറിൽ ഡി.വൈ.എസ്.പി. ആയിട്ടു കിട്ടാൻ 25 ലക്ഷം രൂപയുടെ അഴിമതി നടന്നു എന്ന് അദ്ദേഹം പറഞ്ഞു. അത് ഇത്ര കറക്ടായിട്ട് പറഞ്ഞത് നിങ്ങളുടെ കാലത്ത് നടന്ന ഒരു റേറ്റായിട്ടാണ് എനിക്കു തോന്നുന്നത്. പിന്നെ ക്ഷേമപദ്ധതികളിൽ കുടിശ്ശിക വരുത്തിയതിനെപ്പറ്റി പറഞ്ഞു. മാസാമാസം അത് കൊടുക്കാനായിട്ട് തീരുമാനിച്ചത് അറിഞ്ഞിട്ടാകണം അങ്ങനെ ഒരു ആക്ഷേപം ഉണ്ടാകാൻ കാരണം. മാസാമാസം കൊടുക്കുന്നതിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിയിരിക്കുകയാണ്. നിങ്ങളുടെ കാലത്തെ കുടിശ്ശിക കൊടുത്തുതീർത്ത് അത് അപ്-ടു-ഡേറ്റ് ആക്കാൻവേണ്ടി ഈ ഗവൺമെന്റ് വളരെയധികം ബുദ്ധിമുട്ടി. അതാണ് സത്യം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചപ്പോൾ കൊലപാതകം, സ്ത്രീപീഡനം, അതിക്രമം അതൊന്നും ചോദിച്ചിട്ട് ഉത്തരം കിട്ടുന്നില്ല, വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണ് കിട്ടിയത് എന്ന് പറഞ്ഞു. പക്ഷേ അദ്ദേഹത്തിന്റെ തന്നെ പ്രസംഗത്തിൽ വേറൊരുഭാഗത്ത് അദ്ദേഹം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കണക്കുകളൊക്കെ ഉദ്ധരിച്ചുകൊണ്ട് പറയുകയും ചെയ്തു. ശ്രീമതിടീച്ചറും പറഞ്ഞു. കണക്കുകളൊക്കെ കിട്ടിയിട്ട് വിവരം ശേഖരിച്ചു വരുന്നു എന്ന് ഒന്നോ രണ്ടോ ചോദ്യത്തിന് ഉത്തരം പറഞ്ഞു എന്നു കരുതി ഇങ്ങനെ പറയണ്ടായിരുന്നു. ഒരിക്കലും ഇത്രത്തോളം വേണ്ടായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ കടം വർദ്ധിച്ചതിനെപ്പറ്റി വിമർശനമുണ്ടായി. പറഞ്ഞത് ശരിയണ്. പക്ഷെ അതിന്റെ സംഗതി എന്താണ്? 41,000 കോടി രൂപയാണ് സ്റ്റേറ്റിന്റെ കടം എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പത്രക്കാരെ വിളിച്ചുകൂട്ടി പറഞ്ഞു. പക്ഷേ മനസ്സിലാക്കേണ്ട ഒരു കാര്യം എൽ.ഡി.എഫ്. ഭരണം യു.ഡി.എഫ്-നെ ഏൽപ്പിച്ചപ്പോൾ കടം 23,000 കോടി രൂപയായിരുന്നു, പക്ഷേ എൽ.ഡി.എഫിനെ യു.ഡി.എഫ്. അതിനുമുമ്പ് ഏൽപ്പിച്ചപ്പോൾ 10,000 കോടി രൂപയായിരുന്നു. 10,000 കോടി രൂപ യു.ഡി.എഫ്. ഏൽപ്പിച്ചുകൊടുത്തത് എൽ.ഡി.എഫ്. ഇരട്ടിയിൽ അധികമാക്കി, 23,000 കോടി രൂപയാക്കി. ഇപ്പോൾ മൊത്തമായ തുകയല്ല പരിശോധിക്കേണ്ടത്. പരിചയസമ്പന്നരായ മെമ്പർമാർ ആണല്ലോ ഇവിടെയിരിക്കുന്നത്. ഇതിന്റെ ഒരു വർഷത്തെ വർദ്ധനവാണ് കണക്കാക്കുക. 1998-99, നിങ്ങളുടെ ഭരണത്തിൽ വർദ്ധനവ് 22 ശതമാനം. 1999-2000-ൽ വർദ്ധനവ് 29 ശതമാനം. 2003-2004 വർദ്ധനവ് 15 ശതമാനം. ഈ ഗവൺമെന്റ് കുറച്ചുകൊണ്ടുവന്നു. 2004-2005 പ്രൊവിഷണലായിട്ടുള്ള കണക്ക് മാത്രമേ വന്നിട്ടുള്ളു. വീണ്ടും കുറച്ച് 12 ശതമാനമാക്കി കൊണ്ടുവന്നു. 41,000 കോടി രൂപ എന്നുപറഞ്ഞ് ഇങ്ങനെ പ്രസംഗിക്കുകയല്ല വേണ്ടത്. ഇത് പരിശോധിക്കുകയാണ് ചെയ്യേണ്ടത്. ഈ വായ്പകളെല്ലാം വികസനത്തിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനപ്പെടുത്തിയത് എന്നുള്ളത് എടുത്തു പറയേണ്ട ഒരു സംഗതിയാണ്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് എന്തിനാണ് കൃത്രിമമായിട്ട് ഇത്ര എതിർപ്പുണ്ടാക്കുന്നത്? ബഹുമാനപ്പെട്ട എ. കെ. ആന്റണിയെ അഭിനന്ദി ക്കുകയാണ് വേണ്ടത്. നിങ്ങളല്ലേ ഇത് കൊണ്ടുവന്നത്? നിങ്ങൾ സഹകരിച്ചതല്ലേ? അപ്പോൾ അതിന്റെ എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ ഈ ഗവൺമെന്റ് തിരുത്താൻ തയ്യാറാണെന്നല്ലേ പറഞ്ഞത്? ഹൈ റാങ്ക് കിട്ടിയ കുട്ടിയെ കൗൺസിലിംഗിനു വന്നപ്പോൾ തടഞ്ഞുനിർത്തിയത് തെറ്റായി. നിങ്ങളിൽ വളരെയധികം പേർക്ക് അതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായം ഉണ്ട് എന്ന് എനിക്കറിയാം. സ്വാശ്രയ കോളേജുകളുടെ തുടക്കം നിങ്ങളുടെ കാലത്ത്, പ്രശ്നങ്ങൾ ഞങ്ങളുടെ കാലത്ത്. അതുകൊണ്ട് യു.ഡി.എഫിന്റേയും ഈ ഗവൺമെന്റിന്റെയും സദുദ്ദേശ്യത്തെപ്പറ്റി ചോദ്യം ചെയ്യാനാവില്ല. പോലീസ് മർദ്ദനം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. സമരത്തിൽ പോലീസിന്റെ നിലപാടിനെക്കുറിച്ചായിരുന്നു വിമർശനം. എപ്പോഴും അത് ഉണ്ടാകാറുണ്ട്. നിങ്ങൾ ഭരിക്കുമ്പോഴും ഞങ്ങൾ ഭരിക്കുമ്പോഴും ഒക്കെ ഉണ്ടാകാറുണ്ട്. എന്നാൽ ഇപ്പോൾ എല്ലാം ചാനലുകൾ വഴി കൃത്യമായിട്ട് കാണുന്നതുകൊണ്ട് ഏതാണ് തെറ്റ് എന്നുള്ളതിനെക്കുറിച്ച് അറിയാൻ ജനങ്ങൾക്ക് നല്ല അവസരം കിട്ടി എന്നർത്ഥം. അതുകൊണ്ട് ഈ കാര്യങ്ങൾ ജനങ്ങൾ നിർണ്ണയിക്കട്ടെ.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: പോലീസ് മർദ്ദനത്തെക്കുറിച്ച് മാഷിനോട് ചില വിശദീകരണം കൂടി ചോദിക്കുകയാണ്. അങ്ങ് പ്രതിനിധീകരിക്കുന്ന ഒല്ലൂർ നിയോജകമണ്ഡലത്തിൽ യൂത്ത് കോൺഗ്രസിന്റെ ജില്ലാ സെക്രട്ടറിയെ പോലീസ് ഭീകരമായി മർദ്ദിച്ചതിനെത്തുടർന്ന് ആ പ്രതിയെ വിട്ടുകിട്ടാനും പോലീസ് നടപടിക്കെതിരെ ആക്ഷൻ എടുക്കാനുംവേണ്ടി പോലീസ് സ്റ്റേഷനകത്ത് മൂന്ന് മാസങ്ങൾക്കുമുമ്പ് സത്യാഗ്രഹം നടത്തിയത് മാഷിന്റെ നേതൃത്വത്തിലല്ലേ? ഇപ്പോൾ അഭിപ്രായങ്ങൾ മാറിയോ?

<u>ശ്രീ. പി.പി. ജോർജ്ജ്</u>: ഞാൻ മണ്ണുത്തി, പീച്ചി, ഒല്ലൂർ തുടങ്ങിയ പോലീസ് സ്റ്റേഷനുകളിൽ ഇരുന്നിട്ടുണ്ട്. അങ്ങനെയുള്ള രംഗങ്ങൾ വന്നാൽ ഞാൻ അതൊന്നും വിട്ടുകൊടുക്കില്ല. അത് രാഷ്ട്രീയത്തിന് അതീതമായിത്തന്നെ ചെയ്യാറുണ്ട്. പോലീസിനെ നമ്മൾ വിമർശിക്കാറുണ്ട്. പക്ഷേ പോലീസിന്റെ ആക്ഷൻ പകർത്താനായി വരുന്ന മാദ്ധ്യമങ്ങളെ കയറിട്ട് കെട്ടാറില്ല. ഈ ഗവൺമെന്റ് അങ്ങനെ കയറിട്ട് കെട്ടിയിട്ടില്ല. മുൻപ് അത് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ വിമർശിക്കുന്നത് മുഴുവൻ ശരിയല്ല. ഇഷ്ടമുണ്ടായിട്ടല്ല എന്നു മുഖ്യമന്ത്രി പറഞ്ഞതിനെ ഇവിടെ വിമർശിക്കുന്നതുകേട്ടു. എന്തിനാണ് ലാത്തി എന്നു ചോദിച്ചില്ലല്ലോ? കുട്ടികളെ തല്ലുന്നത് ഞങ്ങൾക്ക് ഇഷ്ടമുണ്ടായിട്ടല്ല എന്നല്ലേ പറഞ്ഞിട്ടുള്ളു. അതുകൊണ്ട് സമരം ചെയ്യുമ്പോൾ കുറേക്കൂടി നല്ല നിലയിൽ സഹകരിക്കുമെന്ന് ഞങ്ങൾ വിചാരിക്കുന്നു. കർണ്ണാടകയിലും, തമിഴ്നാടിലും ആന്ധ്രയിലുമൊക്കെ സ്മാർട്ട് സിറ്റിക്കുവേണ്ടി പരിശ്രമിക്കുകയാണ്. വലിയ ഒരു മൽസരരംഗമായിരിക്കുകയാണ്. തൊഴിൽരഹിതരുടെ കാര്യത്തിൽ അവരുടെ എണ്ണം കുറയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഏതറ്റംവരെ പോകാനും ഈ ഗവൺമെന്റ് തയ്യാറാണ് എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇത് ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടമാണ്. ബഹുമാനപ്പെട്ട സി.പി.എം.-ന്റെ ജനറൽ സെക്രട്ടറി middle east country സന്ദർശിച്ചപ്പോൾ അതിനെ അദ്ദേഹം സ്വാഗതം ചെയ്യുകയാണല്ലോ ചെയ്തത്. പിന്നെ വിമർശിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഇപ്പോൾ അതിന്റെയൊക്കെ കാലം മാറി, ശൈലി മാറി, വികസനതന്ത്രങ്ങൾ മാറി. കുറേയൊക്കെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സി.പി.എം.-ഉം എൽ.ഡി.എഫും തയ്യാറായതിൽ എനിക്ക് സന്തോഷമുണ്ട്. പ്ളാനിംഗ് ബോർഡ് മൂന്ന് കമ്പ്യൂട്ടറുകൾ വാങ്ങിയപ്പോൾ സമരം ഉണ്ടായി, ഇന്ന് ആ സമരം ചെയ്തവരുടെ വീടുകളിലൊക്കെ കമ്പ്യൂട്ടറുകളുണ്ട്. ട്രാക്ടറും പവർ ട്രില്ലറും കത്തിച്ചുകളഞ്ഞു. ഇപ്പോൾ അതൊന്നും ഓർക്കാനേ സമയമില്ല. അതുകൊണ്ട് നിങ്ങളുടെ പല നിലപാടുകളും നല്ലതാണ്, ഗവൺമെന്റ് ചെയ്യുന്ന നല്ലകാര്യങ്ങളോട് സഹകരിക്കാൻ മുന്നോട്ടുവരികയാണ് വേണ്ടത്. പഞ്ചായത്ത് ഇലക്ഷൻ നടത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചു, നിങ്ങൾ എന്തിനാണ് ആ പുകമറ സൃഷ്ടിക്കുന്നത്? പഞ്ചായത്ത് ഇലക്ഷൻ നടക്കട്ടെ, അതുകൊണ്ട് പഞ്ചായത്ത് ഇലക്ഷൻ നടക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയാണ് വേണ്ടത്. നിങ്ങൾ നിർബന്ധിച്ചതുകൊണ്ടാണ് ഞങ്ങൾ പഞ്ചായത്ത് ഇലക്ഷൻ നടത്തിയത് എന്ന് വരുത്താനാണെങ്കിൽ അതു നല്ലതല്ല. അതിനാണ് നിങ്ങൾ പരിശ്രമിക്കുന്നത്. ഞാൻ ലാവ്‌ലിൻ കേസിനെ സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റിയൊന്നും ആവർത്തിക്കുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയാം. എന്താണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്, തർക്കം ഇല്ലാത്ത കാര്യം എന്താണ്? തർക്കമില്ലാത്ത കാര്യം അഴിമതി ഉണ്ടായി എന്നുള്ളതാണ്. അപ്പോൾ അഴിമതി ഉണ്ടായതിന് എന്താണ് തെളിവ്? അതറിഞ്ഞാലല്ലേ എങ്ങനെയാണെന്ന് പറയാൻ പറ്റൂ. ഓറലായ തെളിവുകൾ പോരാ, ഫയലിൽ തെളിവ് വേണം. ഫയലിൽ തെളിവുണ്ട്, അന്വേഷിച്ചാൽ അതു വ്യക്തമാകും. രേഖാമൂലമുള്ള തെളിവുണ്ട്. ആ തെളിവ് വ്യക്തമാകട്ടെ, അതിനുള്ള സാഹചര്യം സൃഷ്ടിക്കുക യാണ് വേണ്ടത്. ഇവിടെ ഇങ്ങനെ തർക്കിച്ചിട്ടു കാര്യമില്ല. പിന്നെയുള്ള ഒരു ആക്ഷേപം എത്ര തുകയുടെ അഴിമതി എന്നാണ്. 80 കോടി രൂപ എന്നൊരു വാദഗതി. ഇവിടെ അകത്തും പുറത്തും ഒക്കെ ചർച്ച ഉള്ളതാണ്. 150 കോടി രൂപ എന്നുള്ള ഒരു തർക്കം. ഇത് എന്തു തുകയായാലും അഴിമതി തന്നെ. രണ്ടായാലും തെറ്റുതന്നെ. പിന്നെ എവിടെവച്ച് ഈ അഴിമതി നടന്നു എന്നുള്ളതാണ് മറ്റൊരു പ്രശ്നം. ആദ്യം പറഞ്ഞു പുറത്തു കേൾക്കുന്നതാണെന്ന്, പിന്നെപ്പറഞ്ഞു ദുബായിൽ വച്ചാണെന്ന്, ഇപ്പോൾ കേൾക്കുന്നു സിംഗപ്പൂരിൽ വച്ചാണ് ഇത് നടന്നതെന്ന്. ഇപ്പോൾ വിജിലൻസ് ഇതൊക്കെ അന്വേഷിക്കട്ടെ, മൊബൈൽ ഫോണുകൾ പരിശോധിച്ചാൽ മതി അന്വേഷിക്കാൻ പറ്റും. വീടുകളും ഓഫീസുകളും റെയ്ഡ് ചെയ്താൽ മതി ഇത് അന്വേഷിക്കാൻ പറ്റും. അതുകൊണ്ട് ഇന്നത്തെ ഈ തർക്കമൊക്കെ നിർത്തിവച്ച് അതിന്റെ ശരിയായ അന്വേഷണം വിജിലൻസിന് നടത്താനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുന്നു എന്നാണ് എനിക്ക് അറിയാൻ സാധിച്ചത്. അതിന് ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഒരിക്കൽക്കൂടി ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

2/30/2006—7

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ കൈകളാൽ ഇവിടെ കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ അദ്ദേഹവുമായുള്ള സ്നേഹബന്ധങ്ങളെ മാനിച്ച് എനിക്ക് തലോടണം എന്ന് ആഗ്രഹം ഉണ്ടായിരുന്നതാണ്. പക്ഷേ എതിർക്കേണ്ടി വന്നത് വളരെ ഖേദകരമാണ്. ഓരോ പത്തു വർഷം കഴിയുന്തോറും നിയമസഭയുടെ തിളക്കവും, വിളക്കവും, അർത്ഥവുമൊക്കെ കുറഞ്ഞു കുറഞ്ഞുവരികയാണ്. ബഹുമാനപ്പെട്ട അച്ചുതമേനോൻ ആർ. ശങ്കറിനെതിരായി അവിശ്വാസപ്രമേയം അവതരിപ്പിച്ച കാലത്ത് ഞാൻ അച്ചുതമേനോനെതിരായി പ്രസംഗിച്ചവനാണ്. പക്ഷെ അന്നത്തെ നിയമസഭയും ഇന്നത്തെ നിയമസഭയും തമ്മിൽ ഒന്നാം ക്ലാസ്സും, മൂന്നാംക്ലാസ്സും തമ്മിലുള്ള വ്യത്യാസമുണ്ട്. അങ്ങനെ നിയമസഭ പോകരുത്, നമ്മൾ പഠിച്ചവരാണ്, ലോകം കണ്ടവരാണ്, ഈ ലോകത്തുള്ള പ്രശ്നങ്ങളെപ്പറ്റിയൊക്കെ കൈകാര്യം ചെയ്യാൻ കഴിവുള്ളവരാണ്. പക്ഷെ, ഇവിടെ സ്വന്തം കാര്യത്തിനുവേണ്ടി നക്കാപിച്ചയ്ക്കുവേണ്ടി തെരുവിൽ ആളുകൾ തെണ്ടുന്നതുപോലെ ശബ്ദം കേൾക്കുമ്പോൾ ലജ്ജിച്ചുപോകുകയാണ്. ഇത്രയും കൊല്ലക്കാലം ഈ നിയമസഭയുമായി ബന്ധപ്പെട്ടിട്ട് ഇതുപോലുള്ള ആളുകളെ മാത്രമേ കാണാൻ കഴിയുന്നുള്ളുവെങ്കിൽ ഭാവിതലമുറ എവിടെപ്പോയി അധഃപതിക്കും എന്നതിൽ ഞാൻ വളരെയേറെ ദുഃഖിക്കുന്നു. നല്ല കാര്യങ്ങൾ പറയട്ടെ, സത്യം പറയട്ടെ, രാജ്യത്തെപ്പറ്റി പറയട്ടെ, രാജ്യത്തിലെ പ്രശ്നങ്ങളെപ്പറ്റി പറയട്ടെ ഇതൊന്നുമല്ല, എല്ലാം എനിക്കുവേണം എന്ന് നെഞ്ചത്തലച്ചു പറയുന്ന ചില പാവപ്പെട്ട ആളുകളെപ്പോലെ എം. എൽ. എ.-മാർക്ക് പെരുമാറാൻ കഴിയുമോ? ഇവിടെ പറഞ്ഞതു മുഴുവൻ കള്ളമാണെന്ന് ചില ആളുകൾ പറയുന്നു, എനിക്കും സംശയമുണ്ട് മുഴുവൻ ശരിയാണോയെന്ന്. നിങ്ങൾ പറഞ്ഞ കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. അക്ഷരാഭ്യാസമുള്ള ഒരാൾ ഈ നിയമസഭയിൽ കള്ളം പറയാൻ പാടില്ലാത്തതാണ്. കാരണം ഇത് നിയമസഭയാണ്. ഒരു ദേവാലയംപോലെ പരിശുദ്ധമാണ് ഇവിടം. ഇവിടെവന്ന് ചാക്ക് കണക്കിന്, കൊട്ടക്കണക്കിന് കള്ളം പറഞ്ഞ് മിടുക്കനാകാനും, കയ്യടി മേടിക്കാനും ആരു ശ്രമിച്ചാലും അത് ശരിയല്ല, ആരും അവരെ അംഗീകരിക്കുകയുമില്ല. ഒരുപക്ഷെ, ആ കൈ കൊട്ടുമ്പോൾ, ശബ്ദം കേൾക്കുമ്പോൾ അവൻ മിടുക്കനാണ് എന്നുപറഞ്ഞാലും ഇറങ്ങിപ്പോകുമ്പോൾ പറയും ഈ മണ്ടനാണല്ലോ അവിടെ പ്രസംഗിച്ചത് എന്ന്. അതുകൊണ്ട് നമ്മുടെ നിലയ്ക്കൊത്ത്, എം. എൽ. എ.-മാരുടെ അന്തസ്സിനൊത്ത് രാജ്യത്തിന്റെ അഭിമാനത്തിനൊത്ത് നമ്മുടെ ആവശ്യത്തിനൊത്ത് ഭാവിയിലെ കൊച്ചു കുഞ്ഞുങ്ങൾക്ക് ഒരുപക്ഷേ ഇതൊക്കെ ഒരു മാതൃകയായിത്തീരണമെന്നുള്ള ആഗ്രഹത്തോടുകൂടി പെരുമാറണം. നമ്മുടെ മക്കളെക്കുറിച്ച് ഓർക്കുക, അവരുടെ പത്താം വയസ്സിൽതന്നെ അനാവശ്യങ്ങൾ ചെയ്തുതുടങ്ങിയാൽ എന്തായിരിക്കും സ്ഥിതി, നിങ്ങൾ പറയുന്നതുപോലെയാണെങ്കിൽ? അതുകൊണ്ട് അങ്ങനെയൊന്നും ചെയ്യാൻ പാടില്ല. അതുകൊണ്ട് നല്ല ഒരു ജനവിധി ഭാവിയിൽ ഉണ്ടാകണം, ഈ രാജ്യത്തിന്റെ ഭാവിക്കുവേണ്ടി നല്ല ഒരു ജനവിധിയാണ് ആവശ്യം. അതുണ്ടാക്കാനാണോ, അത് തകർക്കാനാണോ നിങ്ങൾ പരിശ്രമിക്കുന്നത് എന്ന് ഓർത്താൽ മാത്രം മതി. ഈ രാജ്യത്തിന്റെ ഒരു ഭാഗത്തും ഒരിക്കലും അത് ചെയ്യാൻ പാടില്ലാത്തതാണ്. ആ ഭാഗത്ത് ഇരിക്കുന്ന ആളുകളുടെ പ്രകടനം കാണുമ്പോൾ എനിക്ക് അവരോട് സ്നേഹമുണ്ട്. പക്ഷെ അവരെപ്പറ്റി ഒന്നും പറയാതിരിക്കാൻ തരമില്ല. എന്നാലും ഒരുപക്ഷെ I cannot but love this rascal എന്ന്

പണ്ട് ആരോ പറഞ്ഞതുപോലെ പറയാതിരിക്കാൻ നിവൃത്തിയില്ല. വാക്ക് എവിടെയും പറയാം, സന്ദർഭം നോക്കിയാൽ മതി. അങ്ങനെ പറയാൻ പാടില്ല എന്നാണ് ചെയറിന് അഭിപ്രായമെങ്കിൽ ഞാൻ പിൻവലിച്ചിരിക്കുന്നു. വളരെയേറെ എതിർപ്പുണ്ടെങ്കിലും ഇവരെ സ്നേഹിക്കാതിരിക്കാൻ നിവൃത്തിയില്ല എന്നു പറയുന്നതിന്റെ ആഴവും കാഠിന്യവും വർദ്ധിപ്പിക്കാൻ വേണ്ടി ആ വാക്ക് ഉപയോഗിച്ചു എന്നുമാത്രമേയുള്ളൂ. അതുകൊണ്ട് അവർ ആരായിരുന്നാലും അഭിനന്ദിക്കണ്ടേ, എനിക്ക് അവരോട് സ്നേഹമാണ്. അവരുടെ മുഖത്തുനോക്കുമ്പോൾ പലപ്പോഴും ബുദ്ധിമുട്ടുണ്ടാകും. എങ്കിലും പ്രിയപ്പെട്ടവരെ ആ ഭാഗത്തായാലും, ഏതു ഭാഗത്തായാലും ഈ രാജ്യത്തിന്റെ താൽപര്യത്തിനതീതമായി, അതിനെതിരായി പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്താൽ ഉച്ചയ്ക്ക് പോയി ആഹാരം കഴിക്കാൻ കഴിയുമോ നമുക്ക്? ഈ രാജ്യത്തെക്കുറിച്ച് സംസാരിച്ച ശേഷം ആരാധ്യമായ ഈ നിയമസഭയിൽ പത്ത് കള്ളം പറഞ്ഞിട്ട് ഇന്ന് രാത്രിയിൽ കിടന്നാൽ ഉറങ്ങാൻ കഴിയുമോ? കള്ളം പറയാൻ സമർത്ഥരായിട്ടുള്ള എത്രയോ ആളുകൾ ഇവിടെയുണ്ട്. ഒരുപാട് ആളുകൾ ഉണ്ട്. നിയമസഭയിൽ കേൾക്കുന്നതു മുഴുവൻ ശരിയാണെങ്കിൽ നമ്മൾ ആരായിരിക്കും, എല്ലാം കള്ളം. അഭിപ്രായങ്ങൾ രൂപീകരിച്ച് എടുക്കാൻവേണ്ടി, അത് ശരിയാണെന്ന് സമർത്ഥിക്കാൻവേണ്ടി എന്തെല്ലാം പറയുന്നു. അങ്ങനെയൊന്നും പറഞ്ഞില്ല ഞാൻ. ഒരുപാട് പ്രഗത്ഭന്മാർ നിയമസഭയിൽ കുത്തിയിരുന്ന് കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ഞാനും അവരോടൊത്ത് കേൾക്കുകയും, കാണുകയും, അവരോടൊത്ത് പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ആളാണ്. നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. ടി. എം. വർഗ്ഗീസ്, സി. കേശവൻ, കെ. എം. കോയ തുടങ്ങിയ പല പല ആളുകൾ, നിയമസഭയിൽ അവരോടൊപ്പം ഇരിക്കാനും അവർ പറഞ്ഞതിന് ഒപ്പം പറയാൻ കഴിഞ്ഞില്ല എങ്കിലും ആ വാക്കിനൊക്കെ സമാധാനം പറയാനും ഒരുപക്ഷെ ഒരിക്കൽ ശ്രമിച്ചിട്ടുണ്ട്. കാര്യങ്ങൾ ഓർക്കുമ്പോൾ ചിലപ്പോൾ പുച്ഛമാണ്. അങ്ങനെയല്ല നിയമസഭയെ ഇവിടെ വളർത്തേണ്ടത്. ഈ നിയമസഭയെ വളർത്തേണ്ടത് ആ രീതിയിൽ അല്ല. ഞാൻ എല്ലാവരേയും ഉദ്ദേശിച്ച് പറയുകയാണ്. ഈ നിയമസഭയിൽ എന്തെങ്കിലും ഒരു മാതൃക കുട്ടികൾക്ക് കിട്ടണ്ടേ? ഞാൻ എന്റെ പ്രസംഗത്തിലേക്ക് കടക്കുകയാണ്. ഇപ്പോൾ ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നതിന്റെ പ്രധാന ഉദ്ദേശം എന്താണ്? അടുത്ത് എവിടെയോ ഒരു സദ്യയുണ്ടാകാൻ പോകുന്നു, അതിന് ഒരിളക്കം ഉണ്ടാകാൻ പോകുകയാണ്. എപ്പോഴും അതാണ്. ഇവിടെ ഒരുപാട് കുഴപ്പങ്ങൾ ഉണ്ട്, ആ കുഴപ്പങ്ങളൊക്കെ പെരുപ്പിച്ചു കാണിക്കാതിരിക്കാനും അതിൽനിന്നൊക്കെ മുക്തിനേടാനും തൊലി രക്ഷിക്കാനുംവേണ്ടി അവിടെയും ഇവിടെയും നല്ല പാട്ട് കേൾക്കുമ്പോൾ അത് ആരാണ് പാടുന്നത്, അത് അവിടെയാണ്; അപ്പോൾ പിന്നെ കുറേ നേരത്തേക്ക് മിണ്ടണ്ട ആ രീതിയിലൊക്കെയുള്ള ഒരു പ്രവണത ഇതിൽ ഉണ്ടോ എന്ന് സംശയം. കാര്യമായിട്ടാണോ നിങ്ങൾ ഈ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടത്? ഈ ഗവൺമെന്റ് എന്ത് തെറ്റ് ചെയ്തു, കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഈ രാജ്യം മുടിച്ച് ഇറങ്ങിപ്പോയ ആളുകൾക്ക് സമാധാനം ഉണ്ടാക്കിക്കൊടുത്തതാണോ തെറ്റ്? ഈ രാജ്യത്ത് നിങ്ങൾ ഭരിച്ചിരുന്നപ്പോൾ ഉണ്ടാക്കിയ കടം എത്രയാണ്? വിദ്യാഭ്യാസ വിഷയങ്ങളിലൊക്കെ എന്തെന്ത് നേട്ടങ്ങൾ ഇവിടെ ഉണ്ടാക്കി? ഇതൊക്കെ പറയുമ്പോൾ നാണക്കേടല്ലേ, അക്ഷരം വേറൊരിടത്ത് പഠിക്കാൻ കഴിയുമോ? അക്ഷരാഭ്യാസം ചെയ്യിക്കുന്ന ആളുകളെ വിലകൊടുത്ത് മേടിക്കാൻ കഴിയുമോ? പാടില്ല കുഞ്ഞുങ്ങളെ പാടില്ല. നമ്മളെല്ലാം വിദ്യാഭ്യാസമുള്ള ആളുകളാണ്. ആ വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

തകർത്തുകൊണ്ടും അതിൽ അഭിമാനം ഇല്ലാതാക്കിക്കൊണ്ടും ഈ രാജ്യത്ത് ഒരു നേട്ടം ഉണ്ടാക്കാൻ നിങ്ങൾ പരിശ്രമിക്കരുത് എന്ന് സ്നേഹബുദ്ധ്യാ ഞാൻ ഇവിടെ അപേക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ അവിശ്വാസപ്രമേയം കൊണ്ടുവന്ന ആൾ സ്വയം തീർത്ത പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. ഒരുപാട് ഒരുപാട് പ്രശ്നങ്ങൾ അവർ ഒന്നൊന്നിരം ഇവിടെ പുതുതായി ഉന്നയിച്ചു, ഉത്തരം പറയാൻ നിങ്ങൾക്ക് കഴിയില്ല എന്ന് ഞങ്ങൾക്കറിയാം, പിന്നെ എന്തുവേണമെങ്കിലും പറയാം, എന്തും പറഞ്ഞതുകൊണ്ട് കാര്യമില്ല, ശരിയായ ചോദ്യങ്ങൾക്കുത്തരം പറയാൻ നിങ്ങളെക്കൊണ്ടാവില്ല എന്ന് ഇന്നത്തെ ദിവസം കൊണ്ടുതന്നെ മനസ്സിലായിട്ടുണ്ട്. ഒരുപാട് പറഞ്ഞ് മറ്റുള്ളവരുടെ ശോഭയില്ലാതാക്കാനും നിങ്ങൾ മിടുക്കരാകാനും പരിശ്രമിക്കണ്ട. കേരളത്തിലെ ആളുകൾ വിദ്യാഭ്യാസം ഉള്ള ആളുകളാണ്, വിവരം ഉള്ള ആളുകളാണ്. എല്ലാം കേട്ടാലും പറഞ്ഞാലും മനസ്സിലാക്കാൻ കഴിയുന്ന ആളുകളാണ്. അവരെ ഇതിൽനിന്ന് വ്യതിചലിപ്പിക്കാൻ എന്നും സാധ്യമല്ല സഖാക്കളെ എന്ന് നിങ്ങളെ അറിയിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇവിടെ എന്താണ് ചെയ്തത്? കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇറങ്ങിനടന്ന് പരിശോധിക്കൂ, ഒരു വികസനവും എത്താത്ത ഒരു മണ്ഡലം, നിങ്ങൾക്കതു വേണം, പാവങ്ങളെ പട്ടിണിക്കിട്ട് അവരെ ബുദ്ധിമുട്ടിപ്പിച്ച് അവരെക്കൊണ്ട് കരയിച്ചെങ്കിൽ മാത്രമേ വോട്ടു കിട്ടൂ. നിങ്ങൾ വന്ന് നോക്കൂ, ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ അതല്ല സ്ഥിതി. നിയോജക മണ്ഡലമെല്ലാം ഭംഗിയാണെങ്കിൽ പിന്നെ പോയി പ്രസംഗിച്ചാലുണ്ടോ അവർ കേൾക്കാൻ പോകുന്നു? അതുകൊണ്ട് പ്രിയപ്പെട്ട സുഹൃത്തുക്കളെ, ആരായിരുന്നാലും ശരി നുണപറഞ്ഞ് ഈ രാജ്യത്ത് തന്നേടം കാണിക്കാനും നേടിയെടുക്കാനും നിങ്ങൾ പരിശ്രമിക്കണ്ട കാര്യമില്ല. ഈ രാജ്യത്ത് നിങ്ങൾ ചെയ്തതിനേക്കാൾ നൂറുമടങ്ങ് നന്മ ഈ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഞാൻ അഹന്തക്കുവേണ്ടിയിട്ടല്ല പറയുന്നത്, ആരുടേയും കൈക്കൂലി വാങ്ങിക്കാനുമല്ല. സംഭവം അതാണ്. ഈ രാജ്യത്ത് വല്ലതും കാണാനുണ്ടെങ്കിൽ വല്ലതും ആസ്വദിക്കാനുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറുൾപ്പെടെയുള്ള ആളുകൾക്ക് അവരുടെ മണ്ഡലത്തിൽ ചെന്നാൽ നന്നായി എന്ന് പറയാനുണ്ടെങ്കിൽ അത് യു.ഡി.എഫ്. ചെയ്തതാണ്. അല്ലാതെ വേറെയാരും ചെയ്തിട്ടല്ല. നശിപ്പിക്കാനല്ലാതെ ഒരു കാര്യം, ഒരു വസ്തുത രാജ്യത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ, ഇല്ല. ഇവിടെ ബഹുമാനപ്പെട്ട.....

മി. ചെയർമാൻ: അങ്ങയുടെ 10 മിനിട്ടു കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നതിന്റെ ഉദ്ദേശം പലർക്കുമുള്ള പിണക്കങ്ങൾ മറച്ചുവയ്ക്കാൻവേണ്ടിയാണ്.അത് ശരിയാണെന്ന് മുഖത്തുനോക്കി പറയാൻ തോന്നിയില്ല. എങ്കിലും അതാണ്. ആളുകൾ തമ്മിലുള്ള അഭിപ്രായഭിന്നത മറച്ചുവയ്ക്കാൻവേണ്ടി ഇതൊക്കെ കൊണ്ടുവന്നതാണ്. അല്ലാതെ രാജ്യത്ത് ഒന്നും നടക്കുന്നില്ലായെന്ന് അവർക്ക് അഭിപ്രായമില്ല. നടക്കുന്നുണ്ട്. അതും അവർക്കും അറിയാം. ഈ രാജ്യത്തല്ലാതെ വേറെ എവിടെയാണ് നടക്കുന്നത്? അവർ ഭരിച്ചിരുന്ന കാലത്ത് നടന്നതിനേക്കാൾ എത്രയോ കൂടുതൽ ഈ കുറച്ചുകാലംകൊണ്ട്, നാലുവർഷക്കാലംകൊണ്ട് ചെയ്യാൻ യു. ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. അതിന് ആക്കം കൂട്ടാനുള്ള പരിശ്രമത്തിൽനിന്ന് പിന്നോട്ടുപോയാൽ അടുത്ത തെരഞ്ഞെടുപ്പ് തകരുമല്ലോ എന്നോർത്ത് ഇപ്പോഴേ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്ന് അന്തരം ഒരു ഏർപ്പാടാക്കി ഇതിനെ മാറ്റിയിരിക്കുകയാണ്. ഞാൻ കൂടുതലായിട്ട് ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുന്ന സമയത്ത് എന്തുചെയ്തുവെന്ന് കൂടുതൽ പറഞ്ഞാൽ, ഞാൻ അദ്ദേഹത്തെ കൂടുതൽ സ്നേഹിക്കുന്നു, അദ്ദേഹം എന്റെ അയൽപക്കക്കാരനാണെന്ന് പറയും. അതുകൊണ്ടൊന്നുമല്ല, നന്മയാണ് അദ്ദേഹം ചെയ്തത്. 24 മണിക്കൂറിൽ 20 മണിക്കൂറും രാജ്യകാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ ഞങ്ങളുടെ മുഖ്യമന്ത്രിക്ക് യാതൊരു മടിയുമില്ല. ഞാൻ കണ്ടുകൊണ്ടിരിക്കുന്നതാണ്. ഒരു ദിവസത്തിൽ 20 മണിക്കൂറും രാജ്യത്തെപ്പറ്റി പറയാനും രാജ്യത്തെ പ്രശ്നങ്ങളെപ്പറ്റി പറയാനുമെല്ലാം അദ്ദേഹത്തിന് സമയം കിട്ടുന്നുണ്ട്. എല്ലാ കാര്യങ്ങളും വിശദമായി അദ്ദേഹം പഠിക്കുന്നുണ്ട്. നിങ്ങൾക്ക് അത് അറിയാം. ഈ രാജ്യത്ത് ഓടിനടക്കുമ്പോൾ നിങ്ങൾ അദ്ദേഹത്തെപ്പറ്റി പറഞ്ഞതെന്താണ്?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ്: എപ്പോഴും പാവപ്പെട്ടവന് ഒരു കാര്യവും ചെയ്തുകൊടുക്കുന്നില്ല, തങ്ങളാരെന്ന് കാണിക്കാൻവേണ്ടി പാവപ്പെട്ടവൻ, പാവപ്പെട്ടവൻ എന്നു പറഞ്ഞിട്ട് കാര്യമില്ല. ഗാഗാതമായി ഈ രാജ്യത്തെ പാവങ്ങൾക്കുവേണ്ടി എന്തു ചെയ്യാൻ കഴിഞ്ഞു? ഞങ്ങളെ എതിർക്കുന്ന നിങ്ങൾക്ക് വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അത് ഞങ്ങൾ മാത്രമേയുള്ളൂ, ഞങ്ങൾ അത് കൊട്ടിഘോഷിക്കാൻ തയ്യാറല്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സമയം ഇനിയുമുണ്ട്. ജാതകപ്രകാരം 97 വയസ്സാണ്.

മി. ചെയർമാൻ: അതിന്റെ എല്ലാ ആദരവും സ്നേഹവും ഉണ്ട്. മാക്സിമം സമയം ചുരുക്കി സംസാരിക്കാൻ ശ്രമിക്കണം.

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ രീതിയിൽ ഒരുപാട് ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി ഇവിടെ നടക്കുന്ന നല്ല കാര്യങ്ങളെ ജനങ്ങളുടെ മുമ്പിൽ നിന്നു മറച്ചുവയ്ക്കാൻവേണ്ടി, ഗവൺമെന്റിനെപ്പറ്റി പറയുന്ന നല്ല കാര്യങ്ങൾ മറ്റുള്ളവർ കേൾക്കാതിരിക്കാൻ, അത് പത്രങ്ങളിൽ വന്നാൽ അതിനെതിരായിട്ടുള്ള വാർത്തകൾ വരാൻവേണ്ടിയുള്ള ഈ പ്രഹസനം വേണ്ട. ഞാൻ അവിശ്വാസപ്രമേയത്തെപ്പറ്റി ഒന്നും പറയുന്നില്ല. ഇവിടെ എല്ലാ രംഗങ്ങളിലും വിദ്യാഭ്യാസം, മരാമത്ത്, അതുപോലെ എല്ലാം രംഗങ്ങളിലും ഈ മന്ത്രിസഭയുടെ നാലു വർഷത്തിനുമുമ്പ് നാം എവിടെയായിരുന്നോ അതിൽനിന്ന് എത്രയടി മുന്നോട്ട് പോയി എന്ന് സത്യസന്ധമായി കണക്കാക്കിയാൽ ഈ ഗവൺമെന്റിനെതിരെ ഒരു അപശബ്ദവും ഉണ്ടാക്കാൻ ശ്രമിക്കുകയില്ല. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പറഞ്ഞാൽ, നമ്മുടെ കുട്ടികളെല്ലാം അന്യനാട്ടിൽ പോയി പഠിച്ചിരുന്നു. ആ കുട്ടികളെല്ലാം ഇവിടെ പഠിക്കുന്ന രീതിയിലാക്കിയതുകൊണ്ട് എത്ര കോടി രൂപ ലാഭം? എത്ര ആളുകൾക്ക് ജോലി കിട്ടി? ഒരു കാര്യമോർത്താൽ മതി. നമ്മുടെ കുട്ടികൾ കോയമ്പത്തൂരും മറ്റും പോയി പഠിച്ചു ചെലവാക്കാതെ ഇവിടെ തന്നെ ചെലവാക്കാനും അത് ഇവിടെ ചെലവാക്കുമ്പോൾ ഇവിടെയുള്ള ആളുകൾക്ക് ജോലി കിട്ടാനും അങ്ങനെ എത്ര കോടി രൂപ സമ്പാദിക്കാൻ കഴിഞ്ഞു? മറ്റൊന്ന് എനിക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രിയെക്കുറിച്ച് എടുത്തു പറയാതിരിക്കാൻ വയ്യ. പൂങ്കാവനം പോലുള്ള സുന്ദരമായ റോഡുകൾകൊണ്ട് ഈ കേരളം നിറയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തീർച്ചയായും പണിപൂർത്തിയായി വരുമ്പോൾ കേരളം എന്തായിരിക്കും, അദ്ദേഹത്തിന്റെ മുഖംപോലെ സുന്ദരമായിരിക്കും. ബഹുമാനപ്പെട്ട ഗതാഗത ഡിപ്പാർട്ടുമെന്റിൽ ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് മാറ്റങ്ങളും പരിഷ്ക്കാരങ്ങളും വരുത്തിയിട്ടുണ്ട്. ഞാൻ എന്റെ നേതാവിന്റെ പ്രവർത്തനത്തെപ്പറ്റി ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ കൺട്രോളിലാണല്ലോ റവന്യൂ. റവന്യൂ ഇല്ലാത്ത കാര്യമുണ്ടോ? ആരു വന്നാലും യാതൊരു സങ്കോചവും കൂടാതെ നിഷ്പ്രയാസം പപ്പടം പൊടിക്കുന്നതുപോലെ പൊടിച്ചുകൊടുക്കാൻ കഴിവുള്ള നേതാവാണ് എന്റെ നേതാവ്. അങ്ങനെയുള്ള മിടുക്കന്മാരെ കൊണ്ടുനിറഞ്ഞ ഈ ഭരണകക്ഷി. നിങ്ങൾ ഇടയ്ക്കിടയ്ക്ക് ചൊറിയുന്നു. ആ ചൊറിച്ചിൽ നിറുത്തണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. സമയം തീർന്നുവെന്ന് കൂടെക്കൂടെ പറയുന്നതുകൊണ്ട് ഞാൻ അനുസരിക്കുകയാണ്. ഈ നിയമസഭയിൽ ഇതുപോലുള്ള നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി സമയം ചെലവഴിക്കാൻ മേലിലെങ്കിലും എന്റെ പ്രിയപ്പെട്ട സഹോദരന്മാർ ശ്രമിക്കരുത് എന്നു മാത്രമേ പറയുന്നുള്ളു, അടുത്തുവരുന്ന തലമുറ തീർച്ചയായും ഇത് ആവർത്തിച്ചാൽ ഇവിടെ ഒരു നല്ല കാര്യവും ആലോചിക്കാനും നടപ്പിലാക്കാനും സമയം കിട്ടില്ല. അങ്ങനെ എല്ലാപേർക്കും നല്ല ബുദ്ധിയുണ്ടാകാനും ഇതുപോലെ ആവർത്തിക്കാതിരിക്കാനും ദൈവമേ അവരെ സഹായിക്കേണമെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ പ്രതിപക്ഷത്തുനിന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. രണ്ടുദിവസമായി ഈ സഭയിൽ ചർച്ച നടന്നുവരികയാണ്. ഈ ചർച്ച നടക്കുമ്പോഴും, അവിശ്വാസ പ്രമേയം നാളെ വോട്ടിനിട്ട് തള്ളപ്പെടുമ്പോഴും, കേരളത്തിലെ ജനങ്ങൾ തീർച്ചയായിട്ടും പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരായി ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയം ഈ ഗവൺമെന്റിലുള്ള വിശ്വാസമായും പ്രതിപക്ഷത്തോടുള്ള അവിശ്വാസമായും പരിഗണിക്കുന്നതാണ്. ഈ ചർച്ചയിൽ കാര്യമായ ഒരു അവിശ്വാസവും ഇവിടെ പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ ഒരു കുറ്റവും പ്രതിപക്ഷത്തിനിവിടെ കാര്യമായി ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. 4 വർഷം പിന്നിട്ട ഈ ഗവൺമെന്റ് കേരളത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രയത്നിച്ചു. ഇടതുപക്ഷജനാധിപത്യമുന്നണി ഭരിച്ച 5 വർഷക്കാലവും കേരളത്തിന്റെ വികസനം മുരടിച്ചു. അതുപോലെതന്നെ സാമ്പത്തിക പ്രതിസന്ധി ഉണ്ടായി. അതോടൊപ്പം കേരളത്തെ കടക്കെണിയിലുമാക്കി. ഏറ്റവും വലിയ സാമ്പത്തിക ബാദ്ധ്യത (കടം) ഏറ്റെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ഘട്ടത്തിൽ സർക്കാർ ജീവനക്കാർക്ക് ശമ്പളം പോലും വായ്പ എടുത്തു കൊടുക്കേണ്ട അവസ്ഥയാണുണ്ടായിരുന്നത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്രമാത്രം കടബാദ്ധ്യത ഏറ്റെടുത്തോ അത്രയും കടബാദ്ധ്യതയായിരിക്കണം ഈ ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ ഉണ്ടാകേണ്ടതെന്നാണ്. അതുകൊണ്ട് വികസനപ്രവർത്തനങ്ങൾ ഒന്നും തന്നെ മാറ്റിവയ്ക്കാതെ പുതിയ പദ്ധതികളുമായി മുന്നോട്ടുപോയി ആ ബാലൻസ് ഒപ്പിച്ചുകൊണ്ടായിരിക്കണം ഈ ഗവൺമെന്റ് അധികാരം വിട്ടുപോകേണ്ടത്. അതുകൊണ്ട് ചെലവഴിക്കുന്നതിലോ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുന്ന കാര്യത്തിലോ ഗവൺമെന്റ് അമാന്തം കാണിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ 96,091 നിവേദനങ്ങൾ ലഭിച്ചു. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 45,823-ഉം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ജിമ്മിലൂടെ 36 പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞു. 'ജിം'-നോട് അനുബന്ധിച്ച് ഒപ്പുവച്ചതും അല്ലാത്തതുമായ 367.51 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. 41,358 ചെറുകിട യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞു. കെ. എസ്. ഐ. ഡി. സി. തീരുമാനം എടുത്ത വ്യവസായ സ്ഥാപനങ്ങൾ 61 എണ്ണമാണ്. 20 എണ്ണമാണ് കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടുകൂടി ഇവിടെ പ്രവർത്തിക്കാൻ തുടങ്ങിയത്. സോഫ്റ്റ് വെയർ കയറ്റുമതിയിൽ നിന്നുള്ള വരുമാനം 218 കോടി രൂപയിൽ നിന്നും 2004-05 സാമ്പത്തിക വർഷത്തിൽ 310 കോടി രൂപയായി വർദ്ധിപ്പിച്ചു. സ്മാർട്ട് സിറ്റി പദ്ധതിക്ക് അംഗീകാരമായി. അതിലൂടെ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. റോഡുകളുടേയും പാലങ്ങളുടേയും വികസന രംഗത്ത് ഇന്നുവരെ കണ്ടതിൽവച്ച് ഏറ്റവും വലിയ നേട്ടമാണ് സംസ്ഥാനം കൈവരിച്ചു കഴിഞ്ഞിരിക്കുന്നത്. 1,600 കിലോമീറ്റർ റോഡുകളുടേയും ജലപാതകളുടേയും വികസനത്തിന് 1,600 കോടി രൂപയുടെ ലോകബാങ്ക് പദ്ധതിയാണ് കെ. എസ്. ടി. പി. പദ്ധതി. റോഡുകളുടെ നിലവാരം ശാസ്ത്രീയമായി ഉയർത്താനുള്ള ആദ്യ പദ്ധതിയാണിത്. ഇതിന്റെ രണ്ടാംഘട്ടം ഭൂമി ഏറ്റെടുക്കാൽ 2005 സെപ്റ്റംബർ മാസത്തിൽ പൂർത്തിയാകാൻ പോകുകയാണ്. 10,773 കിലോമീറ്റർ വില്ലേജ് റോഡുകളും ജില്ലാ റോഡുകളും മേജർ റോഡുകളാക്കി ഉയർത്താൻ കഴിഞ്ഞു. ഹിൽ ഹൈവേയുടെ ആദ്യഘട്ടനിർമ്മാണ ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ ജില്ലയിൽ നിർവ്വഹിച്ചു കഴിഞ്ഞു. ഹിൽ ഹൈവേയുടെ രണ്ടാം ഘട്ട സർവ്വേ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം 345 കോടി രൂപയുടെ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകാൻ പോകുകയാണ്. 2001-2004-ൽ നബാർഡ് പദ്ധതി പ്രകാരം 296.22 കോടി രൂപ ചെലവിൽ 127 പാലങ്ങളും 138.47 കോടി രൂപ ചെലവിൽ 75 റോഡുകളും നിർമ്മിച്ചു വരികയാണ്. അതിൽ 28 പാലങ്ങളുടേയും 20 റോഡുകളുടേയും പണി പൂർത്തിയായി. 107 പാലങ്ങൾ 111 റോഡുകൾ എന്നിവ ഉൾപ്പെടുന്ന പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ റോഡുകളുടേയും പാലങ്ങളുടേയും പണി നബാർഡ് പദ്ധതിയിൽ ഏറ്റെടുക്കാൻ അനുമതി നൽകിക്കഴിഞ്ഞിരിക്കുകയാണ്. എൻ. എച്ച്. 17 ന്റെ വികസനത്തിനും ബൈപാസ്സുകൾക്കുമായി 3,053 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട നിലയിൽ നടന്നുവരികയാണ്. കുടുംബശ്രീയിലൂടെ ഒട്ടേറെ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിരിക്കുകയാണ്. സ്ത്രീശാക്തീകരണത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ ചരിത്രത്തിൽ സ്ത്രീകളുടെ ഇടയിൽ അത്രമാത്രം വളർച്ച വന്നുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ രീതിയിൽ അടുത്തുതന്നെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ കാലാവധി പൂർത്തിയാകുന്നതോടെ നീതിനിഷ്ഠവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പിലൂടെ വീണ്ടും പുതിയ ഭരണസമിതി അധികാരത്തിൽ വരാൻ പോകുകയാണ്. അതിനുവേണ്ടി തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. വിദ്യാഭ്യാസരംഗത്ത് വൻ നേട്ടം കൈവരിച്ചു. മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ബി. എഡ്. കോളേജുകളും നേഴ്സിംഗ് കോളേജുകളും അടക്കം വമ്പിച്ച മുന്നേറ്റം കഴിഞ്ഞ കാലങ്ങളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായി വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞു. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും നമുക്ക് ആരംഭിക്കാൻ കഴിഞ്ഞു. എസ്. എസ്. എൽ. സി.-പരീക്ഷയിൽ ഗ്രേഡിംഗ് ഏർപ്പെടുത്തി ഇന്ത്യക്ക് മാതൃകയായി സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസം സംപൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന ഖ്യാതിയും കേരളം നേടിയിരിക്കുകയാണ്. എല്ലാ സ്ക്കൂളുകളിലും വൈദ്യുതി എത്തിച്ചു. എസ്.എസ്.എ.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തി. ഓലമേഞ്ഞ സ്ക്കൂളുകൾ ഇല്ലാതാക്കി. 256 സർക്കാർ സ്ക്കൂളുകളിലും 15 അൺഎയ്ഡഡ് സ്ക്കൂളുകളിലും കൂടി 508 അൺഎയ്ഡഡ് ബാച്ചുകൾ അനുവദിച്ചു.. അതുപോലെ അൺഎയ്ഡഡ് മേഖലയിൽ 375 ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിക്കുകയുണ്ടായി. 105040 വിദ്യാർത്ഥികൾക്ക് കൂടുതൽ പഠന സൗകര്യങ്ങൾ ലഭിച്ചു. 20 അൺഎയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞു. അതോടൊപ്പം തന്നെ വിദ്യാഭ്യാസ രംഗത്ത് വന്വിച്ച മാറ്റം കൈവരിക്കാൻ കഴിഞ്ഞു. ഒരു കാലത്ത് ഇവിടെ പ്രതിപക്ഷം സമരം നടത്തിയിരുന്നത് അരിയെവിടെ തുണിയെവിടെ എന്ന് മുദ്രവാക്യം വിളിച്ചിട്ടായിരുന്നെങ്കിൽ ഇന്ന് അത് മാറി. കേരളത്തിൽ വില വർദ്ധനവ് തടയാൻ കഴിഞ്ഞിരിക്കുന്നു. ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നതും സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാധാരണക്കാരുടെ പിന്തുണ എക്കാലവും ഉണ്ടാകും. സംസ്ഥാനത്തിന്റെ വികസനത്തിന് എക്കാലവും തടസ്സം നിന്നത് എൽ. ഡി. എഫ്. ആയിരുന്നു. ഒരു കാലത്ത് ട്രാക്ടറുകളും ടില്ലറുകളും ഉപയോഗിക്കുന്നത് എതിർത്തു. അതോടൊപ്പംതന്നെ കമ്പ്യൂട്ടറിനെ ആദ്യം എതിർത്തു. ചെങ്കല്ലുകൾ മെഷീനിൽ മുറിക്കുന്നത് എതിർത്തു. മെറ്റൽ ക്രഷറിൽ മെറ്റൽ പൊട്ടിക്കുന്നതെതിർത്തു. നെല്ല് മെതി യന്ത്രത്തെ എതിർത്തു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എതിർത്തു. അങ്ങനെ ലോകം പുരോഗതിയിലേക്ക് നീങ്ങുമ്പോൾ ഇത്തരം ആധുനിക സൗകര്യങ്ങളെ എതിർത്തതുകൊണ്ട് കേരളം പിന്നോട്ടുപോയി. ഇടതുപക്ഷം തീർച്ചയായിട്ടും ഇതിന് മറുപടി പറയണം.

ക്രമസമാധാന രംഗത്ത് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സംസ്ഥാനം മുന്നോട്ടു പോകുകയാണ്. കഴിഞ്ഞ കാലത്ത് കണ്ണൂർ ജില്ലയുടെ അവസ്ഥ എന്തായിരുന്നു? നാദാപുരത്തെ സ്ഥിതി എന്തായിരുന്നു? ആ അവസ്ഥ മാറി. കുറ്റം ചെയ്ത ആളുകളുടെ പേരിൽ കേസ് എടുത്തു. നിരപരാധികളെ ഒരിക്കലും ശിക്ഷിക്കാതെ വളരെ സത്യസന്ധവും നീതിപൂർവ്വവുമായി നമ്മുടെ സംസ്ഥാനത്ത് പോലീസ് നയം നടപ്പിലാക്കാൻ കഴിഞ്ഞു. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലെന്ന് പറയുന്നില്ല. അത്തരം സ്ഥലങ്ങളിൽ വളരെ നിഷ്പക്ഷതയോടെ നീതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

പവർക്കട്ടില്ലാത്ത ഒരു കാലഘട്ടമാണിത്. 2002-നു ശേഷം വൈദ്യുതി ചാർജ് കൂട്ടിയിട്ടില്ല. ലക്ഷക്കണക്കിന് ആളുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞു. പതിനായിരം സർക്കാർ സ്ഥാപനങ്ങൾകൂടി നവീകരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. പി.എസ്.സി. വഴിയും മറ്റ് സ്ഥാപനങ്ങൾ മുഖേനയും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭിച്ചു. പ്രതിപക്ഷത്തുള്ളവർ എ.ഡി.ബി.-ക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരെ സമരം നടത്തി. ആ സമരം നടത്തിയവർ ഭരിക്കുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിൽ എ.ഡി.ബി.-യുടെ വായ്പ ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ തെറ്റ് തിരുത്താൻ ഇനിയെങ്കിലും പ്രതിപക്ഷം മുന്നോട്ടു വരണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. ഷിബു ബേബിജോൺ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെയേറെ പ്രതീക്ഷയോടെയാണ് കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ ഈ ഗവൺമെന്റും ഇക്കാര്യത്തിൽ മുന്നോക്ക വിഭാഗങ്ങൾക്ക് യാതൊരു ആശങ്കയും ഇല്ലാത്തവിധം പിന്നോക്ക വിഭാഗക്കാർക്ക് നീതി ലഭ്യമാക്കാൻ ആവശ്യമായ സമവായം ഉണ്ടാക്കും. മാറാട് സംഭവത്തിൽ പരസ്പരം സമവായം ഉണ്ടാക്കിയതുപോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലും സമവായം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് പ്രതിപക്ഷത്തുള്ള എന്റെ സുഹൃത്തുക്കളുടെ അഭിപ്രായം ഞാൻ ചോദിക്കുകയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ കുറവുള്ള ഒഴിവുകൾ എങ്ങനെ നികത്തുമെന്ന കാര്യത്തിൽ ഇതുവരെ പ്രതിപക്ഷത്തുനിന്ന് ഒരു സൂചനയോ നിർദ്ദേശമോ ഉണ്ടായില്ല. അതുകൊണ്ട് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പറയുന്നതല്ലാതെ അത് എങ്ങനെ നടപ്പിലാക്കണം, ആ കുറവുകളിൽ എങ്ങനെ നിയമനം നടത്തണമെന്നതിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഇല്ലാതെ പോവുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നിങ്ങളുടെ വ്യക്തമായ ഒരു അഭിപ്രായം നിങ്ങൾ പറയണം. അതല്ലെങ്കിൽ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് യാതൊരു വിധത്തിലുള്ള ആശങ്കയുമില്ലാതെ എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഈ കാലാവധിക്കുള്ളിൽ തീർച്ചയായും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ കുറവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കും. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ കാര്യത്തിൽ ഒരു കുറവും വരുത്താൻ പാടില്ല. ആവശ്യമുള്ള ആളുകളുമായി ചർച്ച നടത്തിക്കൊണ്ട് വളരെ വേഗത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാർഷികമേഖലയിൽ വമ്പിച്ച നേട്ടമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2 രൂപയ്ക്ക് പോലും നാളികേരം വാങ്ങാൻ ആളുണ്ടായിരുന്നില്ല. റബ്ബറിന്റെ വില എത്രയായിരുന്നു? നേരെമറിച്ച് റബ്ബറിന് ഇന്ന് 66 രൂപയാണ്. നാളികേരത്തിന് അഞ്ചും ആറും രൂപയാണ് വില. അങ്ങനെ എല്ലാ രംഗത്തും പ്രത്യേകിച്ച്, കാർഷിക മേഖലയിൽ ഏറ്റവും വലിയ ഉണർവുണ്ടായി. അതോടൊപ്പം തന്നെ കാർഷികമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പറയുമ്പോൾ അടയ്ക്കാ കർഷകരുടെ സ്ഥിതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് ഏറ്റവും വിലയിടിവുള്ള ഒരേയൊരു കാർഷികോൽപ്പന്നം അടയ്ക്കയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ സബ്സിഡി നൽകണം. ഓരോ ദിവസവും പ്രൈമറി ബാങ്കുകൾ ജപ്തി നടപടികളെടുക്കുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെടുത്ത് ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും ഒ.റ്റി.എസ്. പദ്ധതി നടപ്പിലാക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബഹുമാനപ്പെട്ട സി.ടി., your time seems to be over. തീർക്കാൻ ശ്രമിക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി: അതുകൊണ്ട് ഇക്കാര്യത്തിൽ കർണ്ണാടക ഗവൺമെന്റ് നടപ്പിലാക്കിയതുപോലെ പലിശയിലും പിഴപ്പലിശയിലും ആവശ്യമായ ഇളവുകൾ നൽകി ഒ.റ്റി.എസ്. നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വളരെ കാര്യക്ഷമതയോടുകൂടി നടക്കുന്നു. വളരെ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. ഒട്ടേറെ പുതിയ ബസ്സുകൾ ഇറക്കാൻ കഴിഞ്ഞു. വിനോദസഞ്ചാര രംഗത്ത് വമ്പിച്ച നേട്ടമുണ്ടാക്കാൻ വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. അങ്ങനെ ഇക്കാര്യങ്ങളിലെല്ലാം തന്നെ വളരെയേറെ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. മലബാർ മേഖലയിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാത്തിരുന്നതാണ് മലബാർ ക്യാൻസർ സെന്റർ. മലബാറിലെ പാവപ്പെട്ട ക്യാൻസർ രോഗികൾ വളരെ പ്രതീക്ഷയോടുകൂടി കണ്ട 600 കിടക്കകളോടുകൂടിയ തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ മാതൃകാ സ്ഥാപനമായി വളർന്നു വരുമെന്ന് പ്രതീക്ഷിച്ച ആ സ്ഥാപനം ഇന്ന് തുടങ്ങിയ സ്ഥാനത്ത് തന്നെ കിടക്കുകയാണ്. 103 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആരംഭിച്ചുവെങ്കിലും ചെലവഴിച്ചത് 13 കോടി രൂപമാത്രമാണ്. എസ്. എൻ. സി. ലാവ്‌ലിൻ കമ്പനിക്ക് ചെങ്കുളം, പള്ളിവാസൽ, പന്നിയാർ ജലവൈദ്യുത പദ്ധതിക്കായി ആഗോള ടെന്റർ നൽകാതെ പ്രസ്തുത കമ്പനിക്ക് പുനരുദ്ധാരണ പ്രവൃത്തിക്ക് നൽകുമ്പോൾ മലബാർ ക്യാൻസർ സെന്ററിന് 98.30 കോടി രൂപ നൽകാനായിരുന്നു ധാരണ. അതിന് എന്ത് സംഭവിച്ചു എന്നറിയില്ല. ഇക്കാര്യത്തിൽ ഇവിടെ ചർച്ച നടന്നു. ഇക്കാര്യത്തിൽ അടിയന്തിരമായി അന്വേഷണം നടത്തി ആര് കുറ്റം ചെയ്തു എന്ന് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണം. അതുപോലെ മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യമെടുത്തു, അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. അതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. മലപ്പുറം ജില്ലയിലെ മുസ്ലീം കുട്ടികളുടെ പ്രവേശന പരീക്ഷയിൽ ചോദ്യപേപ്പർ ചോർത്തി എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആരോപണം വാസ്തവത്തിൽ ന്യൂനപക്ഷങ്ങളോട് കാണിച്ച ഏറ്റവും വലിയ വെല്ലുവിളിയായി കാണുകയാണ്. വാസ്തവത്തിൽ ന്യൂനപക്ഷങ്ങളോടുള്ള ഇത്തരത്തിലുള്ള സമീപനങ്ങൾ തെറ്റാണെന്ന് ഇനിയെങ്കിലും ഇടതുപക്ഷങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. രാജ്യസഭയിൽ ന്യൂനപക്ഷ വിദ്യാഭ്യാസ ബില്ല് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നപ്പോൾ അതിനെ സി.പി.എം. എതിർത്തു. അതുപോലെ തന്നെ അലിഗർ യൂണിവേഴ്സിറ്റിയിൽ 50% പിന്നോക്ക മുസ്ലീങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയപ്പോൾ അതിനെ എതിർത്തു. ന്യൂനപക്ഷങ്ങളോട് ഗവൺമെന്റിന്റെ നല്ല സമീപനം വരുമ്പോൾ അതിനെ എതിർക്കുകയും അതുപോലതന്നെ വോട്ടിന് വേണ്ടി ന്യൂനപക്ഷങ്ങളുടെ പേരിൽ ശബ്ദിക്കുകയും ചെയ്യുന്ന സമീപനം ശരിയല്ല. അതുകൊണ്ട് ഇക്കാര്യത്തിലെല്ലാം ഒരു പുനഃപരിശോധന നടത്തണമെന്നാണ് എനിക്ക് ഇടതുപക്ഷത്തോട് പറയാനുള്ളത്. 8 വർഷമായി വിചാരണ കൂടാതെ ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മ്അദനിയെ

LIBRARY ARCHIVES Kerala Legislative Assembly

മോചിപ്പിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും അതുപോലെതന്നെ ഞങ്ങളുടെ നേതാവ് കുഞ്ഞാലിക്കുട്ടി സാഹിബും കാണിച്ച താൽപ്പര്യം ഇക്കാര്യത്തിൽ വളരെയേറെ പ്രതീക്ഷ നൽകുകയാണ്. ഇന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശിവരാജ് പാട്ടീലും ഇക്കാര്യത്തിൽ നല്ല പ്രതീക്ഷ നൽകുന്നുണ്ട്. കേരളത്തിൽ അല്ല, ഇന്ത്യയിൽ അല്ല എവിടെയും വിചാരണ കൂടാതെ 8 വർഷത്തോളം ഇങ്ങനെ ജയിലിൽ പാർക്കുന്ന ആരെങ്കിലുമുണ്ടോ? കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വളരെ വേഗത്തിൽ വിചാരണ നടത്തുകയും അതുപോലെതന്നെ എന്ത് കുറ്റമാണ് ചെയ്തത്, അതിന് അർഹിക്കുന്ന ശിക്ഷ നൽകുകയുമല്ലാതെ വിചാരണ കൂടാതെ ഒരു കാര്യത്തിലും ഈ കേരളത്തിൽ ആർക്കും ഇത്തരത്തിലുള്ള ഒരു സ്ഥിതി ഉണ്ടാകാൻ പാടില്ല. എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് 4 വർഷം പൂർത്തീകരിച്ചു. അഞ്ചാം വർഷത്തേക്ക് കടക്കുമ്പോൾ ഇനിയും ഐക്യ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിനെ നേരിടും. ആ തെരഞ്ഞെടുപ്പിൽ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. അതുകൊണ്ട് കേരളത്തിന്റെ സമഗ്രമായ പുരോഗതിക്ക് ഈ നാല് വർഷം കേരളം കണ്ടതിൽ വച്ച് ഏറ്റവും നല്ല മെച്ചപ്പെട്ട ഭരണം കാഴ്ചവച്ച കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശ്രമമില്ലാതെ കേരളത്തിലെ ജനങ്ങളോടും കേരളത്തോടും കാണിക്കുന്ന അദ്ദേഹത്തിന്റെ ഏറ്റവും നല്ല മനോഭാവത്തിന് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രശംസ പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുണ്ട്.ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, സഖാവ് കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഈ അവിശ്വാസപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇനി രണ്ട് ദിവസം കൂടി കഴിഞ്ഞാൽ ജൂലായ് മാസം 20 ആയി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 50 മാസം തികയുകയാണ്. ഈ ഗവൺമെന്റ് വരുന്ന സമയത്ത് അന്നത്തെ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ഈ നിയമസഭയിൽ ധവളപത്രം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗവും യു.ഡി.എഫ്. ന്റെ പ്രകടന പത്രികയും ഞാൻ വായിച്ചു നോക്കി. എൽ.ഡി.എഫ്. ഗവൺമെന്റ് പോയതിന് ശേഷമുള്ള സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവർ പറഞ്ഞത്, കേരളം ഭൂകമ്പം കഴിഞ്ഞുള്ള ഭൂപ്രദേശം പോലെയായി എന്നാണ്. അതുപോലെതന്നെ സമ്പദ്ഘടനയുടെ ആരൂഢം മാത്രമല്ല അടിത്തറയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തകർത്തിരിക്കുന്നു എന്ന് നിങ്ങൾ ആക്ഷേപിച്ചു. ഇപ്പോൾ 50 മാസം ഭരണം നടത്തി. രണ്ട് ധനകാര്യമന്ത്രിമാർ ഭരണം നടത്തി. ഇന്ന് രാവിലെ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള 2004-ലെ സാമ്പത്തിക സർവ്വേ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വായിച്ചു നോക്കണം. ഇരുണ്ട സാമ്പത്തിക നിലയാണ് കേരളത്തിലുള്ളതെന്ന് അതിനകത്ത് പറയുന്നുണ്ട്. ഞങ്ങൾ ഭരിച്ച് ഖജനാവ് മുടിച്ചു എന്നല്ലേ നിങ്ങൾ പറഞ്ഞത്. ഇപ്പോൾ കണക്കുകൾ പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഞങ്ങൾ അധികാരത്തിൽ നിന്ന് പോകുമ്പോൾ കേരളത്തിന്റെ കടബാദ്ധ്യത 23,728 കോടി രൂപയായിരുന്നു. ഞങ്ങൾ വരുമ്പോൾ 10,114 കോടി രൂപയുടെ കടമുണ്ടായിരുന്നു. എൽ.ഡി.എഫ്. ആകെ ഉണ്ടാക്കിയ കടം 13,664 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവർ ഇപ്പോൾ 4 കൊല്ലം ഭരിച്ചപ്പോഴേയ്ക്കും 22,200 കോടി രൂപ പുതിയതായി കടം വന്നു. ഈ നിയമസഭയിൽ തന്നെ പറഞ്ഞ കണക്ക് പ്രകാരം യു.ഡി.എഫ്- ന്റെ ഭരണത്തിൽ 2003 മേയ് മാസം തന്നെ 45,978 രൂപയുടെ കടബാദ്ധ്യതയുണ്ടായിയെന്നാണ് അതിന്റെ അർത്ഥം നിങ്ങൾ നാല് കൊല്ലം ഭരിച്ചപ്പോഴേയ്ക്കും 44 കൊല്ലം കൊണ്ട് ഈ കേരളത്തിലുണ്ടാകാവുന്ന കടബാദ്ധ്യതയ്ക്ക് തുല്യമായിട്ട് കടബാദ്ധ്യത യുണ്ടാക്കിവച്ചു എന്നല്ലേ? ഈ പണം എവിടെയാണ് പോയത്? ഈ പണം ഇവിടെ ഏതെങ്കിലും വികസനപ്രവർത്തനത്തിന് പ്രയോജനപ്പെടുത്തിയതായിട്ട് ഞങ്ങൾക്കാർക്കും അറിയില്ല. ഞങ്ങളെ നിങ്ങൾ ആക്ഷേപിച്ചല്ലോ? ആന്റണി താമസിച്ച വീട് നന്നാക്കാൻ വേണ്ടി 15 ലക്ഷം രൂപ ധനകാര്യമന്ത്രി ചെലവഴിച്ചല്ലോ? കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ പണമില്ലാതിരുന്നിട്ടും സർക്കാർ ധൂർത്തടിച്ചു എന്നാണ് ഞങ്ങൾ ആക്ഷേപിക്കുന്നത്. എൽ. ഡി. എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ ഖജനാവ് മുടിച്ചു എന്ന് നിങ്ങൾ പറഞ്ഞു. പതിനായിരത്തോളം കോടി രൂപയുടെ നിക്ഷേപം കേരളത്തിലുണ്ടാക്കി. ഇലക്ട്രിസിറ്റി മേഖലയിൽ ഞങ്ങൾ പുരോഗതി ഉണ്ടാക്കിയില്ലേ? അന്നുണ്ടായിരുന്ന പദ്ധതികൾ മുഴുവൻ പൂർത്തീകരിച്ചത് ഞങ്ങളല്ലേ? പേപ്പാറയിലെ പദ്ധതി പൂർത്തീകരിച്ചത് പിണറായി വിജയനും ശർമ്മയും ചേർന്നല്ലേ? മാട്ടുപ്പെട്ടിയിലെ പദ്ധതി പൂർത്തീകരിച്ചില്ലേ? ബ്രഹ്മപുരം പദ്ധതി ഞങ്ങൾ പൂർത്തീകരിച്ചില്ലേ? കോഴിക്കോട് 2 കൊല്ലം കൊണ്ട് നല്ലളം ഡീസൽ പ്ലാന്റ് ഞങ്ങൾ കൊണ്ടുവന്നില്ലേ? നിക്ഷേപത്തിന്റെ ഭാഗമായിട്ട് തന്നെ 5 കൊല്ലം കൊണ്ട് എൽ. ഡി. എഫ്. 1085 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. അപ്പോൾ കുറച്ച് കടബാദ്ധ്യത വന്നിട്ടുണ്ടാകും. ഇപ്പോൾ നിങ്ങൾ ലാവ്‌ലിൻ കേസുമായിട്ടാണ് വന്നിരിക്കുന്നത്. ഞാൻ കഴിഞ്ഞ സഭാസമ്മേളനത്തിന്റെ രേഖ നോക്കി. ഇത് എന്താണ്, പുതിയ കാര്യമാണോ? തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗം മലവെള്ളം പോലെ അതിനകത്ത് കിടപ്പുണ്ട്. പലതവണയായി ശർമ്മ മറുപടിയും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ഇല്ലാത്ത എ. ജി. യുടെ കണക്കുമായിട്ട് വന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനെയോ അതിന്റെ സംസ്ഥാന സെക്രട്ടറിയെയോ അപവാദപ്രചരണത്തിലൂടെ ഇല്ലാതാക്കാനാണ് നോക്കുന്നത്. നിങ്ങൾ നാല് കൊല്ലം ഇവിടെ ഭരിച്ചില്ലേ? ഒരു അന്വേഷണം നിങ്ങൾ നടത്തിയോ? ശ്രീ. പിണറായി വിജയൻ കുറ്റവാളിയായിരുന്നെങ്കിൽ നിങ്ങൾ വിടുമായിരുന്നോ? നാല് കൊല്ലം അതായത് അമ്പത് മാസം ഇവിടെ ഭരിച്ചിട്ട് അതുസംബന്ധിച്ച് ഒരു നടപടിയും നിങ്ങൾ എടുക്കാത്തതിന്റെ കാരണമെന്ത്? കേസ് നിങ്ങൾ അന്വേഷിച്ചാൽ ശ്രീ. കാർത്തികേയൻ കുടുങ്ങും. നിങ്ങൾ പറഞ്ഞയച്ച ശ്രീ. എ. കെ. ആന്റണി കുടുങ്ങും. അതുകൊണ്ടാണ് അന്വേഷണം നടത്താത്തത്. ഞങ്ങളുടെ പാർട്ടി സെക്രട്ടറിയെ അപമാനപ്പെടുത്താൻ വേണ്ടി കള്ള പ്രചരണമാണ് നടത്തുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനെ ഒന്നും ചെയ്യാൻ ഈ യു.ഡി.എഫ്. വിചാരിച്ചാൽ കഴിയുകയില്ല എന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളണം. ഇവിടെ ആക്ഷേപങ്ങൾ പറഞ്ഞു. പ്രസംഗിക്കുന്ന ആളുകൾ പറഞ്ഞു 4,000 കോടി രൂപയുടെ മൂലധനം മാർക്സിസ്റ്റ് പാർട്ടിക്കുണ്ടെന്ന്. ഞങ്ങളുടെ ഭരണത്തിലുള്ള സഹകരണ സംഘങ്ങൾ കൂട്ടിയാൽ 4,000 കോടി ആയിരിക്കില്ല. അങ്ങനെയാണ് കണക്ക് പറയേണ്ടത്. ഞങ്ങൾ ഇവിടെ പാർട്ടി ആഫീസുകൾക്ക് പണം പിരിച്ചിട്ടുണ്ട്. ആഫീസുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെ മുൻ മന്ത്രി ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞു മാർക്സിസ്റ്റുകാർ കുലുക്കിയാൽ രണ്ടുകോടി. പിന്നെ ഒന്നു കുലുക്കിയാൽ 4 കോടി.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ബക്കറ്റുമായിട്ട് ചെന്ന് കുലുക്കി കാണിച്ചാൽ ആളുകൾ പൈസ തരും. നിങ്ങൾ കുലുക്കിയാൽ, ശ്രീ. എം. വി. രാഘവനും, ശ്രീ. കടവൂർ ശിവദാസനും കുലുക്കിയാൽ ശരീരത്തിലെ ചില ഭാഗങ്ങൾ കുലുങ്ങും വേറൊന്നും വരാൻ പോകുന്നില്ല. ഞങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമുള്ളതുകൊണ്ട് ഞങ്ങൾ പണം ചോദിച്ചാൽ തരും. അതുകൊണ്ട് ബ്രാഞ്ച് കമ്മിറ്റി ആഫീസുമുതൽ എ.കെ.ജി. സെന്റർ വരെ ഞങ്ങൾ പടുത്തുയർത്തിയിട്ടുണ്ട്. ഈ കേരളത്തിലെ കോടിക്കണക്കിന് വരുന്ന ജനങ്ങളുടെ പിൻബലത്തിലാണ് അത് ഞങ്ങൾ പടുത്തുയർത്തിയിട്ടുള്ളത്. ഇവിടെ നിങ്ങൾ കൊണ്ടുവന്നത് എന്താണ്? കഴിഞ്ഞ നാല് കൊല്ലം എല്ലാ മേഖലകളിലും അഴിമതിയല്ലേ? ഏതെങ്കിലും ഒരു മേഖലയെ ഒഴിവാക്കിയിട്ടുണ്ടോ? നിങ്ങൾ വിദ്യാഭ്യാസ മന്ത്രിയുടെ ചുമതലയിൽ നിന്ന് എന്തിനാണ് ശ്രീ. സൂപ്പിയെ മാറ്റിയത്? ഞങ്ങൾ ഈ നിയമസഭയിൽ ആക്ഷേപം കൊണ്ടുവന്നല്ലോ, ഓരോന്നിനും നിങ്ങൾ പൈസ വാങ്ങിയില്ലേ? അൺഎയ്ഡഡ് സ്ക്കൂളുകൾ കൊടുക്കുന്നതിനു നിങ്ങൾ പണം വാങ്ങിയില്ലേ? ടി.ടി.ഐ. അനുവദിക്കുന്നതിന് നിങ്ങൾ പണം വാങ്ങിയില്ലേ? ബി.എഡ്. കോളേജിന് നിങ്ങൾ പണം വാങ്ങിയില്ലേ? ബി.എഡ്. കോളേജ് അനുവദിക്കുന്നതിനല്ലേ വയനാട്ടിലെ മീനങ്ങാടിയിലെ സുറിയാനിസഭയുടെ ഭദ്രാധിപൻ ഡോ. യൂഹന്നാൻ മാർ ഫിലിപ്പിസ്നാസിനോട് ലീഗുകാർ പോയിട്ട് 10 ലക്ഷമാണ് ചോദിച്ചത്. 10 ലക്ഷം കൊടുക്കില്ല എന്നു തിരുമേനി പറഞ്ഞപ്പോൾ രണ്ടാം വട്ടം പോയി 5 ലക്ഷമായിട്ട് തുക കുറച്ചു. ഞാൻ മീനങ്ങാടിയിൽ പോയി തിരുമേനിയെ കണ്ടതാണ്. ഒരു മാർഗ്ഗവും കിട്ടാത്തപ്പോഴാണ് പിന്നെ പറഞ്ഞത്. തിരുമേനി ആയതുകൊണ്ട് രണ്ടര ലക്ഷം രൂപ തന്നാൽ മതി എന്ന്. മലപ്പുറത്ത് ആഫീസ് പണിയാൻ വേണ്ടി, ബി.എഡ്. കോളേജ് അനുവദിക്കാൻ രണ്ടര ലക്ഷം രൂപ വേണമെന്ന് ആവശ്യപ്പെട്ടില്ലേ? മുഖ്യമന്ത്രി പോയിട്ട് കള്ളമൊഴി പറയുകയാണ്. ശ്രീ. ടി. എം. ജേക്കബ്ബിനെ വരെ കോടതിയിൽ വിസ്തരിച്ചില്ലേ? തിരുമേനി തന്നെ യു. ഡി. എഫ്. കൺവീനറോട് ഈ കാര്യം പറഞ്ഞുവെന്ന് മൊഴികൊടുത്തില്ലേ? അത് നിഷേധിക്കാൻ കഴിയുമോ? രണ്ടര ലക്ഷം രൂപ തിരുമേനിയോട് കോഴ ചോദിച്ച നിങ്ങൾ വേറെ ആരുടെ അടുത്തുനിന്നാണ് പൈസ വാങ്ങാതിരിക്കുന്നത്? ഇത് വിദ്യാഭ്യാസമേഖലയിൽ മാത്രമല്ല എല്ലാ മേഖലയിലേയും നിങ്ങളുടെ പൊതുപരിപാടിയല്ലേ? ഞാൻ ചോദിക്കട്ടെ ഒരു മന്ത്രി മാറി വേറൊരു മന്ത്രി വന്നു. ഈ കേരളത്തിലെ 1957 മുതലുള്ള ചരിത്രത്തിൽ എസ്. എസ്. എൽ. സി. പരീക്ഷ ചോദ്യപേപ്പർ ചോർത്തിയിട്ടുണ്ടോ? 5 ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പരീക്ഷ. നിങ്ങൾ ആ വിദ്യാർത്ഥികളെയും അവരുടെ രക്ഷാകർത്താക്കളെയും ഒന്നാകെ ദുഃഖത്തിലാഴ്ത്തിയില്ലേ? പരീക്ഷ നടത്തിപ്പിൽ പോലും കൃത്രിമം കാണിച്ച കൂട്ടരല്ലേ? ഇല്ലാത്ത പ്രസ്സിന്റെ പേരിൽ ടെണ്ടർ കൊടുത്തവരല്ലേ നിങ്ങൾ? ചോദ്യപേപ്പർ വിറ്റിട്ട് കാശ് വാങ്ങിക്കുന്ന എരണംകെട്ട കൂട്ടരെ ഈ കേരളത്തിലെ ജനത അടിച്ചിറക്കി വിടുമെന്നുള്ളതിന്റെ തെളിവാണ് കൂത്തുപറമ്പിലും അഴീക്കോട്ടും കണ്ടത്. ഇല്ലാത്ത പ്രസ്സിന്റെ പേരിൽ എന്തേ രാജൻ ചാക്കോയെ തൊടാൻ കൈമുട്ട് വിറയ്ക്കുന്നത്? നടപടിയെടുക്കുമെന്നു ഇവിടെ പറഞ്ഞതല്ലേ? നിങ്ങളുടെ സ്വന്തക്കാരുടെ കാര്യം വരുമ്പോൾ നിങ്ങൾക്ക് അന്വേഷണം ഉണ്ടാവുകയില്ല. അത് പോയ വഴി കണ്ടില്ല. നിങ്ങളല്ലേ ഉത്തരവാദിത്വം വഹിക്കേണ്ടത്? സ്വന്തക്കാരുടെ കാര്യം വരുമ്പോൾ നിങ്ങൾ ആ അന്വേഷണം മരവിപ്പിക്കും. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ കോളേജുകളുടെ മേന്മ പറഞ്ഞു. ഇന്നു പത്രത്തിൽ ഞാൻ ഒരു കുട്ടിയുടെ പടം കണ്ടു. സ്വന്തം വീട്ടിലെ കട്ടിൽ വിറ്റിട്ട് ഡിപ്ലോസിറ്റ് കൊടുക്കാൻവേണ്ടി കഷ്ടപ്പെടുന്ന വിദ്യാർത്ഥി. ഇത് കേരളത്തിന്റെ അവസ്ഥയാണ്. നിങ്ങൾ അഭിമാനം കൊള്ളുന്നുണ്ടല്ലോ കേരളത്തിൽ മെഡിക്കൽ കോളേജ് കൊടുത്തു, എഞ്ചിനീയറിംഗ് കോളേജ് കൊടുത്തു എന്നൊക്കെ പറഞ്ഞുകൊണ്ട്. ഈ കേരളത്തിലെ സമ്പന്ന പ്രമാണിമാർക്ക് വിദ്യാഭ്യാസത്തെ തീറെഴുതി കൊടുത്തു എന്നുള്ളതിന്റെ പ്രതിഷേധമാണ് കേരളം കണ്ടത്. സ്വാശ്രയ കോളേജുകളിൽ, അവിടെ സംവരണമുണ്ടോ? അവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരന് പ്രവേശനം കിട്ടുമോ? കിട്ടാൻ പോകുന്നില്ലല്ലോ. സമ്പന്ന പ്രമാണിമാർക്ക് വേണ്ടി കേരളത്തിന്റെ ഉജ്ജ്വലമായ പൈതൃകമുള്ള വിദ്യാഭ്യാസ മേഖലയെ ഇവർ തീറെഴുതി കൊടുത്തു. ഞാൻ ഇവിടെ എഴുതിക്കൊടുത്ത രണ്ട് ആക്ഷേപങ്ങൾ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. കുത്തുപറമ്പ്, അഴീക്കോട് തൊണ്ടെടുപ്പുകൾ കഴിഞ്ഞപ്പോൾ മന്ത്രി ശ്രീ. കെ.എം. മാണി പങ്കെടുത്തുകൊണ്ട് ഒരു സ്പെഷ്യൽ ക്യാബിനറ്റ് നടന്നു. അതിൽ ശ്രീ. കെ. എം. മാണി മന്ത്രിമാരെ ഉദ്ബോധിപ്പിച്ചത് അഴീക്കോടും, കുത്തുപറമ്പും റിസൾട്ട് വന്നു. അതുകൊണ്ട് ബൈബിളിലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ട് മാണി പറഞ്ഞു. ഇത് ദുഷ്ക്കാലം ആയതിനാൽ സമയം തക്കത്തിൽ ഉപയോഗപ്പെടുത്തിക്കൊള്ളിൻ എന്ന്. ആ ഇടപാടാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ ഒന്നൂരണ്ടു കൊല്ലക്കാലം മര്യാദയ്ക്കു നിന്നിട്ടുള്ള പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. എം. കെ. മുനീർ പോലും ഈ ബൈബിൾ വാചകം കേട്ടതിനുശേഷം ഓടിനടന്നു വാരുകയാണ്. ഞാൻ രണ്ട് കാര്യങ്ങൾ ഇവിടെ പറയുകയാണ്. ഒന്ന് കോഴിക്കോട് മാവൂർ റൂട്ടിൽ മാവൂർ പഞ്ചായത്ത് തുടങ്ങുന്ന സ്ഥലത്ത് അവിടെ പൊൻപാറകുന്നിൽനിന്ന് രണ്ട് അപേക്ഷകൾ പി.ഡബ്ലിയു. ഡി. സ്ഥലം വിട്ടുകിട്ടുന്നതിനായി ഈ ഗവൺമെന്റിന്റെ മുമ്പിൽ വന്നു. ഒരു അപേക്ഷ കൊടുത്തത് ശ്രീ. എം. കെ. മുനീറിന്റെ സഹോദരീഭർത്താവായിട്ടുള്ള പി. എ. ഹംസ. ഇൻഡക്സ് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ എം. ഡി. അവർകൾക്ക് 25 ഏക്കർ സ്ഥലം അവിടെ നിലവിലുണ്ട്. ആ സ്ഥലം പി.ഡബ്ലിയു. ഡി. റോഡുമായിട്ട് കണക്ട് ചെയ്യുന്ന സ്ഥലത്ത് പി. ഡബ്ലിയു. ഡി. യുടെ ഉടമസ്ഥതയിലുള്ള 3.4 ഏക്കർ സ്ഥലം [സർവ്വേ നമ്പർ 26/1-(എ), 1(ബി), 24/4] മുന്നു സർവ്വേ നമ്പറുകളിലായിട്ട് മൂന്നര ഏക്കർ ഭൂമി വിട്ടു തരണമെന്നു പറഞ്ഞുകൊണ്ട് ശ്രീ. എം. കെ. മുനീറിന്റെ സഹോദരീഭർത്താവ് പി. എ. ഹംസയുടെ ഒരു അപേക്ഷ വന്നു. അത് ആലോചിച്ചപ്പോൾ പ്രശ്നമാകുമെന്നുള്ളതുകൊണ്ട് രണ്ടാമത് ഒരു അപേക്ഷകൂടി കൊടുപ്പിച്ചു. ആ അപേക്ഷ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഭാര്യയുടെ സഹോദരൻ കെ. പി. യു. അലി, അദ്ദേഹം എന്റെ നാട്ടുകാരനാണ്. കൊടിയത്തൂരിലാണ് അപേക്ഷ കൊടുത്തത്. റൂറൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പേരിലാണ്. കഴിഞ്ഞ ജൂൺ 13-ാം തീയതി ബഹുമാന്യനായിട്ടുള്ള പൊതുമരാമത്തു വകുപ്പുമന്ത്രി കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഉടൻ റിപ്പോർട്ട് നൽകുക എന്നു പറഞ്ഞുകൊണ്ട് അങ്ങോട്ട് അയച്ചു. ഈ പ്രശ്നങ്ങൾ ഉയർന്നു വന്നില്ലെങ്കിൽ, പത്രങ്ങളിൽ ഇത് വന്നില്ലായിരുന്നെങ്കിൽ ഈ 3.4 ഏക്കർ ഭൂമി കൈമാറ്റം ചെയ്യപ്പെടാൻ വേണ്ടി സി. എച്ച്. മുഹമ്മദ് കോയയുടെ പേരിലുള്ള ഒരു ട്രസ്റ്റുണ്ടാക്കാൻ വേണ്ടിയുള്ള ആ അപേക്ഷയുടെ വിശദാംശമുണ്ട്. ഞാൻ അത് പറയുന്നില്ല. ഇത് നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനം, ഗവൺമെന്റ് ഭൂമി സ്വന്തമാക്കാൻ ബുദ്ധിമുട്ടിക്കുമെന്നുള്ള ശ്രമങ്ങൾ ഇതിന്റെ മറവിലായിട്ട് നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ പ്രശ്നം ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? പി.ഡബ്ല്യു.ഡി ബാഡ്ജ് പരിശോധിച്ചാൽ അതിൽ ഒരു എമർജൻസി ഉണ്ട്. നടന്നുകൊണ്ടിരിക്കുന്ന കാര്യം വേറെയാണ്. ഞാൻ ഇവിടെ അഭ്യർത്ഥിക്കുന്നത് കരാറുകാരൻ സ്വന്തമായ നിലയിൽ തുടങ്ങിയിരിക്കുന്നു. അടിയന്തിര പ്രവർത്തനങ്ങളുടെ പേരിൽ പലതരി പ്രവർത്തനത്തിന്റെ പേര് പറഞ്ഞുകൊണ്ട് 150 കോടി രൂപയിൽ അധികം ഈ കരാറുകാരിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് സ്വന്തക്കാരായിട്ടുള്ള കരാറുകാർക്ക് ഇപ്പോൾ കൈമാറ്റം ചെയ്തിരിക്കുന്നു. രണ്ട് ഘടകമാണ്, ഒന്ന് കരാറുകാരൻ കൊടുക്കുകയാണ്. ബാഡ്ജിന്റെ സപ്പോർട്ട് ഇല്ല. രണ്ട് ഡിപ്പാർട്ടുമെന്റിൽ എക്സിക്യൂട്ടീവ് എന്നു പറഞ്ഞുകൊണ്ട് വർക്ക് കൊടുക്കുകയാണ്. ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ കോഴിക്കോട് മെഡിക്കൽ കോളേജിന് 8 കോടി രൂപയുടെ വർക്ക് ഡിപ്പാർട്ടുമെന്റിൽ എക്സിക്യൂട്ടീവായിട്ട് നടന്നു. ഇത് ഹരോക്ക് പാലത്തിന്റെ പടമാണ്. എങ്ങനെയാണ് നടന്നത് ഞാൻ ധനകാര്യമന്ത്രിയെ വെല്ലുവിളിക്കുകയാണ്. ഹരോക്ക് പാലത്തിനുവേണ്ടി ബാഡ്ജിന് പണം ഉണ്ടായിരുന്നോ? എത്ര രൂപയുണ്ടായിരുന്നു? എന്ത് രൂപയാണ് അത് കൊടുത്തിരിക്കുന്നത്? ചിറയിൻകീഴ് താലൂക്കിലെ മിടാക്കടവ് പാലം ഒന്നാം കടവ് പാലം 26 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള പാലം 35 ശതമാനത്തിന് മുകളിൽ കൊടുത്തിരിക്കുന്നു. എവിടുന്നാണ് പണം വന്നത്? ബാഡ്ജിന് സപ്പോർട്ട് ഉണ്ടായിരുന്നോ? ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് ഇതാണ്. കോടിക്കണക്കിന് രൂപ ഈ രൂപത്തിൽ ഡിപ്പാർട്ടുമെന്റിൽ എക്സിക്യൂട്ടീവിന്റെ പേര് പറഞ്ഞ് ചെയ്യുക, അതുപോലെതന്നെ കരാറുകാരൻ കൊടുക്കുക ഇതുവഴി ഇപ്പോൾ ഒന്നുരണ്ടു കൊല്ലമായിട്ട് ഇന്ത്യാവിഷന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി പൊതുഭരണത്തിന്റെ മന്ത്രിയുടെ നേതൃത്വത്തിൽ കോളത്തിന്റെ എല്ലാ ഭാഗത്തുനിന്നും കൊള്ള നടന്നുകൊണ്ടിരിക്കുകയാണ്. 15 കോടി രൂപ പിരിച്ചുവെന്നാണ് പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഈ രൂപത്തിലുള്ള അഴിമതിയുടെ കൂത്താങ്കയിട്ട് കോളത്തിലെ പി.ഡബ്ല്യു.ഡി. വകുപ്പും അതുപോലെതന്നെ വിദ്യാഭ്യാസ വകുപ്പും മാറിയിരിക്കുകയാണ്. ഞാൻ മലയോരത്തുനിന്നു വരുന്ന ആളാണ്. അവിടെ ഈ രണ്ടു മാസം മുറിക്കാറായിട്ടുണ്ടെങ്കിൽ അതിന്റെ ശിഖിരത്തിൽ വരെ കയറി പാലാഴി പാലുന്ന ഒരു ഏർപ്പാടുണ്ട്. സ്പോട്ട് ടാപ്പിംഗ് എന്നാണ് അതിനെ പറയുക. യു.ഡി.എഫ്. ഗവൺമെന്റിന് ഇനി പത്തുമാസം അവശേഷിക്കെ കോളത്തിന്റെ ഖജനാവിനു മുകളിൽ അഴിമതി വിരിയാറായിട്ടുള്ള ഈ 19 ആളുകൾ കയറിയിരുന്നുകൊണ്ട് സ്പോട്ട് ടാപ്പിംഗ് നടത്തുകയാണ്. ഇവരെ പ്രതിരോധിക്കാൻ വേണ്ടിയിട്ടുള്ള ജനകീയ ശക്തി സമാഹരിക്കുകയല്ലാതെ മറ്റൊരുവഴി? എല്ലാം നിങ്ങൾ വിൽക്കുകയല്ലേ? മണ്ണ് നിങ്ങൾ വിൽക്കുകയാണ്. വെള്ളം നിങ്ങൾ വിൽക്കുകയാണ്. കാട് നിങ്ങൾ വിൽക്കുകയാണ്. കായൽ നിങ്ങൾ വിൽക്കുകയാണ്. ഇവിടെ 600 കോടി രൂപ ചെലവാക്കി എങ്കിലി എന്നു പറയുന്ന പദ്ധതി കൊണ്ടുവന്നു. ഇത് മലയാള മനോരമ പത്രമാണ്. കോഴിക്കോട് സിവിൽ സ്റ്റേഷനിൽ മൃഗാശുപത്രി ഉദ്ഘാടനം

LIBRARY ARCHIVES Kerala Legislative Assembly

ക്കാണിച്ചു) നിങ്ങളുടെ ഭരണപരിഷ്ക്കരണ നടപടികളുടെ ഭാഗമായിട്ട് പരസ്യമായിട്ട് കള്ളു കുടിക്കുകയാണ്, ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാർ ഉൾപ്പെടെ. നിങ്ങൾ നടപടി എടുത്തോ? ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറഞ്ഞു സസ്പെൻഡ് ചെയ്തുവെന്ന്. ഇന്നലെയാണ് മലയാള മനോരമയിൽ സസ്പെൻഷൻ കാര്യം വന്നത്. ഡി. എം. ഒ. ഓഫീസിൽ ഇതാണ്, സിവിൽ സ്റ്റേഷനിൽ കളക്ടറുടെ മൂക്കിനു താഴെ നല്ല ഇറിഗേഷനാണ് നിങ്ങളുടെ വകുപ്പിൽ നടക്കുന്നത്. ഇത് പരസ്യമായിട്ട് നടക്കുകയാണ്. ഒരു ഭരണവും ഈ കേരളത്തിൽ നടക്കുന്നില്ല. എല്ലാ ജനവിഭാഗങ്ങളെയും വെറുപ്പിച്ച ഗവൺമെന്റാണിത്. സർക്കാർ ജീവനക്കാരെ വെറുപ്പിച്ചു. കച്ചവടക്കാരെ വെറുപ്പിച്ചു. ഏറ്റവും അവസാനമായിട്ട് ഇവിടെ തിരുവനന്തപുരം ലാറ്റിൻ കത്തോലിക്ക കൗൺസിലിന്റെ ഒരു സമ്മേളനം നടന്നു. അവർ ഒരു പ്രമേയം പാസ്സാക്കി. അത് ഉത്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അവർ പറഞ്ഞു നാലര പതിറ്റാണ്ടുകളായിട്ട് ഈ കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന പ്രത്യേകിച്ച് കടലോര മേഖലയിലെ മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ലാറ്റിൻ കത്തോലിക്ക വിഭാഗം കണ്ണുമടച്ചുകൊണ്ട് കോൺഗ്രസിനെ പിന്തുണച്ചവരാണ്, ഇപ്പോൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മാറി ചിന്തിക്കുകയാണെന്ന്. ഞാൻ ഇവിടെ ഇരിക്കുന്ന കോൺഗ്രസ് നേതാക്കന്മാരെ അനുസ്മരിപ്പിക്കട്ടെ. 1959 - ൽ കുപ്രസിദ്ധമായ വിമോചന സമരത്തിൽ നിങ്ങൾ ഒരു മുദ്രാവാക്യം വിളിച്ചില്ലേ. തെക്ക് തെക്കൊരു ദേശത്ത് അലമാലകളുടെ തീരത്ത് ഫ്ളോറിയെന്നൊരു ഗർഭിണിയെ ചുട്ടുകരിച്ചൊരു സർക്കാരെ. കേരളത്തിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ കമ്മ്യൂണിസ്റ്റ് വിരോധം പറഞ്ഞു തെരുവിൽ ഇറക്കി കലാപം ഉണ്ടാക്കിയ ആളുകളോട് അതേ സമുദായത്തിന്റെ മേധാവികൾ ഇന്നു പറയുകയാണ് 18-20 ലക്ഷത്തോളം വരുന്ന കേരളത്തിലെ ലാറ്റിൻ കത്തോലിക്ക സമൂഹം കോൺഗ്രസിനെ വിശ്വസിച്ചുപോയി, ഇപ്പോൾ ഞങ്ങൾ തിരിച്ചറിയുന്നു എന്ന്. കമ്മ്യൂണിസ്റ്റുകാരാണ് പാവങ്ങളുടെ ഒപ്പം നിൽക്കുന്നത്, കമ്മ്യൂണിസ്റ്റുകാരോടൊപ്പം നിന്നാലെ രക്ഷയുള്ളൂ എന്ന തിരിച്ചറിവിലേക്ക് ഞങ്ങൾ വന്നുവെന്നാണ് പറയുന്നത്. നിങ്ങളുടെ നാല് കൊല്ലത്തെ ഭരണം കൊണ്ട് ഇപ്പോൾ അവർക്കത് തിരിച്ചറിയാൻ കഴിഞ്ഞു. ഡോ. സൂസപാക്യവും അതുപോലെ ബിഷപ്പ് ഡാനിയൽ അച്ചാരുപറമ്പിലും പത്രസമ്മേളനം നടത്തി പറഞ്ഞു. എന്റെ ബഹുമാന്യനായിട്ടുള്ള സുഹൃത്ത് ശ്രീ. മമ്മൂട്ടി പ്രസംഗിക്കുമ്പോൾ പറഞ്ഞു. ഈ ഗ്യാലറിയിൽ സ്ത്രീകൾ ഇരിക്കുന്നില്ലെന്ന്. അതിന് കാരണം പറഞ്ഞത് ഞങ്ങൾ പ്രതിപക്ഷങ്ങൾ ബഹുമാന്യനായ ശ്രീ. അസീസിന് പറ്റിയ പരിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണിക്കാനായിട്ട് മുണ്ടുയർത്തി കാണിച്ചതുകൊണ്ടാണെന്നാണ്. ശ്രീ. മമ്മൂട്ടി പ്രസംഗത്തിന് വരുന്നതിനു മുൻപ് സ്ത്രീകൾ രാവിലെ ഇവിടെ വന്നതാണ്. അവർ ഗ്യാലറിയിൽ ഇരുന്നു. മുന്നോട്ട് നോക്കിയപ്പോൾ ഒരു മാന്യദേഹത്തെ കണ്ടു. ഇലക്ട്രിക് ഷോക്ക് ഏറ്റതുപോലെ അവർ ഇറങ്ങിപ്പോകുകയാണുണ്ടായത്. ആരാണെന്ന് ഞാൻ പറയുന്നില്ല. കഥയൊന്നും ഞങ്ങളെക്കൊണ്ട് പറയിക്കേണ്ട. ഇവിടെ ജല പീരങ്കിയല്ല ജലീൽ പീരങ്കിയാണ് ലീഗിനുനേരെ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഞങ്ങൾ ലീഗ്കാരോട് ചോദിക്കട്ടെ നിങ്ങൾ ഇവിടെ മ്അദനിയുടെ കാര്യം പറഞ്ഞു. നിങ്ങൾക്ക് ലജ്ജയുണ്ടോ പറയാൻ?

LIBRARY ARCHIVES Kerala Legislative Assembly

മ്അദനിയുടെ പേര് പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? ഇവിടെ ഉമ്മൻചാണ്ടിയും കുഞ്ഞാലിക്കുട്ടിയും ചേർന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് ചോദിക്കാൻവേണ്ടി കോയമ്പത്തൂർ ജയിലിൽപോയി മ്അദനിയെ കണ്ടില്ലേ; മ്അദനിയുടെ കാലുപിടിച്ച്, കടലാസിൽ എഴുതി വാങ്ങിയിട്ട് അയാൾക്ക് പരോൾ കൊടുക്കാൻപോലും സന്നദ്ധമാകാത്ത ഗവൺമെന്റിനെ ആര് വിശ്വസിക്കണമെന്നാണ്? മാറാട് ഞങ്ങൾ കണ്ടു. ഈ ഗവൺമെന്റ് ഭരിക്കുമ്പോൾ നാലായിരം മുസ്ലീം സഹോദരന്മാർ .....

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്....

ശ്രീ. മത്തായി ചാക്കോ : നാലായിരത്തോളം വരുന്ന മുസ്ലീം സഹോദരന്മാർ പന്നിയങ്കരയിലും ബേപ്പൂരിലുമുള്ള കടത്തിണ്ണകളിൽ കോരിച്ചൊരിയുന്ന മഴയത്ത് കിടന്നിട്ട് ലീഗ്കാർ ഇവിടെയുണ്ടായിരുന്നില്ലേ? അരിവാളും ചുറ്റികയും നക്ഷത്ര ചിഹ്നവും ആലേഖനം ചെയ്ത കൊടി പിടിക്കുന്ന ഞങ്ങളാണ് അവർക്ക് അവിടെ അന്തിയുറങ്ങാൻ ഇടമുണ്ടാക്കിക്കൊടുത്തത്. അതുകൊണ്ട് നിങ്ങൾ അതിന്റെ കഥയും പറയണ്ട. ഇവിടെ വിദ്യാർത്ഥി സമരത്തിന്റെ ഭാഗമായിട്ട് കൊടിയ പോലീസ് ഭീകരത നടമാടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ ഇപ്പോൾ ജനങ്ങൾ വിളിക്കുന്നത് ഗ്രനേഡ് ചാണ്ടിയെന്നാണ്. മലയാളം വാരിക "ഒരു നരനായാട്ടിന്റെ ബാക്കി പത്രം" എന്നുപറഞ്ഞുകൊണ്ട് എഡിറ്റോറിയൽ എഴുതി. ഇന്ത്യൻ എക്സ്പ്രസ്സിന്റെ വാരിക പറഞ്ഞത് മുദ്രാവാക്യം മുഴക്കിവന്ന പ്രകടനക്കാരെ അങ്ങോട്ട് ചെന്നായിരുന്നു പോലീസുകാർ ആക്രമിച്ചത്. ആ ആക്രമണത്തിൽ ചിതറി ഓടിയവരെ തിരഞ്ഞുപിടിച്ച് തള്ളിയിട്ട് മർദ്ദിച്ചു. വെറും മർദ്ദനമായിരുന്നില്ല, പോലീസുകാർ വളഞ്ഞിട്ട് ചെറുപ്പക്കാരെ അതിക്രൂരമായി അടിച്ചു. നാട്ടിൻപുറത്തൊക്കെ പറയാറുള്ളതുപോലെ ഇഞ്ച തല്ലുന്നതുപോലെ വിദ്യാർത്ഥികളെ നിങ്ങൾ തല്ലിയില്ലേ; വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വന്ന ആളല്ലേ നിങ്ങൾ? ഇഞ്ച തല്ലുന്നതുപോലെ വിദ്യാർത്ഥികളെ നിങ്ങൾ തല്ലിച്ചതച്ചു. 70 ലക്ഷം രൂപ മുടക്കിയാണ് ജല പീരങ്കി വാങ്ങിയിരിക്കുന്നത്. അങ്ങനെ പത്തെണ്ണം വാങ്ങി. അതിന്റെ കമ്മീഷൻ എന്തുചെയ്തു എന്നുള്ളത് ആലോചിച്ചു പോകേണ്ട കാര്യമാണ്. ഇവിടെ ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഇവിടെ പ്രൊഫ. സാവിത്രി ലക്ഷ്മണൻ സംസാരിച്ചപ്പോൾ വിദ്യാർത്ഥി സമരത്തെ വികൃതപ്പെടുത്തിക്കൊണ്ട് ഒരു കാര്യം പറഞ്ഞു. അവർ ഗാന്ധിയൻ ആദർശങ്ങളുള്ള സ്ത്രീയാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. സാവിത്രി ടീച്ചറോട് ചോദിക്കട്ടെ നിങ്ങൾ ഇങ്ങനെ വിലയിരുത്തിയാൽ ***** ..... (ബഹളം)..... (ബഹളം) .....

മി. സ്പീക്കർ : Please take your seat. I will tell. Please..... Please..... ഇവിടെ ഒരു കാര്യം പറയാം. മെമ്പർമാർ ഒരു മിനിട്ട് കേൾക്കണം. നിയമസഭയിലുള്ള ആളുകളെപ്പറ്റിയും, ഇല്ലാത്തവരെപ്പറ്റിയും പലപ്പോഴും പരിധിവിട്ടുപോലും

****** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കാറുണ്ട്. പക്ഷെ നമുക്കെല്ലാവർക്കും ആരാധ്യനായ രാജ്യത്തിന്റെ അഭിമാനത്തിന്റെ പ്രതീകമായ മഹാത്മാഗാന്ധിയെപ്പറ്റി ആളുകളിൽ തെറ്റിദ്ധാരണ വരാവുന്ന ഒരു കാര്യം പറഞ്ഞത് ഏറ്റവും ദൗർഭാഗ്യകരമായിപ്പോയി. അത് രേഖയിൽ കാണുകയില്ല. ..... (ബഹളം) ..... (ബഹളം) ..... അവിശ്വാസപ്രമേയത്തെ നിങ്ങൾക്കുതന്നെ ഭയമായാൽ വിഷമമാണ്. Please go to your seat.

ശ്രീ. മത്തായി ചാക്കോ: ഞാൻ നന്നാക്കിയാണ് പറഞ്ഞത് മോശമായിട്ട് ഒന്നും പറഞ്ഞില്ല..... (ബഹളം) ..... (ബഹളം) .....

മി. സ്പീക്കർ : അതൊന്നും ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. നമ്മുടെ രാഷ്ട്ര നേതാവായിട്ടുള്ള മഹാത്മാഗാന്ധിക്ക് എതിരായിട്ടുള്ള ഒരു പരാമർശവും അനുവദിക്കാൻ പാടില്ല. അങ്ങനെ വല്ല പരാമർശവും നടത്തിയിട്ടുണ്ടെങ്കിൽ അത് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതിനോട് പൂർണ്ണമായും യോജിക്കുകയാണ്. ബഹുമാന്യനായ മത്തായി ചാക്കോ രാഷ്ട്രപിതാവിനെ ഇവിടെ അപഹസിച്ചില്ല. മഹാത്മാഗാന്ധിയെ സംബന്ധിച്ച് പുസ്തകങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങൾ മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. അതിൽ വല്ല തെറ്റും ഉണ്ടെങ്കിൽ .... (ബഹളം).....

മി. സ്പീക്കർ : പ്രതിപക്ഷത്തെ പ്രതിനിധീകരിക്കുന്ന നിങ്ങളുടെ നേതാവ് സംസാരിക്കുമ്പോൾ നിങ്ങൾ അസഹിഷ്ണുത കാണിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കഴിഞ്ഞ ദിവസം പ്രൊഫ. സാവിത്രി ലക്ഷ്മണൻ ഇവിടെ പറഞ്ഞ പരാമർശം യഥാർത്ഥത്തിൽ വളരെയധികം വിഷമമുണ്ടാക്കിയിട്ടുണ്ട്. സമരരംഗത്ത് നിൽക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ അപഹസിക്കുന്ന വിധത്തിലുള്ള ഒരു പ്രസ്താവന ചെയ്തതിനെക്കുറിച്ചാണ് ശ്രീ. മത്തായി ചാക്കോ പറഞ്ഞത്. അദ്ദേഹത്തിന് പറയാനുള്ള കാര്യം ബഹുമാനപ്പെട്ട ചെയർ കേട്ടിട്ട് അതിൽ വല്ല തെറ്റായ കാര്യവുമുണ്ടെങ്കിൽ, ഈ സഭയ്ക്ക് യോജിക്കാത്ത വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യാൻ അങ്ങേയ്ക്ക് അവകാശമുണ്ട്. അത് ചെയ്യുകയാണ് വേണ്ടത്.

മി. സ്പീക്കർ : സാവിത്രി ടീച്ചറുടെ പ്രസംഗത്തെക്കുറിച്ച് നിങ്ങൾ അന്നുതന്നെ പ്രശ്നം ഉന്നയിച്ചു. ഞാൻ അത് പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന ഉറപ്പ് നൽകി. സാവിത്രി ടീച്ചർ പറഞ്ഞത് ആർക്കെങ്കിലും അസുഖകരവും ബുദ്ധിമുട്ടും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന് അതിന്റേതായ വഴി നോക്കാം. പക്ഷേ മഹാത്മാ ഗാന്ധിയെപ്പറ്റി ഈ സന്ദർഭത്തിൽ പറഞ്ഞത് ..... (ബഹളം) ..... (ബഹളം) ..... അതിൽ ആരുടേയും എക്സ്പ്ലനേഷൻ വേണ്ട. ഞാൻ കേട്ടതാണ്. മഹാത്മാഗാന്ധിയെപ്പറ്റി പറഞ്ഞ സന്ദർഭവും അത് പറഞ്ഞ സാഹചര്യവും രീതിയും അനുയോജ്യമല്ല എന്നു കരുതുന്നതുകൊണ്ട് അത് രേഖയിൽനിന്ന് നീക്കം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നു. You must obey by that. ഇതൊക്കെ ആളുകൾ കാണുന്നുണ്ട്... (ബഹളം) .....continue.

ശ്രീ. മത്തായി ചാക്കോ : മഹാത്മാഗാന്ധിയോട് വലിയ ബഹുമാനമുള്ള ആളാണ് ഞാൻ. ഞങ്ങളുടെ പാർട്ടിയും അങ്ങനെയാണ്. ... (ബഹളം)... ഞങ്ങൾ പറഞ്ഞത്, കുട്ടികളുടെ സമരത്തെ മോശമായി ചിത്രീകരിച്ച ടീച്ചർ മഹാത്മാഗാന്ധിയുടെ കാര്യത്തിൽ ഇതുപോലെ വക്രബുദ്ധിയോടെ കാണുമോ എന്ന് ചോദിക്കാൻ മാത്രമേ ഞാൻ ഉദ്ദേശിച്ചുള്ളൂ. ..... (ബഹളം)..... വേറൊന്നും ഞാൻ ഉദ്ദേശിച്ചില്ല. കേരളത്തിലെ വിദ്യാർത്ഥികൾ നടത്തിയിട്ടുള്ള.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : I am on a point of Order. അങ്ങ് റൂളിംഗ് നൽകി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് കൺഫ്യൂഷൻ ഇല്ലാത്ത വിധത്തിൽ ക്ലാരിറ്റിയോടുകൂടി അങ്ങ് റൂളിംഗ് നൽകി. ആ റൂളിംഗിനെ ചോദ്യം ചെയ്യുന്ന രൂപത്തിൽ അക്ഷരാർത്ഥത്തിൽ അതേ ദുരർത്ഥം വരത്തക്ക വിധത്തിൽ വീണ്ടും വളച്ചുകെട്ടി സംസാരിക്കുന്നത് ഓർഡറിൽ ആണോ? അങ്ങ് വീണ്ടും റൂളിംഗ് നൽകണം.

മി. സ്പീക്കർ : ഇതെല്ലാം ജനങ്ങൾ കാണുന്നു. അവർക്ക് ഓരോരുത്തരേപ്പറ്റിയുമുള്ള സ്റ്റാൻഡേർഡ് മനസ്സിലാകും.

ശ്രീ. മത്തായി ചാക്കോ: കേരളത്തിലെ വിദ്യാർത്ഥികൾ കേരളീയ ജനസമൂഹത്തിനുവേണ്ടി നടത്തിയിട്ടുള്ള ഉജ്ജ്വലമായ സമരം ശ്രീ. ഉമ്മൻചാണ്ടിയെപ്പോലെ ഒരു മർദ്ദകന് അടിച്ചൊതുക്കാൻ കഴിയുന്നതല്ല. സർ സി. പി. രാമസ്വാമി അയ്യർ അയാളുടെ കുതിരപ്പട്ടാളത്തെ വച്ചുകൊണ്ട് നോക്കിയിട്ട് തകരാത്ത വിദ്യാർത്ഥി പ്രസ്ഥാനത്തേയും വിദ്യാർത്ഥി പ്രക്ഷോഭണത്തേയും ജനപിന്തുണയില്ലാത്ത ഒരു ഭരണാധികാരിക്ക് ജലപീരങ്കികൊണ്ടും ഗ്രനേഡ് കൊണ്ടും തകർക്കാൻ കഴിയില്ല. ഇത് കേരളത്തിലെ ജനങ്ങളുടെ വികാരമാണ്. എല്ലാംകൊണ്ടും ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട, സഭയുടെ വിശ്വാസം നഷ്ടപ്പെട്ട ഗവൺമെന്റിനെ പത്ത് മാസത്തിനുള്ളിൽ കേരളത്തിലെ ജനങ്ങൾ അടിച്ച് പുറത്താക്കുന്ന കാലം വിദൂരമല്ല എന്നു പറഞ്ഞുകൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ബഹുമാന്യനായ സി. പി. ഐ. (എം)-ന്റെ നിയമസഭാകക്ഷി ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പതിമൂന്ന് അക്കമിട്ട് അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തേയും അദ്ദേഹത്തിന് പിന്തുണനൽകി. ഇന്ന് ശ്രീ. ജയരാജൻ പന്ത്രണ്ട് അക്കമിട്ട് ഉന്നയിച്ച അഴിമതി ആരോപണത്തേയും പിന്നീട് ശ്രീ. മത്തായി ചാക്കോ രണ്ട് അക്കമിട്ട് ഉന്നയിച്ച അഴിമതി ആരോപണത്തേയും ഞാൻ അതിശക്തമായി എതിർക്കുന്നു. അവരുടെ ആരോപണങ്ങളെ അതിശക്തിയായിത്തന്നെ നിഷേധിക്കുന്നു.

* * * * * * * * *

****** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് രേഖയിൽ ഉണ്ടാവില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: ഈ ഗവൺമെന്റിനുള്ള ജനപിന്തുണ നഷ്ടപ്പെട്ടു. നിയമ സഭയിൽ സാങ്കേതിക ഭൂരിപക്ഷം മാത്രമാണ്. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാതദിത്വം നഷ്ടപ്പെട്ടു. രാഷ്ട്രീയരംഗത്തും ഭരണരംഗത്തും അസ്ഥിരത ഉണ്ടായി. യു. ഡി. എഫ്. ഗവൺമെന്റ് മാനിഫെസ്റ്റോ വഗ്ദാനങ്ങൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു തുടങ്ങിയുള്ള കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന്റെ ജനപിന്തുണ നഷ്ടപ്പെട്ടിട്ടില്ല. എവിടെയാണ് ജനപിന്തുണ നഷ്ടപ്പെട്ടത്? എറണാകുളത്ത് ഉപതിരഞ്ഞെടുപ്പ് നടന്നത് പാർലമെന്റിലേക്കാണ്. ഈ നിയമസഭയിലേക്കല്ല. അവിടെ ജനപിന്തുണ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് അവിടെപോയി അന്വേഷിക്കണം. ..... (ബഹളം) ..... ഇവിടെ നിയമസഭയിലെ കാര്യം വേണം പറയാനുള്ളത്. ഈ നിയമസഭയിലെ കാര്യമണ് ശ്രീ.കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്.....(ബഹളം).....കൂത്തുപറമ്പിലും അഴീക്കോടും കഴിഞ്ഞതവണ ജയിച്ചത് ഈ എൽ.ഡി.എഫ്.-കാരാണ്. ഇത്തവണയും അവിടെ തിരഞ്ഞെടുപ്പ് നടന്നപ്പോൾ ജയിച്ചത് ഈ എൽ.ഡി.എഫ്.-കാരാണ്. ഒരു മാറ്റവുമുണ്ടായിട്ടില്ല. പിന്നെ യു.ഡി.എഫ്.-ന്റെ വോട്ടുകൊണ്ട് ജയിച്ച ചില ആളുകൾ ഇപ്പോൾ എൽ.ഡി.എഫ്.-ലേക്ക് ചേക്കേറി. അവർ ചില അപകാശവാദം ഉന്നയിക്കുകയാണ് ചെയ്തത്. പണ്ട് ഒരു പ്യൂണിന് എത്ര ശമ്പളം കിട്ടുമെന്ന് ചോദിച്ചപ്പോൾ പറഞ്ഞു എനിക്കും, ഏമാനുംകൂടി 5000 രൂപ കിട്ടുമെന്ന്. ഏമാന് 4500 രൂപയും, എനിക്ക് 500 രൂപയും. തെരഞ്ഞെടുപ്പ് തുടങ്ങിയ കാലം മുതൽ കൂത്തുപറമ്പിലും, അഴീക്കോട്ടും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി അല്ലാതെ ജയിച്ചിട്ടില്ല. ജയിക്കുകയുമില്ല. അത് എനിക്കും, ശ്രീ. കോടിയേരി ബാലകൃഷ്ണനും ഒക്കെ അറിയാം. ശ്രീ. പി. ജയരാജനെ ജനാധിപത്യത്തിന്റെ ശ്രീകോവിലിലേക്ക് ഏറ്റവും കൂടുതൽ ഭൂരിപക്ഷത്തിൽ ജനങ്ങൾ തെരഞ്ഞെടുത്തയച്ചിട്ട് ദിവസങ്ങളായില്ല. അങ്ങിവിടെ കാട്ടുന്ന കോപ്രായങ്ങൾ ടി.വി-യിലൂടെ അങ്ങയെ തെരഞ്ഞെടുത്ത ജനങ്ങൾ കാണുകയാണ്.....(ബഹളം).....അങ്ങ് ഇവിടെ സ്പീക്കറുടെ അടുത്തേയ്ക്ക് ഓടിക്കയറിയതും, അങ്ങ് ഈ ഭരണകക്ഷി എം. എൽ.എ.-മാരുടെ മുമ്പിലേക്ക് ചാടിക്കയറിയതും ടി.വി.-യിലൂടെ അങ്ങയെ തെരഞ്ഞെടുത്ത ജനങ്ങൾ കാണുന്നു എന്ന സത്യം അങ്ങ് മനസ്സിലാക്കണം.....(ബഹളം).....ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്.....(ബഹളം).....കയ്യൂക്കിന്റെ കേന്ദ്രമല്ലിത്. അടങ്ങിയിരിക്കണം.....(ബഹളം).....ഇവിടെ കോപ്രായങ്ങളൊന്നും കാണിക്കാൻ പാടില്ല. മലബാറിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും, കൂത്തുപറമ്പിലും അഴീക്കോട്ടും ഒക്കെ നടക്കുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് നല്ല ബോധ്യം ഉള്ള ആളുകളാണ് നമ്മളൊക്കെ. ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാം എങ്ങനെയാണ് തലശ്ശേരിയിൽതെരഞ്ഞെടുപ്പ് നടക്കുന്നത് എന്ന്. എന്റെ ഭാര്യവീടും തലശ്ശേരിയിലാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമല്ലോ?.....(ബഹളം)..... അപ്പോൾ ആ പ്രദേശവും, അവിടത്തെ ആളുകളെയുമൊക്കെ എനിക്ക് നന്നായി അറിയാം.....(ബഹളം).....എനിക്കവിടെയുള്ള മാർക്സിസ്റ്റുകാരെ ശരിക്കറിയാം. ശ്രീ. പി. ജയരാജനേയും അറിയാം. അതുകൊണ്ട് എന്നെ പഠിപ്പിക്കണ്ട. നിങ്ങൾ ജയിച്ചു എന്ന് ഞാൻ സമ്മതിച്ചു. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ജനപിൻതുണ നഷ്ടപ്പെട്ടിട്ടില്ല എന്നും ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ ഞങ്ങളുടെ ജനപിൻതുണയും നഷ്ടപ്പെട്ടിട്ടില്ല. ഇവിടെ മന്ത്രിസഭയ്ക്ക് ഒരു കുഴപ്പവുമില്ല. യാതൊരു തകരാറുമില്ല. ഒരു പ്രശ്നവും ഇല്ല. നിങ്ങളുടെ 1967-ലെ ഭരണ കാലത്ത് 49 എം. എൽ. എ.-മാർ നിങ്ങളുടെ മുന്നണി വിട്ടുപോയിട്ടുണ്ട്. ഞങ്ങളുടെ 9 എം: എൽ. എ.-മാരെ പോയിട്ടുള്ളു. 9-ഉം, 4-ഉം. അങ്ങനെ 13 പേർ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അവിശ്വാസ പ്രമേയത്തിന്റെ അക്കവും, ഞങ്ങളിൽനിന്ന് വിട്ടുപോയ ആളുകളുടെ എണ്ണവും ഒന്നുതന്നെയാണ്. അന്ന് നിങ്ങളിൽനിന്ന് വിട്ടുപോയ അംഗങ്ങളുടെ എണ്ണം 49 ആയിരുന്നു.....(ബഹളം).....അന്ന് ടി. കെ. ദിവാകരൻ പറഞ്ഞത് ഈ ഘട്ടത്തിൽ ഞാൻ വായിക്കട്ടെ. ഈ ഘട്ടത്തിലും ഘടകകക്ഷികളുടെ അഭിപ്രായങ്ങൾ ആദരിക്കുകയോ, ആദരിക്കുവാനല്ല മറിച്ച് ഐക്യമുന്നണിയെ പൊളിക്കുവാനും ഘടകകക്ഷികളുടെ മന്ത്രിമാർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുവാനുമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചത്. 49 എം. എൽ.എ.-മാർ വെല്ലിംഗ്ടന്റെ പേരിൽ അന്വേഷണം നടത്തണ മെന്ന് ആഭ്യന്തരവകുപ്പ് മന്ത്രിയോടാവശ്യപ്പെട്ടതിനാണ് ഞങ്ങൾക്കെതിരെ ഈ കോലാഹലങ്ങൾ നടത്തുന്നത് എന്ന് ടി.കെ. ദിവാകരൻ പറഞ്ഞിട്ടുണ്ട്. ഞാൻ അദ്ദേഹം പറഞ്ഞ ഒരു കാര്യം കൂടി വായിക്കാം. കേരളത്തിലെ ജനങ്ങൾ നിലവിളക്കും, നിറപറയുമായി കെട്ടിത്തന്ന ഐക്യമുന്നണി വരാംഗിയെ, കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി എന്ന കുലടയെ കാമിച്ച് കൊന്നിരിക്കുന്നു. ഞാൻ അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സി.പി.ഐ. നേതാവിന്റെ ശ്രദ്ധയ്ക്ക് ടി.വി. തോമസ് പറഞ്ഞ കാര്യം ഒന്ന് വായിക്കട്ടെ. ഈ രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾ വമ്പിച്ച വില കൊടുത്ത് കൊട്ടിപ്പടുത്ത ഐക്യമുന്നണി സൗധം തകർത്തുകളഞ്ഞു. ചില പ്രേതബാധ മന്ത്രവാദകഥകൾ കേട്ടിട്ടുണ്ട്. ക്രൂരനായ പ്രേതത്തെ ശരീരത്തിൽനിന്ന് ഒഴിപ്പിക്കുമ്പോൾ ഒഴിയുകയും, പോകുന്ന പോക്കിന് പുരയുടെ മേൽക്കൂര പൊളിച്ചുകൊണ്ടുപോകുകയും ചെയ്യുമെന്ന്. അതുപോലെ ഐക്യമുന്നണി സൗധത്തിലെ മേൽക്കൂരപോലും പൊളിച്ചുകൊണ്ടുപോകുകയാണ് ചെയ്തത്. ഏതായാലും ഒരു ആശ്വാസം അടിത്തറ അവശേഷിച്ചിട്ടുണ്ട്. ഇവിടത്തെ ജനങ്ങൾ അത് കെട്ടിപ്പടുത്തുകൊള്ളുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. ടി.വി. തോമസ് പറഞ്ഞതാണ്. അദ്ദേഹം ഒരു കാര്യംകൂടി മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതുംകൂടി വായിക്കാം. എനിക്കെതിരായിക്കൊണ്ടുവന്ന അഴിമതിയാരോപണങ്ങൾ എന്റെ രാഷ്ട്രീയ ജീവിതത്തിൽ എനിക്ക് കിട്ടിയ വീരശൃംഖലയാണ്. ഞാൻ അതിൽ അഭിമാനം കൊള്ളുന്നു. ഞാൻ കേരളത്തിനുവേണ്ടി പ്രവർത്തിച്ചു. മാർക്സിസ്റ്റുകാരും, മുഖ്യമന്ത്രിയും അതിനെതിരായി പ്രവർത്തിച്ചു. ഒരു സ്റ്റീൽ പ്ലാന്റ് നമുക്ക് വേണ്ടെന്ന് വാദിച്ചിട്ട് അത് വേണമെന്ന് പറയുന്നവനെ തേജോവധം ചെയ്യുന്ന മാർസിസ്റ്റുപാർട്ടി കേരളത്തെ സ്നേഹിക്കുന്നുണ്ടോ? സ്നേഹിതന്മാരെ ഒന്ന് ആലോചിക്കൂ, മാർക്സിസ്റ്റുകാരെ കേർളത്തിൽ ആരെങ്കിലും സ്നഹിക്കുന്നെങ്കിൽ അവർ വിഡ്ഢി കളുടെ സ്വർഗ്ഗത്തിലാണ്. അടുത്ത വാചകംകൂടി വായിക്കാം. ഞാൻ ഇതു പറയുമ്പോൾ ചില ആളുകൾ ചിരിക്കുന്നുണ്ട്. പ്രശസ്തനായ ഒരു പേർഷ്യൻ കവി അൽ അബൂഹസ്സൻ ലോകം പൊറുക്കാത്ത ചില പാപങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. മൂഢന് വയർ നിറഞ്ഞുകഴിഞ്ഞാലുള്ള സ്ഥിതി ലോകം സഹിക്കുകയില്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞിട്ടുള്ളത്. (സഭയിൽ ചിരി) ഇതുപോലെ അദ്ദേഹം പലതും പറയുന്നുണ്ട്. മാർക്സിസ്റ്റുകാരുടെ ചിരി മൂഢന് വയർ നിറഞ്ഞാലുള്ള ചിരി പോലെയാണെന്നാണ് ടി.വി. തോമസ് പറഞ്ഞിട്ടുള്ളത്. വ്യവസായ രംഗത്ത് മാറ്റങ്ങൾ വരുത്താൻ കേരളത്തിൽ സ്റ്റീൽ പ്ലാന്റ് പോലുള്ള വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അതിനെത്തകർക്കാൻ മാർക്സിസ്റ്റുപാർട്ടി നടത്തിയ ശ്രമങ്ങളെക്കുറിച്ച് ടി. വി. തോമസ് ഇതിൽ പറഞ്ഞിട്ടുണ്ട്. അതുപോലെയാണ് ഇപ്പോൾ സ്മാർട്ട്സിറ്റി പോലുള്ള കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള പദ്ധതി കൊണ്ടുവരുമ്പോൾ മാർക്സിസ്റ്റുകാർ അത് തകർക്കാൻ ശ്രമിക്കുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതൊന്നും കാണുമ്പോൾ ഞങ്ങൾക്ക് അത്ഭുതമില്ല. നിങ്ങളുടെ പാരമ്പര്യത്തെക്കുറിച്ച് നിങ്ങളുടെ നേതാക്കന്മാർ, എം.എൻ. ഗോവിന്ദൻ നായരൊക്കെ പറഞ്ഞിട്ടുണ്ടോ ഇല്ലയോ, ഞാൻ വായിക്കുന്നില്ല. എന്റെ സമയം പോകുമെന്നുള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല.....(ബഹളം)..... അതുകൊണ്ട് ഇവിടെ ഒരു കുഴപ്പവും ഇല്ല. ഇവിടെ ജനപിന്തുണക്ക് ഒരു കുഴപ്പവുമില്ല. മന്ത്രിമാർ തമ്മിൽ ഒരു അഭിപ്രായ വ്യത്യാസവുമില്ല. ഭരണത്തിൽ ഒരു കുഴപ്പവുമില്ല. പ്രകടനപത്രിക അനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്നും ക്രമസമാധാനനില പരാജയമാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ ചോദിക്കട്ടെ, അന്തരിച്ച സഖാവ് ഇ. കെ. നായനാരുടെ ഭരണ കാലത്ത് നമ്മുടെ നാടിന്റെ സ്ഥിതിയെന്തായിരുന്നു? ക്രമസമാധാനനില എന്തായിരുന്നു? ശ്രീ. കോടിയേരി ഒന്ന് ആലോചിക്കണം. കണ്ണൂർ ജില്ലയിലെ സ്ഥിതിയെന്തായിരുന്നു? തലശ്ശേരിയിലെ സ്ഥിതിയെന്തായിരുന്നു? അങ്ങയുടെ നിയോജകമണ്ഡലത്തിൽ 144 പ്രഖ്യാപിക്കാത്ത ഏതെങ്കിലും സമയമുണ്ടായിരുന്നോ?

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: എൽ. ഡി. എഫ്. ഭരണകാലത്ത് ഒരു ദിവസം പോലും തലശ്ശേരി നിയോജകമണ്ഡലത്തിൽ 144 പ്രഖ്യാപിച്ചിട്ടില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: അങ്ങേയ്ക്ക് ഓർമ്മയില്ലാഞ്ഞിട്ടാണ്. 1980-ലെ ഭരണ കാലത്ത് 144 ലംഘിച്ച് രാജ്ഭവൻ മാർച്ച് നടത്തിയ ആളാണ് ഞാൻ. അന്ന് ക്രമസമാധാനനില അപകടത്തിലായിരുന്നതുകൊണ്ട് തോക്കിന് ലൈസൻസ് ചോദിച്ചയാളാണ് അന്ന് നിങ്ങളുടെ പാർട്ടി സെക്രട്ടറി ആയിരുന്ന ശ്രീ. എം. വി. രാഘവൻ. കഴിഞ്ഞ 1996-2001 കാലത്ത് പിഞ്ചോമനകളുടെ മുൻപിൽ സ്കൂളിന്റെ അകത്തുകയറി അദ്ധ്യാപകനെ വെട്ടിക്കൊന്നത്, അഞ്ചും ആറും ആളുകളെ വീതം കണ്ണൂരും കാസർഗോഡും കൊന്നുകൊണ്ടിരുന്നില്ലേ, അന്നത്തെ ക്രമസമാധാനനില ഭദ്രമായിരുന്നതുകൊണ്ടല്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടക്കാൻ പോകുമ്പോൾ പോലും 25 വണ്ടി പോലീസും ഒരു വണ്ടി പട്ടിയും ഒരു ആംബുലൻസ് വാനും അദ്ദേഹത്തെ അനുഗമിച്ചിരുന്നത്? ക്രമസമാധാനനില ഭദ്രമായതുകൊണ്ടല്ലേ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനെ 'Z' ഗ്രൂപ്പിൽപ്പെടുത്തി കരിമ്പൂച്ചകളുടെ സംരക്ഷണം കൊടുത്തിരുന്നത്. ഇന്ന് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് ഇവിടെ ഭരിക്കുമ്പോൾ ശ്രീ. പിണറായി വിജയന് എവിടെയെങ്കിലും സഞ്ചരിക്കണമെങ്കിൽ ഒരു പോലീസുകാരന്റെ പോലും അകമ്പടി വേണ്ടല്ലോ. നിങ്ങൾക്കാർക്കെങ്കിലും പോലീസ് സംരക്ഷണം വേണോ? ഇന്ന് ഞങ്ങളുടെ മുഖ്യമന്ത്രി നടക്കുന്നത് അന്നത്തെപ്പോലെ 25 വണ്ടി പോലീസും ഒരു വണ്ടി പട്ടിയും, ആംബുലൻസുമായിട്ടാണോ? .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

അന്ന് സ്ത്രീകൾ വണ്ടിയിൽ കയറിയാൽ സാരി നനയുമായിരുന്നില്ലേ? കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്തിരുന്ന ഒരു സ്ത്രീ ബസിൽ കയറി സാരി നനഞ്ഞിട്ട് അത് ടെസ്റ്റിന് അയക്കേണ്ടി വന്ന സംഭവം ഓർമ്മയിലില്ലേ? ഈ രാജ്യത്ത് സ്ത്രീകൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയുമായിരുന്നോ? എന്തായിരുന്നു അന്നത്തെ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പ് മാർക്സിസ്റ്റ് പാർട്ടി കൈകാര്യം ചെയ്തിരുന്നപ്പോൾ രാജ്യത്തെ ക്രമസമാധാനനില? അതറിയാൻ അന്നത്തെ മുഖ്യമന്ത്രിയുടെയും പാർട്ടിസെക്രട്ടറിയുടെയും അവസ്ഥ മാത്രം പരിശോധിച്ചാൽ മതി. അന്ന് കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും നടന്നിട്ടുള്ള കൊലപാതകങ്ങളുടെ കണക്ക് എടുത്താൽ മതി. ഇന്ന് നമ്മുടെ രാജ്യം ശാന്തമാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞില്ലേ, കണ്ണൂരിൽ ഒറ്റ സ്ത്രീപീഡനക്കേസ് ഉണ്ടാകുന്നില്ലയെന്ന്. ശാന്തമാണവിടെ. ഇന്ന് സ്ത്രീകൾക്ക് സുരക്ഷിതത്വമുണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത്. ശ്രീമതി ടീച്ചർ സർട്ടിഫിക്കറ്റ് തന്നു. കണ്ണൂർ ജില്ലയിൽ ക്രമസമാധാനനില ഭദ്രമാണെന്ന് ശ്രീമതി ടീച്ചർ സർട്ടിഫൈ ചെയ്തിരിക്കുകയാണ്. ഇവിടെ ക്രമസമാധാനനിലയുടെ കാര്യത്തിൽ ഒരു കുഴപ്പവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കണ്ണൂർ ജില്ലയിലെ ക്രമസമാധാനനില മെച്ചപ്പെട്ടുവെന്ന് പറഞ്ഞതുകൊണ്ട് പറയുകയാണ്. കണ്ണൂർ ജില്ലയിൽ ആണ് പുന്നാട് പള്ളിക്കകത്തു കയറി അഷറഫ് എന്നയാളെ വെട്ടിക്കൊന്നത്. മുഹമ്മദിനെ കൊന്നു, മറ്റൊരാളേയും കൊന്നു. മാറാട് കലാപമുണ്ടായി, തെക്കയ് കടപ്പുറത്ത് കലാപമുണ്ടായി 18 ആളുകൾ വർഗ്ഗീയ ലഹളയിൽ മരിച്ചിട്ടും ക്രമസമാധാനനില മെച്ചമാണെന്ന് പറയാൻ ശ്രീ. മുസ്തഫയ്ക്കല്ലാതെ ആർക്കു കഴിയും?

ശ്രീ. ടി. എച്ച്. മുസ്തഫ: ആകെ ഒരു അഷറഫിനെയാണ് ഈ നാലുകൊല്ലത്തിനിടെ കണ്ടുകിട്ടിയത്. ദിവസത്തിൽ നാലഞ്ചാളുകൾ മരിച്ചിരുന്ന സംഭവങ്ങളും, സ്കൂളിൽ കയറി പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകനെ വെട്ടിക്കൊല്ലുന്ന സംഭവങ്ങളും ഒക്കെ നടന്ന സ്ഥലത്തല്ലേ ഒരു അഷറഫിനെ ഈ നാലുകൊല്ലത്തിനിടയ്ക്ക് വെട്ടിക്കൊന്നു എന്ന് നിങ്ങൾ പറയുന്നത്. ഇതുമായി വല്ല ബന്ധവുമുണ്ടോ? നിങ്ങളുടെ കാലത്ത് ഉണ്ടാക്കിയ ചില വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ട്. നിങ്ങൾ തഴച്ചുവളർത്തുന്ന വർഗ്ഗീയ സംഘടനകൾ ഉണ്ട്. കോഴിക്കോട് തീരപ്രദേശത്തെ അക്രമത്തെക്കുറിച്ചൊക്കെ അന്വേഷിക്കുന്നുണ്ടല്ലോ, റിപ്പോർട്ട് പുറത്തുവരട്ടെ, ആരാണിതിനെയൊക്കെ വളർത്തിയത്, സഹായിച്ചത് എന്നൊക്കെ പുറത്തുവരും. നേരം വെളുക്കുമ്പോൾ രാത്രിയിൽ കട്ട കള്ളൻമാരെക്കുറിച്ചുള്ള കഥ പുറത്തുവരുമെന്നുള്ളതുകൊണ്ട് അതിലേക്ക് ഇപ്പോൾ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പെൺകുട്ടികളെ ഗ്രനേഡ് എറിഞ്ഞെന്ന് ശ്രീമതി ടീച്ചർ പറഞ്ഞു. ആദ്യമായി രണ്ടു സ്ത്രീകളെ, മൂന്നാറിലെ തോട്ടം തൊഴിലാളിയായിരുന്ന പപ്പമ്മാളുടെ നേർക്ക് നിറതോക്കൊഴിച്ചത് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്തല്ലേ? പാവപ്പെട്ട മത്സ്യത്തൊഴിലാളിയായിരുന്ന, ഗർഭിണിയായ ഫ്ളോറിയുടെ നേരെ നിറതോക്കൊഴിച്ചതും ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിന്റെ കാലത്തായിരുന്നു. അങ്കമാലിയിൽ പെട്രോൾമാക്സും ചുമന്ന് മൗന ജാഥ നടത്തിയവർക്കുനേരെ വെടിവച്ച് ഏഴു കർഷകത്തൊഴിലാളികളെ കൊന്നത് ആ കമ്മ്യൂണിസ്റ്റ് ഗവൺമെന്റായിരുന്നു. അന്ന് ഈ സെക്രട്ടേറിയറ്റിന്റെ മുൻപിൽ നാലു ഗേറ്റുകളും സ്തംഭിപ്പിച്ചു എന്ന് പറഞ്ഞ്, സമരം നടത്തിയ അദ്ധ്യാപകർക്ക് നേരെ

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ.-മാരായ ആളുകൾക്കുനേരെ ലാത്തിച്ചാർജ് ചെയ്ത് അവർ രക്തം ചൊരിപ്പിച്ച് ഇവിടെ കയറി വന്നപ്പോൾ അന്നത്തെ ആഭ്യന്തര മന്ത്രികൂടിയായിരുന്ന മുഖ്യമന്ത്രി ഇ. എം. എസ്. പറഞ്ഞത് നിയമസഭാ രേഖയിലുണ്ട്. സെക്രട്ടേറിയറ്റ് പോലെയുള്ള ഉന്നതമായ സ്ഥലങ്ങളിൽ അനധികൃതമായി തള്ളിക്കയറുകയും സെക്രട്ടേറിയറ്റ് ജീവനക്കാരെ സെക്രട്ടേറിയറ്റിൽ പ്രവേശിപ്പിക്കാതെ അവരെ തടഞ്ഞു വയ്ക്കുകയും ചെയ്താൽ അവരെ നേരിടേണ്ട ബാദ്ധ്യത പോലീസിനുണ്ട്. പോലീസുകാരെ ആക്രമിച്ചാൽ, അവരെ മർദ്ദനം ഏൽപ്പിച്ചാൽ അവരുടെ കയ്യിലുള്ള ലാത്തി ഓടക്കുഴലൂതാനല്ല അത് അടിക്കാനുള്ളതാണ്, അടിക്കുകതന്നെ ചെയ്യും എന്ന് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. സഭയുടെ നടപടിക്രമത്തിലതുണ്ടാകും. അന്നത്തെ ആഭ്യന്തരമന്ത്രി പറഞ്ഞതാണ്. ഭരണം അങ്ങോട്ടുമിങ്ങോട്ടും മാറിവരും. പോലീസിനെ അങ്ങോട്ടുമിങ്ങോട്ടും കൈകാര്യം ചെയ്യും. ഓരോ പോലീസുകാരന്റെയും ലാത്തിയുടെയും തോക്കിന്റെയും പുറകേ പോകാൻ ആഭ്യന്തരമന്ത്രിക്കും മുഖ്യമന്ത്രിക്കും കഴിയുകയില്ല. സാഹചര്യങ്ങളാണ് പോലീസുകാരെ പലതിനും പ്രേരിപ്പിക്കുന്നത്. എന്താണ് ഇന്നത്തെ സമരത്തിന്റെ സ്ഥിതി? പോലീസുകാരുടെ ബാരിക്കേഡിൽ ചവിട്ടുകയും അവരുടെ നേർക്ക് പെട്രോൾ ബോംബെറിയുകയും അവരെ ആക്രമിക്കുകയും ചെയ്യുകയല്ലേ ഇപ്പോഴത്തെ രീതി. പോലീസുകാരും മനുഷ്യരല്ലേ? നമ്മുടെ കുടുംബങ്ങളിൽനിന്ന് പോകുന്നവരല്ലേ? അവരെ ആക്രമിച്ചാൽ അവരും തിരിച്ചാക്രമിക്കും. നമ്മളെ ആരെങ്കിലും ആക്രമിച്ചാൽ ഉള്ള ശക്തി മുഴുവൻ എടുത്ത് തിരിച്ചാക്രമിക്കില്ലേ? അത് പോലീസുകാർക്കും ബാധകമല്ലേ? അതിന് ആഭ്യന്തരമന്ത്രിക്കോ മുഖ്യമന്ത്രിക്കോ എന്തെങ്കിലും ചെയ്യാൻ പറ്റുമോ? മേലേ വേദനിക്കുന്നവൻ തിരിച്ച് വേദനിപ്പിക്കുകതന്നെ ചെയ്യും. ആ കാര്യത്തിൽ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഈ വക വൃത്തികേടുകൾക്ക് പോകാതിരിക്കുക. സമരത്തിന്റെ പഴയ മാതൃകയിലേക്ക് നമുക്ക് തിരിച്ചുപോകാം. കബീർമാഷേ, നമ്മളൊക്കെ സമരംചെയ്ത പഴയ മാതൃകയിലേക്ക് പോകാം. പോലീസുമായി ഏറ്റുമുട്ടലിന് പോകാതിരിക്കാം, സമരം ചെയ്യാം, അക്രമത്തിന്റെ മാർഗ്ഗം ഉപേക്ഷിക്കാം, കത്തിക്കുന്ന മാർഗ്ഗം ഉപേക്ഷിക്കാം, പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത ഉപേക്ഷിക്കാം. അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെയും ഭാര്യയെയും കുട്ടികളെയും പുറത്തിറങ്ങാൻ അനുവദിക്കാതെ അദ്ദേഹത്തിന്റെ കാറിന് തീവയ്ക്കാൻവരെ പോകുന്ന സ്ഥിതിവിശേഷം നമുക്ക് അനുവദിക്കാൻ പാടില്ല. നിങ്ങളുടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കാർ കത്തിച്ചു, അദ്ദേഹം മോഹാലസ്യപ്പെട്ട് കാറിൽനിന്ന് ഇറങ്ങിയോടി, തൈക്കാട് ഗസ്റ്റ്ഹൗസിനടുത്താണ്. ആരാണ് കാറിൽ ഇരിക്കുന്നതെന്നറിയാതെ കാർ കത്തിക്കാമോ? ഒരുപക്ഷേ നിങ്ങളായിരിക്കും കാറിൽ ഇരിക്കുന്നത്. കാർ കത്തിക്കാൻ വരുന്നവർക്ക് എം.എൽ.എ.-മാരെയെല്ലാം അറിയണമെന്നുണ്ടോ? അതുപോലെ എം.എൽ.എ.-മാരെയും ചെയ്യും. അത്തരം അക്രമ സമരങ്ങൾ നമ്മൾ പ്രോൽസാഹിപ്പിക്കരുത്. അത് വേണ്ടെന്ന് വയ്ക്കണം. അപ്പോൾ ക്രമസമാധാനനില ഭദ്രമാകും. ഇവിടെ ഒരുപാട് വികസനപ്രവർത്തനങ്ങൾ നടന്നു. നമ്മുടെ കാർഷിക മേഖല ഭദ്രമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റബ്ബറിന് 20 രൂപയായിരുന്നു വില. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന്റെ വില അറുപത്തിരണ്ടര രൂപയാണ്. നാളികേരത്തിന്റെ വില എന്തായിരുന്നു എന്നറിയാമോ? രണ്ട് രൂപ. ഇന്ന് നാളികേരത്തിന്റെ വില എട്ട് രൂപയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നെല്ലിന് തറവില നിശ്ചയിച്ചുകൊടുത്തത് 450 രൂപയാണ്. ഇന്ന് ഈ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി 700 മുതൽ 750 രൂപ വരെ വച്ച് നെല്ലെടുത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിയാക്കി നമ്മുടെ റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നു. നെൽ കർഷകരെ സഹായിക്കാൻ വേണ്ടിയാണ്. പതിനെട്ടരകോടി രൂപ നെൽ കർഷകർക്ക് ഈ ഗവൺമെന്റ് കൊടുത്തു. ഇന്നോളം ഏതെങ്കിലും ഗവൺമെന്റ് ഇതുപോലെ കൊടുത്തിട്ടുണ്ടോ? മുൻ എന്തിനാണ് വില എന്തായിരുന്നു? കിലോഗ്രാമിന് ആറ് രൂപയായിരുന്നു. ഇന്ന് 16 രൂപ. തേയില, കാപ്പി, കുരുമുളക്, അടയ്ക്ക എന്നിവയുടെ വിലത്തകർച്ചയിൽനിന്ന് രക്ഷിക്കാൻ ഈ ഗവൺമെന്റ് എടുത്ത നടപടികൾ നിങ്ങൾക്കൊക്കെ ബോധ്യമുണ്ടെന്ന് എനിക്കറിയാം. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ആരോഗ്യമേഖലയിൽ 201 പി.എച്ച്. സെന്ററുകളിൽ ഈ ഗവൺമെന്റ് വന്നശേഷം കിടത്തി ചികിത്സ നടത്താൻ തീരുമാനിച്ചു. അതിനുവേണ്ടി 335 ഡോക്ടർമാരടക്കം 1200 തസ്തികകൾ സൃഷ്ടിച്ചു. 201 പി. എച്ച്. സെന്ററുകൾ എന്നു പറയുമ്പോൾ ഒരു നിയോജകമണ്ഡലത്തിൽ ഒന്നിൽക്കൂടുതലായി. 335 ഡോക്ടർമാരടക്കം 1200 തസ്തികകൾ സൃഷ്ടിച്ച ഒരു ഗവൺമെന്റാണിത്. താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കിടക്കകൾ വർദ്ധിപ്പിച്ചു. അവിടെ മൂല്യവത് സ്റ്റാഫിനെ വച്ചു. അവിടെ മൂല്യവത് ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തി. പുതിയതായി സ്വാശ്രയമേഖലയിൽ എട്ട് മെഡിക്കൽ കോളേജുകളും പത്ത് ആയുർവ്വേദ മെഡിക്കൽ കോളേജുകളും ഏഴ് ദന്തൽ കോളേജുകളും ഒരു സിദ്ധ മെഡിക്കൽ കോളേജും 68 നഴ്സിംഗ് സ്കൂളുകളും 24 പാരാ മെഡിക്കൽ കോളേജുകളും സ്ഥാപിച്ചു. 75 എൻജിനീയറിംഗ് കോളേജുകൾ തുടങ്ങി. അനവധി ബി. എഡ്. കോളേജുകളും ഗവൺമെന്റ് സെക്ടറിൽ തുടങ്ങി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ലസ്ടു അനുവദിച്ചില്ല. എയ്ഡഡ് മേഖലയിലാണ് പ്ലസ്ടു അനുവദിച്ചത്. ഈ ഗവൺമെന്റ്, ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ലസ്ടു തുടങ്ങി. മൂന്നാം ക്ലാസ് മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തി. നിങ്ങൾ ഇവിടെ പറയുന്നതുകേട്ടാൽ പലതും വിറ്റു, ഫീസ് കൊടുക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല, പരീക്ഷയ്ക്ക് പോയവർക്ക് സെലക്ഷൻ കിട്ടിയിട്ടില്ല എന്നൊക്കെയാണല്ലോ. ഇവരൊക്കെ എവിടെയാണ് ഇതുവരെ പഠിച്ചിരുന്നത്? ഇവിടെയുള്ള ഒരു മെഡിക്കൽ കോളേജിലും ഒരു സീറ്റുപോലും കുറച്ചിട്ടില്ല. കൂട്ടിയതേയുള്ളൂ. എൻജിനീയറിംഗ് കോളേജുകളിലും ഒരു സീറ്റും കുറച്ചിട്ടില്ല. സീറ്റുകൾ കൂടി. സർക്കാർ കോളേജുകളിൽ എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും കൂട്ടിയതല്ലാതെ കുറച്ചിട്ടില്ല. തമിഴ്നാട്ടിലും, കർണ്ണാടകത്തിലും മഹാരാഷ്ട്രയിലും പോയി പഠിച്ചിരുന്ന പാവപ്പെട്ടവൻ കൊടുത്തിരുന്ന ലക്ഷക്കണക്കിന് രൂപ, എല്ലാം വിറ്റ് അവിടെ പോയി പഠിച്ചിരുന്നവർക്ക്, അവിടെ 25 ലക്ഷം രൂപ കൊടുത്ത് എം.ബി.ബി.എസ്.-ന് അഡ്മിഷൻ വാങ്ങിച്ചവർക്ക് ഇവിടെ 5 ലക്ഷം രൂപയ്ക്ക് കിട്ടാനുള്ള അവസരം മുണ്ടാക്കിയത് തെറ്റാണോ? അവിടെ എം.ഡി.-ക്ക് അഡ്മിഷൻ കിട്ടണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

50 ലക്ഷം രൂപ കൊടുക്കണമായിരുന്നു. ഇവിടെ 15 ലക്ഷം രൂപ കൊടുത്താൽ കിട്ടാൻ സൗകര്യമുണ്ടാക്കിയത് തെറ്റാണോ? ഇവിടെയുണ്ടായിരുന്ന ഒരു സൗകര്യങ്ങളും നിർത്താതെ, ആ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട്, അതിന് പുറമെയാണ് ഇതുണ്ടാക്കിയത്. ആരെയാണ് ഇവിടെ ഉപദ്രവിച്ചത്? ആരുടെ വിദ്യാഭ്യാസ സൗകര്യമാണ് ഇവിടെ തടസ്സപ്പെടുത്തിയത്? ആർക്കാണ് അവസരം നിഷേധിച്ചത്? അവസരം നിഷേധിച്ചു—കർണ്ണാടകത്തിൽ പോയിപഠിച്ചിരുന്നവരുടെ അവസരം നിഷേധിച്ചു. മഹാരാഷ്ട്രയിൽ പോയിപഠിച്ചിരുന്നവരുടെ അവസരം നിഷേധിച്ചു. തമിഴ്നാട്ടിൽ പോയി പഠിച്ചിരുന്നവരുടെ അവസരം നിഷേധിച്ചു. അവരുടെ അവസരം നിഷേധിച്ചപ്പോൾ അവരുടെ ഏജന്റുമാരായ ഇവർക്ക് കുഴപ്പമുണ്ടായി. അതിനാണ് ഇവർ സമരം നടത്തുന്നത്. ഇവിടെ ഒന്നും ചെയ്യാതെ, ഇവിടെ അഡ്മിഷൻ കിട്ടാതെ അവരെയൊക്കെ വീണ്ടും കർണ്ണാടകത്തിലും തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും അയയ്ക്കാൻവേണ്ടിയാണ് ഇവർ സമരം നടത്തിയത്. അല്ലാതെ ഇവിടത്തെ കാര്യത്തിനല്ല. ലജ്ജാവഹമേ, ഇവരുടെ പേരോ മാർക്സിസ്റ്റ് പാർട്ടി? ഇവർ പാവപ്പെട്ടവർക്കും കേരളീയർക്കും വേണ്ടിയാണോ പ്രവർത്തിക്കുന്നത്? ഏത് മേഖലയെടുത്താലും വമ്പിച്ച പുരോഗതി 5 കൊല്ലക്കാലംകൊണ്ട് ഉണ്ടാക്കാൻ കഴിഞ്ഞു. വൈദ്യുതി മേഖലയിൽ പവർകട്ട് ഇല്ല, ലോഡ് ഷെഡ്ഡിംഗ് ഇല്ല. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കാൻ പറഞ്ഞിരിക്കുന്നു. ഇതുപോലെ ചെയ്ത ഒരു ഗവൺമെന്റുണ്ടോ?

മി. സ്പീക്കർ : പ്ലീസ്.....അങ്ങയുടെ സമയം കഴിഞ്ഞു....

ശ്രീ. ടി. എച്ച്. മുസ്തഫ : ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികൾ പുനരുദ്ധരിക്കാൻ കാനഡ കമ്പനിയിൽനിന്ന് ധനസഹായം ലഭ്യമാക്കിയതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഞങ്ങളാരും ഒരാരോപണവും ഉന്നയിച്ചിട്ടില്ല. ശ്രീ. പിണറായി വിജയനെക്കുറിച്ചോ മാർക്സിസ്റ്റുകാരെക്കുറിച്ചോ ഒരാരോപണവും ഇതുവരെ ഉന്നയിച്ചിട്ടില്ല. ഉന്നയിക്കുകയുമില്ല. സി.എ.ജി.-യുടെ റിപ്പോർട്ടിൽ 374 കോടി രൂപയുടെ നഷ്ടം എസ്.എൻ.സി. ലാവ്‌ലിൻ വഴി.....(ബഹളം).....നഷ്ടം വരുത്തിയിരിക്കുന്നു എന്ന്.....

ശ്രീ. എം. വി. ജയരാജൻ : ഈ വാർത്ത എവിടെനിന്ന് കിട്ടി?

ശ്രീ. ടി. എച്ച്. മുസ്തഫ : പത്രവാർത്തയാണ്. മുഴുവൻ പത്ര കട്ടിംഗ്സും ഉണ്ട്. 374 കോടി രൂപയുടെ നഷ്ടം വരുത്തി എന്ന്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുസ്തഫ സി. & എ. ജി.-യുടെ റിപ്പോർട്ടിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസാരിക്കുകയാണ്. പാമോയിൽ പ്രശ്നം സംബന്ധിച്ച സി. & എ.ജി. റിപ്പോർട്ട് വന്നപ്പോൾ ശ്രീ. മുസ്തഫ പറഞ്ഞത്, ഏതാണ് ഈ സി.& എ.ജി.? സി.& എ.ജി. എന്നുപറഞ്ഞാൽ എ.കെ.ജി.-യുടെ അനിയനാണെന്ന് പറഞ്ഞ് തടിതപ്പിയ ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ .അങ്ങനെയൊക്കെ ചില ഗുണങ്ങൾ എനിക്ക് ചെയ്തുതരും. ഇതുപോലെ സി. ആന്റ് എ. ജി. റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് പാമോയിൽ കേസിൽ 17 കോടി രൂപ ലാഭമുണ്ടാക്കിയിട്ടും, അതിന്റെ കരാറുണ്ടാക്കിയപ്പോൾ, കരാറുണ്ടാക്കിയ ദിവസത്തെ വില നിശ്ചയിക്കാതെ ഇറക്കുമതി ചെയ്യുന്ന ദിവസത്തെ വില നിശ്ചയിച്ചതുകൊണ്ട് 1,85,00,000 രൂപ സർക്കാരിന് നഷ്ടമുണ്ടായി എന്നും ആ നഷ്ടമുണ്ടായത് ഗൂഢാലോചനയുടെ ഫലമായിട്ടാണെന്നും അതുകൊണ്ട് അന്വേഷണം നടത്തണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. വിജിലൻസ് എൻക്വയറി നടക്കുന്നു, കേസ് കോടതിയിൽ ഇരിക്കുന്നു. അതിലേയ്ക്ക് ഞാൻ വരികയാണ്. ഇപ്പോൾ ഈ സഭയിൽ പാമോയിൽ കേസിനെക്കുറിച്ച് പറഞ്ഞു. ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ അതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം. ഞാൻ അദ്ദേഹം എടുക്കുന്ന തീരുമാനത്തിന് വഴങ്ങാൻ തയ്യാറാണ്. അതുപോലെ 374 കോടി രൂപ നഷ്ടപ്പെടുത്തിയത്.....(ബഹളം).....98.3 കോടി രൂപ ക്യാൻസർ സെന്ററിന് ഒരു എഗ്രിമെന്റുണ്ടായിരുന്നുവെന്നും അതിൽ 8.98 കോടി രൂപയേ കൊടുത്തിട്ടുള്ളുവെന്നും സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ഈ പത്രത്തിൽ വാർത്ത വന്നിരിക്കുന്നു.....(ബഹളം)..... എഗ്രിമെന്റ് വച്ച ദിവസം ക്യാബിനറ്റ് അംഗീകരിക്കാൻ വേണ്ടി.....(ബഹളം)..... യു.ഡി.എഫ്. ഗവൺമെന്റ് സാങ്കേതിക ഉപദേശത്തിനും പരസഹായത്തിനും വേണ്ടിയുള്ള കൺസൾട്ടന്റിനെ നിയമിച്ചു. അത്താഴത്തിനു വന്നവർ അമ്മയ്ക്ക് ഭർത്താവായി മാറി എന്നുപറഞ്ഞതുപോലെ കൺസൾട്ടന്റായി വന്നവർ കോൺട്രാക്ടറായി മാറിയത് അവരുടെ കാലത്താണ്. ഇതൊക്കെ സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഇത് ഈ രാജ്യത്തെ പൗരൻമാരുടെ പണമാണ്, ഇതിങ്ങനെ കൊള്ളയടിച്ചു പോകാനുള്ളതല്ല. അതുകൊണ്ട് അന്വേഷിക്കണം . .....(ബഹളം)..... ഇങ്ങോട്ട് വളരെയധികം അഴിമതി ആരോപണം ഉന്നയിച്ചു, അതിൽ സന്തോഷമുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. എച്ച്. മുസ്തഫ: എന്റെ ബഹുമാന്യനായിരുന്ന നേതാവ് ശ്രീ. കെ. കരുണാകരനെ ഇവർ കരിങ്കാലി എന്നു വിളിച്ചു. പിന്നെ കള്ളനെന്നു വിളിച്ചു, പിന്നെ കൊലയാളി എന്നുവിളിച്ചു, പിന്നെ ചാരനെന്നു വിളിച്ചു, പിന്നെ അഴിമതിക്കാരനെന്നു വിളിച്ചു, പിന്നെ പാമോയിൽ കള്ളനെന്ന് വിളിച്ചു. ഇപ്പോൾ ഇവർ തലയിലേറ്റി കൊണ്ടുനടക്കുകയാണ്. ഞങ്ങൾക്കുണ്ടായിരുന്ന ഏറ്റവും വലിയ ആക്ഷേപം ശ്രീ. കെ. കരുണാകരൻ ഞങ്ങളുടെ നേതാവായിരുന്നു എന്നതാണ്. ഇപ്പോൾ അവരുടെ നേതാവാക്കി. പിന്നെ യു.ഡി.എഫ്.-ൽ ഉണ്ടായിരുന്ന ശ്രീ. എം. പി. ഗംഗാധരൻ പൈപ്പ് കട്ടുവെന്നു പറഞ്ഞു, വാൽവ് കട്ടുവെന്നു പറഞ്ഞു. അദ്ദേഹത്തെയും അവർ കൊണ്ടുപോയിട്ടുണ്ട്. പിന്നെ ശ്രീ. ടി. എം.ജേക്കബ്, പഴശ്ശി മുതൽ ഇങ്ങോട്ട് ജപ്പാൻ കുടിവെള്ളത്തിന് കൺസൾട്ടൻസിയെ വച്ചതുതുടങ്ങി കുരിയാർകുറ്റി മുതൽ ഇങ്ങോട്ട് വളരെയധികം സ്ഥലത്ത് അഴിമതി നടത്തി എന്നാണ് ആക്ഷേപം. അവർ മുന്നോട്ടുവച്ച അഴിമതിയാരോപണമൊക്കെയുണ്ട്.

അദ്ദേഹത്തെയും ഇവിടെനിന്നും അങ്ങോട്ട് കൊണ്ടുപോയിട്ടുണ്ട്. പിന്നെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പേരിൽ അവർ കേസ് കൊടുത്തു. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഴുവൻ കറന്റും വിറ്റു, അന്യസംസ്ഥാനത്തിന് ടൺ കണക്കിന് വിറ്റു, ട്രാൻസ്പോർട്ട് വിറ്റു, ബസ് വാങ്ങി, അഴിമതി നടത്തി എന്നാണ് ആക്ഷേപം. അദ്ദേഹത്തിനേയും കൊണ്ടുപോയിട്ടുണ്ട്. ഇന്നേവരെ യു.ഡി.എഫ്.-ലുള്ളവരെക്കുറിച്ച്, അതിൽ അഴിമതി ആരോപണത്തിന് വിധേയരായവരെയൊക്കെ അങ്ങോട്ട് കൊണ്ടുപോയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് എനിക്ക് വിനീതമായി പറയാനുള്ളത് എൽ.ഡി.എഫ്. ഇവരെക്കുറിച്ച് ഉന്നയിച്ച മുഴുവൻ അഴിമതി ആരോപണത്തെക്കുറിച്ചും അന്വേഷണം നടത്തണമെന്നാണ്. അതിനെക്കുറിച്ച് അന്വേഷണം നടത്തണം, അവർക്ക് വിവരം നൽകണം, എൽ.ഡി.എഫ്. കാർക്ക് വിവരം നൽകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ അവിശ്വാസപ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുന്നു.

V വ്യക്തിപരമായ വിശദീകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇന്നുരാവിലെ അവിശ്വാസപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. പി. മോഹനൻ സംസാരിക്കുമ്പോൾ എന്നെപ്പറ്റി ഞാൻ നിയമസഭയിൽ .....(ബഹളം)..... വ്യക്തിപരമായ ഒരു വിശദീകരണത്തിന് അവസരം തരണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചിരുന്നു. നിയമസഭയിൽ ഞാൻ അരുതാത്തതെന്തോ പറഞ്ഞു എന്നും അമ്മമാർക്ക് അപമാനമാണ് ഞാനെന്നുമൊക്കെ പറഞ്ഞ് വ്യക്തിപരമായി എനിക്ക് ആക്ഷേപമുണ്ടാക്കുന്ന പരാമർശങ്ങൾ ഇവിടെ നടത്തി. ....(ബഹളം).....

മി. സ്പീക്കർ: അനുവാദം കൊടുത്തു. എനിക്ക് എഴുതി തന്നിരുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ചില പ്രാസംഗികരുടെ ഭാഗത്തുനിന്നുമൊക്കെ അതിന്റെ പിന്നാലേയും അഭിപ്രായങ്ങൾ വന്നു. അതൊക്കെ നിഷേധിച്ചുകൊണ്ട് ഞാൻ വിനയപൂർവ്വം അറിയിക്കട്ടെ, ഞാൻ ഇവിടെ നിയമസഭയിൽ അമ്മമാർക്ക് അപമാനമുണ്ടാക്കാനല്ല, അമ്മമാരുടെ അഭിമാനം രക്ഷിക്കാനാണ് ശ്രമിച്ചത്. സഭയ്ക്കകത്തും പുറത്തും എന്നെ വ്യക്തിപരമായി ആക്ഷേപിക്കാൻ ചിലർ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഞാൻ പേപ്പർ കട്ടിംഗ്സ് ഒന്നും കാണിക്കുന്നില്ല. സഭയ്ക്കകത്ത് ഞാൻ പറഞ്ഞ കാര്യങ്ങൾ എന്തെന്നറിയാൻ ആർക്കും വിഷമവുമില്ല. ഒരു എം.എൽ.എ. എന്ന നിലയിൽ അങ്ങ് നൽകേണ്ട പരിരക്ഷ ഞാൻ അപേക്ഷിക്കുന്നു. ബാക്കി പേപ്പർ കട്ടിംഗ്സിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, പേഴ്സണൽ എക്സ്പ്ലനേഷനുശേഷം സംസാരിക്കാൻ തുടങ്ങുന്നതുകൊണ്ട് വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കേരള രാഷ്ട്രീയത്തിൽ വന്ന് മുഖ്യമന്ത്രിപദം അലങ്കരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആദ്യമായി ഒരഭ്യർത്ഥനയുണ്ട്. യാതൊരു സമരമുഖത്തും പങ്കെടുക്കാതെയും നേതാവിനു ***** ചെയ്തും എം.പി.യും എം.എൽ.എ. സ്ഥാനവുമൊക്കെ കരസ്ഥമാക്കിയ ആളുകളുടെ ഭാഗത്തുനിന്നും

***** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly